8 നവംബർ 2013/വോള്യം 6 / ലക്കം 5 / വില 15 ₹

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## ഞാൻ കുറ്റപ്പെടുത്തുക ഇടതുപക്ഷത്തെയാണ്

ഡോ.കെ. ശാരദാമണി

## പരിഹാസ്യമാകുന്ന സ്ത്രീ സംരക്ഷണവാദങ്ങൾ

ഡോ. ഖദീജ മുംതാസ്




# സംഘടിത

നവംബർ 2013-വാല്യം 6-ലക്കം 5

## ഉള്ളടക്കം




ഞാൻ കുറ്റപ്പെടുത്തുക ഇടതുപക്ഷത്തെയാണ്
ഡോ.കെ. ശാരദാമണി -അനഘ.സി.ആർ




പരിഹാസ്യമാകുന്ന സ്ത്രീ സംരക്ഷണവാദങ്ങൾ
-ഡോ. ഖദീജ മുംതാസ്




ജസീറ സമരത്തിന്റെ രാഷ്ട്രീയം
- എലിസബത്ത് ഫിലിപ്പ്

14. മോഡിയിസവും മതേതര ബഹുസ്വരത നേരിടുന്ന വെല്ലുവിളികളും **- ശബ്നം ഹാഷ്മി**
16 ഭാവികാലം മോഡിമാർക്കുള്ളതാകരുത് **-ഗീതാനസീർ**
18. മോഡിത്വരാഷ്ട്രീയം ഞങ്ങൾക്കു വേണ്ട **- ലിജി ഷംനാദ്**
25. തൈക്കിളവികളും കുറേ വയസ്സറിയിക്കാത്തവരും! **-മൈനഉമൈബാൻ**
28. ശൈശവവിവാഹത്തിനെതിരായ പ്രമേയവും ഇന്ത്യയുടെ നിലപാടും **-അഡ്വ.ടി.ബി.മിനി**
31. സ്ത്രീചരിത്രം എഴുതുമ്പോൾ :സ്മാർത്തവിചാരം മുൻനിർത്തിയ അന്വേഷണങ്ങൾ **- ഷീബ കെ. എം.**
38. ഉപ്പും മുളകും -മലയാളഭാഷക്കും സാഹിത്യത്തിനും വേണ്ടി- **ഗീത**
41 വാസ്തവം **- ഡോ.ജാൻസി ജോസ്**
44 പശ്ചിമഘട്ട പരിരക്ഷണം : നടപ്പാക്കേണ്ടത് ആത്മബോധമുള്ള ഗാഡ്ഗിൽ റിപ്പോർട്ട് **- ഡോ.ഏ.ലത**
49. ഭൂമിയുടെ നേർക്കാഴ്ചകൾ **- ഇ.പി.ജ്യോതി**
52. ഊർജതന്ത്ര നൊബേൽ ഹിഗ്ഗ്സ് ബോസോണിനു തന്നെ **- സീമ ശ്രീലയം**
54. സ്ത്രീവിരുദ്ധതയ്ക്കെതിരെ ശബ്ദമുയർത്താൻ ജനകീയ കൂട്ടായ്മ' - **അഡ്വ.ദിവ്യ.ഡി.വി**
57. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം **-എലിസബത്ത്**
59. ഷട്ടർ തുറന്നപ്പോൾ....**-സതി.വി**

### കവിതകൾ

42. ഒരു പെണ്ണായിരിക്കുക എന്നത് - **അപർണ.ബി**
42. ആമ - **ധനം എൻ.പി**
43. ഉറക്കം-**അംബുജം കടമ്പൂർ**

എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ- വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org ✦ www.sanghaditha.com



സാറാജോസഫ്

## എഡിറ്റോറിയൽ

**ഈ** ലക്കം സംഘടിത മുഖ്യമായി ചർച്ചചെയ്യുന്ന വിഷയം നരേന്ദ്രമോഡിയുടെ ഇന്ത്യൻ പ്രധാനമന്ത്രി സ്ഥാനാർത്ഥിത്വമാണ്. ഇന്ത്യയിലെ സ്ത്രീകൾ അതിനെ എങ്ങനെ നോക്കിക്കാണുന്നുവെന്ന് തുടർന്നുള്ള ലക്കങ്ങളിലും സംഘടിത വിശദമായി ചർച്ചചെയ്യും. ഇന്ത്യനും വിദേശിയുമായ കുത്തകമൂലധന ശക്തികളും ചില ദേശീയ പത്രങ്ങളും ഉയർത്തിക്കാണിക്കുന്ന വികസനവീരനായ മോഡിയെയല്ല സ്ത്രീകൾ കാണുന്നത്. ഗുജറാത്ത് വിറകൊണ്ട നാളുകളിൽ വർഗ്ഗീയവെറി പൂണ്ട അധമൻമാരാൽ ക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ട സ്ത്രീകളുടെ കണ്ണുകളിലൂടെയാണ്. ബഹുഭൂരിപക്ഷം ഇന്ത്യൻ സ്ത്രീവോട്ടർമാരും പ്രധാനമന്ത്രി പദത്തിലേക്ക് പിടിച്ചു കയറാൻ മോഡി കാണിക്കുന്ന വീരശൂരപരാക്രമങ്ങളെ കണ്ടുകൊണ്ടിരിക്കുകയാണ്. പ്രാണൻ പിടയുന്ന നിമിഷങ്ങളിൽ തുറിച്ചുന്തിയ അവരുടെ കണ്ണുകളിൽ കണ്ട അതേ ഭയമാണ് 'മോഡി ഇന്ത്യൻ പ്രധാനമന്ത്രിയായാൽ' എന്ന പ്രശ്നത്തെ അഭിമുഖീകരിക്കുന്ന ഓരോ ഇന്ത്യൻസ്ത്രീയുടേയും കണ്ണുകളിൽ. തുടർച്ചയായി അഹങ്കാരമലിനമായ ഭാഷയിൽ പ്രസംഗവേദികളെ കുരുക്ഷേത്രമാക്കുന്ന മോഡി യാതൊരു ശുഭപ്രതീക്ഷയും മുന്നോട്ട് വെക്കുന്നില്ല എന്ന് സ്ത്രീകൾ തിരിച്ചറിയുന്നുണ്ട്.

സമുദായ വെറി എവിടെവരെ എത്താം എന്നതിന് ലോകത്തിലെ ഏറ്റവും അധമമായ ഉദാഹരണം ഹിറ്റ്ലർ ആണെങ്കിൽ ഒട്ടും താഴെയല്ലാത്ത ഒരു സ്ഥാനം നരേന്ദ്രമോഡിക്ക് നൽകാൻ, പച്ചജീവനോടെ വയറ് കുത്തിക്കീറപ്പെട്ട ഒരു ഇന്ത്യൻ ഗർഭിണിയുടെ ഉദാഹരണം മാത്രം മതി, തീയിൽ എറിയപ്പെട്ട അവളുടെ കുഞ്ഞിന്റെ പിടച്ചിൽ മാത്രം മതി.

'വികസനവീരൻ' ആയി മോഡിയെ വാഴ്ത്തുന്നവരോട് അദ്ദേഹം സ്വർഗം അങ്ങനെ തന്നെ ഇന്ത്യയിലേക്ക് ഇറക്കിക്കൊണ്ടുവന്നാലും സ്ത്രീകളോട് ചെയ്ത അപരാധത്തിന് പകരമാവില്ല അതെന്ന് ഇന്ത്യയിലെ സ്ത്രീവോട്ടർമാർ തിരിച്ചറിയുന്നുണ്ടെന്നേ പറയാനുള്ളൂ. ഒരു രാഷ്ട്രീയപാർട്ടി എന്ന നിലയിൽ ബിജെപിക്ക് അതിന്റെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയെ നിർദ്ദേശിക്കാനും മത്സരിക്കാനും ജയിക്കാനും തോൽക്കാനുമൊക്കെയുള്ള ജനാധിപത്യ അവകാശങ്ങൾ ഉണ്ട്. 'NDA' ചീഞ്ഞുനാറുന്നതുവരെ ഇന്ത്യ അതിനെ ചുമക്കുകയും സഹിക്കുകയും ചെയ്തതുമാണ്. പക്ഷേ ഇന്ത്യൻ ജനതയുടെ വെറുപ്പ് ഇത്രമേൽ സമ്പാദിച്ചിട്ടുള്ള നരേന്ദ്രമോഡി തന്നെയാണ് തങ്ങളുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി എന്ന് അവർ ഉയർത്തിക്കാണിക്കുമ്പോൾ അതിൽ ആപത്കരമായ ഒരു താക്കീത് ഉള്ളടങ്ങിയിട്ടുണ്ട്. വരാൻ പോകുന്ന വിപത്തിലേക്കുള്ള മുന്നറിയിപ്പായി ഇന്ത്യൻ വോട്ടർമാർ അതിനെ പ്രതിരോധിക്കുമോ എന്നാണ് ലോകം ഉറ്റുനോക്കുന്നത്.

ആഷിഷ് നന്ദി ചൂണ്ടിക്കാട്ടിയതു പോലെ ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ താത്പര്യങ്ങളെയാണ് മോഡി അഭിസംബോധന ചെയ്തുകൊണ്ടിരിക്കുന്നത്.

ഗുജറാത്തിൽ മോഡി നടപ്പാക്കി എന്നുപറയുന്ന വികസനവും ഇതേ മധ്യവർഗ്ഗത്തിന്റെ താത്പര്യങ്ങളെ സംരക്ഷിക്കാനുള്ളതായിരുന്നു. ഭൂരഹിതരും, തൊഴിൽരഹിതരും, ഭവനരഹിതരും, ദരിദ്രരും ആയ അതിരുവത്ക്കരിക്കപ്പെട്ട ജീവിതങ്ങൾക്കുവേണ്ടി നരേന്ദ്രമോഡി വികസനം വരുത്തി എന്ന് അപഗ്രഥിക്കാൻ നാഷണൽ മീഡിയ സങ്കോചപ്പെടുന്നു.

പണവും അധികാരവും വർഗ്ഗീയവിഷത്തോട് കലർന്നാൽ എന്ത് വിപത്താണ് ഉണ്ടാവുക. അതാണ് 'നമോ' വാഗ്ദാനം ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ നാനാജാതി മതവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ മോഡിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിത്വത്തെ ആപൽഭീതിയോടെ കാണുകയും അത് ഇന്ത്യൻ സമൂഹവുമായി പങ്കുവെക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സംഘടിത ഇതിൽ നിന്ന് ഒട്ടും പുറകിലല്ല. സംഘടിതയുടെ ഈ ലക്കത്തിൽ തന്നെ ഡോ.ശാരദാമണി, ശബ്നം ഹാഷ്മി, ഗീതാനസീർ, ലിജി ഷംനാദ് തുടങ്ങിയവരുടെ ലേഖനങ്ങൾ ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. സംഘടിതയുടെ വായനക്കാർക്ക് സ്വതന്ത്രമായ സ്വന്തം അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള അവസരം തുടർ ലക്കങ്ങളിൽ ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.



അനഘ.സി.ആർ

# ഞാൻ കുറ്റപ്പെടുത്തുക ഇടതുപക്ഷത്തെയാണ്

## ഡോ.കെ. ശാരദാമണി

**"ഗുജറാത്തും കേരളവുമായി താരതമ്യം ചെയ്യേണ്ട ആവശ്യം പോലും ഉണ്ടെന്നെനിക്ക് തോന്നുന്നില്ല. ഇന്നത്തെ കേരളത്തിൽ ഒരുപാട് സങ്കീർണമായ പ്രശ്നങ്ങൾ ഉണ്ട്. കേരളത്തിലെ ബി.ജെ.പിക്കാർ ഗുജറാത്തിൽ, അതുമിതുമൊക്കെ ഉണ്ട് എന്നൊക്കെ ടി.വി.യിൽ പറഞ്ഞു കേൾക്കാം. ഞാൻ ഈ അടുത്തകാലത്തൊന്നും അവിടേക്ക് പോയിട്ടില്ല. ഒരു കാര്യം മാത്രം ഞാൻ പറയാം, അങ്ങേര് ആളെ പേടിപ്പിക്കുന്ന ഒരു മനുഷ്യനാണ്".**

*ഡോ.ശാരദാമണിയുമായി അഴിമുഖം പ്രതിനിധി അനഘ.സി.ആർ നടത്തിയ അഭിമുഖം*



**പ്രമുഖ** സാമൂഹ്യ, രാഷ്ട്രീയനിരീക്ഷകയും സ്ത്രീപക്ഷ ചിന്തകയുമായ ഡോ.കെ. ശാരദാമണി സാമൂഹ്യശാസ്ത്ര, പഠനഗവേഷണ രംഗത്തിന്റെ മേൽത്തട്ടിൽ എത്തിയ ആദ്യ മലയാളി സ്ത്രീകളിൽ ഒരാളാണ്. 1961 മുതൽ 1988 വരെ Indian Statistical Institute പ്ലാനിംഗ് വിഭാഗത്തിൽ പ്രവർത്തിച്ചു. സ്ത്രീപ്രസ്ഥാനത്തിൽ സജീവസന്നിധ്യമായിരുന്ന അവർ National Federation of Indian Women മുൻ പ്രസിഡന്റ് കൂടിയാണ്. Matriliny Transformed: Family, Law and Ideology in 20th Century Travancore, Emergence of a slave caste: Pulayas of Kerala, സ്ത്രീ സ്ത്രീവാദം സ്ത്രീവിമോചനം തുടങ്ങി പത്തോളം പുസ്തകങ്ങളും നിരവധി ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

***അനഘ***: *ഇപ്പോൾ നിരന്തരം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് നരേന്ദ്രമോഡിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിത്വം. ബി.ജെ.പിയുടെ തന്നെ മുതിർന്ന നേതാക്കളായ എൽ.കെ. അദ്വാനിയെയും സുഷ്മ സ്വരാജിനെയുമൊക്കെ പിന്തള്ളിക്കൊണ്ടാണ് മോഡിയുടെ ഈ ഉയർച്ച. ഇതിനെ എങ്ങനെ കാണുന്നു?*

**ശാരദാമണി**: എ.ബി വാജ്പേയിയുടെ നേതൃത്വത്തിൽ ബി.ജെ.പി ഇതിനുമുമ്പ് അധികാരത്തിൽ എത്തിയപ്പോൾ ബി.ജെ.പി മാത്രമല്ല ഭരിച്ചിരുന്നത്. ആർ.എസ്.എസ്-ബി.ജെ.പി ടൈപ്പ് അല്ലാത്ത കുറെ സഖ്യ കക്ഷികളെല്ലാം ചേർന്നുള്ള എൻ.ഡി.എ ആയിരുന്നു. ഇപ്പോഴത്തെ ചർച്ചകളെപ്പറ്റി ഇലക്ഷൻ റിസൽ

ട്ട് വന്നു കഴിഞ്ഞാലേ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിയൂ. ആ സമയത്ത് ആരൊക്കെ ഇവരുടെ കൂടെ ഉണ്ടാകും എന്നു പറയാൻ പറ്റില്ല. വാജ്പേയി ഒരു *ആർ.എസ്.എസു*കാരൻ ആയിട്ടാണ് രാഷ്ട്രീയത്തിൽ എത്തിയതും വളർന്നതുമെങ്കിലും അദ്ദേഹം പക്വമതിയായ രാഷ്ട്രീയക്കാരൻ-ഒരു Statesman-നെപ്പോലെ ഭരിച്ചു. അതിനുശേഷം ഉണ്ടായ വർഷങ്ങളിൽ കോൺഗ്രസിന്റേയും ഇടതുപക്ഷ പാർട്ടികളുടേയും പ്രവർത്തന ഫലമായി നമ്മുടെ രാജ്യത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ ശരിക്കും വ്യത്യാസം വന്നു.

ഇത് കുറച്ചൊന്നു വിശദീകരിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം നേടിയതിന്റെ ആദ്യ നാളുകൾ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ചൂഷണഫലമായും നമ്മുടെ അന്നത്തെ സാമ്പത്തിക വളർച്ചയുടെ കുറവ് കൊണ്ടുമൊക്കെ ഒരുപാട് ദാരിദ്ര്യവും തൊഴിലില്ലായ്മയും കഷ്ടപ്പാടുകളും ഉണ്ടായിരുന്ന ഒരു സമയമായിരുന്നു. ആ കാലഘട്ടത്തിൽത്തന്നെ, സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് കേരളത്തിലും മറ്റു (പല) സ്ഥലങ്ങളിലും ഇത്തരം കാര്യങ്ങളെപ്പറ്റി ഉത്കണ്ഠയും താല്പര്യവും ഇത് മാറിക്കാണാൻ ആഗ്രഹം ഉള്ള ആളുകളും ഗ്രൂപ്പുകളും ഉണ്ടായിരുന്നു. കേരളത്തിലാണെങ്കിൽ അയ്യങ്കാളിയെയും ശ്രീനാരയണഗുരുവിനെയും ഉൾപ്പെടുത്തിക്കൊണ്ട് നവോത്ഥാനം എന്നു പറയാം. മൊത്തത്തിൽ ഈ രാജ്യത്തിന്റെ പല ഭാഗത്തും ഒരു നല്ല ഇന്ത്യ -സമത്വമുള്ള ഇന്ത്യ- ഉണ്ടാകണം എന്നൊരു അന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് ഞാൻ അങ്ങനത്തെ ഒരവസ്ഥ കാണുന്നില്ല. ചാനലുകളിൽ നിന്നും പത്രങ്ങളിൽ നിന്നും നമുക്ക് അതല്ല കിട്ടുന്നത്. ഈ അടുത്ത കാലത്ത്, കേരളത്തിൽ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടായില്ലേ, സരിതയുടെ തട്ടിപ്പ്, പിന്നെ നടന്ന ഒരുപാട് തട്ടിപ്പുകൾ അതിനെപ്പറ്റിയൊക്കെ ചർച്ച ചെയ്യാൻ വിളിക്കുമ്പോൾ ഒരു ഇടതുപക്ഷ പ്രതിനിധി, ഒരു കോൺഗ്രസ് പിന്നെ ഒരു ബി.ജെ.പിക്കാരനെയുമാണ് വിളിക്കുന്നത്. അപ്പൊ ഇങ്ങനെ വരുമ്പോൾ ബി.ജെ.പിക്ക് ഇവിടെ കൂടുതൽ പ്രാധാന്യം കിട്ടിക്കഴിഞ്ഞിരിക്കുന്നു. ബി.ജെ.പിക്കാർ രാഷ്ട്രീമായി നേരത്തെ ഒരല്പം പിന്നോട്ടായിരുന്നെങ്കിലും ചാനലുകൾ തന്നെ അവരെ ഒരു essential patry-യായി സൃഷ്ടിച്ചിരിക്കുന്നു. അവിടെ മറ്റ് പ്രശ്നങ്ങളും ഉണ്ട്. അത്യാവശ്യമുള്ള സമയത്ത് മാത്രമേ അവർ സ്ത്രീകളെ ചർച്ചക്ക് വിളിക്കാറുള്ളൂ. ചില സ്ത്രീപീഡനക്കേസുകൾ വന്നാൽ സ്ത്രീകളെ വിളിക്കും. ചുരുക്കത്തിൽ വിസിബിൾ ആയിട്ടുള്ള ചില ആണുങ്ങൾ ഇതിൽക്കിടന്ന് കളിക്കുന്നു. അതിൽ വളരെ പ്രധാനമാണ് മോഡിയുടെ ഈ വരവ്.

ബി.ജെ.പിയിലെ പല നേതാക്കളും മോഡിയുടെ ഗുണഗണങ്ങൾ വാഴ്ത്തുന്നതിന് ഒരവസാനവുമില്ല, എന്നു മാത്രമല്ല ഗുജറാത്തിനെ ഒരു മോഡലായി ഉയർത്തിക്കൊണ്ടു വന്നിരിക്കുകയാണ് അവർ. അവിടെ മൊത്തത്തിൽ കൃഷി ഭയങ്കരമായി വികസിച്ചു എന്നു പറയുന്നു. എനിക്കറിയില്ല. പിന്നെ അവിടെ പണം കൊണ്ടു ചെല്ലുന്ന എല്ലാവർക്കും ഒരു പ്രയാസവുമില്ലാതെ ഇൻവെസ്റ്റ് ചെയ്യാൻ കഴിയും. ഞാൻ ഗുജറാത്ത് പഠിച്ചിട്ടില്ല, ഗുജറാത്തിൽ പോയിട്ടുണ്ട് എന്നു മാത്രം. മൊത്തത്തിൽ എനിക്ക് കിട്ടുന്ന ഇംപ്രഷൻ, ഗുജറാത്ത് കലാപത്തിന്റെ കാര്യത്തിൽ ഇപ്പോഴും അന്തിമതീരുമനം ആയിട്ടില്ല എന്നതാണ്. പ്രധാനമായിട്ടും, ആ തീരുമാനം ഉണ്ടാകണം. അതിനു ശേഷമാണ് മറ്റുള്ള കാര്യങ്ങളിലേക്ക് പോകേണ്ടത്. ഒന്ന്, ഗുജറാത്ത് ഇത്രയും സമ്പദ്സമൃദ്ധമായെങ്കിൽ അത് മോഡി കാരണം അല്ല. ഗുജറാത്ത് എന്നു പറയുന്നത് ഗ്രേറ്റർ ബോംബെയുടെ ഭാഗമായിരുന്നു. അവിടം ബ്രട്ടീഷ് കാലം മുതലേ ഇന്ത്യയുടെ വ്യാവസായിക തലസ്ഥാനം ആണ്. അന്നവിടെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട്, മോഡി പുത്തനായി സൃഷ്ടിച്ചതൊന്നുമല്ല ഇതെല്ലാം. ഞാൻ മനസ്സിലാക്കുന്നത് എന്തെന്ന് വച്ചാൽ മോഡിയുടെ പ്രശസ്തി കൂട്ടിക്കാണിക്കുവാൻ വേണ്ടി വിവിധ ഏജൻസികളെയും സോഷ്യൽ മീഡിയകളെയും ഉപയോഗിക്കുകയാണ്. അതുകൊണ്ട് തന്നെ, ഗുജറാത്തിനെപ്പറ്റി പറയുന്നവയിൽ യാഥാർത്ഥ്യം എന്തെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. പണ്ടൊക്കെയാണെങ്കിൽ അഗ്നിശുദ്ധി എന്നൊരു കാര്യം ഉണ്ട്. അത് പോലെ അഗ്നിശുദ്ധി കഴിഞ്ഞ് മോഡി വന്നു എന്നെനിക്ക് വിശ്വാസമില്ല. ഇവിടെയെല്ലാം വന്നിട്ട് ആരെങ്കിലും മലയാളത്തിൽ എഴുതിക്കൊടുത്തത് അടിച്ചുവിടുന്നത് കണ്ടില്ലേ.

ഇന്ത്യ ഒരു പ്രാചീന സംസ്കാരത്തിന്റെ ഇരിപ്പിടമാണ്. നമ്മുടെ വൈവിധ്യങ്ങൾ മനുഷ്യർ, ഭാഷ, ആഹാരം, വസ്ത്രം എന്നിവയിലൊക്കെ കാണാം. എല്ലാം കൂടി യൂണിഫോം ആക്കുകയല്ല വേണ്ടത്. ഗുജറാത്തിനെപ്പറ്റി ഒബ്ജക്ടീവ് ആയിട്ടും സത്യസന്ധമായിട്ടുള്ള വിവരങ്ങൾ ലഭ്യമാണോ എന്നു തന്നെ എനിക്കറിയില്ല. ഞാൻ അങ്ങനെ ഗുജാറാത്തിനെ അധികം ഫോളോ ചെയ്തിട്ടില്ല. ഓവറോൾ ആയി ചെയ്തിട്ടേ ഉള്ളൂ. ഇന്ത്യയെ ഒരു ഗുജറാത്ത് ആക്കി മാറ്റുന്നതിനോട് എനിക്ക് താല്പര്യം ഇല്ല. നമ്മുടെ രാജ്യത്തിന്റെ ശക്തി മുഴുവൻ അതിന്റെ വൈവിധ്യത്തിൽ ആണ്. ഈ വൈവിധ്യത്തിന് ഒരു ഭംഗി ഉണ്ട്. അത് നഷ്ടപ്പെടുത്തരുത് എന്നാണ് എന്റെ അഭിപ്രായം.

***അനഘ**: ഇതിനോടുകൂടി ഉയർന്നു വരുന്ന മറ്റൊരു ചോദ്യമാണ് മോഡിയെ ഒരു വികസന നായകൻ ആയി പ്രതിഷ്ഠിക്കാൻ സംഘ പരിവാർശക്തികൾ നടത്തുന്ന ശ്രമം. ഗുജറാത്തിന്റെ മാതൃകയാണ് കേരളത്തിനെക്കാളും നല്ലത് എന്ന ജഗദീഷ് ഭഗവതിയുടെയും മറ്റും വാദം ഇതിന് ശക്തി കൊടുത്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെയും ഗുജറാത്തിന്റെയും വികസന പാതകളെ എങ്ങനെ വിലയിരുത്തുന്നു?*

***ശാരദാമണി***: ഒന്ന്, വികസനം എന്നുള്ളതിനെപ്പറ്റിത്തന്നെ ഒരുപാട് സംശയങ്ങൾ ഉള്ള ഒരാളാണ് ഞാൻ. എന്നുവച്ചാൽ ഇപ്പൊ കുറെ മാളുകളും കുറെ കാറുകളും വന്നാൽ വികസനം വന്നു എന്നു വിചാരിക്കു

ന്നവരുണ്ട്. ഞാൻ ഡൽഹിയിൽ നിന്നും കേരളത്തിൽ സ്ഥിര താമസത്തിന് എത്തിയത് 1989ൽ ആണ്. അന്ന് ഈ വഴി വളരെ ചെറുതായിരുന്നു. ഇന്നോ ഇവിടെ നിറയെ കാറുകൾ ആണ്.

ഒരു രാജ്യത്തെ വികസനം എന്നു പറഞ്ഞാൽ അവിടത്തെ കൃഷിയുടെ വികസനമാണ്. ആഹാരമില്ലാതെ നമുക്ക് ജീവിക്കാൻ പറ്റുമോ? ആഹാരം നമുക്ക് വേണം, പക്ഷിമൃഗാദികൾക്കും വേണം. കേരളത്തിൽ ഇപ്പൊ പുല്ലുപോലും ഉണ്ടോ എന്നു എനിക്ക് സംശയമാണ്. ഈ രീതിയിലാണ് ഇവിടെ കാര്യങ്ങൾ പോകുന്നത്. അപ്പൊ കൃഷി വേണം. കൈത്തൊഴിലാളികൾ വേണം. പിന്നെ ബസും ട്രെയിനും ലോക്കോമോട്ടീവ് ഫാക്ടറികളുമൊക്കെ വേണം. നമ്മൾ പ്രോഗ്രസ്സ് ചെയ്യുന്നതോടുകൂടി ഇത്തരം ഒരുപാട് കാര്യങ്ങൾ വേണ്ടി വരും. പക്ഷേ ഇതെല്ലാം കടന്നതിനു ശേഷം IT മാത്രം വന്നാൽ മതിയെന്ന് പറഞ്ഞാൽ വികസനം വരും എന്ന് അർത്ഥമില്ല. കേരളത്തിന്റെ കാര്യം എടുക്കുകയാണെങ്കിൽ, ബാങ്കുകളെ കൊണ്ട് ലോൺ കൊടുപ്പിക്കുന്നുണ്ട്. രണ്ട് കാര്യങ്ങൾക്കാണ് ലോൺ കൊടുക്കുന്നത്. ഒന്ന് ഹൌസിംഗ് ലോൺ, രണ്ട് കാർ ലോൺ. ഹൗസിംഗ് ലോൺ കൊടുക്കുന്നതിന്റെ ഭാഗമായിട്ട് ഒരുപാട് വീടുകൾ ഉണ്ടായിട്ടുണ്ട്. കേരളത്തിനു പുറത്തൊന്നും ഇങ്ങനെ പഴയവീടുകൾ തട്ടിപ്പൊളിച്ചു പുതിയ വീടുകൾ ആക്കാറില്ല. പുതിയ വീടുകൾ ഒക്കെ ഉണ്ടാക്കുന്ന വഴി കുറച്ചാളുകൾക്ക് ജോലി കിട്ടുന്നുണ്ട്. പണ്ടൊക്കെ ജോലികൾ ജാതി അടിസ്ഥാനത്തിൽ ആയിരുന്നു. ആശാരി, മൂശാരി, കൊല്ലൻ, കൊത്തൻ. ഇന്ന് എല്ലാവരും ഈ ജോലികൾ ഒക്കെ ചെയ്യും എന്നു തോന്നുന്നു. കുറെപ്പേർ അന്യ സംസ്ഥാനതൊഴിലാളികളെ വച്ച് ജോലികൾ ചെയ്യിപ്പിക്കുന്നു. എങ്കിലും അത്രയും തൊഴിലുകളെങ്കിലും ഉണ്ടാകുന്നത് ഈ വീടു വയ്പിക്കുന്നതു കൊണ്ടാണ്. വീട് വയ്ക്കാനുള്ള ലോൺ എടുത്തവർ തിരികെ കൊടുക്കേണ്ടവർ ആണ്. പിന്നെ വേറൊരു കൂട്ടർ, ഈ Land grabbers, അവർ കുറെ Multi storied ഒക്കെ ഉണ്ടാക്കുന്നു, കുറെ ജോലിയൊക്കെ സൃഷ്ടിക്കുന്നുണ്ട്.

ഇത്രയൊക്കെ അധികം കാറുകൾ വന്നപ്പൊ നമ്മൾ സ്വാഭാവികമായും കരുതുക, ഈ റോഡുകളുടെ വശങ്ങളിലൊക്കെ കൊച്ചു കൊച്ചു വർക്ക്ഷോപ്പുകൾ വരുമെന്നായിരുന്നു. അത് വന്നിട്ടില്ല. കാര്യം എന്തെന്നുവച്ചാൽ വലിയ കാറുകൾ എല്ലാം അവർ സ്വന്തം കരാറുകാരുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള വികസനം വലിയ തൊഴിലുകളൊന്നും കൊണ്ട് വന്നിട്ടില്ല. വേറെ ഒന്ന് നളെ ബാങ്കുകൾ പറയുകയാണ് ലോൺ ഉടൻ തിരിച്ചടക്കണമെന്ന്, അല്ലെങ്കിൽ പെട്രോളിന്റെ വില ഇങ്ങനെ കൂടി കൂടി പോകുകയാണെങ്കിൽ കാറു വാങ്ങാനും ഉപയോഗിക്കാനും നിവൃത്തിയുണ്ടാകില്ല. അപ്പോൾ ഈ കാറൊക്കെ എന്തു ചെയ്യും? വേറൊന്ന്, ഒരു consumerist state ആയിട്ട്, ആഘോഷങ്ങളുടെ ഒരു നാടായിട്ട് കേരളം മാറിയിട്ടുണ്ട്. ഇതിലെ പ്രധാന കാര്യം എന്തെന്നു വെച്ചാൽ,

**ഒരു രാജ്യത്തെ വികസനം എന്നു പറഞ്ഞാൽ അവിടത്തെ കൃഷിയുടെ വികസനമാണ് ആഹാരമില്ലാതെ നമുക്ക് ജീവിക്കാൻ പറ്റുമോ? ആഹാരം നമുക്ക് വേണം, പക്ഷിമൃഗാദികൾക്കും വേണം. കേരളത്തിൽ ഇപ്പൊ പുല്ലുപോലും ഉണ്ടോ എന്നു എനിക്ക് സംശയമാണ്. ഈ രീതിയിലാണ് ഇവിടെ കാര്യങ്ങൾ പോകുന്നത്. അപ്പൊ കൃഷി വേണം. കൈത്തൊഴിലുകൾ വേണം.**

ഇപ്പൊ ഡ്രസ്സിന്റെ കാര്യം ആണെങ്കിൽ തന്നെയും, പണ്ടൊന്നും ഇത്രക്കും ഡ്രസ്സ് ഒന്നും വാങ്ങിക്കില്ല. കാർ ആണെങ്കിൽ 5 വർഷം ഉപയോഗിച്ചിട്ട് അത് ഉപേക്ഷിക്കും. അപ്പോൾ ഇതൊക്കെ കൊണ്ട് കളയാന് junk yards ഉണ്ടാകണം. അതിനൊന്നും കേരളത്തിൽ സ്ഥലവുമില്ല. അപ്പൊ വികസനം എന്താണ് എന്നുള്ളതിനെപ്പറ്റി നമ്മൾ ആലോചിക്കേണ്ടിയിരിക്കുന്നു.

നമ്മൾ കേരള മോഡൽ എന്നു പറഞ്ഞിരിക്കുന്നത് കാർ ഓടിക്കുന്നതിനെയൊന്നുമല്ല. വിദ്യാഭ്യാസം, sex ratio, ശിശുമരണനിരക്കിലെ കുറവ്, ആയുർദൈർഘ്യം എന്നിവയിൽ കേരളം നേടിയ മുന്നേറ്റമാണ്. ഗുജറാത്തിലെ സ്ത്രീ പുരുഷ കണക്കുകളൊന്നും ഞാൻ നോക്കിയിട്ടില്ല. ഗുജറാത്ത് കേരളം പോലെയാണ് എന്നെനിക്ക് തോന്നിയിട്ടുമില്ല.

പിന്നെ വേറൊരു കാര്യം, ജഗദീഷ് ഭഗവതി എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ ഇന്നിപ്പൊ നമ്മുടെ ഇന്ത്യാ മഹാരാജ്യം ഭരിക്കുന്ന പാർട്ടിയുണ്ടല്ലോ, മന്മോഹൻസിങ്ങിന്റെയും അലുവാലിയയുടേയും ഒക്കെ പാർട്ടിയുടെ സാമ്പത്തിക നയങ്ങളിൽ വിശ്വസിക്കുന്ന ആളാണ്. അദ്ദേഹം ഡൽഹി യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആയിരുന്നു, എനിക്കറിയാം. എന്റെ കൊളീഗ് ആയിരുന്നു, അതുകഴിഞ്ഞ് അദ്ദേഹം അമേരിക്കയിലേക്ക് പോയി. അദ്ദേഹത്തിന്റെ ചേട്ടൻ ജസ്റ്റിസ് ഭഗവതി പോലും അദ്ദേഹം പറയുന്നത് അംഗീകരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല കേട്ടോ.

ഗുജറാത്തും കേരളവുമായി താരതമ്യം ചെയ്യേണ്ട ആവശ്യം പോലും ഉണ്ടെന്നെനിക്ക് തോന്നുന്നില്ല. ഇന്നത്തെ കേരളത്തിൽ ഒരുപാട് സങ്കീർണമായ പ്രശ്നങ്ങൾ ഉണ്ട്. കേരളത്തിലെ ബി.ജെ.പിക്കാർ ഗുജറാത്തിൽ അതുമിതുമൊക്കെ ഉണ്ട് എന്നൊക്കെ ടി.വി.യിൽ പറഞ്ഞു കേൾക്കാം. വിദേശ മൂലധനം, ന്യൂക്ലിയർ സാങ്കേതികവിദ്യ വികസിപ്പിക്കുക തുടങ്ങിയ പല കാര്യങ്ങളിലും ഇന്നത്തെ പ്രധാന ഭരണ പാർട്ടികളായ കോൺഗ്രസ്സും B J P യും തമ്മിൽ വലിയ ഭിന്നത ഇല്ല. ഞാൻ ഈ അടുത്തകാലത്തൊന്നും അവിടേക്ക്

പോയിട്ടില്ല. ഒരു കാര്യം മാത്രം ഞാൻ പറയാം, അങ്ങേര് ആളെ പേടിപ്പിക്കുന്ന ഒരു മനുഷ്യനാണ്. അതുകൊണ്ട് ആരും വായ തുറന്ന് പച്ചക്കൊന്നും പറയില്ല എന്നാണ് എനിക്ക് തോന്നുന്നത്. അല്ലേൽപ്പിന്നെ, അവിടെപ്പോയി honest ആയി research നടത്തണം. അത് ഞാൻ ചെയ്തിട്ടില്ല ഇതുവരെ.

***അനഘ***: *ആസൂത്രണ കമ്മീഷന്റെ പുതിയ കണ്ടെത്തലനുസരിച്ച് ഇന്ത്യയിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ശതമാനം വളരെ കുറഞ്ഞിരിക്കുന്നു. എന്നാൽ ഇതിനുപയോഗിച്ച മാനദണ്ഡങ്ങളെക്കുറിച്ച് വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻവർഷത്തിൽ നിന്നും വ്യത്യസ്തമായ മാനദണ്ഡം അവലംബിച്ച ഇത്തരമൊരു കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ സാമൂഹിക വികസനം ത്വരിതപ്പെട്ടു എന്നു പറയാൻ കഴിയുമോ?*

**ശാരദാമണി**: ഈ povetry statusഉം ദാരിദ്ര്യനിർമാർജനത്തിന്റെ റോളും ഇന്നത്തെ ഗവണ്മെന്റൊന്നും കൊണ്ടു വന്നതല്ല. പണ്ട് പഞ്ചവത്സരപദ്ധതികൾ മുതൽക്കെ ഉള്ളതാണ്. ദാണ്ഡേക്കറിന്റേയും രഥിന്റെയും റിപ്പോർട്ട് ഉണ്ടായിരുന്നു. 1960 കളുടെ മധ്യത്തിൽ വന്ന റിപ്പോർട്ട് ആണ്. അന്നുതൊട്ടേ വളരെ സജീവശ്രദ്ധയിൽ ഉള്ള കാര്യവുമാണ്. അന്ന് ദാരിദ്ര്യനിർമ്മാർജ്ജനത്തേയും വരുമാനവും ധനവും (income and wealth) തമ്മിലുള്ള അന്തരം കുറക്കുന്നതിനേയും ഒരുമിച്ചാണ് കണ്ടു കൊണ്ടിരുന്നത്. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച് ആരും പറയുന്നില്ല. ഇവിടിപ്പൊ കോടീശ്വരന്മാർ ഒരുപാടുണ്ടാകുന്ന ഒരു ലോകമാണ് നമ്മൾ സൃഷ്ടിച്ചിരിക്കുന്നത്. അതിന് പാവങ്ങളില്ല എന്നങ്ങ് സമർത്ഥിക്കണം.

ഞാൻ ഇടക്ക് എസ്.സി–എസ്.ടി കമ്മീഷനിൽ ഒരു ആർ.ടി.ഐ ഫയൽ ചെയ്തിരുന്നു. അവരുടെ ഉത്തരം എനിക്കൊട്ടും തൃപ്തികരമല്ലായിരുന്നു. ഇപ്പോൾ കേരളത്തിലെ പല ആദിവാസി വംശങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. development officerക്കൊന്നും ഇവരെപ്പറ്റി ഒരു വിവരവും ഇല്ല. പട്ടികജാതി, പട്ടികവർഗ്ഗം എന്നു പറഞ്ഞിരിക്കുന്ന ക്ളാസിഫിക്കേഷനെത്തന്നെ ചോദ്യം ചെയ്യണം. അവരും മനുഷ്യരാണ്. അവരും മനുഷ്യരായിട്ട് ജീവിക്കുന്നവരാണ് എന്നതാണ് നമ്മൾ പ്രധാനമായിട്ടും കാണേണ്ടത്. പിന്നെ, വേറൊന്ന് നമ്മൾ ഈ വൈവിധ്യം എന്നൊക്കെ പറയുന്നതുപോലെ അവർക്കും ഉണ്ടായിരുന്നു. സ്വന്തമായ ഭാഷ, സ്വന്തമായ വസ്ത്രരീതി, സ്വന്തമായ ആഹാരം, തൊഴിൽ എല്ലാം ഉണ്ടായിരുന്നു. നമുക്കിപ്പൊ വേണ്ടത് അവരെയെല്ലാം നമ്മളെപ്പോലെയാക്കിയെടുക്കണം. അങ്ങനാണ് ഇവിടെ വികസനം വരുന്നത്. അവരുടെ ജീവിതമാർഗ്ഗം മുഴുവൻ ആദ്യകാലത്ത് കാട്ടിലായിരുന്നു. ആ കാട് നശിപ്പിച്ചാണ് അവരെ ഇതുപോലെ ആക്കിയെടുത്തിരിക്കുന്നത്. അവർ ഭക്ഷണം കഴിച്ചോ ഇല്ലയോയെന്ന് നമുക്കെങ്ങനെ അറിയാം. അങ്ങനെ വരുമ്പോൾ ഈ ദാരിദ്ര്യം ഇല്ല എന്നു പറയുമ്പോൾ, ഈ സബ്സിഡിയും മറ്റു സൗകര്യങ്ങളും കൊടുക്കുന്നുണ്ടല്ലോ, ശകലം 'പുഴുത്ത' അരിയെങ്കിലും കൊടുക്കുന്നുണ്ടല്ലോ, അത് സ്ഥാപിക്കാനുള്ള ഒരു ശ്രമമായിരിക്കും പ്ളാനിംഗ് കമ്മീഷൻ നടത്തുന്നത്. ഈ കണക്കുകൂട്ടലുകളൊക്കെ കുറച്ചു definitionകൾ മാറ്റുന്നതിലൂടെ കൂട്ടാനും കുറയ്ക്കാനും സാധിക്കുന്ന കാര്യങ്ങളാണ്.

***അനഘ***: *ഭക്ഷണം അവകാശമാക്കുന്ന ഭക്ഷ്യസുരക്ഷനിയമത്തിലൂടെ അടിസ്ഥാന വർഗ്ഗത്തിന്റെ വികസനം എത്രത്തോളം ത്വരിതപ്പെടുത്താൻ കഴിയും?*

ശാരദാമണി: ഭക്ഷ്യസുരക്ഷ എന്നു പറഞ്ഞ് കൊണ്ടു വന്നിരിക്കുന്നത് മന്മോഹൻസിങ്ങും കെ.വി തോമസ്സും കൊണ്ടു വന്നതല്ല. അതൊരു അന്താരാഷ്ട്ര സാധനം ആണ്. 1990കളിൽ റോമിൽ ഒരു ഉച്ചകോടി ഉണ്ടായിരുന്നു. അവിടെ വച്ചാണ് ഭക്ഷ്യസുരക്ഷ എന്ന ആശയം വരുന്നത്. ഭക്ഷ്യസുരക്ഷയിൽ രണ്ട് കാര്യം വരുന്നുണ്ട്. ഒന്ന് എല്ലാ ജനവിഭാഗങ്ങൾക്കും ഭക്ഷണം ലഭിക്കണം. രണ്ട്, ഈ ഓരോ രാഷ്ട്രങ്ങൾക്കും self sufficiency വേണം. അല്ലെങ്കിൽ അവരുടെ പരമാധികാരം ചോർന്നു പോയേക്കാം. അല്ലാതെ പാവങ്ങൾക്ക് ഭക്ഷണം എന്നതല്ല ഇതിന്റെ ആശയം. പരമാധികാരം സംരക്ഷിക്കണമെങ്കിൽ ഭക്ഷ്യോല്പ്പാദനം കൂടണം. പിന്നെ ഭക്ഷ്യസുരക്ഷാ നിർവചനത്തിൽ പറഞ്ഞിരിക്കുന്ന പോലെ adequate, പിന്നെ രുചിക്കനുസരിച്ച്, ആരോഗ്യത്തിനെയും ആയുസ്സിനെയും നിലനിർത്തുന്നത്, culturally appropriate ആയത്. സാധാരണഗതിയിൽ നമുക്ക് ശീലമായിട്ടുള്ള ആഹാരം ആണ് കൊടുക്കേണ്ടത്. അത് affordable ആയിരിക്കണം. ഇങ്ങനെ ഒരു നീണ്ട നിർവചനത്തോട് കൂടിയാണ് ആഗോളതലത്തിൽ ഭക്ഷ്യസുരക്ഷ ചർച്ചചെയ്യപ്പെടുന്നത്. അതെല്ലാം കളഞ്ഞ് ബി.പി.എല്ലുകാർക്ക് ആ

പട്ടികജാതി, പട്ടികവർഗ്ഗം എന്നു പറഞ്ഞിരിക്കുന്ന ക്ളാസിഫിക്കേഷനെത്തന്നെ ചോദ്യം ചെയ്യണം. അവരും മനുഷ്യരാണ്. അവരും മനുഷ്യരായിട്ട് ജീവിക്കുന്നവരാണ് എന്നതാണ് നമ്മൾ പ്രധാനമായിട്ടും കാണേണ്ടത്. പിന്നെ, വേറൊന്ന് നമ്മൾ ഈ വൈവിധ്യം എന്നൊക്കെ പറയുന്നതുപോലെ അവർക്കും സ്വന്തമായ ഭാഷ, സ്വന്തമായ വസ്ത്രരീതി, സ്വന്തമായ ആഹാരം, തൊഴിൽ എല്ലാം ഉണ്ടായിരുന്നു. നമുക്കിപ്പൊ വേണ്ടത് അവരെയെല്ലാം നമ്മളെപ്പോലെയാക്കിയെടുക്കണം.

ഹാരം കൊടുക്കാനുള്ളതാണ് ഭക്ഷ്യസുരക്ഷ എന്ന് പറഞ്ഞു പരത്തുന്നത് ശരിയല്ല. ഇത് അറിയാവുന്ന ആൾക്കാർ മിണ്ടാതിരിക്കുന്നതാണ് ഏറ്റവും സങ്കടകരമായ വസ്തുത. മതിയായ അളവിൽ പോഷകാഹാരം കിട്ടുകയെന്നുള്ളത് എല്ലാവരുടെയും അവകാശമാണ്.

***അനഘ**: രാഷ്ട്രീയപ്പാർട്ടികളെ RTIയുടെ പരിധിയില് നിന്ന് ഒഴിവാക്കിയ തീരുമാനത്തോട് എങ്ങനെ പ്രതികരിക്കുന്നു?*

**ശാരദമണി**: അവരെ അങ്ങനെ ഒഴിവാക്കേണ്ട ആവശ്യം ഇല്ല. അവരുടെ ജയാപചയങ്ങൾ നമ്മളെ ആശ്രയിച്ചാണ് ഇരിക്കുന്നത്. അവരുടെ രാഷ്ട്രീയ നേതാക്കന്മാരുടെ സ്വകാര്യ ജീവിതത്തെപ്പറ്റി അന്വേഷിക്കേണ്ട ആവശ്യം ഇല്ല എന്നു തന്നെയാണ് ഞാൻ വിചാരിക്കുന്നത്. അതേ സമയം തന്നെ നമ്മൾ അറിഞ്ഞിരിക്കേണ്ടുന്ന ഏതു കാര്യവും അറിയേണ്ടതും ആണ്.

*അനഘ: ഭോപ്പാൽ, പ്ലാച്ചിമട പോലുള്ള സ്ഥലങ്ങളിൽ നടന്ന പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും എളുപ്പം മറക്കാനാവുന്നതല്ല. എന്നാൽ സമാനസ്വഭാവമുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു എന്നതാണ് കാതിക്കൂടം, ആറന്മുള, അതിരപ്പിള്ളി എന്നിവ സൂചിപ്പിക്കുന്നത്. ഇത്തരം സംഭവങ്ങൾ വിരൽചൂണ്ടുന്നത് വികസനം എന്ന പദം പുനർനിർവചിക്കേണ്ടതിന്റെ ആവശ്യകതയിലേക്കല്ലേ?*

**ശാരദാമണി**: തീർച്ചയായിട്ടും. ഇത്തരം വികസനങ്ങൾ എത്രമാത്രം തൊഴിലുകൾ സൃഷ്ടിക്കുന്നു എന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ ജോലിയൊന്നും ഇല്ലാതെ പുറത്തുപോകുന്ന ആൾക്കാരുടെ എണ്ണം വളരെ കൂടുതൽ ആണ്. പുറത്തു നിന്നും വരുന്ന ഈ പണം അവർക്കും സമൂഹത്തിനും ഗുണകരമായ രീതിയിൽ എങ്ങനെ ഇൻവെസ്റ്റ് ചെയ്യാം എന്നുള്ളത് നമ്മുടെ ഒരു ബാധ്യതയാണ്. അത്, എവിടെ ചെയ്യാം എന്ന ഒരു ചോദ്യമാണ് പിന്നെ വരുന്നത്.

ഞാൻ ഡൽഹിയിൽ പോകുന്ന സമയത്ത് വിവാഹങ്ങൾ നടക്കുന്നത് വീടുകളിലാണ്. അന്ന് അമ്പലങ്ങളിൽപ്പോലും കല്ല്യാണം നടക്കില്ല. ഞാൻ തിരിച്ചു വരുമ്പോഴുണ്ട് ഇവിടെ മുഴുവൻ കല്യാണമണ്ഡപങ്ങൾ ആയി. ഈ caterers എന്ന ഒരു കൂട്ടം ആളുകൾ വന്നു. അപ്പൊ ഈ പന്തൽ ഇടുന്നവരും അത് അലങ്കരിക്കുന്നവരും ആഹാരം ഉണ്ടാക്കുന്നവരും അങ്ങനെയുള്ള ഒരു കാറ്റഗറി തന്നെ ഇല്ലാതായി. ഈ സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും തൊഴിൽപരമായും എന്തൊക്കെ മാറ്റങ്ങൾ വന്നു എന്നത് നമ്മൾ സമഗ്രമായിട്ടൊന്ന് conclude ചെയ്യാൻ ശ്രമിക്കണം. അതുകൊണ്ട് തന്നെ നമുക്ക് എന്തൊക്കെ ദോഷങ്ങളും ഗുണങ്ങളും വന്നു എന്നുള്ളതും കണ്ടുപിടിക്കണം. അപ്പോ ഇതൊക്കെ വരുമ്പോഴും കുറേ ആൾക്കാരുടെ കൈയ്യിൽ സമ്പത്ത് കുമിഞ്ഞുകൂടുകയും ഇല്ലാത്ത ആൾക്കാർ വർദ്ധിക്കുകയും അവരുടെ visibiltiy കുറയുകയും ചെയ്യുന്നു. ഇല്ലാത്ത ആൾക്കാ

ഈ സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും തൊഴിൽപരമായും എന്തൊക്കെ മാറ്റങ്ങൾ വന്നു എന്നത് നമ്മൾ സമഗ്രമായിട്ടൊന്ന് conclude ചെയ്യാൻ ശ്രമിക്കണം. അതുകൊണ്ട് തന്നെ നമുക്ക് എന്തൊക്കെ ദോഷങ്ങളും ഗുണങ്ങളും വന്നു എന്നുള്ളതും കണ്ടുപിടിക്കണം.

ർ ഉണ്ടെന്നുപോലും അംഗീകരിക്കാൻ നമ്മൾ തയ്യാറല്ലല്ലോ. ഇപ്പൊ കേരളത്തിനെ സംബന്ധിച്ചിടത്തോളം, ഈ വന്നിരിക്കുന്നതെല്ലാം നല്ല കാര്യങ്ങൾ ആണെന്നും ഇതൊക്കെ വികസനം ആണെന്നുമാണ് ആൾക്കാർ വിശ്വസിച്ചു വച്ചിരിക്കുന്നത്. വികസനം എന്നു പറയുന്നത് ഇതൊക്കെയാണെന്നുള്ള ഒരു ധാരണ വന്നിട്ടുണ്ട്. വികസനവും ജനാധിപത്യവും we have to seriously debate. അതിനെ ആരോഗ്യകരമായിട്ടുള്ള രീതിയിൽത്തന്നെ ചർച്ച ചെയ്യാൻ കഴിയണം. അത് ഇവിടെ തീരെ നടക്കുന്നില്ല എന്നാണ് ഞാൻ വിചാരിക്കുന്നത്.

***അനഘ**: പരിസ്ഥിതി സൗഹാർദ്ദവും വ്യാവസായിക വളർച്ചയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വികസനം സാധ്യമാണോ? ഇന്ത്യയെപ്പോലെ ഒരു വികസ്വര രാജ്യത്തിൽ അത്തരത്തിലുള്ള വികസനത്തിന് എത്രത്തോളം സാധ്യതയുണ്ട്?*

**ശാരദാമണി**: വ്യവസായ വിപ്ളവം വരുന്നതിനു മുമ്പ് വരെ ലോകത്ത് പ്രധാനമായും നിലനിന്നിരുന്ന ജോലികൾ കൃഷിയും കന്നുകാലി വളർത്തലുമൊക്കെയായിരുന്നു.1950 വരെ വിമാനം പോലുമില്ലായിരുന്നു. ഇന്നിപ്പൊ നമ്മൾ പറയുന്നത് ചൊവ്വക്കുള്ളിൽ വെള്ളം ഉണ്ടെന്നും ആ വെള്ളം കോരിക്കുടിക്കണമെന്നുമൊക്കെയാണ്. പക്ഷേ ഈ അയക്കുന്ന സാധനങ്ങളുടെ waste കടലിലേക്കാണ് വീഴുന്നത്. അത് എന്ത് മാത്രം ദോഷകരമാണ് എന്നുള്ളതിനെപ്പറ്റി നമ്മൾ ചർച്ച ചെയ്യുന്നതേ ഇല്ല. മഹാത്മാഗാന്ധിയുടെ സമയത്തൊക്കെ പറഞ്ഞിരുന്നത് വേറൊരു വികസനത്തെപ്പറ്റിയാണ്. വ്യക്തി എന്ന നിലക്ക് എന്റെ ഉള്ളിലും സമൂഹം എന്ന നിലക്ക് നമ്മുടെ ഉള്ളിലും സമാധാനം വേണം എന്നുള്ളത് അത്യാവശ്യമായ ഒരു ഘടകമാണ്. It is linked to our way of life, our demands. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ, ഞാനും എന്റെ വീട്ടുകാരും എന്റെ അയൽക്കാരും ആയിട്ടുള്ള ബന്ധങ്ങൾ, ഇത്തരം കാര്യങ്ങളുമായെല്ലാം അത് ബന്ധപ്പെട്ടു കിടക്കുന്നു.

ഇത്തരമൊരു വികസനത്തിന് സാധ്യതയുണ്ട് എന്ന് വിശ്വസിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. ഈ ഭൂമിയിൽ പ്രളയം പോലെ വരുമോ എന്നൊന്നും എനിക്ക

റിയില്ല. അങ്ങനെ പോകുന്നില്ലെങ്കിൽ, പോകേണ്ട എങ്കിൽ നമ്മൾ ഇതിനെപ്പറ്റി ആലോചിക്കേണ്ട എന്നാണ് ഞാൻ വിചാരിക്കുന്നത്.

***അനഘ:*** *കേരള സമൂഹം പണ്ടെങ്ങും ഇല്ലാത്ത രീതിയിൽ സാമുദായിക ധ്രുവീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മതവർഗ്ഗീയതക്ക് വളക്കൂറുള്ള മണ്ണായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. ജാതിമത ശക്തികൾ മലീമസമാക്കിയ ഒരു സമൂഹമാണ് കേരളം ഇന്ന്. ഈ ഒരു മാറ്റത്തെ എങ്ങനെ കാണുന്നു?*

***ശാരദാമണി***: നമ്മുടെ നാട് പണ്ട് ജാതി ശ്രേണി ശക്തമായിരുന്ന ഒരു സ്ഥലമാണല്ലോ? അതിനെയാണല്ലോ വിവേകാന്ദൻ ഭ്രാന്താലയം എന്നൊക്കെ വിളിച്ചത്. താഴ്ന്ന ജാതിക്കാരെ തൊട്ടുകൂടാത്തവരായും തീണ്ടിക്കൂടാത്തവരുമായി കരുതിയിരുന്ന ഒരു സ്ഥലമായിരുന്നു ഇത്. ആ കാലഘട്ടത്തിൽ ഇന്ത്യയിൽ ക്രിസ്ത്യാനികളും മുസ്ലിങ്ങളും ജൂതരും താമസമാക്കിയ സ്ഥലമാണ് കേരളം. മറ്റു മതങ്ങളെ സ്വാഗതം ചെയ്തിരുന്ന ഒരു സ്ഥലമാണിത്. ഇപ്പൊ തന്നെ കൊടുങ്ങല്ലൂർ പോകുകയാണെങ്കിൽ ഈ ഇസ്ലാം ഹൈന്ദവ ക്രിസ്ത്യൻ  ജ്യൂവിഷ് ആരാധാനാലയങ്ങൾ അധികം ദൂരെയൊന്നുമല്ല. എന്റെ ഓർമ്മയിൽ ഇന്നുള്ള പോലുള്ള വർഗ്ഗീയതയോ മതസ്പർധയോ പണ്ടൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ കൊല്ലത്ത് ഒരു സംഭവം നടന്നു. അവിടെ ഉണ്ണിച്ചെക്കൻ വീട് എന്ന പേരിൽ ഒരു വീടുണ്ട്. അവരുടെ അമ്പലത്തിലെ ഘോഷയാത്രക്ക് ഒരു ചെറിയ വഴക്ക് ഉണ്ടാകും എന്ന് എനിക്ക് അവ്യക്തമായ ഒരു ഓർമ്മയുണ്ട്. അല്ലാതെ ഇത്രയും ഭയങ്കരമായി അങ്ങോട്ടും ഇങ്ങോട്ടുമുള്ള വഴക്കൊന്നും അന്നുണ്ടാകില്ലായിരുന്നു. ഇന്ന് എന്തുപറ്റി എന്നു വെച്ചാൽ ആൾക്കാരുടെ ഉള്ളിലെ എല്ലാ മതത്വരകളും പുറത്തു വന്നിരിക്കുകയാണ്. ഇത് നേരിടേണ്ടത് ഇടതുപക്ഷത്തിന്റെ കടമയാണ്. പക്ഷേ അവർ തമ്മിലടിക്കുന്നതു കാരണം ഈ പ്രശ്നങ്ങൾ ഒന്നും കൈകാര്യം ചെയ്യാൻ ഇതുവരെ സന്നദ്ധത കാണിച്ചിട്ടില്ല. ഇതിനകത്ത് മതം മാത്രമല്ല, അധികാരവും സാമ്പത്തികശേഷിയും ഘടകങ്ങളാണ്.

***അനഘ:*** *സോളാർ കേസ് പോലുള്ള വാർത്തകളോടുള്ള ആസക്തി കാരണം ചർച്ച ചെയ്യപ്പെടേണ്ട പല വിഷയങ്ങൾക്കും മാധ്യമങ്ങൾ അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല. (അട്ടപ്പാടി, കാതിക്കൂടം, ജസീറയുടെ സമരം.) പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങൾ. വിവാദങ്ങളുടെ പുറകേ പായുന്ന ഈ സമീപനം സൂചിപ്പിക്കുന്നത് മാധ്യമങ്ങൾ അടിസ്ഥാന മാധ്യമ ധർമ്മത്തിൽ നിന്നും വ്യതിചലിച്ച് വാണിജ്യതാൽപ്പര്യങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത് എന്നല്ലേ?*

***ശാരദാമണി***: ഞാൻ സ്ഥിരമായി കാണുന്ന ചാനൽ ഇന്ത്യാവിഷൻ ആണ്. അവരുടെ കുറച്ച് പരിപാടികളോട് എനിക്ക് ഇഷ്ടമുണ്ട്. പക്ഷേ അവർ പോലും 3 മിനിട്ട് നേരം മാത്രമേ വളരെ ഗൗരവമുള്ള കാര്യം ചർച്ച ചെയ്യുന്നുള്ളു. 15 മിനിട്ട് നേരം പരസ്യമാണ്. ആ

താഴ്ന്ന ജാതിക്കാരെ തൊട്ടുകൂടാത്തവരായും തീണ്ടിക്കൂടാത്തവരുമായി കരുതിയിരുന്ന ഒരു സ്ഥലമായിരുന്നു ഇത്. ആ കാലഘട്ടത്തിൽ ഇന്ത്യയിൽ ക്രിസ്ത്യാനികളും മുസ്ലിങ്ങളും ജൂതരും താമസമാക്കിയ സ്ഥലമാണ് കേരളം. മറ്റു മതങ്ങളെ സ്വാഗതം ചെയ്തിരുന്ന ഒരു സ്ഥലമാണിത്.

പരസ്യങ്ങൾ മുഴുക്കെയും നേരത്തെ പറഞ്ഞ കൺസ്യൂമർ പരസ്യങ്ങളാണ്. അപ്പൊ ഈ കണ്ടുകൊണ്ടിരിക്കുന്ന ആൾക്കാർക്ക് വ്യക്തമായ രാഷ്ട്രീയ ബോധമോ ധാരണകളോ ഇല്ലെങ്കിൽ അവർ എന്താണ് ഇതിൽ നിന്നും മനസിലാക്കുക? സരിത വന്നെങ്കിൽ സരിത അങ്ങ് കിടക്കട്ടെ, ഇപ്പൊ സരിതയെ കുറച്ചു ദിവസമായി കാണാനില്ല. വേറൊരുത്തൻ വന്നിട്ടുണ്ട്. ഒരു സ്വർണ്ണക്കടത്തുക്കാരൻ. അപ്പൊ ഇങ്ങനങ്ങ് പോയിക്കോണ്ടിരിക്കുവാ.

അന്ന്  ഇത്രയും പരസ്യങ്ങൾ ഒന്നും ഇല്ല. ഇന്ന് ഇവർ പറയുന്ന ആശയങ്ങൾക്ക് കടകവിരുദ്ധമായ പരസ്യങ്ങളാണ് ഇവർ കാണിക്കുന്നത്. പിന്നെ വേറൊന്ന് നേരത്തെ പറഞ്ഞപോലുള്ള വിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്തില്ല എന്നും പറയാൻ പറ്റില്ല. ഇപ്പൊ എനിക്ക് കാണണമെന്നുണ്ടങ്കിൽ ഞാനത് എങ്ങനെയെങ്കിലും കണ്ടുപിടിക്കും. അതുകൊണ്ട് അട്ടപ്പാടി പോലുള്ള വിഷയങ്ങൾ ഞാൻ ഫോളോ ചെയ്യാറുണ്ട്. അതിനകത്ത് ഇന്ത്യാവിഷൻ കുറച്ച് നല്ലവണ്ണം കൊടുക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

***അനഘ:*** *1991ലെ സെൻസസ് അനുസരിച്ച് തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ തുടങ്ങിയ ജില്ലകളില് ആറ് വയസിനു താഴെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ മരണനിരക്ക് കൂടുതൽ ആയി കണ്ടു. 2001ൽ ഈ ട്രെൻഡ് എട്ട് ജില്ലകളിൽ പ്രകടമായി കണ്ടു. ഏറ്റവും പുതിയ സെൻസസ് കണക്കുകൾ പ്രകാരം ഒമ്പത് ജില്ലകൾ ഇതേ പ്രവണത കാണിക്കുന്നു. പരിചരണവും പോഷണവും കിട്ടാതെ അവഗണിക്കപ്പെടുന്നത് പെൺകുട്ടികൾ ആണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. പെൺകുട്ടികളോട് വിവേചനം കാട്ടാത്ത സമൂഹം ആണ് കേരളം എന്ന ഖ്യാതി അവസാനിക്കാൻ പോകുന്നു എന്നല്ലേ ഇത് സൂചിപ്പിക്കുന്നത്?*

***ശാരദാമണി***: ഈ പറഞ്ഞ റിപ്പോർട്ട് ഞാൻ കണ്ടിട്ടില്ല. പക്ഷേ ആ റിപ്പോർട്ട് കാണാതെ തന്നെയും പറയാം, കേരളത്തിൽ സ്ത്രീകൾക്ക് അർഹിക്കുന്ന സ്ഥാനമില്ല എന്നു തന്നെയാണ് ഞാൻ വിചാരിക്കുന്നത്. മുമ്പ് ഇവിടെ കുറെ ജാതിക്കാർക്ക് നായന്മാർക്ക് മത്രമല്ല മറ്റു പല ജാതികൾക്കും പട്ടികജാതി, പട്ടികവർഗ്ഗം തുടങ്ങിയ പല ജാതികൾക്കും മരുമക്കത്തായ

*മരുമക്കത്തായത്തിന് ഒരു കാലത്ത് ഒരു ലവേീ ഉണ്ടായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. പക്ഷെ ഇന്നതില്ല, ഇന്ന് മരുമക്കത്തായ വ്യവസ്ഥിതിക്ക് മാറ്റങ്ങൾ വരുത്തി. മറ്റുള്ള സമുദായങ്ങളെക്കാൾ കൂടുതൽ സ്ത്രീവിരുദ്ധത ഈ മരുമക്കത്തായ സമുദായങ്ങളിൽ കാണുന്നുണ്ട്.*

സമ്പ്രദായം ആയിരുന്നു. അവരുടെ family leaneage ഉം family name ഉം ഒക്കെ സ്ത്രീകളിൽക്കൂടിയാണ് പോകുന്നത്. അപ്പോൾ matriliny വേണം എന്ന് നിർബന്ധമായിരുന്നു. അന്നത്തെ കാലത്ത്, കേരളം ഉണ്ടാകുന്നതിനു മുമ്പ് തന്നെ ഈ വിമൻസ് കോളേജ് വരികയും അവിടെത്തന്നെ പഠിച്ച സ്ത്രീകൾ ഉദ്യോഗത്തിനുവരികയും ചെയ്തിട്ടുണ്ട്. ഇവിടെത്തന്നെ പഠിച്ച ഒരുപാട് സ്ത്രീകൾ സ്വതന്ത്ര്യത്തിനു മുമ്പ് തന്നെ ഉദ്യോഗസ്ഥരായിട്ടുണ്ട്. എന്നുമാത്രമല്ല മദ്രാസ് യൂണിവേർസിറ്റിയിലെ ആദ്യത്തെ (economics) പ്രൊഫസർ ഒരു ഇംഗ്ലീഷുകാരനായിരുന്നു. മദ്രാസ് സൈഡിലുള്ള വിമൻസ് കോളേജുമൊത്തം നമ്മുടെ ഇവിടുന്നുള്ള വിദ്യാർത്ഥിനികൾ ആയിരുന്നു.

മരുമക്കത്തായത്തിന് ഒരു കാലത്ത് ഒരു ethos ഉണ്ടായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. പക്ഷെ ഇന്നതില്ല, ഇന്ന് മരുമക്കത്തായ വ്യവസ്ഥിതിക്ക് മാറ്റങ്ങൾ വരുത്തി. മറ്റുള്ള സമുദായങ്ങളെക്കാൾ കൂടുതൽ സ്ത്രീവിരുദ്ധത ഈ മരുമക്കത്തായ സമുദായങ്ങളിൽ കാണുന്നുണ്ട്.

***അനഘ**: സ്ത്രീശാക്തീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ മുൻപന്തിയിൽ നില്കുന്ന സംസ്ഥാനമാണ് കേരളം. അതേസമയം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിലും കേരളം മുൻപന്തിയിൽ തന്നെയാണ്. പ്രത്യേകിച്ച് ഗാർഹിക പീഡനങ്ങളിൽ. ഈ വിരോധാഭാസത്തെ എങ്ങനെ വിലയിരുത്തുന്നു?*

**ശാരദാമണി**: എനിക്ക് ശാക്തീകരണം എന്ന വാക്കേ ഇഷ്ടമല്ല. കേരളത്തിൽ സ്ത്രീകൾക്കെതിരെയുള്ള ഗാർഹികപീഡനം എന്നത് ഇപ്പോഴല്ല തുടങ്ങിയത്. മുൻപും വാസ്തവത്തിൽ ഈ സ്ത്രീകളെ, പെൺകുട്ടികളെ വീട്ടിൽത്തന്നെ ലൈംഗികമായി പീഡിപ്പിക്കുന്നുണ്ട്, കുറഞ്ഞത് 15 വർഷത്തിനു മുമ്പ്. അതുകൊണ്ട് ഇതൊരു പുത്തൻ കാര്യമല്ല. അതുപോലെ തന്നെ സൂര്യനെല്ലിയിലെ കുട്ടി. വർഷങ്ങൾക്ക് മുമ്പ് ഒരു ദിവസം ഈ തൈക്കാട് ഗസ്റ്റ്ഹൗസിൽ വച്ച് ഒരു മീറ്റിംഗ് ഉണ്ടായിരുന്നു. കുറ്റവാളികളെയൊക്കെ അറസ്റ്റ് ചെയ്ത ദിവസം. അത് മാധ്യമങ്ങൾ ഭയങ്കരമായിട്ട് ആഘോഷിച്ചു. പക്ഷേ ഞങ്ങൾ അപ്പോഴേ പറഞ്ഞു, അവർ അതുപോലെ അങ്ങ് വെളിയിൽ ഇറങ്ങുമെന്ന്. കോടതി വിധി കൊണ്ടു മാത്രം സമൂഹത്തെ മാറ്റിയെടുക്കാം എന്ന് എനിക്ക് വിചാരമില്ല. കോടതിയെ തള്ളിപ്പറയുകയല്ല. അവർ സമയ ബന്ധിതമായി വിധികൾ നടപ്പിലാക്കണം. ഞാൻ എപ്പോഴും വിചാരിക്കുന്നത്, ഇന്നും ഡൽഹിയിലെ സംഭവങ്ങൾ, വർമ്മ കമ്മീഷനും ഒക്കെ കഴിഞ്ഞിട്ടും ഇതൊട്ടും കുറവില്ല. പത്രം തുറന്നാൽ ഒന്നാം പേജ് മുതൽ ഇതുതന്നെ. മകൻ അച്ഛനെ കൊല്ലുന്നതും അച്ഛൻ മകനെ കൊല്ലുന്നതും ഒക്കെ. ഈ വയലൻസിനകത്ത് വേണം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കൂടി കാണാൻ എന്നെനിക്കു തോന്നുന്നു. സ്ത്രീകൾക്ക് എതിരെ മാത്രമല്ല അക്രമങ്ങൾ, അല്ലാതെയും നടക്കുന്നുണ്ട് വൻതോതിൽ തന്നെ. ഇതൊക്കെ നടക്കുമ്പോൾ സ്ത്രീപക്ഷത്തു നിന്ന് സംസാരിക്കുന്ന പുരുഷന്മാർ ഉണ്ട്. പക്ഷേ ഇതു ചെയ്യുന്നവരെ ഒറ്റപ്പെടുത്തുമ്പോൾ കുറ്റം ചെയ്യുന്ന പുരുഷന്മാരെ ഒറ്റപ്പെടുത്താൻ പുരുഷകൂട്ടായ്മകൾ ഉണ്ടാകുന്നില്ല. മാത്രമല്ല എന്തെങ്കിലും സംഭവിച്ചാൽ അത് വലിയ അപമാനമാണെനു കരുതി പുറത്തു പറയാതിരിക്കുന്ന സ്ത്രീകളും ഉണ്ട്. അവഹേളനം സഹിക്കേണ്ടി വന്നാലും മിണ്ടാതെയിരിക്കുന്ന സ്ത്രീകളാണ് കൂടുതലും. ഇത് സ്ത്രീ–പുരുഷ ബന്ധത്തിന്റെ കാര്യം കൂടിയാണ്.

***അനഘ**: കേരള വനിതാ കമ്മീഷൻ പല വിവാദ വിഷയങ്ങളിലും (മലയാളി ഹൌസ്, ശ്വേത മേനോന്റെ പ്രസവ ചിത്രീകരണം) പ്രസ്താവനകൾ ഇറക്കിയിട്ടുണ്ട്. എന്നാൽ അട്ടപ്പാടി, ജസീറയുടെ സമരം, മുസ്ലിം പെൺകുട്ടികളുടെ വിവാഹ പ്രായം തുടങ്ങിയ വിഷയങ്ങളിൽ കാര്യമായ ഇടപെടൽ നടത്തിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ വനിതാ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമം ആണ് എന്ന് പറയാൻ കഴിയുമോ? കൂടുതൽ കാര്യക്ഷമമാക്കാനുള്ള നിർദേശങ്ങൾ എന്തൊക്കെയാണ്?*

**ശാരദാമണി**: ഇവിടെ സമൂഹ്യനീതിയിലും വനിതാക്ഷേമത്തിലും ഉള്ളഴിഞ്ഞു പ്രവർത്തിക്കുന്ന സ്ത്രീയെ വനിതകമ്മീഷനിലേക്ക് കൊണ്ടു വരില്ല. പിന്നെ അവിടെക്കേറി ഇരിക്കുമ്പോൾ, it also becomes a govt department. സർക്കാർ പ്രവർത്തിക്കുന്നത് പോലെയാണ് അതും പ്രവർത്തിക്കുന്നത്. അല്ലാതെ innovative ആയ ഒരു കാര്യം ഞാൻ ഇതുവരെ കണ്ടിട്ടില്ല. നമ്മള് ഒരു കാര്യത്തെപ്പറ്റി വളരെ ഉത്കണ്ഠയോട് കൂടി ആലോചിക്കണമെങ്കിൽ നമുക്ക് അതിനകത്ത് ഒരു വേദനയോടുകൂടിയ താല്പര്യം വേണം. പിന്നെ, നമ്മൾ ചെയ്യുന്നത് സത്യസന്ധമായ ഒരു അന്വേഷണം ആയിരിക്കണം. അല്ലാതെ എല്ലാ സർക്കാർ ആഫീസുകളും പോലെയാകരുത്. അതിന്റെ പ്രവർത്തനത്തിൽ വ്യത്യാസം വരണം. പിന്നെ നീതിയുള്ള ഒരു ലോകത്തെപ്പറ്റി ഒരു ധാരണ വേണം. ദളിത് വിഭാഗത്തിൽപ്പെട്ട സ്ത്രീകളും അടിച്ചമർത്തലിന് വിധേയമാകുന്നുണ്ട് . ഇത്തരം കാര്യങ്ങളിൽ കൂടി ശ്രദ്ധ കൊടുക്കണം. കൂട്ടായ്മകളിൽ നിന്നും ചർച്ചകളിൽ നിന്നും പ്ര

ശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

***അനഘ:** സ്ത്രീ സുരക്ഷക്ക് മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?*

**ശാരദാമണി**: ഒന്ന് നമ്മൾ ആദ്യം വയലൻസിനെ ത്തന്നെ ഇല്ലാതാക്കാൻ നോക്കണം. അല്ലാതെ സ്ത്രീ യെമാത്രം ഒരു violent world ൽ സുരക്ഷിതമാക്കിവെ ക്കാമോ എന്നെനിക്കറിയില്ല. സ്ത്രീകളെ ലൈംഗിക മായി പീഡിപ്പിക്കുന്നതിന്റെ ഒരു ഭാഗമാണ് ഈ വയ ലൻസും. കുറച്ച് കാലത്തിനു മുമ്പ് വരെ ലോകസമാ ധാനം എന്ന പ്രസ്ഥാനം വളരെ സജീവമായിരുന്നു. രണ്ടാം ലോകമഹായുദ്ധ സമയത്ത് യൂറോപ്പിൽ കണ്ട മാനം പുരുഷന്മാർ മരിക്കുകയും സ്ത്രീകൾ ഒരുപാട് വിധവകളായി മാറുകയും ദീർഘകാലം ജീവിക്കുക യും ചെയ്ത സമയത്താണ് ഇത് ആരംഭിക്കുന്നത്. ഒ രു ഫ്രെഞ്ച് സയന്റിസ്റ്റ് ആണ് ഇത് തുടങ്ങുന്നത്. അ തുകഴിഞ്ഞ് അത് ആഗോളതലത്തിൽ വളർച്ച പ്രാപി ച്ചു. ഇന്നിപ്പൊ അതിന്റെ ശക്തി വളരെ കുറഞ്ഞിരി ക്കുകയാണ്. അതിനുവേണ്ടി ജീവിതം മുഴുവൻ ഉഴി ഞ്ഞുവെച്ച പലരെയും എനിക്കറിയാം. ഒരു അക്രമര ഹിതലോകത്തെ നമ്മൾ എങ്ങനെ കാണുന്നു എന്ന താണു പ്രധാനം. ഇതിനർത്ഥം നമ്മളെല്ലാം പാതിരാ ത്രി എണീറ്റ് നടക്കാൻ പോകുന്നു എന്നല്ല. എല്ലാ ആ ക്രമങ്ങളും നടക്കുന്നതു രാത്രി അല്ല. പകലും നടക്കും. അതുപോലെതന്നെ അംഗവൈകല്യം ബാധിച്ചവരും ഒക്കെ പീഡിപ്പിക്കപ്പെടുന്നുണ്ട്. വയലൻസ് ഇല്ലാത്ത ഒരു ലോകത്തിന് വേണ്ടി ശ്രമിക്കുന്നതിനൊപ്പമാകണം സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും ഇല്ലാതാക്കേ ണ്ടത്. അല്ലാതെ സ്ത്രീകൾക്കെതിരെയുള്ള അക്രമ ങ്ങൾ മാത്രം ഇല്ലാതാക്കി നമുക്ക് മുന്നോട്ട് പോകാം എന്ന് ഞാൻ വിചാരിക്കുന്നില്ല.

***അനഘ:** എല്ലാ ഭാഗത്ത് നിന്നും അടിച്ചമർത്താ നുള്ള ശ്രമങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ എങ്ങനെയാണ് സ്ത്രീ ഉൾക്കരുത്ത് ആർജ്ജിക്കുക? സമത്വത്തിനു വേണ്ടി പോരാടാൻ തയ്യാറുള്ള സ്ത്രീ സമൂഹത്തോട് ഒരു സ്ത്രീപക്ഷചിന്തക എന്ന നില യിൽ എന്താണ് പറയാനുള്ളത്?*

**ശാരദാമണി**: നമ്മൾ 1975–85 'സ്ത്രീകളുടെ ദശ കം' ആയി ആചരിച്ചു.. അതിനുമുമ്പ് തന്നെയും യു.എ ൻ സ്ത്രീകളുടെ തുല്യത, സമാധാനം, സ്വാതന്ത്ര്യം എന്നീ ലക്ഷ്യങ്ങൾ പാസ്സാക്കിയിരുന്നു. റൂസ്വെൽറ്റി ന്റെ ഭാര്യ എലേന റൂസ്വെൽറ്റ് ഇതിന്റെ ഒരു വല്ല്യ വ ക്താവ് ആയിരുന്നു. എന്നുമാത്രമല്ല നമ്മുടെ ലക്ഷ്മി എൻ.മേനോൻ, വിജയലക്ഷി പണ്ഡിറ്റ് എന്നിവരും. ഇ ത് 75ൽ തുടങ്ങിയ ഒരു കാര്യമാണ്. സ്ത്രീകളുടെ സ്വ തന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള സമരങ്ങ ൾ പല സ്ഥലത്തും നടക്കുന്നുണ്ടായിരുന്നു. പല ഗ്യാ രണ്ടികളും ഉണ്ടായിരുന്നു അതിന്. പക്ഷെ , ഈ ഗ്യാ രണ്ടി കൊണ്ടു മാത്രം ഒന്നും ആയില്ല. നമ്മൾ അതു മനസ്സിലാക്കുകയും കൂടി വേണം. എത്ര പേർ അവരു ടെ മക്കളെ ഡാൻസും പാട്ടും ഒക്കെ പഠിപ്പിക്കുന്നു. വിവാഹം കഴിഞ്ഞാൽ ആ പെൺകുട്ടി ഇതൊന്നും ഒ

**നമ്മള് ഒരു കാര്യത്തെപ്പറ്റി വളരെ ഉത്കണ്ഠയോട് കൂടി ആലോചിക്കണമെങ്കിൽ നമുക്ക് അതിനകത്ത് ഒരു വേദനയോടുകൂടിയ താല്പര്യം വേണം. പിന്നെ, നമ്മൾ ചെയ്യുന്നത് സത്യസന്ധമായ ഒരു അന്വേഷണം ആയിരിക്കണം. അല്ലാതെ എല്ലാ സർക്കാർ ആഫീസുകളും പോലെയാകരുത്.**

രൊറ്റ ദിവസം പോലും ചെയ്യാത്ത എത്രയോ വീടുക ൾ ഉണ്ട്. അപ്പോൾ ആ കുട്ടി അതെല്ലാം നിശ്ശബ്ദമായി അങ്ങ് സമ്മതിച്ചു കൊടുക്കുകയാണ്. രണ്ട് മൂന്ന് കാ ര്യങ്ങൾ ഉണ്ട്. അവനവനെപ്പെറ്റിത്തന്നെ നമുക്ക് ഒരു ധാരണ വേണം. ആ ധാരണ ഇന്ന് എത്ര മാത്രം പെ ൺകുട്ടികൾക്ക് ഉണ്ട് എന്നത് വളരെ പ്രധാനമാണ്. ഈ ധാരണ വീട്ടിലുള്ള അച്ഛനമ്മമാർക്ക് ഉണ്ടാവേ ണ്ടത് പോലെ ഈ സമൂഹത്തിനും മാധ്യമങ്ങൾക്കും ഒക്കെ വേണം. ഈ കൺസ്യൂമറിസ്റ്റ്, വയലന്റ് സമൂ ഹത്തിൽ ആണ് ഈ കുട്ടികൾ വളരുന്നത്. സ്ത്രീപ ക്ഷ വാദികളുടെ അഭിപ്രായം അറിഞ്ഞല്ല അധികം പേരും ജീവിക്കുന്നത്.

പണ്ടൊക്കെ എന്നു വച്ചാൽ എന്റെ അപ്പുറത്തെ വീട്ടിൽ ഒരു വഴക്കും പ്രശ്നങ്ങളും ഉണ്ടായാൽ ഞാൻ അതിൽ ഇടപെടുമായിരുന്നു. ഇപ്പോൾ ഈ പറഞ്ഞ പോലെ, ഇവിടുത്തെ സ്ത്രീകളുടെ സംഘടന ഒരു നല്ല സംഘടന ആണെങ്കിൽ അയ്യൊ ഞങ്ങളൊന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ ഇരിക്കില്ല. അത് നമ്മുടെ പ്രശ്നമായിട്ട് എടുക്കുകയും പരിഹരിക്കാൻ ശ്രമിക്കു കയും വേണം. സ്ത്രീകൾക്കു തന്നെ സ്ത്രീകളോടു ള്ള കാഴചപ്പാട് മാറണം. സമൂഹനിർമ്മിതിയെപ്പറ്റി ധാ രണ ഉണ്ടാവുകയും അതിൽ ഇടപടാനുള്ള സന്നദ്ധ തയും കഴിവും ആർജ്ജിക്കുകയും വേണം.

ഈ മാറ്റങ്ങളൊന്നും എനിക്ക് സന്തോഷമുള്ള മാ റ്റങ്ങളല്ല. എനിക്ക് കൺസ്യൂമറിസത്തിൽ വിശ്വാസവും ഇല്ല. രണ്ടാമത്തെ കാര്യം ആഘോഷങ്ങളുടെ നാടാ യി കേരളം മാറിയതാണ്. എനിക്ക് താല്പര്യമില്ല. easy money എന്നൊരു കാര്യം ഇവിടെ വളർന്നു വന്നിട്ടു ണ്ട്. ഇതിനെല്ലാം ഞാൻ ഏറ്റവും കൂടുതൽ കുറ്റപ്പെടു ത്തുന്നത് ഇടതുപക്ഷത്തിനെയാണ്. അവരു വേണ്ടി യിരുന്നു വേണ്ട സമയത്ത് ഇതിലൊക്കെ ഇടപെടേ ണ്ടിയിരുന്നത്. അവരത് ചെയ്തില്ല. അവർ തമ്മിലടി ച്ച് കളിയാക്കാനും പുച്ഛിക്കാനുമുള്ള അവസരം അവ ർ തന്നെ സൃഷ്ടിക്കുകയായിരുന്നു.

*(തിരുവനന്തപുരം എൻ. എസ്.എസ് വിമൻസ് കോളേജി ൽ മൂന്നാം വർഷ ഇംഗ്ലീഷ് സാഹിത്യ ബിരുദ വിദ്യാർത്ഥിയാ ണ് അനഘ സി.ആർ)*

കടപ്പാട് : അഴിമുഖം ഓൺലൈൻ മാസിക

●

# മോഡിയിസവും മതേതര ബഹുസ്വരത നേരിടുന്ന വെല്ലുവിളികളും




**ഗുജറാത്ത്** കലാപത്തിന് ശേഷം രൂപം കൊണ്ട് ANHAD (Act Now for Harmony And Democracy) എന്ന സംഘടനയിലൂടെ ഷബ്നം ഹാഷ്മി മോഡിയുടെ വിദ്വേഷ രാഷ്ട്രീയത്തിനെതിരെ പോരാടിക്കൊണ്ടിരിക്കുകയാണ്. വംശഹത്യാനന്തര ഗുജറാത്തിലെ ന്യൂനപക്ഷങ്ങളുടേയും സ്ത്രീകളുടേയും സംരക്ഷണത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള അക്ഷീണമായ പ്രവർത്തനങ്ങളിലാണ് അവർ. നരേന്ദ്ര മോഡിയുടെ വ്യാജ പ്രതിച്ഛായക്കെതിരെ ദേശവ്യാപകമായ കാമ്പയിനുകൾക്ക് അവർ നേതൃത്വം നൽകുന്നു. മാർക്സിറ്റ് സാംസ്കാരിക വിമർശകനായിരുന്ന ഡോ:ടി.കെ.രാമചന്ദ്രൻ അനുസ്മരണ പ്രസംഗത്തിനായി കഴിഞ്ഞ ദിവസം അവർ കോഴിക്കോടെത്തി. (ഷബ്നം ഹാഷ്മിയുടെ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപം).

ഇന്ത്യയിലെ മതേതര ബഹുസ്വരതക്കെതിരെ ഉയർന്നു വന്നിരിക്കുന്ന വെല്ലുവിളികളിൽ പ്രധാനവും അപകടകരമായ മാനങ്ങളുള്ളതുമാണ് നരേന്ദ്ര മോഡിയുടെ ഫാസിസ്റ്റ് ഭീകരത. ഹിന്ദു രാഷ്ട്രമാണ് മോഡി ലക്ഷ്യമിടുന്നത്. ന്യൂനപക്ഷങ്ങൾക്കും മറ്റിതര ജനസമൂഹങ്ങൾക്കും ഇടമില്ലാത്ത ഹിന്ദുരാഷ്ട്രത്തിന്റെ പരീക്ഷണ മാതൃകയാണ് മോഡി കഴിഞ്ഞ 10 വർഷമായി ഗുജറാത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ന്യൂനപക്ഷങ്ങളെയും ദളിതുകളെയും സ്ത്രീകളെയും വേട്ടയാടുന്ന രാഷ്ട്രീയമാണ് മോഡിയുടേത്. 2006 ലെ സച്ചാർ കമ്മറ്റി ചൂണ്ടിക്കാട്ടിയതുപോലെ തീവ്ര വലതുപക്ഷ ശക്തികൾ പ്രചരിപ്പിക്കുന്നത് പോലെ ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഈ വിഭാഗങ്ങൾക്കിടയിൽ ചില പദ്ധതികൾ കൊണ്ടുവന്നെങ്കിലും കാര്യമായ മാറ്റമൊന്നും ഉണ്ടാക്കിയിട്ടില്ല. പുതിയ പഠനങ്ങൾ ആവശ്യമാണ്. ഇന്ത്യയിൽ എല്ലാവിധ അവകാശങ്ങൾക്കുമപ്പുറം ന്യൂനപക്ഷ-ആദിവാസി-ദളിത് വിഭാഗങ്ങളുടെ ഉന്നമനം വലിയൊരു ചോദ്യചിഹ്നമായി കിടക്കുകയാണ്. സംഘപരിവാറിന്റെ വളർച്ചയും ഭീഷണിയും ന്യൂനപക്ഷത്തിനെ സമൂഹത്തിന്റെ പ്രാന്തങ്ങളിലേക്ക് തള്ളിയിരിക്കുന്നു. മുസ്ലീം സമുദായത്തിലെ വളരെ ന്യൂനപക്ഷമായ ഒരു വിഭാഗത്തിന്റെ - മതമൗലികവാദികളുടെ -തീവ്രവാദികളുടെ-തീവ്രവാദ പ്രവർത്തനം ഉയർത്തിക്കാട്ടി ആ സമുഹത്തെയാകെ ഭീകരവാദികളാക്കി മുദ്രകുത്തി ആജീവനാന്തം വേട്ടയാടാനുള്ള ആസൂത്രിതമായ നീക്കങ്ങളാണ് നടക്കുന്നത്. മാലേഗവ്, മെക്കാമസ്ജിദ്, സംഝോത എക്സ്പ്രസ് സ്ഫോടനങ്ങൾക്ക് പിറകിൽ സംഘപരിവാർ സംഘടനകളായിരുന്നുവെന്ന് എൻ.ഐ.എ കണ്ടെത്തിയിട്ടുണ്ട്. എന്നിട്ടും രാജ്യത്ത് നടക്കുന്ന സ്ഫോടന പരമ്പരകളുടെ ഉത്തരവാദിത്വം ഏകപക്ഷീയമായി മുസ്ലീങ്ങളുടെമേൽ ചുമത്തുകയാണ്. പലപ്പോഴും സത്യം പുറത്തുവരുമ്പോഴേക്കും ഭീകരരായി മുദ്രകുത്തപ്പെട്ട് ജീവിതം പിടിച്ചുപറിക്കപ്പെട്ട ചെറുപ്പക്കാർ നിരവധിയാണ്. ഇതിനെതിരെ ദേശീയ തലത്തിൽ പ്രതിഷേധങ്ങൾ ഉയരുന്നുവെന്നത് ആശ്വാസകരമാണ്.


ശബ്നം ഹാഷ്മി

*കൂടുതൽ അക്രമാസക്തമായ സ്വഭാവം ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഹിന്ദുത്വശക്തികൾ കൈവരിച്ചിരിക്കുന്നു. കർണാടകയിലെ സംഭവങ്ങൾ രാജ്യം കണ്ടതാണ്. അറിഞ്ഞതാണ്. ഒറീസ്സയിൽ ക്രിസ്ത്യൻ ന്യൂനപക്ഷം വേട്ടയാടപ്പെട്ടതും നാം കണ്ടതാണ്. മധ്യപ്രദേശിൽ ന്യൂനപക്ഷങ്ങളും ആദിവാസികളും ദളിതരുമാണ് ഇരകൾ.*

ഗുജറാത്തിലെ വ്യാജ ഏറ്റുമുട്ടൽ മരണങ്ങൾക്ക് പിറകിലെ അണിയറകഥകൾ അന്വേഷണ ഏജൻസികളും പത്രങ്ങളും പുറത്തുകൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. ഇസ്രത്ത്ജഹാൻ എന്ന പെൺകുട്ടിയുടേയും കൂട്ടുകാരുടേയും കൊലപാതകത്തിൽ മോഡിക്കുള്ള പങ്ക് സംശയരഹിതമായി. ഇന്ത്യയുടെ മതനിരപേക്ഷ ബഹുസ്വരത നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വിദ്വേഷത്തിന്റെ രാഷ്ട്രീയത്തിൽനിന്നാണ്. വിദ്വേഷത്തിന്റേയും പ്രതികാരത്തിന്റേയും അക്രമവാഞ്ചകൾ ഗുജറാത്തിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും ന്യൂനപക്ഷങ്ങളെ വേട്ടയാടുന്നു. മോഡിയിസമെന്നത് വിദ്വേഷത്തിന്റെ രാഷ്ട്രീയമാണ്. അപര മതസമൂഹങ്ങളുടെ ഉന്മൂലന സിദ്ധാന്തമാണത്.

ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മാത്രം ഇത് ഒതുങ്ങിനിൽക്കുന്നു എന്ന് പറയാനാവില്ല. രാജ്യത്തിന്റെ ഭൂരിപക്ഷ പ്രദേശങ്ങളിലും ന്യൂനപക്ഷങ്ങൾക്കും ദളിതർക്കുമെതിരായ ആക്രമണങ്ങളും അവഗണനയും നിലനിൽക്കുന്നുണ്ട്. എന്നാൽ ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത് കൂടുതലാണ്. കൂടുതൽ അക്രമാസക്തമായ സ്വഭാവം ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഹിന്ദുത്വ ശക്തികൾ കൈവരിച്ചിരിക്കുന്നു. കർണാടകയിലെ സംഭവങ്ങൾ രാജ്യം കണ്ടതാണ്. അറിഞ്ഞതാണ്. ഒറീസ്സയിൽ ക്രിസ്ത്യൻ ന്യൂനപക്ഷം വേട്ടയാടപ്പെട്ടതും നാം കണ്ടതാണ്. മധ്യപ്രദേശിൽ ന്യൂനപക്ഷങ്ങളും ആദിവാസികളും ദളിതരുമാണ് ഇരകൾ. ഛത്തീസ്ഘട്ടിൽ ഗോത്രജനത വേട്ടയാടപ്പെടുകയാണ്. ഗുജറാത്തിലെന്നപോലെ ഒറീസ്സയിൽ 50,000 പേർക്ക് സ്വദേശം വിട്ടുപോകേണ്ടിവന്നു. അവരെയൊന്നും ഇന്നുവരെ പുനരധിവസിപ്പിച്ചിട്ടില്ല. ഒഡീഷയിൽ അന്വേഷണങ്ങൾ ഒന്നും ഒരിടത്തും എത്തിയിട്ടില്ല.

ഗുജറാത്തിൽ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട ഇടപെടലുകളുണ്ടായി. സാമൂഹ്യ പ്രവർത്തകരുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും ഇടപെടൽമൂലം ചില കേസുകളിലെ അന്വേഷണം ഫലം കണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ യു.പി.എ ഗവൺമെന്റിന്റെ നിലപാട് പൂർണ്ണ പരാജയവും നിരാശാജനകവുമാണ്, ഏറ്റവും ഭീതി ഉണർത്തുന്ന കാര്യം രാജ്യമെമ്പാടും സംഘപരിവാറിന്റെ വളർച്ചയാണ്. ഇവർ ഇലക്ഷൻ ജയിക്കില്ലെന്നിരിക്കാം. പക്ഷെ ജനങ്ങളുടെ മനസ്സിൽ വിദ്വേഷത്തിന്റെ വിത്തുകൾ പാകുന്നതിൽ വിജയിക്കുന്നുണ്ട്. സംഘപരിവാറിന്റെ ഈ വിദ്വേഷത്തിന്റേയും വിവേചനത്തിന്റേയും പ്രത്യയശാസ്ത്രം അപകടത്തിലാക്കുന്നത് ക്രിസ്ത്യാനികളെയും മുസ്ലീംങ്ങളെയും ദളിതരെയും മാത്രമല്ല, സ്ത്രീകളെയും കൂടിയാണ്. മോഡിയുടെ ഹിന്ദുരാഷ്ട്ര – ആർ.എസ്.സിന്റെ സാംസ്കാരിക ദേശീയത – ത്തിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം പരിമിതപ്പെട്ടതാണ്. ന്യൂനപക്ഷങ്ങളും സ്ത്രീകളും രണ്ടാംതരം പൗരൻമാരായിട്ടാണ് ഹിന്ദുരാഷ്ട്രത്തിന്റെ പ്രത്യയശാസ്ത്രം സ്വയം വിശദീകരിച്ചിട്ടുള്ളത്.

മോഡിയും സംഘപരിവാറും പ്രചരിപ്പിച്ചിരിക്കുന്നത് ഗുജറാത്ത് ഇന്ന് സമാധാനപരമാണെന്നാണ്, കലാപരഹിതമാണെന്നാണ്. സംഘപരിവാർ തന്ത്രം മാറ്റിയിരിക്കുന്നു. വലിയ ലഹള സംഘടിപ്പിക്കുന്നു. ഇത് തുടർച്ചയായി ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നു. ന്യൂനപക്ഷങ്ങൾക്ക് സ്വദേശങ്ങളിൽ പ്രവേശിക്കാനാവാത്ത സ്ഥിതിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സ്വന്തം ഗ്രാമത്തിൽ തിരിച്ചുപോയ പലർക്കും ഹിന്ദു സംഘടനകളുടെ സമ്മതപത്രം ഒപ്പുവെക്കേണ്ടിവരുന്നു. വംശഹത്യയുടെ കാലത്തെ കേസുകൾ പിൻവലിക്കണമെന്നും മാർക്കറ്റിലെ പ്രധാന സ്ഥലങ്ങളിൽ കച്ചവടം ചെയ്യില്ലെന്നും കരാരിൽ ഒപ്പുവെക്കേണ്ടിവന്നു. സ്വന്തം ഭാര്യയേയും മക്കളേയും സഹോദരിയെയും ഒക്കെ ബലാത്സംഗം ചെയ്തവരോട് സ്വന്തം സ്വത്തെല്ലാം കൊള്ളയടിച്ചവരോട് സന്ധിചെയ്യേണ്ടനിർഭാഗ്യകരമായ അവസ്ഥയാണ് ഇത്.

കോർപ്പറേറ്റ് മാധ്യമങ്ങൾ ഇതെല്ലാം മറച്ചുപിടിക്കുന്നു. 'ഗുജറാത്ത് ടുഡേ' ഉൾപ്പടെ എല്ലാ പ്രാദേശിക പത്രങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും റിലയൻസ് വാങ്ങിക്കൂട്ടിയിരിക്കുന്നു. സത്യം രാജ്യമറിയുന്നില്ല. രാജ്യം ഗുജറാത്തിലെ തുടരുന്ന ന്യൂനപക്ഷവേട്ടയുടെ വാർത്തകൾ അറിയുന്നില്ല. വംശഹത്യയുടെ ചോരക്കറ പുരണ്ട മോഡിക്ക് വികസന നായകനെന്ന പ്രതിച്ഛായ നിർമ്മിക്കുകയാണ് കോർപ്പറേറ്റുകളും ആഗോള പബ്ലിക് റിലേഷൻസ് കമ്പനികളും. ഇന്ത്യയിലെ ഏറ്റവും ദരിദ്രമായ സംസ്ഥാനമാണ് ഗുജറാത്ത്. കൂലി നിരക്ക് ശിശുമരണനിരക്ക്, തൊഴിലില്ലായ്മാ നിരക്ക് എല്ലാ ദേശീയ ശരാശരിയേക്കാൾ താഴെയാണ് മോഡിയുടെ ഗുജറാത്തിലെന്ന സത്യം വൻകിട മാധ്യമങ്ങൾ സമർത്ഥമായി മറച്ചുപിടിക്കുകയാണ്. മോഡി ഇന്ത്യയെ ഗുജറാത്താക്കാനാണിപ്പോൾ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. പ്രധാനമന്ത്രിപദം ലക്ഷ്യംവെച്ച് മോഡിയിസത്തിന്റ രഥം ഉരുളുകയാണ്.

*(കേളുഏട്ടൻ പഠനകേന്ദ്രം)*



# ഭാവികാലം മോഡിമാർക്കുള്ളതാകരുത്

(കഴിഞ്ഞ ലക്കം തുടർച്ച...)



ഗീതാനസീർ

*കരിഞ്ഞ മാംസത്തിന്റേയും അഴുകിയ മനുഷ്യശരീരങ്ങളുടേയും ദുർഗന്ധം വമിക്കുന്ന ഗോധ്ര, അഹമ്മദാബാദ് കലാപഭൂമികളിൽ സംഭവം നടന്ന് ദിവസങ്ങൾക്കകമാണ് അന്വേഷണ സംഘം എത്തിയത്.*

**സംഭവം** സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഉണ്ടായ ഏറ്റവും ഹീനമായ വംശീയഹത്യയായിരുന്നു. മതേതരത്വത്തിനേറ്റ ആഴമേറിയ മുറിവുകളിൽ നിന്നും ഇപ്പോഴും ചോരപൊടിയുന്നുണ്ട്. ആ ഭീകര പകലിനും രാത്രിക്കും വിധേയരായവരുടെ കുടുംബങ്ങളിൽ അവശേഷിച്ച മനുഷ്യജന്മങ്ങൾക്ക് ഒരു നീതിയും ലഭിച്ചില്ല എന്നു മാത്രമല്ല അവരെ ഇപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കുന്നു ഒരുവിഭാഗം മാധ്യമങ്ങളും ഭരണകൂടവും വംശീയഹത്യ ആസൂത്രണം ചെയ്ത നരാധമന്മാരും. അതുകൊണ്ടാണല്ലോ ഒരു മുസഫർ നഗർ കൂടി ഇവിടെ ആവർത്തിക്കപ്പെട്ടത്.

ഗുജറാത്ത് സംഭവം ഭരണകൂട ഭീകരതയായിരുന്നെന്ന് സംഭവത്തെക്കുറിച്ച് സ്വതന്ത്ര അന്വേഷണം നടത്തിയ സംഘത്തിലെ പ്രൊ. കമൽമിത്ര ചിനോയ് രേഖപ്പെടുത്തുകയുണ്ടായി. കരിഞ്ഞ മാംസത്തിന്റേയും അഴുകിയ മനുഷ്യശരീരങ്ങളുടേയും ദുർഗന്ധം വമിക്കുന്ന ഗോധ്ര, അഹമ്മദാബാദ് കലാപഭൂമികളിൽ സംഭവം നടന്ന് ദിവസങ്ങൾക്കകമാണ് അന്വേഷണ സംഘം എത്തിയത്. 58 പേർ വെന്തുമരിക്കാനിടയായ ഗോധ്ര സംഭവത്തിന്റെ സത്യങ്ങൾ കണ്ടുപിടിക്കുക, തുടർന്ന് അഹമ്മദാബാദിലും മറ്റു ചിലയിടങ്ങളിലും വർഗീയകലാപം ആളിക്കത്തിക്കാൻ ഈ സംഭവത്തെ ഉപയോഗിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അതെത്രമാത്രം, അതിൽ ഔദ്യോഗിക സഹായമുണ്ടോ എന്നീ കാര്യങ്ങൾ കണ്ടുപിടിക്കുക ഇതായിരുന്നു അവരുടെ ലക്ഷ്യം. ഏതാണ്ട് ഒരാഴ്ചക്കാലം കലാപബാധിത പ്രദേശത്ത് തങ്ങിയ ഈ അന്വേഷണ സംഘമാണ് ആദ്യമായി ഗുജറാത്ത് സംഭവത്തിൽ ഏറ്റവും കൃത്യമായതും പക്ഷപാതരഹിതവുമായ ഒരു റിപ്പോർട്ട് കൺസേൺഡ് സിറ്റിസൺസ് ട്രിബ്യൂണലിന് നൽകുന്നത്.

ഏതാണ്ട് 60 ഓളം ദേശീയ അന്തർദ്ദേശീയ ഏജൻസികൾ ഇതുസംബന്ധിച്ചു അന്വേഷണം നടത്തുകയുണ്ടായി. ഭരണകൂടത്തിന്റെ പങ്ക് വ്യക്തമാക്കുന്നതായിരുന്നു എല്ലാ റിപ്പോർട്ടുകളും. സംഭവ സമയത്തെ ഡി ജി പി ശ്രീകുമാർ അടക്കം പലരുടേയും മൊഴികൾ ആസൂത്രിത വംശഹത്യയുടെ ക്രൂരമുഖം അനാവരണം ചെയ്യുകയുണ്ടായി. എന്നാൽ അധികാരത്തിന്റെ മറവിൽ വികസന

ത്തിന്റെ പൊള്ളയായ കണക്കുകളുടെ കഥകൾ മെനഞ്ഞ് ആസൂത്രകനായി നിന്ന നരേന്ദ്രമോഡി മിസ്റ്റർ ക്ലീനാകാനാണ് ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഹിന്ദുദേശീയ വാദിയെന്ന് സ്വയം വിശേഷിപ്പിക്കുന്നൊരാൾ രാജ്യത്ത് സാമൂഹ്യനീതി എങ്ങിനെ നടപ്പിലാക്കുമെന്നാണ് പറയുന്നത്? എന്താണതിന്റെ യുക്തി? പ്രധാനമന്ത്രിപദമോഹിയായി വേഷം കെട്ടി ഇറങ്ങിയതിനുശേഷം മാത്രമാണല്ലോ ശൗചാലയമില്ല രാജ്യത്തെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞത്. തിരിച്ചറിഞ്ഞതായി നടിക്കുകയുമാകാം. അല്ലെങ്കിൽ പിന്നെ മുഖ്യമന്ത്രി പദത്തിൽ രണ്ടാമൂഴം ലഭിച്ചിട്ടും ഗുജറാത്തിൽ ശൗചാലയമില്ലാത്തവരുടെ പ്രശ്നങ്ങൾ കണ്ടെന്നുപോലും ഇത്രനാളായിട്ടും ഭാവിച്ചില്ലല്ലോ. 1989-91 കാലത്താരംഭിച്ച രാമജന്മഭൂമിയിൽ ക്ഷേത്രം പണിയാനുള്ള രഥയാത്രകളും പ്രതീകാത്മക ശിലായാത്രകളും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ബി ജെ പിയുടെ പ്രധാനമന്ത്രിസ്ഥാനാർഥി ഈ ഇരുപത്തിരണ്ട് വർഷങ്ങൾക്കിടയിൽ ഒരിക്കൽപ്പോലും ക്ഷേത്രമല്ല പണിയേണ്ടത് ശിലകൾകൊണ്ട് ശൗചാലയമാണെന്ന് എന്തേ പറഞ്ഞില്ല? രാഷ്ട്രീയ തട്ടിപ്പിന് ഏത് തരംതാണ നാടകവും നടത്തുമെന്നതിന് ഇതിൽപരം എന്ത് തെളിവുവേണം? സംസ്ഥാനത്ത് പെൺകുട്ടികളിൽ പോഷകക്കുറവ് പ്രശ്നമാണെന്ന പരാതി ഉയർന്നപ്പോൾ എത്ര നിരുത്തരവാദപരമായാണ് മോഡി പ്രതികരിച്ചത്. മെലിഞ്ഞ് സൗന്ദര്യമുള്ളവരാകാൻ അവർ ശ്രമിക്കുന്നതുകൊണ്ടാണിതെന്ന് അർഥംവരുന്ന തരത്തിൽ അവർ പൊതുവിൽ സൗന്ദര്യബോധമുള്ളവരാണെന്നാണ് മോഡി പറഞ്ഞത്.

ഗുജറാത്തിന്റെ തീരപ്രദേശം രാജ്യത്തെ ഏറ്റവും ദൈർഘ്യമുള്ളതാണ്. ഇവിടുത്തെ പിന്നോക്കാവസ്ഥയും ഉത്തരഗുജറാത്തിലും മധ്യപ്രദേശ് ഭാഗത്തോടു ചേർന്നുള്ള മധ്യഗുജറാത്തിലും പോഷകാഹാരക്കുറവുമൂലം ശിശുക്കളും

*1989-91 കാലത്താരംഭിച്ച രാമജന്മഭൂമിയിൽ ക്ഷേത്രം പണിയാനുള്ള രഥയാത്രകളും പ്രതീകാത്മക ശിലായാത്രകളും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്ന ബി ജെ പിയുടെ പ്രധാനമന്ത്രിസ്ഥാനാർ ഥി ഈ ഇരുപത്തിരണ്ട് വർഷങ്ങൾക്കിടയിൽ ഒരിക്കൽപ്പോലും ക്ഷേത്രമല്ല പണിയേണ്ടത് ശിലകൾകൊണ്ട് ശൗചാലയമാണെന്ന് എന്തേ പറഞ്ഞില്ല?*



പെൺകുട്ടികളും നേരിടുന്ന അനാരോഗ്യപ്രശ്നങ്ങളും മറച്ചുവെച്ചുകൊണ്ട് ഗുജറാത്ത് വികസനമെന്ന പേരിൽ മേനി നടിക്കുന്ന നരേന്ദ്രമോഡിക്ക് രാജ്യത്തെ രണ്ടു പ്രമുഖ സാമ്പത്തിക ഏജൻസികളിൽ നിന്നും വലിയപ്രഹരം ഏൽക്കുകയുണ്ടായി. റിസർവ് ബാങ്ക് ഗവർണറായി ചാർജെടുത്ത ഡോ. രഘുറാം ഗോവിന്ദരാജൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച അണ്ടർ ഡെവലപ്മെന്റ് ഇൻഡെക്സ് (യു ഡി ഐ) സംബന്ധമായ പഠനറിപ്പോർട്ടിൽ ഗുജറാത്തിന്റെ വികസന സൂചിക താരതമ്യേന മെച്ചമല്ലാത്ത പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരമൊരു റിപ്പോർട്ട് പുറത്തുവന്നതോടെ ഇതിൽ നിന്നും തടിയൂരാനുള്ള ശ്രമത്തിന്റെ ഭാഗമായി യു പി എയുടെ അഴിമതിയും മറ്റും വിളിച്ചുകൂവാൻ തുടങ്ങിയപ്പോഴാണ് അടുത്ത പ്രഹരം സി എ ജിയുടെ ഭാഗത്തുനിന്നും ഏൽക്കേണ്ടിവന്നത്. ഗുജറാത്തിലെ ശിശുക്കൾക്കിടയിലെ പോഷകക്കുറവും ഭാരക്കുറവും അപകടകരമാംവിധം വ്യാപകമാണെന്ന കണ്ടെത്തലായിരുന്നു അത്. ഇത് പുറത്ത് വിട്ടതാകട്ടെ സംസ്ഥാന വനിതാ-ശിശുവികസന മന്ത്രി വാസുബെൻ ത്രിവേദിയും. നിയമസഭയുടെ മേശപ്പുറത്തുവെച്ച പ്രസ്താവന സി എ ജി ഗൗരവമായി കണ്ട് പുറത്തുവിടുകയായിരുന്നു.

കപടവികസനവാദം ജനങ്ങളുടെ യഥാർഥ പ്രശ്നങ്ങളെ രാഷ്ട്രീയലാഭത്തിനും അധികാരമോഹത്തിനുംവേണ്ടി ഉപയോഗിക്കാനുള്ള തന്ത്രങ്ങൾ സർവ്വോപരി വർഗീയമുഖം മറച്ചുപിടിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഇവയൊക്കെ മോഡിയെന്ന ആട്ടിൻതോലിട്ട ചെന്നായയുടെ യഥാർഥമുഖം കാട്ടിത്തരുന്ന ഘടകങ്ങൾ തന്നെയാണ്. എന്നാൽ ഇവയെക്കാളൊക്കെ ഭയക്കേണ്ടത് രാജ്യത്തെ മതേതര അന്തരീക്ഷം തകർക്കപ്പെടാനുള്ള സാധ്യതകളെയാണ്. മോഡിയുടെ ഭൂതകാലവും വർത്തമാനകാലവും ഈ ഭയാശങ്കകൾ ശരിവെക്കുന്നതാണെന്നതുകൊണ്ട് തന്നെ ഭാവികാലത്തെ ഭരണാധികാരി ഒരിക്കലും മോഡിയാകാൻ പാടില്ല. ●

# മോഡിത്വരാഷ്ട്രീയം ഞങ്ങൾക്കു വേണ്ട



ലിജി ഷംനാദ്

**ശ്രീ** മോഡിക്ക്,

ഒരു പ്രവാസി മലയാളിയായ എനിക്ക് താങ്കളെപ്പോലുള്ള ഒരു രാഷ്ട്രീയക്കാരന് (അതോ ഹിന്ദുത്വവാദക്കാരനോ?) ഒരു കുറിപ്പെഴുതുന്നതിന്റെ അനിവാര്യത നാളിതുവരെ ഇത്രമേൽ ഉണ്ടായിരുന്നില്ല. തുടർച്ചയായി 10 കൊല്ലം അധികാരം ലഭിച്ചിട്ടും അഴിമതിയാരോപണങ്ങളിൽ മുങ്ങി നീരാടുന്ന യു.പി.എ ഗവൺമെന്റിന് കരകയറാൻ ബുദ്ധിമുട്ടാണെന്നു കരുതി തങ്ങൾക്ക് ഇനി ഒരവസരം കിട്ടാൻ സാദ്ധ്യതയുണ്ടെന്ന ബിജെപിയുടെ പ്രതീക്ഷയാണല്ലോ താങ്കൾക്ക് കളിക്കാൻ കളം ഒരുക്കിത്തന്നത്. ഈ നൂറ്റാണ്ടിന്റെ ജനനായകനായി, അഭിനവ സൂപ്പർമാനായി, ഇന്ത്യാമഹാരാജ്യത്തിലെ വ്യത്യസ്ത മതസ്തരായ കോടാനുകോടി ജനങ്ങളുടെ പ്രധാനമന്ത്രിയായി പ്രതിഷ്ഠനേടിത്തരാൻ  താങ്കളുടെ വർഗ്ഗീയ-ഫാസിസ്റ്റ് കക്ഷി നിർബന്ധിതരായി തീർന്നിരിക്കുകയാണല്ലോ! രസകരമായ അദ്വാനിയുടെ രാജി നാടകക്കളിക്കിടയിലും താങ്കൾ അജയ്യനാണെന്ന ധാരണ ഉണ്ടാക്കിയെടുക്കാൻ നടത്തിയ ശ്രമങ്ങൾ അവിസ്മരണീയം തന്നെ.

കുത്തക മാധ്യമങ്ങളിലെ കൂലി എഴുത്തുകാരും കോടികൾ മുടക്കി താങ്കൾ നടത്തുന്ന പ്രചാരവേലകളും പിന്നെ ആധുനിക കാലഘട്ടത്തിന്റെ സന്തതികളായ ഫേസ്ബുക്ക്, ട്വിറ്റർ, യുട്യൂബ് തുടങ്ങിയ സോഷ്യൽമീഡിയ എന്ന 19ാം അടവും എടുത്തുപയോഗിക്കുന്ന താങ്കൾ കഷ്ടകാലത്തിനെങ്ങാനും ആ പരമോന്നത പദവിയിലെത്തിയാലുണ്ടാകാവുന്ന ദുരന്തത്തെയോർത്താണ് ഈ കുറിപ്പ്.

ഇന്ദ്രപ്രസ്ഥത്തിലിരുന്ന് ഇന്ത്യാമഹാരാജ്യം ഭരിക്കാമെന്ന് ദിവാസ്വപ്നം കാണുന്ന താങ്കൾക്ക് ഒരു സുസമ്മതനായ ജനകീയ നേതാവാകാനുള്ള എന്ത് യോഗ്യതയാണുള്ളത്? നെഹ്റുവും ശാസ്ത്രിയും ഇരുന്ന കസേരയിൽ പിന്നീട് അയോഗ്യരായ പലരും ഇരുന്നിട്ടുണ്ടെങ്കിലും അവരാരും നരനായാട്ടുകാരായിരുന്നില്ല. വൻമരം വീഴുമ്പോൾ ചെറുമരങ്ങളും നശിച്ചു പോകുന്നത് സ്വാഭാവികമെന്നു പറഞ്ഞ പ്രധാനമന്ത്രിയും നിഷ്ഠൂരനായിരുന്നില്ല. കരിനിയമങ്ങളുടെ വക്താവായിരുന്നില്ല.

നാനാത്വത്തിൽ ഏകത്വം കണ്ടെത്തിയ ഇന്ത്യയുടെ ഹൃദയത്തിൽ താങ്കളേൽപ്പിച്ച ക്ഷതം ആർക്കാണ് മറക്കാൻ കഴിയുക? ആയിരക്കണക്കിന് നിരപരാധികളുടെ രക്തം വീണ കറമായാൻ ഏത് ഗംഗയിൽ കഴുകാൻ പറ്റും അങ്ങേക്ക്? ലോകത്തിലെ എല്ലാ അറേബ്യൻ സുഗന്ധദ്രവ്യങ്ങളുപയോഗിച്ചാലും ആ ദുർഗന്ധം മായുമോ? ഇല്ല! 2002 മറക്കാൻ ഇന്ത്യൻ ജനതക്ക് കഴിയില്ല.

ഏതായാലും ഒരു കാര്യത്തിൽ താങ്കളെ സമ്മതിക്കാതെ വയ്യ. വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നതിൽ പ്രത്യേകിച്ച് താങ്കളുടെ തുമ്മൽ വരെ മതേതരമാക്കാൻ റെഡിയായി നിൽക്കുന്ന മീഡിയ മാനേജർമാരുള്ളപ്പോൾ. (എന്റെ കൊച്ചു കേരളത്തിൽ കുറച്ചു നാൾ മുമ്പ് വാർത്തകളിൽ നിറഞ്ഞു നിന്നത് രണ്ടു സ്ത്രീകളായിരുന്നു. അവരുടുക്കാറുണ്ടായിരുന്ന സാരികളുടെ വില വരെ ഞങ്ങൾ മലയാളികൾക്കറിയാം. ഇപ്പോൾ ഞങ്ങൾ പി.സി നേതാവിനൊപ്പമാണ്.)

ബി.ജെ.പിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ താങ്കളുടെ പ്രസ്താവനകളില്ലാതെ ഒരു പത്രവും പുറത്തിറങ്ങുന്നില്ല. ഗുജറാത്ത് മോഡൽ വികസനമെന്ന പേര് ഞങ്ങൾക്ക് സുപരിചിതമാണ്. എന്നും വർഗ്ഗീയ ഫാസിസത്തിനും താങ്കൾക്കും നേരെ മുഖം തിരിച്ചു പിടിച്ചിരുന്ന ഞങ്ങളുടെ സംസ്ഥാനത്ത് വരെ ചില മതസംഘടനകളുടേയും ആൾദൈവങ്ങളുടേയും പരിപാടികളുടെ മുഖ്യാതിഥിയായി എത്തിപ്പെടുവാൻ താങ്കൾക്കു കഴിഞ്ഞു. (അതിസമർത്ഥരായ മീഡിയ മാനേജർമാരെ അഭിനന്ദിക്കാതെവയ്യ).

ഗുജറാത്ത് എന്ന് കേൾക്കുമ്പോൾ മനസ്സിൽ ആദ്യം തെളിയുന്ന ചിത്രം ഒറ്റ മുണ്ടുടുത്ത ഒരു മഹാത്മാവിന്റേതായിരുന്നു. താങ്കളടക്കമുള്ളവർ ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം നേടിത്തന്ന അഹിംസയുടെ പിതാവായ ഗാന്ധിജിയുടെ ചിത്രം. ആ സ്ഥാനത്തിപ്പോൾ ഖേദകരമെന്നു പറയട്ടെ, ഒരിറ്റു ദയക്കായി ജീവനുവേണ്ടി കേഴുന്ന മുഹമ്മദ് ഷിഹാബുദ്ദീന്റെ മുഖമാണ്, കത്തിക്കരിഞ്ഞ, വെട്ടിമുറിക്കപ്പെട്ട മൃതദേഹങ്ങളുടെ തകർന്ന വീടുകളുടെ. പിന്നെ അതിനുമുകളിൽ  നിന്ന് ചിരിക്കുന്ന താങ്കളുടെ....

എന്തൊരു വിരോധാഭാസം? രാമന്റെ സ്ഥാനത്ത് രാവണന്റെ... ഒരു ന്യൂജനറേഷൻ സിനിമപോലെ...

കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി നിയമത്തിന്റെ മുന്നിൽ താങ്കളെ കൊണ്ടുവരുവാനുള്ള ശ്രമങ്ങളെ തടയാനായി ആളും അർത്ഥവും കായികബലവുമുപയോഗിച്ച് താങ്കൾ നടത്തുന്ന പോരാട്ടങ്ങളെ കുറച്ചെങ്കിലും തളർത്താൻ അടുത്ത കാലത്തുണ്ടായ ചില കോടതി വിധികൾക്ക് കഴിഞ്ഞിട്ടുണ്ട്.

താങ്കളിപ്പോൾ ഇന്ത്യൻ ജനതയെ സമീപിക്കുന്നത് ഗുജറാത്ത് മോഡൽ വികസനം നടപ്പാക്കി ഇന്ത്യയിൽ പാലും തേനും ഒഴുക്കുമെന്ന് പറഞ്ഞാണല്ലോ? ശ്രീ മോഡീ, എന്താണ് താങ്കളുദ്ദേശിക്കുന്ന വികസനം? വികസനത്തെ എങ്ങനെയാണ് അളക്കേണ്ടത്?

ഒരു നാട്ടിൽ വികസനമുണ്ടാകുന്നത് അവിടുത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയരുമ്പോഴാണ്. പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയവ എല്ലാ പൗരനും ലഭ്യമാകുമ്പോഴാണ്. ഇതൊക്കെ അങ്ങയുടെ നാട്ടിലെ എല്ലാ ജനങ്ങൾക്കും ലഭ്യമാകുന്നുണ്ടോ?

താങ്കളുടെ വികസനപദ്ധതികളിൽ ഏറെ കൊട്ടിഘോഷിക്കപ്പെട്ടതാണല്ലോ 'vibrant Gujarat' ലൂടെ കൊണ്ടുവന്നെന്നവകാശപ്പെടുന്ന ബില്യൺഡോളർ (ഒരു ബില്യണിൽ എത്ര പൂജ്യമുണ്ടെന്ന് എത്രപേർക്കറിയാം!) പദ്ധതികൾ. ഇതുപോലെ (എന്റെ കൊച്ചു കേരളത്തിലെ സർക്കാരും ഒരു ആർഭാടമാമാങ്കം.. 'Emerging Kerala' നടത്തി കോടികൾ പൊലിച്ചിട്ടുണ്ട്. കോടികളുടെ പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. പക്ഷേ ഞങ്ങൾ കേരളക്കാർ അത്യാവശ്യം സാക്ഷരതയുള്ളവരായത് കൊണ്ട് അതിലെ സത്യവും ഉമ്മാക്കിയും മനസ്സിലാക്കി.) ഗുജറാത്തിലെ ഈ മാമാങ്കങ്ങളിൽ 2011ലെ കണക്കു പ്രകാരം 450 ബില്യൺ ഡോളറിന്റെ Memorandom of understanding [MoU] ഒപ്പിട്ടു ലഭിച്ചിട്ടുണ്ടെന്നവകാശപ്പെടുന്നു. ഇതുപോട്ടെ, ഇതുവരെ ലഭിച്ചിട്ടുള്ള MoUകളിൽ എത്രശതമാനം നടപ്പാക്കിയിട്ടുണ്ട്? ആകെ കണക്ക് പ്രകാരം ഇന്ത്യയിലെ വിദേശനിക്ഷേപം 30 ബില്യൺ ഡോളർമാത്രം,ഗുജറാത്ത് ഇനി ഇന്ത്യയിലല്ലെന്നുണ്ടോ? ആർ.ബി.ഐയുടെ കണക്ക് പ്രകാരം വെറും 3 ശതമാനത്തിൽ താഴെയാണ് ഗുജറാത്തിന്റെ ഷെയറായിട്ടുള്ളത്!! Mouവിൽ വേണമെങ്കിൽ ഒരു പ്രവാസഭാരതീയനെന്ന നിലക്ക് എനിക്കും ഒരു 100 മില്യൺ നിക്ഷേപത്തിന് സമ്മതപത്രം തരാം. പക്ഷേ യഥാർത്ഥത്തിൽ ഈ നിക്ഷേപം പ്രാവർത്തികമാകുമോയെന്ന് എനിക്ക് പോലും പറയാൻ പറ്റില്ല. 2003ൽ 73% പദ്ധതികളും നടപ്പാക്കാൻ സാധിച്ചെങ്കിൽ 2011 ആയപ്പോഴേക്കും വെറും 13%മായി അങ്ങയുടെ പുരോഗതി!! എന്നാലും സാധാരണക്കാരിയായ എനിക്കൊരു സംശയമുണ്ടായിരുന്നു. പേപ്പറിലെങ്കിലും ഇത്ര കോടികൾ കാണിക്കാൻ താങ്കൾക്കെങ്ങനെ കഴിഞ്ഞു! അമേരിക്കയുടെ APCO World Wide എന്ന ലോബിയുടെ മാന്ത്രികത... സാധാരണക്കാരന്റെ നികുതിപ്പണം കൊണ്ട് രാഷ്ട്രീയക്കാരന്റെ ഇമേജ് വളർത്തുന്ന ആധുനിക ബ്യൂട്ടീഷൻമാരുടെ മിടുക്ക്...

അതുപോട്ടെ, ഈ കോടികളുടെ നിക്ഷേപമൊന്നും സാധാരണക്കാർക്ക് മനസ്സിലാവില്ല. ശിശുമരണനിരക്ക് ഒരു നാടിന്റെ, ഗവൺമെന്റിന്റെ പുരോഗതിയുടെ അളവുകോലാണെന്ന് അങ്ങേക്കറിയാമല്ലോ. ആയിരം ജനനങ്ങൾ നാല്പത്തിനാല് മരണങ്ങൾ (എന്റെ കേരളത്തിലിത് 6.7 മാത്രം) UNICEF ന്റെ കണക്കുപ്രകാരം രണ്ടിലൊരു കുട്ടിക്ക് പോഷകാഹാരക്കുറവുണ്ട്. അട്ടപ്പാടിയെന്ന് കേട്ടിട്ടുണ്ടോ? അവിടുത്തെ ആദിവാസി കുഞ്ഞുങ്ങളുടെ പോഷകാഹാരക്കുറവിന്റെ പേരിൽ കേരളാഗവൺമെന്റിനെ ഞങ്ങളിപ്പോൾ പൊരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ അങ്ങയെ എന്തുചെയ്യണം? പെൺശിശുനിരക്ക് 1000ത്തിന് വെറും 890 മാത്രം. എന്തൊരു പുരോഗതി! (എന്റെ കേരളത്തിന് ഒന്നാം സ്ഥാനം. 1084).

വിദ്യാഭ്യാസത്തിന്റേയും സാക്ഷരതയുടേയും കാര്യം നോക്കാം. നൂറുശതമാനം സാക്ഷരത (ഫലത്തിൽ 97%)യുള്ള നാടാണ് എന്റേത്. അങ്ങയുടെ നാട്ടിലോ? സ്കൂളിൽ നിന്ന് പൊഴിഞ്ഞുപോകുന്ന കുഞ്ഞുങ്ങളുടെ എണ്ണം 62%. അഞ്ചാം ക്ലാസ്സിൽ താഴെയുള്ള കുട്ടികളിൽ 7 ശതമാനം മാത്രം ഇംഗ്ലീഷ് വായിക്കാനറിയാവുന്നവർ. ശിശുവിവാഹത്തിൽ 4ാംസ്ഥാനം. മുസ്ലിം പെൺകുട്ടികളുടെ വിവാഹപ്രായം 16 ആക്കിയതിന്റെ പുലിവാൽ ഇപ്പോഴും കേരള ഗവൺമെന്റിനെ വിട്ടൊഴിഞ്ഞിട്ടില്ല.

ദാരിദ്ര്യരേഖക്കു താഴെ ജീവിക്കുന്നവരുടെ ശതമാനക്കണക്കിൽ ഏതായാലും അങ്ങേക്ക് അഭിമാനിക്കാം. വളരെ ഉയർന്നനിരക്കാണ്. പ്ലാനിംഗ് കമ്മീഷൻ റിപ്പോർട്ടനുസരിച്ച് 31% പേർ ബി.പി.എൽകാരാണ്. ഈ രേഖ വരച്ചിരിക്കുന്നത് ഗ്രാമങ്ങളിൽ മാസം 501 രൂപയും നഗരങ്ങളിൽ 659 രൂപക്ക് താഴെ വരുമാനമുള്ളവർക്കും താഴെയാണ്! എന്റെ നാട്ടിൽ ഒരു ദിവസം പറമ്പു കിളച്ചാൽ കുറഞ്ഞത് 400 രൂപ കൊടുക്കണം. സംശയമുണ്ടെങ്കിൽ ഞങ്ങളുടെ നാട്ടിൽ വരുന്ന ബീഹാറികളോടും ബംഗാളികളോടും ചോദിക്കാം.

ഞാനിനി ഓരോ മേഖലയിലെ കണക്കെടുത്ത് അങ്ങയെ ഉത്തരം മുട്ടിക്കുന്നില്ല. 2002ന്റെ

കഥകളും പറയുന്നില്ല. കാരണം അത് കേൾക്കാനുള്ള ചെവികൾ പണ്ടേ കൊട്ടിയടച്ചിരിക്കുകയാണല്ലോ. എങ്കിലും ചോദിക്കട്ടെ. സഹസ്രാബ്ദങ്ങളുടെ സാംസ്കാരിക പാരമ്പര്യമുള്ളതാണല്ലോ അങ്ങും ഞാനും ജനിച്ചുവീണ ഈ ഭാരതം. എത്രയോ മതങ്ങളുടെ ഈറ്റില്ലം. എല്ലാ മതങ്ങളേയും ഉൾക്കൊള്ളാനുള്ള വിശാലമനസ്സുള്ള സംസ്ക്കാരസമ്പന്നരായ ജനങ്ങൾ. ഞാൻ ജനിച്ചത് മുസ്ലിമായിട്ടാണ്. പക്ഷേ എനിക്കുറപ്പ് പറയാൻ പറ്റും. ഏതൊരു ശരാശരി ഹിന്ദുവിനേക്കാളും രാമായണവും ഭാരതവും ഗീതയും എനിക്കറിയാമെന്ന്. എന്റെ കേരളത്തിൽ ഓണത്തിന് പൂക്കളമിടാനും വിഷുവിന് പായസം വെക്കാനും ക്രിസ്തുമസിന് നക്ഷത്രം തൂക്കാനും പഠിപ്പിച്ചത് എന്റെ മാതാപിതാക്കളാണ്. അയൽക്കാരാണ്, നാട്ടുകാരാണ്, പിന്നെ കമ്മ്യൂണിസവും കോൺഗ്രസ്സും തഴച്ചു വളർത്തുന്ന പാരമ്പര്യമാണ്. അന്യമതങ്ങളെ ബഹുമാനിക്കണമെന്ന് മാത്രമേ എല്ലാ മതഗ്രന്ഥങ്ങളിലും പറയുന്നുള്ളൂ. 'ലക്കും ദീനുക്കും വലിയദീൻ' എന്നു പഠിപ്പിക്കുന്നതാണ് ഇസ്ലാമികപാരമ്പര്യം. ഏതെങ്കിലും സാധാരണക്കാരനോട് അങ്ങ് ചോദിച്ചിട്ടുണ്ടോ നിനക്ക് ഹിന്ദുത്വരാഷ്ട്രമാണോ ആവശ്യമെന്ന്? അഖണ്ഡ ദേശീയതയാണ് ഞങ്ങൾക്കാവശ്യം. ഒരാളും തന്റെ മതത്തിലുള്ളവർ മാത്രം നന്നായാൽ മതി എന്ന് കരുതില്ല. അതൊക്കെ കുറേ സമുദായനേതാക്കന്മാർക്ക് നിലനിൽപ്പിനായുള്ള കാർഡുകളായേ ഞങ്ങൾ കരുതുന്നുള്ളൂ.

ഞാൻ കഴിഞ്ഞ 23 വർഷമായി താമസിക്കുന്നത് ഒരിസ്ലാമികരാഷ്ട്രത്തിലാണ്. ഈ പുണ്യരാജ്യം മതേതരരാഷ്ട്രമായേ ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുള്ളൂ. മറ്റു മതക്കാർക്ക് ആരാധനാലയങ്ങൾ പണിയാൻ ഗവൺമെന്റിന്റെ ഭൂമി വിട്ടുകൊടുത്ത ഭരണാധിപന്മാരാണിവിടെ. ജോലി നേടുന്നതിനോ വരുമാനത്തിലോ ഒന്നിലും ആർക്കും പരിഗണന പ്രത്യേകമായി നൽകിയതായി ഇതുവരെ കേട്ടിട്ടില്ല. വികസനമെന്നാൽ റോഡുകളും പദ്ധതികളും മാത്രമല്ല. പൗരന്റെ അടിസ്ഥാനസൗകര്യങ്ങൾ മുന്തിയ നിലയിലാക്കുകയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സ്ത്രീവിദ്യാഭ്യാസത്തിന് കൊടുക്കുന്ന പ്രാധാന്യം തിരിച്ചറിയണമെങ്കിൽ ഒന്നു യു.എ.ഇ വിസക്ക് അപേക്ഷിച്ചുനോക്കൂ.

പിന്നെ മറ്റൊരു അവകാശവാദം അഴിമതിരഹിത ഭരണമെന്നാണല്ലോ. കുഞ്ഞുങ്ങൾ പോലും ചിരിക്കും ഇത് കേട്ടാൽ. സാധിക്കുമോ താങ്കൾക്ക് കൈക്കൂലിരഹിത അഴിമതിരഹിത കമ്മീഷൻ രഹിത ഭരണം നടത്താൻ? പിന്നെ മറ്റൊരു വഴിയുണ്ട്. താങ്കളുടെ ഗവൺമെന്റിന്റെ അഴിമതി പുറത്ത് പറയുന്നവരെ നീക്കം ചെയ്യുക. കിട്ടാവുന്നിടത്തൊക്കെ വെച്ചു കാച്ചുക 'ഞങ്ങൾ അഴിമതിരഹിതഭരണമാണ് കാഴ്ചവെക്കുന്നതെന്ന്'.

ഈ വഴിയാണല്ലോ താങ്കളുടെ പബ്ലിക് റിലേഷൻ വകുപ്പും ചെയ്യുന്നത്. അണ്ണാഹസാരെ പറയുന്നത് ലോക്പാൽ കൊണ്ടുവരാൻ ഏറെ തടസ്സങ്ങൾ സൃഷ്ടിക്കാൻ മുൻപിൽ താങ്കളുണ്ടെന്നാണ്.

2003ന് ശേഷം ലോകായുക്ത നിലവിൽ വന്നത് സുപ്രീംകോടതിയുടെ ഇടപെടൽ മൂലം 2013ലാണ്. അതിലേക്ക് നിർദ്ദേശിക്കപ്പെട്ട ജഡ്ജിയെ വേണ്ടെന്ന് വെക്കാൻ താങ്കൾ പറഞ്ഞ കാരണങ്ങളിൽ ഒന്ന് അദ്ദേഹത്തിന് 75 വയസ്സായി എന്നായിരുന്നു. നമ്മുടെ പ്രധാനമന്ത്രിയുടേയും രാഷ്ട്രപതിയുടേയും പ്രായം അറിയാമോ? 80 ഉം 78ഉം. വേണ്ട താങ്കളുടെ പാർട്ടിക്കാരനായ പ്രധാനമന്ത്രി സ്ഥാനമൊഴിയുമ്പോൾ 78 വയസ്സായിരുന്നു. എന്തിന് 90 ആയ ഞങ്ങളുടെ പ്രതിപക്ഷ നേതാവിന്റെ പകുതി ചുറുചുറുക്കെങ്കിലും താങ്കൾക്കുണ്ടോ? യഥാർത്ഥകാരണം ഇതല്ലെന്ന് അങ്ങേക്കറിയാം. അഴിമതി വിമുക്തനായ ഒരാൾ വന്നാൽ താങ്കൾക്ക് നിലനിൽപ്പുണ്ടാവില്ല. അതുതന്നെ. പിന്നെ ആർക്കാണ് താങ്കളെ ആവശ്യം? പണക്കാരെ വീണ്ടും പണക്കാരാക്കുകയും പാവപ്പെട്ടവരെ കൊടിയ പാവപ്പെട്ടവരാക്കുകയും ചെയ്ത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള ധ്രുവീകരണത്തിന്റെ ആഴം കൂട്ടുകയല്ലാതെ എന്താണ് താങ്കൾ ചെയ്തിട്ടുള്ളത്. അംബാനിമാരും ഗോദ്റെജ്മാരും ടാറ്റാമാരും താങ്കൾ വരുന്നതിൽ സന്തോഷിക്കും. കാരണം ഗവൺമെന്റിന്റെ ഭൂമി ചുളുവിലക്ക് നൽകുകയും ഇളവുകളുടെ കൂമ്പാരം അനുവദിക്കുകയും ചെയ്യുകവഴി അവരുടെ ബില്യണുകൾക്ക് ഒരു പൂജ്യമെങ്കിലും നേടാൻ താങ്കൾചെയ്ത സഹായം അവർ മറക്കുമോ? ഉപരിവർഗ്ഗ ഗുജറാത്തികളുടെ സഹായം മൂലം താങ്കൾ അധികാരത്തിൽ തുടരുന്നു. അത് തുടർന്നും ലഭിക്കും.

പക്ഷേ, ഇന്ത്യയെന്നാൽ ഉപരിവർഗ്ഗക്കാർ മാത്രമല്ല. ടിറ്ററും ഫേസ്ബുക്കും കേട്ടിട്ടുപോലുമില്ലാത്ത താങ്കളുടെ മീഡിയ മാഫിയകൾക്കെത്താൻ കഴിയാത്ത കോടികളുടേതാണ്. രാമന് ക്ഷേത്രം പണിയുന്നതിനേക്കാൾ തലചായ്ക്കാനൊരു കൂര സ്വപ്നം കാണുന്നവരുടേതാണ്. ഗോധ്ര സംഭവത്തിനുശേഷം ഹിന്ദുക്കൾക്ക് വികാരം പ്രകടിപ്പിക്കാൻ അവസരം നൽകണമെന്ന താങ്കളുടെ നിർദ്ദേശം പിന്നീട് വെളിപ്പെടുകയുണ്ടായല്ലോ. അതുപോലെ ഇപ്പോൾ അഖണ്ഡമതേതര ജനാധിപത്യഭാരതത്തിലെ ജനങ്ങൾക്ക് തങ്ങളുടെ വികാരം പ്രകടിപ്പിക്കാൻ ഒരവസരം ലഭിക്കുകയാണ്. ഗുജറാത്തിലെ ജനങ്ങൾക്ക് പറ്റിയ തെറ്റ് ശരാശരി ഇന്ത്യക്കാരൻ ആവർത്തിക്കില്ല എന്ന വിശ്വാസത്തോടെ.

(വിശ്വാസം അതല്ലേ എല്ലാം...)

നിർത്തട്ടെ

ഒരു ശരാശരി ഇന്ത്യൻ സ്ത്രീ





# പരിഹാസ്യമാകുന്ന സ്ത്രീ സംരക്ഷണവാദങ്ങൾ

ഡോ. ഖദീജ മുംതാസ്

**സ്ത്രീ** സംരക്ഷിക്കപ്പെടേണ്ടവളാണോ? അതോ സ്വയം ആത്മസുരക്ഷ നേടിയെടുക്കേണ്ടവളോ? അവളെ കിളുന്തു പ്രായത്തിൽ വിവാഹം ചെയ്തു 'സംരക്ഷിക്കാൻ' വ്യഗ്രതപ്പെടുന്നവർ ആരൊക്കെയാണ്? കൗമാരത്തിൽ പിതാവിനാലും യൗവ്വനത്തിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ പുത്രനാലും സംരക്ഷിക്കപ്പെടേണ്ട വ്യക്തിത്വമില്ലാത്ത പിണ്ഡം മാത്രമാണോ സ്ത്രീ? പുതിയ കാലത്തിലെങ്കിലും അല്ല, ആകാൻ പാടില്ല. ഒരുവൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായി വളർത്തപ്പെടുകയാണെന്ന് പറഞ്ഞുവെച്ചത് പാശ്ചാത്യ ഫെമിനിസ്റ്റ് എഴുത്തുകാരി സെമോൺ ദെബൊവെ. സ്ത്രീകൾക്കിടയിൽ അകാലമരണമടഞ്ഞുപോകുന്ന പ്രതിഭാശാലിനികളെപ്പറ്റിയും അവർ ആകുലപ്പെട്ടിട്ടുണ്ട്. അപ്പോൾ നൂറ്റാണ്ടുകളായി പാശ്ചാത്യമെന്നോ പൗരസ്ത്യമെന്നോ ഭേദമില്ലാതെ എങ്ങും നടമാടുന്നതുതന്നെയാണ് പുരുഷാധിപത്യപരമായ ഒരു സാമൂഹ്യ വ്യവസ്ഥിതി. അതിന്റെ ദൃശ്യവും അദൃശ്യവുമായ സ്വാധീനങ്ങൾ എളുപ്പം പൊഴിഞ്ഞുപോകുമെന്നും പ്രതീക്ഷിക്കേണ്ടതില്ല. ഉപഭോഗാർത്തിയിൽ സ്വന്തം മകളെ തിരിച്ചറിയാത്ത അച്ഛനും, തന്നേക്കാൾ ഉയർന്ന ബൗദ്ധിക നിലവാരവും യോഗ്യതയുമുള്ള ഭാര്യപോലും തന്റെ ചൊൽപ്പടിക്കു നിൽക്കണമെന്നു ശഠിക്കുന്ന ഭർത്താവും വൃദ്ധമാതാക്കളെ തിരിഞ്ഞുനോക്കാത്ത മക്കളുമുള്ള കാലത്ത് സ്ത്രീ പുരുഷനിൽ നിന്നു സംരക്ഷണം പ്രതീക്ഷിക്കുന്നതും മൗഢ്യം. ഇൻഷൂറൻസ് പോളിസി വരെ ശരിയാക്കിവെച്ച് ഭാര്യയെയും പിഞ്ചുകുഞ്ഞുങ്ങളെയും കൊക്കയിൽ തള്ളിയിട്ടു കൊല്ലുന്ന ഭർത്താക്കന്മാർ വിരാജിക്കുന്ന കാലമാണിത്. പുരുഷാധിപത്യ വ്യവസ്ഥിതിയുടെ തോടിൽ നിന്നും പുറത്തുകടക്കാനിഷ്ടപ്പെടാത്ത, എന്നാൽ കമ്പോളാർത്തിയുടെ എല്ലാ പ്രതിലോമപരതകളും സ്വായത്തമാക്കിയ ആധുനിക യുവാവും സ്വയം തിരിച്ചറിഞ്ഞ യുവതിയും തമ്മിലുള്ള ദ്വന്ദ്വം ഇന്ന് ആധുനികകാല പെൺകുട്ടിയെ വിവാഹത്തെത്തന്നെ ഭയപ്പെടുന്നവളും അതിൽനിന്ന് അകന്നു നിൽക്കാൻ ആഗ്രഹിക്കുന്നവളും ആക്കിയെങ്കിൽ അതിൽ

**അജ്ഞതകൊണ്ടും ചൂഷണവ്യവസ്ഥകൾക്കിരകളായിക്കൊണ്ടും നരകിക്കുന്ന ഒരു വലിയവിഭാഗം. അവർ എല്ലാ സമുദായങ്ങളിലുമുണ്ട്, ആദിവാസി സമൂഹങ്ങളിലുൾപ്പെടെ. പ്രായമെത്തും മുമ്പ് വിവാഹത്തിന്റേയും മാതൃത്വത്തിന്റേയും നുകം കഴുത്തിൽ വീണ് കഷ്ടപ്പെടുന്നവർ.**



അസ്വാഭാവികതയൊന്നുമില്ല.

ഇത് ആധുനിക പരിഷ്കൃത പെൺകുട്ടിയുടെ കഥ. ഐസ്ബർഗിന്റെ മുകൾഭാഗം മാത്രം. സാമൂഹ്യാകാരത്തിന്റെ ഇരുളിൽ അറിയപ്പെടാതെ മറഞ്ഞുകിടക്കുന്ന വലിയൊരു വിഭാഗം പെൺസമൂഹമുണ്ട്. അജ്ഞതകൊണ്ടും ചൂഷണവ്യവസ്ഥകൾക്കിരകളായിക്കൊണ്ടും നരകിക്കുന്ന ഒരു വലിയവിഭാഗം. അവർ എല്ലാ സമുദായങ്ങളിലുമുണ്ട്, ആദിവാസി സമൂഹങ്ങളിലുൾപ്പെടെ. പ്രായമെത്തുംമുമ്പ് വിവാഹത്തിന്റേയും മാതൃത്വത്തിന്റേയും നുകം കഴുത്തിൽ വീണ് കഷ്ടപ്പെടുന്നവർ. ദാരിദ്ര്യംകൊണ്ടും ഗാർഹികപീഡനങ്ങൾകൊണ്ടും അന്യായമായ വിവാഹമോചനങ്ങൾകൊണ്ടും ബഹുഭാര്യത്വം സമ്മാനിക്കുന്ന കെടുതികൾകൊണ്ടും വലയുന്നവർ. മുസ്‌ലിം പ്രാതിനിധ്യമേറെയുള്ള മലപ്പുറം ജില്ലയിൽ ദരിദ്രകുടുംബങ്ങളിലെ പെൺകുട്ടികൾ കാലിച്ചന്തയിലെ ഉരുക്കൾ കണക്കെ വിലപേശി വിൽക്കപ്പെടുന്നതിന്റെ ദയനീയ ചിത്രം അവർക്കിടയിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകരുടെ വാക്കുകളിലൂടെ അറിയുമ്പോൾ കേരളത്തിലെ മറ്റു ജില്ലകളിലെ ആളുകൾക്കത് അവിശ്വസനീയമായി തോന്നാം. 'കല്യാണ ബസ്സു'കളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന യുവാക്കൾക്കും, തെക്കൻ ജില്ലകളിൽനിന്നും മറ്റുമുള്ള കല്യാണ വീരന്മാർക്കും ഒന്നോ ഒന്നരയോ ലക്ഷം രൂപയും പത്തും പതിനഞ്ചും പവൻ സ്വർണ്ണവും കൂടെ മനസ്സിന് പിടിച്ചൊരു പെൺശരീരവും സ്വന്തമാക്കാൻ ചിലവാക്കേണ്ടത് ആ ജില്ലകളിൽ തടിച്ചുകൊഴുക്കുന്ന മാര്യേജ് ബ്യൂറോകൾക്കുള്ള ഏജന്റുപണം മാത്രം. ആ പെൺശരീരങ്ങളെ പിന്നെ ലൈംഗികമായി ഉപയോഗിക്കാം, അടിമപ്പണി ചെയ്യിക്കാം, മടുക്കുമ്പോൾ ഉപേക്ഷിക്കാം, അല്ലെങ്കിൽ അന്യനാട്ടിലെ ലൈംഗികച്ചന്തയിൽ വില്പനച്ചരക്കുപോലും ആക്കാം. എട്ടാം ക്ലാസിലോ ഒൻപതാം ക്ലാസിലോ പഠിക്കുന്ന കിളുന്തു പെൺകുട്ടികളെയൊക്കെ ഇത്തരത്തിൽ രക്ഷിതാക്കൾ കൊടുത്തൊഴിവാക്കുന്നതിന്റെ കാരണം, അല്പം മുതിർന്നാൽ അവളെ ആരും കെട്ടാനുണ്ടാവില്ലെന്ന പൊതുസമൂഹബോധവും സ്ത്രീധനസമ്പ്രദായത്തിന്റെ എടുത്താൽ പൊങ്ങാത്ത ഭാരവും തന്നെ. ഇത്തരം സാമുദായിക ജീർണ്ണാവസ്ഥകളെ മാറ്റിയെടുക്കാൻ ശ്രമിക്കാതെ അവരുടെ ജീവിതങ്ങളെ കൂടുതൽ പരിതാപകരമാക്കാൻ കൂട്ടുനിൽക്കാവുന്ന വിവാഹപ്രായം താഴ്ത്തലിനെപ്പറ്റിയാണ് നേതാക്കൾ സംസാരിച്ചുകൊണ്ടിരിക്കുന്നത് എന്നത് എത്ര ദയനീയമാണ്! സമുദായാടിസ്ഥാനത്തിൽ 'നല്ല നിലയിൽ' നടന്നുവരുന്ന അനാഥാലയങ്ങളിലെ അന്തേവാസിനികളിൽ വലിയൊരു ശതമാനം പെൺകുട്ടികൾ മാതാപിതാക്കളുടെ ശിഥില ദാമ്പത്യങ്ങളിലെ സന്തതികളാണ് എന്നതും വാസ്തവം. അനാഥാലയാധികൃതർ അവരിൽ ചിലർക്ക് ഏർപ്പാടാക്കിക്കൊടുക്കുന്ന വിവാഹങ്ങളിലെ നന്മതിന്മകളെപ്പറ്റിയും നാമിവിടെ കേട്ടറിഞ്ഞു. ഇത്തരം അനാഥാലയങ്ങൾ നിലനിൽക്കേണ്ടതും അവയ്ക്കെതിരെ ഇനിയുമുയർന്നുവന്നേക്കാവുന്ന നിയമനടപടികളെ പ്രതിരോധിക്കേണ്ടതും ആരുടെ ആവശ്യങ്ങളാണ്? സമുദായനേതാക്കളെന്നറിയപ്പെടുന്നവരുടെ അടിയന്തിര യോഗവും മുസ്‌ലിം വ്യക്തിനിയമസംരക്ഷണ സമിതി രൂപീകരണവും അങ്ങനെയൊരു ലക്ഷ്യത്തിലേക്ക് കൂടി നീളുന്നില്ലേ? മുസ്‌ലിം വ്യക്തികൾ എന്നു പറയുമ്പോൾ അത് മുസ്‌ലിം പുരുഷന്മാർ മാത്രമാകുന്നതിലെ ന്യായമെന്താണ്? മറ്റൊരു ന്യായം പറഞ്ഞുകേട്ടത് പതിനെട്ടു വയസ്സിന് മുമ്പ് പെൺകുട്ടി പെട്ടുപോകാവുന്ന 'പ്രണയങ്ങളും' അവൾക്കുണ്ടാകാവുന്ന ലൈംഗിക മോഹങ്ങളുടെ നിവൃത്തിയുമാണത്രേ! ലൈംഗിക മോഹ നിവൃത്തിക്ക് ബാലികാവിവാഹം! ആ മോഹം ആജീവനാന്തം കെട്ടുപോകാൻ പിന്നെ വേറെന്തു വേണ്ടൂ! ഇവിടെ പാവം ആൺകുട്ടി തഴയപ്പെടുകയും ചെയ്തു! മുസ്‌ലിം സമുദായ

ത്തിലെ പുരോഗമനേച്ഛുക്കൾക്ക് മറികടക്കേണ്ടത് എത്ര വലിയൊരു സംഘടിത ശക്തിയുടെ ഉപജാപങ്ങളെയാണ്!

ശാരീരികശാസ്ത്രപരമായും മാനസികശാസ്ത്രപരമായും പതിനെട്ടുവയസ്സിനു മുമ്പുള്ള വിവാഹങ്ങളിൽ സംഭവിക്കുന്നതെന്താണ്? ലൈംഗികതയെന്തെന്നു മനസ്സിലാക്കുന്നതിന് മുമ്പുള്ള വിവാഹങ്ങളിൽ നടക്കുന്നത് ബലാത്സംഗം തന്നെയാണ്. ഇണയെ, കുഞ്ഞുങ്ങളെ, കുടുംബജീവിതത്തെ സ്നേഹിക്കാനും വേണമല്ലോ മാനസികപക്വത. ഗർഭകാലാസ്വസ്ഥതകളിലും മുലയൂട്ടൽ കാലത്തും മാനസികപക്വതയില്ലായ്മകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ഏറെയാണ്. ഗർഭസ്ഥശിശുവിനും അവകാശപ്പെട്ടതാണല്ലോ മാനസികവും വളർച്ചാപരവുമായ സുരക്ഷ. അമ്മയുടെ മാനസിക പക്വത ഇക്കാര്യത്തിലും പ്രാധാന്യമർഹിക്കുന്നു.

കൗമാരപ്രായക്കാരിയായ ഒരു പെൺകുട്ടി ശാരീരിക വളർച്ച പൂർത്തിയാകാത്തവളാണ്. മാത്രമല്ല തന്റെ ജീവിതത്തിലെ ഏറ്റവും ദ്രുതഗതിയിലുള്ള വളർച്ചയുടെ ഘട്ടത്തിലുമാണ് അവൾ. ഇരുപത് ഇരുപത്തൊന്നു വയസ്സുവരെ നീളുന്ന ശാരീരിക വളർച്ചക്കായി ധാരാളം പ്രോട്ടീനുകളും മിനറലുകളും വിറ്റാമിനുകളും ഊർജ്ജോൽപ്പാദനത്തിനായി കാർബോഹൈഡ്രേറ്റുകളും ആവശ്യമായി വരുന്നുണ്ട്. കാത്സ്യവും ഇരുമ്പുസത്തും (അയേൺ), ഫോളിക് ആസിഡ് പോലുള്ള വിറ്റാമിനുകളും ധാരാളമായി ആവശ്യമുള്ള ജീവിതഘട്ടമാണിത്. ഒരു മൂന്നാം ലോകരാജ്യത്തിലെ കൗമാരക്കാരിയിൽ വിളർച്ചയും പോഷകാഹാരക്കുറവിന്റെ ലക്ഷണങ്ങളും പ്രത്യക്ഷപ്പെടാവുന്ന കാലം. ദരിദ്രന്റേയും സാധാരണക്കാരന്റേയും ദൈനംദിനഭക്ഷണത്തിൽ നിന്ന് ആവശ്യമായ പോഷകങ്ങൾ സമീകൃതമായി ലഭിക്കാൻ സാധ്യതയുണ്ടാവില്ലെന്ന് ന്യായമായും ആശങ്കപ്പെടേണ്ട കാലം. അതുകൊണ്ടുതന്നെയാണ് കേന്ദ്രസർക്കാരിന്റെ പ്രത്യുൽപ്പാദനാരോഗ്യ പരിപാടികളിൽ കൗമാരക്കാരികൾക്കായി അയേൺഗുളികകളും ഫോളിക് ആസിഡ് ഗുളികകളും വിതരണം ചെയ്യുന്ന സംവിധാനം കൂടി നടപ്പിലാക്കപ്പെട്ടത്. വളരുന്ന പ്രായത്തിലും പിന്നീടും എല്ലുകളിൽ നിക്ഷേപിക്കപ്പെടുന്ന കാത്സ്യവും ശരീരത്തിന്റെ വിവിധഭാഗങ്ങളിൽ കരുതൽ ശേഖരമായി നീക്കിവെക്കപ്പെടുന്ന ഇരുമ്പുസത്തും (Iron Stores)ഭാവിയിലേക്കുകൂടി നീളുന്ന പ്രതിരോധങ്ങളാണെന്നുള്ളത് ശാസ്ത്രസത്യം.

ഇനി വളർന്നുകൊണ്ടിരിക്കുന്ന പെൺകുട്ടി ഗർഭിണിയായാലോ? ഒരൊറ്റ പുരുഷബീജവും സ്ത്രീബീജവും സംയോജിച്ചാലുണ്ടാവുന്ന മൈക്രോസ്കോപ്പിക് ഭ്രൂണത്തിൽ നിന്ന് അതിന്റെ അനേകായിരം ഇരട്ടി വലിപ്പവും തൂക്കവുമുള്ള (ഏകദേശം 3 കിലോഗ്രാം) കുഞ്ഞായി, ഒമ്പതിൽ ചില്വാനം മാസങ്ങൾകൊണ്ട് രൂപാന്തരം പ്രാപിക്കുമ്പോൾ അത് ആ കിളുന്ത് അമ്മശരീരത്തിൽനിന്ന് ഊറ്റിയെടുത്തേക്കാവുന്ന പോഷകങ്ങളുടെ അളവ് താങ്ങാവുന്നതിലധികമാവാം. ഇതിന്റെ ആഘാതങ്ങൾ അമ്മയിൽ മാത്രമല്ല കുഞ്ഞിലും പ്രതിഫലിക്കാം. അമ്മയിലെ വിളർച്ച, കുഞ്ഞിലെ ജന്മവൈകല്യങ്ങൾ, പ്രസവപൂർവ്വരക്തസ്രാവം, അമിതരക്തസമ്മർദ്ദം, പ്രസവാനന്തര രക്തസ്രാവം, കുഞ്ഞിന്റെ തൂക്കക്കുറവ്, ഉയർന്ന മാതൃശിശുമരണ സാധ്യത ഇവക്കൊക്കെ കാരണമാകാം ഫോളിക് ആസിഡ് ഉൾപ്പെടെയുള്ള ഈ പോഷകങ്ങളുടെ ലഭ്യതക്കുറവ്. ശാരീരികവും മാനസികവുമായ കാരണങ്ങളാൽ പ്രസവസമയത്തെ പ്രയാസങ്ങളും ശസ്ത്രക്രിയാസാധ്യതകളും അവർക്ക് കൂടുതലായിരിക്കും. പ്രസവശേഷം ആരോഗ്യം ക്ഷയിച്ച അമ്മക്ക് കുഞ്ഞിന്റെ എല്ലിന്റെയും പല്ലിന്റെയും വളർച്ചയിലുള്ള അപാകത, വിളർച്ച, രോഗപ്രതിരോധശക്തിയില്ലായ്മ എന്നിവയ്ക്കും സാക്ഷ്യം വഹിക്കേണ്ടിവരാം.

ഭ്രൂണനിർമ്മിതി കാലത്തെ ജനിതക വ്യതിചലനങ്ങൾ മൂലമാണ് മുന്തിരിക്കുല ഗർഭം (Vericular Mole) എന്ന അസാധാരണ രോഗാവസ്ഥയുണ്ടാകുന്നത്. കോഴിക്കോട് മെഡിക്കൽകോളേജിലെ വർഷങ്ങൾ നീണ്ടുനിന്ന പഠനങ്ങളിൽ വെളിവായത് 'കൗമാരഗർഭ'ങ്ങളിൽ ഈ അവസ്ഥ കൂടിനിൽക്കുന്നു എന്നുതന്നെയാണ്. വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ അനുസരിച്ചും ഈ ജനിതകവ്യതിചലനം പ്രജനനകാലത്തിന്റെ രണ്ടറ്റങ്ങളിലുമാണ്. അതായത് ഇളം പ്രായക്കാരിലും നാല്പതുകാരികളിലും. കൂടിനിൽക്കുന്ന ഗർഭമലസൽ (Spontanious Abortion) സാധ്യതയും ഇതേകാരണം കൊണ്ടുതന്നെയാകാം.



പ്രസവശേഷം ഗർഭനിരോധന മാർഗ്ഗങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുമെന്ന് യാതൊരു ഉറപ്പുമില്ലാത്തവരാണ് താഴ്ന്ന സാമൂഹ്യസാമ്പത്തിക പരിസ്ഥിതികളിൽ നിന്നും വരുന്ന ഈ കൗമാരക്കാരികൾ. തുടരെത്തുടരെയുള്ള ഗർഭധാരണം, ഇടയ്ക്കിടെയുള്ള ഗർഭമലസിപ്പിക്കൽ (M.T.P. - Medical Termination of Pregnancy), അതിന്റെ ഫലമായുണ്ടാകാവുന്ന രക്തനഷ്



ടം, അണുബാധ ഇവയൊക്കെ ഈ പാവം പെൺകുട്ടികളുടെ ശാപങ്ങളാണ്. പെൺജീവിതത്തിന്റെ വസന്തകാലമെന്നു വിളിക്കാവുന്ന മുപ്പതുകളിലെത്തുമ്പോഴേക്കും മനസ്സുകൊണ്ടും ശരീരംകൊണ്ടും വൃദ്ധകളാകാൻ വിധിക്കപ്പെട്ടവരാണിവർ. ശരീരം ക്ഷയിച്ച്, ഗർഭപാത്രതാഴ്ചയും ലൈംഗിക അണുബാധകളുമായി ശിഷ്ടജീവിതം നരകിച്ചു കഴിയേണ്ടിവരുന്നവർ. ഭർത്താക്കന്മാർക്ക് രണ്ടാം കെട്ടോ മൂന്നാം കെട്ടോ നടത്താൻ ഇതൊക്കെത്തന്നെ കാരണങ്ങളാവുകയും ചെയ്യും. അല്പം ഉയർന്ന സാമ്പത്തിക ചുറ്റുപാടുകളിൽ പെട്ടവളാണ് ഈ ഹതഭാഗ്യയെങ്കിൽ അവൾ അമിതഭക്ഷണമെന്ന ഏക സാന്ത്വനത്തിൽ കുരുങ്ങിയാണ് രോഗിയായിത്തീരുക. പ്രമേഹവും ബിപിയും കൊളസ്റ്ററോളും ഒക്കെയായിരിക്കും ഇത്തരക്കാരുടെ സഹചാരികൾ.

അസ്ഥികളുടെ നിർമ്മാണവും അതിന്റെ രൂപീകരണവും നിരന്തരം നടന്നുകൊണ്ടിരിക്കുന്ന രണ്ടു പ്രക്രിയകളാണത്രെ. ആരോഗ്യമുള്ള ഒരു സ്ത്രീയിൽ രണ്ടു പ്രക്രിയകളും സമതുലനത്തിലായിരിക്കും. സ്ത്രീഹോർമോണായ ഈസ്ട്രജന് എല്ലുകളുടെ നിർമ്മാണപ്രക്രിയയിൽ സുപ്രധാന പങ്കുണ്ട്. കാത്സ്യവും വിറ്റാമിനുകളും ഉപയോഗിച്ച് എല്ലുകളുടെ ബലപ്പെടുത്തൽ പ്രക്രിയ ഈ ഹോർമോണിന്റെ സഹായത്താൽ സ്ത്രീയിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. ഈ നിർമ്മാണപ്രക്രിയക്കാവശ്യമായ വിറ്റാമിനുകൾ കിട്ടേണ്ട കാലത്ത് ശരിയായി കിട്ടിയില്ലെങ്കിൽ ദൂരവ്യാപകമായ ഫലങ്ങളാണുണ്ടാവുക. കൂട്ടത്തിൽ പറയട്ടെ, ഈ പ്രക്രിയയിൽ പ്രധാനപ്പെട്ട വിറ്റാമിനായ വിറ്റാമിൻ ഡി സൂര്യപ്രകാശത്തിന്റെ സഹായത്തോടെ മനുഷ്യശരീരത്തിൽത്തന്നെ വലിയതോതിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ശരീരംമുഴുവൻ ആച്ഛാദിതമായി നടക്കേണ്ടിവരുന്ന സ്ത്രീകളിൽ ഈ ഒരു സാധ്യതകൂടി കുറഞ്ഞുനിൽക്കുകയാണ്! ആർത്തവവിരാമകാലത്ത് ഈസ്ട്രജൻ ഹോർമോൺ കുറഞ്ഞ് എല്ലിന്റെ ദ്രവീകരണ പ്രക്രിയ ആധിപത്യം നേടുമ്പോൾ കാതലില്ലാത്ത മരം കൊണ്ടുനിർമ്മിച്ച ഗേഹം പോലെയാകും ഈ പെണ്ണിന്റെ ശരീരം. എല്ലുതേയ്മാന(Osteoprosis) വും അതിന്റെ ഫലമായുണ്ടാകുന്ന ശാരീരികവേദനകളും എല്ലൊടിയൽ ഭീഷണിയും കൂടി അവർക്കു കൂട്ടിനു വരും.

കൗമാരപ്രായത്തിലെ ലൈംഗികജീവിതം പെൺകുട്ടിയുടെ മനസ്സിന് മാത്രമല്ല ആഘാതമേൽപ്പിക്കുന്നത്. അവളുടെ ലൈംഗികാവയവകോശങ്ങളിലും കലകളിലും (Tissue) കൂടിയാണ്. പ്രായമേറുമ്പോഴുണ്ടാകുന്ന ഗർഭാശയമുഖകാൻസറി (Carcinoma Cervix) ന്റെ മുന്നൊരുക്കകാരണങ്ങളാ(Predisposing Causes)യി ഗൈനക്കോളജി ആധികാരിക ഗ്രന്ഥങ്ങളെല്ലാം ഇളംപ്രായത്തിൽ തുടങ്ങുന്ന ലൈംഗികബന്ധത്തെ രേഖപ്പെടുത്തുന്നു. മൂന്നാം ലോക രാജ്യങ്ങളിലെ സ്ത്രീകളിലാണ് ഈ അർബുദബാധ കൂടുതലെന്നും, ഏറെ വട്ടം ആവർത്തിക്കുന്ന പ്രസവങ്ങളും ലൈംഗികാവയവങ്ങളുടെ ശുചിത്വക്കുറവും ചിലതരം വൈറൽബാധകളും (Human Papilloma Virus - HPV)കൂടി ഇതിന്റെ കാരണങ്ങളാകാമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. നേരത്തെ വിവാഹജീവിതം തുടങ്ങുന്ന ലോകവിവരവും ശാസ്ത്രവിവരവും കുറഞ്ഞ പെൺകുട്ടിക്ക് ഇവക്കൊക്കെയുള്ള സാധ്യതകളും കൂടുതലാണല്ലോ.

ശാരീരികവും മാനസികവുമായ പക്വതയെത്തും മുമ്പുള്ള വിവാഹവും മാതൃത്വവും സ്ത്രീയോടുചെയ്യുന്ന മനുഷ്യാവകാശ ലംഘനങ്ങൾ തന്നെയാണ്. അതിനപ്പുറം അതൊരു സാമൂഹ്യനഷ്ടം കൂടിയാണ് എന്നുമോർക്കുക. പഠിക്കാനും വ്യക്തിത്വവികാസത്തിനും അവസരം ലഭിക്കാത്ത ഒരുപാതി, അവളുടെ പാഴായിപ്പോകുന്ന ഊർജ്ജവും സർഗ്ഗശേഷികളും ക്രിയാശേഷികളും ഇവയൊക്കെ സമൂഹത്തിന്റെ നഷ്ടങ്ങളല്ലേ?

പതിനെട്ടു വയസ്സിനു മുമ്പുള്ള വിവാഹപൂർവ്വ ലൈംഗികതയിൽനിന്നും ലൈംഗികാതിക്രമങ്ങളിൽനിന്നും കൗമാരക്കാരികളെ സംരക്ഷിക്കാനുള്ള ഉപാധിയല്ല ഇളംപ്രായത്തിലെ വിവാഹം. അങ്ങനെ പ്രചരിപ്പിക്കുന്നെങ്കിൽ 'ഹാ കഷ്ടം' എന്നേ പറയേണ്ടൂ. കൗമാരക്കാരികൾ അപഥസഞ്ചാരികളായിപ്പോകുന്ന, അല്ലെങ്കിൽ അവളുടെ കിളുന്തുശരീരത്തെ നരാധമന്മാർ കടിച്ചുകീറുന്ന അവസ്ഥയുണ്ടെങ്കിൽ ആ അവസ്ഥയെ മാറ്റിയെടുക്കാനുള്ള സാംസ്കാരിക ദൗത്യമല്ലേ, മനുഷ്യന്റെ ആന്തരസംസ്കരണത്തിൽ പങ്കുവഹിക്കുന്നു എന്നൂറ്റം കൊള്ളുന്ന മതവക്താക്കൾ ചെയ്യേണ്ടത്? ആൺകുട്ടികളിലേക്ക് കൂടി നീളുന്ന സാംസ്കാരികദൗത്യം? അത്തരം സാംസ്കാരികാന്തരീക്ഷത്തിൽ ലൈംഗികതയല്ല ജീവിതത്തിലെ ഏകമോ, പരമമോ ആയ ആഹ്ലാദമെന്ന് ചെറുപ്പക്കാർ, ആണും പെണ്ണും മനസ്സിലാക്കും. വ്യക്തിത്വവികാസത്തിനുതകുന്ന കലാഭിരുചികളുടെ പരിപോഷണവും ലൈംഗികതയെ അപ്രധാനമാക്കുന്ന ചെറുപ്രായം മുതലുള്ള സ്വതന്ത്രമായ ആൺ പെൺ സൗഹൃദങ്ങളും അനുവദിച്ചുകൊടുക്കാത്ത സമൂഹത്തിലാണ് ഭ്രാന്തൻ നായ കടിക്കുമെന്ന് പേടിച്ച് മനുഷ്യനെ കെട്ടിയിടേണ്ട പരിതാപകരമായ അവസ്ഥയുണ്ടാകുന്നത്. ●

ലേഖനം



സ്ത്രീയുടെ വിവാഹപ്രായമാണ് മുസ്ലിം സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമെന്നു തോന്നും. ഞങ്ങൾ വയസ്സറിയിച്ചില്ലേ എന്നൊരു ധ്വനി സമൂഹത്തിന് മുമ്പാകെ അവർ നൽകുന്നുണ്ട്.

# തൈക്കിളവികളും കുറേ വയസ്സറിയിക്കാത്തവരും!



മൈന ഉമൈബാൻ

**സമ്പൂർണ്ണസാക്ഷരരെന്ന്** ഓരോ നിമിഷവും അഭിമാനിക്കുന്ന കേരളീയസമൂഹത്തിൽ നിന്നാണ് ഒരു മതസമൂഹത്തിലെ ഭൂരിപക്ഷം സംഘടനകളും സ്ത്രീകളുടെ വിവാഹപ്രായം കുറച്ചു കിട്ടുന്നതിനു വേണ്ടി സുപ്രീം കോടതിയെ സമീപിക്കാനൊരുങ്ങുന്നത്. ഈ വാർത്ത കേട്ടപ്പോൾ സത്യമായും ഇവൾ ലജ്ജിച്ചുപോയി.

മതമേലധ്യക്ഷന്മാരുടെ ഇപ്പോഴത്തെ നടപടികൾ കണ്ടാൽ, സ്ത്രീയുടെ വിവാഹപ്രായമാണ് മുസ്ലിം സമൂഹം നേരിടുന്ന ഏററവും വലിയ പ്രശ്നമെന്നു തോന്നും. ഞങ്ങൾ വയസ്സറിയിച്ചില്ലേ എന്നൊരു ധ്വനി സമൂഹത്തിന് മുമ്പാകെ അവർ നൽകുന്നുണ്ട്.

സത്യത്തിൽ ഈ നടപടി സ്ത്രീയെ നിശബ്ദരാക്കാനുള്ള തന്ത്രമാണെന്നാണ് ഇവൾ കരുതുന്നത്. വിദ്യാഭ്യാസപരവും സാമൂഹ്യപരവും രാഷ്ട്രീയപരവുമായി സ്ത്രീ ഉന്നതിയിലെത്തുന്നത് തങ്ങൾക്ക് തടസ്സമാണെന്ന് അവർ കരുതുന്നുണ്ടാവണം. ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ആർജ്ജവം അവൾക്കുണ്ടാവുന്നതിനെ അവർ ഭയക്കുന്നു. വിദ്യാഭ്യാസം ചെയ്താൽ, വിദ്യാഭ്യാസത്തിനനുസരിച്ച് അവളിലേക്ക് സാമൂഹ്യബോധവും അറിവും ഉണ്ടായാൽ സ്വാഭാവികമായും അവൾ ന്യായം എന്തെന്ന് ചിന്തിച്ചു തുടങ്ങും. ഇതുവരെ പുരുഷൻ മാത്രം കൈയ്യടക്കി വെച്ചിരുന്ന സാമ്രാജ്യങ്ങളിലേക്ക് അവൾ കയറിച്ചെല്ലും. തീർച്ചയായും ആ ഭയത്തിന്റെ പ്രതിഫലനമാണ് ഇപ്പോൾ കാണുന്നത്.

കാടൻ യുഗത്തിലേക്ക്, ഇരുണ്ട യുഗത്തിലേക്കുള്ള തിരിച്ചു പോക്കാണോ ഇങ്ങനെയൊരു തീരുമാനത്തിലൂടെ ഇവർ നടത്തുന്നത് എന്ന് സ്വാഭിവകമായും തോന്നിയേക്കാം. പൊതുസമൂഹം അങ്ങനെ ചിന്തിക്കുന്നതിൽ തെറ്റു പറയാനൊന്നും പറ്റില്ല.

യഥാർത്ഥത്തിൽ പതിനെട്ടു വയസ്സിനു മുമ്പ് വിവാഹം നടക്കുന്നതിനു പിന്നിൽ ഇവിടുത്തെ അനാചാരങ്ങളാണ്. പലപ്പോഴും ബലിയാടാകേണ്ടി വരുന്നത് പാവപ്പെട്ടവരും. സ്ത്രീധനമാണ് പ്രധാന വില്ലൻ. മി

ക്കവാറും വീടുകളിൽ പെൺകുട്ടികൾ ബാധ്യതയാകുന്നതിന് പിന്നിൽ സ്ത്രീധനമാണ്. ഇസ്ലാം മതത്തിൽ പുരുഷധനമാണ് (മഹർ) കൊടുക്കേണ്ടത്. പക്ഷേ, ദൗർഭാഗ്യവശാൽ സ്വർണ്ണമോ പണമോ ഇല്ലാത്ത വിവാഹങ്ങൾ അപൂർവ്വമാണ്. സ്വർണ്ണത്തെ ചിലർ സ്ത്രീധനത്തിന്റെ പരിധിയിൽ പെടുത്താറുമില്ല!

ചെറുപ്രായത്തിൽ വിവാഹത്തിന് നിന്നു കൊടുക്കേണ്ടിവരുന്നത് കൂടതലും സമൂഹത്തിലെ താഴെത്തട്ടിലെ വിഭാഗത്തിനാണ്. ദാരിദ്ര്യത്തെ ചൂഷണം ചെയ്യുക തന്നെയാണിവിടെ. കുറച്ചുകൂടി കാത്തിരുന്നാൽ മകളെ കെട്ടിക്കൊണ്ടുപോകാൻ ആളെക്കിട്ടില്ല എന്ന വിശ്വാസം ഇവരിൽ ഉറച്ചു പോയിട്ടുണ്ട്. പെൺമക്കൾ ബാധ്യതയാണെന്നും അവരെ ഏതെങ്കിലുമൊരുത്തന്റെ തലയിൽ ഏൽപിച്ചാൽ സ്വസ്ഥമായി എന്നും വിചാരിക്കുന്നു ഭൂരിപക്ഷമാളുകളും. യഥാർത്ഥത്തിൽ ഇങ്ങനെ വിവാഹം കഴിച്ചയച്ചിട്ട് എത്ര രക്ഷിതാക്കൾ സമാധാനമായി ജീവിക്കുന്നുണ്ട്?

കൗമാരത്തിലെ വിവാഹവും ലൈംഗികജീവിതവും പെൺകുട്ടിയുടെ മനസ്സിലേൽപ്പിക്കുന്ന ആഘാതത്തേക്കുറിച്ചും മുടങ്ങിപ്പോകുന്ന വിദ്യാഭ്യാസത്തേക്കുറിച്ചും ചെറുപ്രായത്തിൽ അവൾ നേരിടേണ്ടി വരുന്ന ഗർഭപ്രാരബ്ധങ്ങളെപ്പറ്റിയുമുള്ള ആകുലതകൾ ആരു മനസ്സിലാക്കുന്നു?

പെൺകുട്ടികൾ വിദ്യ നേടുക എന്നത് തന്നെയാണ് പരമപ്രധാനം. ആ വിദ്യ മുൻഗാമികൾ നേടാത്തതിന്റെ പരിണിതഫലമാണ് ബാലവിവാഹങ്ങൾ. പെൺകുട്ടിക്ക് 18 വയസ്സാകും മുമ്പ് നടക്കുന്ന വിവാഹം ശൈശവവിവാഹം തന്നെയാണ്. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം ക്രിമിനൽ കുറ്റവുമാണ്. ഓരോ നിയമങ്ങളുമുണ്ടാകുന്നത് ലംഘനം ഉണ്ടാവാതിരിക്കാനാണ്.

പണ്ടേ, ഭൂമിയോളം ക്ഷമയുള്ളവൾ എന്ന വിശേഷണത്തിന് അടിമപ്പെട്ടിരിക്കുന്നവൾ സ്വപ്നങ്ങളെക്കുറിച്ചോ തനിക്ക് നഷ്ടപ്പെട്ട കൗമാരത്തെക്കുറിച്ചോ മക്കളോടോ ഭർത്താവിനോടോ സഹോദരനോടോ ഒന്നും പറയാൻ സാധ്യതയില്ല. അവളെപ്പോഴും മനു പറഞ്ഞതിനപ്പുറം ഒരു ലോകമുണ്ടെന്ന് കാണിക്കാനൊന്നും പോകില്ല. അതിനപ്പുറം ഒരു ലോകമുണ്ടെന്ന് അവളറിയണമെങ്കിൽ വിദ്യാഭ്യാസം നേടണം. ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവാർജ്ജിക്കണം.

വലിയ സ്ത്രീധനം കൊടുക്കാൻ സാധിക്കാത്തവരാണ് അറബിക്കല്ല്യാണത്തിലും മൈസൂർക്കല്ല്യാണത്തിലും ഹരിയാനക്കല്ല്യാണത്തിലുമൊക്കെ പെട്ടുപോകുന്നത്.

ഇങ്ങനെയുള്ള പെട്ടുപോകലിൽ ചെന്ന് കഷ്ടപ്പെടാതിരിക്കാൻ ബോധവത്ക്കരണം നൽകി വിദ്യാഭ്യാസം നൽകി മുന്നോട്ടു കൊണ്ടുപോകേണ്ട സമൂഹമാണ്, പെൺകുട്ടികളെ ഒരു ബാധ്യതയായി കണ്ട് അവളെ എത്രയും പെട്ടെന്ന് കൈയ്യൊഴിയാൻ ശ്രമിക്കുന്നത്, അവളിൽ നിയന്ത്രണമേർപ്പെടുത്താൻ ശ്രമിക്കുന്നത് .

ശാരീരികമായ വളർച്ചയെമാത്രം പരിഗണിച്ചുകൊണ്ടല്ല വിവാഹപ്രായം നിർണ്ണയിക്കുന്നത്. പണ്ടങ്ങനെ നടന്നു, അതുകൊണ്ട് ഇപ്പോഴും അങ്ങനെയാവാം എന്നു ശഠിക്കുന്നത് സ്ത്രീയെ വെറും അടിമയോ ഉപഭോഗ വസ്തുവോ ആയി മാത്രം കാണുന്നതുകൊണ്ടാണ്.

സ്ത്രീകൾക്കെതിരെ വരുന്ന നിയമങ്ങൾ, അവളുടെ സ്വപ്നങ്ങളേയും വിദ്യാഭ്യാസത്തേയും ഇല്ലാതാക്കിക്കൊണ്ടുള്ള പ്രവർത്തികൾ നാളെയെയാണ് പ്രതികൂലമായി ബാധിക്കുന്നത്. കാരണം അവളുടെ അറിവാണ് അടുത്ത തലമുറയിലേക്ക് പകർന്നു പോകേണ്ടത്. അവളുടെ ധൈര്യമാണ് അവർ ആർജ്ജിച്ചെടുക്കേണ്ടത്. അവളാണ് ഭാവി നിർണ്ണയിക്കേണ്ടത്.


സംഘടനകൾ സുപ്രീംകോടതിയിലേക്കു പോകുന്നു എന്ന വാർത്തയുടെ അവലോകനത്തിൽ പങ്കെടുക്കാൻ ഇവൾക്കും ഒരു ചാനലിൽ നിന്ന് ക്ഷണം കിട്ടി.

ഇരുപത്തിയഞ്ചും ഇരുപത്തിയാറും വയസ്സിൽ പെൺകുട്ടികൾ തൈക്കിളവികളാകുന്നുവെന്നാണ് ഒരു ലീഗ് നേതാവ് പറഞ്ഞത്. പെൺകുട്ടിയുടെ ശരീരം ആ പ്രായമെത്തുമ്പോൾ അങ്ങനെയാകുന്നു ഇങ്ങനെയാകുന്നു എന്നൊക്കെ പറഞ്ഞ് അദ്ദേഹം ഉരുണ്ടു കളിച്ചു. ആ പ്രായത്തിൽ ശരീരപ്രകൃതി കണ്ടാൽ തൈക്കിളവികളാണെന്ന് തോന്നും എന്നൊക്കെ...

ആരാണ് തൈക്കിളവികൾ? ഏതു കാലം മുതൽ തൈക്കിളവികളുടെ പ്രായം തുടങ്ങും?

പെൺകുട്ടികൾ മാത്രമാണോ തൈക്കിളവികൾ ആകുന്നത്? ഇവിടെ തൈക്കിളവന്മാർ ഉണ്ടാകുന്നില്ലേ?

തൈക്കിളവന്മാർക്ക് തൈക്കിള



## പുരുഷന് എന്നും നിത്യ യൗവ്വനമാണോ?

വികളെ കെട്ടിക്കൂടെ?

പുരുഷന് എന്നും നിത്യയൗവ്വനമാണോ?

ഒരു മതത്തിലെ പെൺകുട്ടികൾ മാത്രം എന്തുകൊണ്ട് ഇരുപത്തിയഞ്ചിൽ തൈക്കിളവികളാകുന്നു?

ഹോ! നാലഞ്ചുകൊല്ലം മുമ്പ് ഇവൾ ഒരപരാധം ചെയ്തു. മുപ്പതിലെത്തിയ ഒരുവൾക്ക് കിളവി എന്ന പ്രയോഗം കേൾക്കേണ്ടി വന്നതിൽ അരിശം പൂണ്ട് 'പെൺനോട്ടങ്ങൾ' എന്നൊരു ലേഖനമെഴുതി.

എന്റെ ഏറ്റവും വലിയ പിഴ..!

ഇരുപത്തിനാലിലും ഇരുപത്തിയഞ്ചിലും കിളവി എന്നു കേൾക്കേണ്ടി വരുന്ന അതും പരസ്യമായി കേൾക്കേണ്ടി വരുന്ന പെൺസമൂഹമേ, ഇവളറിഞ്ഞില്ലല്ലോ ഇത്രയും നേരത്തേ 'കിളവി' എന്ന വിളി കേൾക്കേണ്ടി വരുമെന്ന്...

എന്തു ചെയ്യാം നമ്മൾ കിളവികളും അവർ വയസ്സറിയിക്കാത്ത പ്രായക്കാരും. അതുകൊണ്ടാണ് അവരുടെ കൂടിയിരുപ്പുകളിൽ വയസ്സറിവില്ലാത്ത ചിന്തകൾ കടന്നു വരുന്നതും.

അപ്പോഴാണ് കട്ടവന്റെ കൈ മുറിക്കണമെന്നും വ്യഭിചരിക്കുന്നവനെ കല്ലെറിയണമെന്നു പറയുന്ന ശരീഅത്തിനെ മറന്നു പോകുന്നതും പെണ്ണിനെപ്പറ്റിമാത്രം ചിന്തിച്ചു പോകുന്നതും. ബഹുഭാര്യത്വം, ത്വലാഖ്, സ്വത്ത് തുടങ്ങിയ അവളുടെ കാര്യങ്ങൾക്ക് വളച്ചൊടിച്ചും ദുർവ്യാഖ്യാനം ചെയ്തും മതനിയമം. അല്ലാത്തവർക്ക് ശിക്ഷ ഇളവായ നിയമങ്ങൾ! ഇതിന്റെ ന്യായമെന്തെന്ന് മനസ്സിലാകുന്നേയില്ല.

വയസ്സറിയിക്കാത്തത് ആരാണ്? ഒരു മതസമൂഹം ഒറ്റക്കെട്ടായി എടുത്ത തീരുമാനം അവരിലാരും വയസ്സറിയിച്ചില്ലെന്ന് തെളിയിക്കുന്നു. അവരിന്നും ഇരുണ്ടയുഗത്തിൽ ജീവിക്കുന്നു. അത് സമുദായത്തെ പിന്നോട്ടടിക്കുമെന്നതിൽ സംശയമില്ല.

സുപ്രീം കോടതിയിൽ പോയാൽ ശൈശവവിവാഹത്തെ അംഗീകരിച്ചു കിട്ടുമെന്ന് വിചാരിക്കുന്നില്ല. എന്തു വ്യക്തി നിയമം പറഞ്ഞാലും..ഇനി അംഗീകരിച്ചു കിട്ടി എന്നിരിക്കട്ടെ..അധികകാലമൊന്നും ബാലവിവാഹങ്ങൾക്ക് ഇവിടുത്തെ പെൺകുട്ടികൾ ഇവർ വിചാരിക്കുംപോലെ നിന്നു കൊടുക്കുമെന്ന് തോന്നുന്നില്ല. കാലം അവരെ തിരിച്ചറിവുള്ളവരാക്കും. അവർ ഇന്നല്ലെങ്കിൽ നാളെ ശക്തമായി പ്രതികരിക്കും എന്നു തന്നെ വിശ്വസിക്കുന്നു. ലക്ഷ്യത്തിലെത്താൻ കുറച്ചു കാത്തിരിക്കേണ്ടി വരുമെന്നുമാത്രം.

*കടപ്പാട്- മാതൃഭൂമി ഓൺലൈൻ*

●

# പ്രിയ സുഹൃത്തുക്കളോട്

**'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!**

**മുപ്പത്തഞ്ചു** ലക്കങ്ങൾ പിന്നിട്ട 'സംഘടിത'യുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്.

സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, നിങ്ങളുടെ 'സംഘടിത' ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം,**

**കോഴിക്കോട്-673016, ടെലി: 0495-2744370**

ലേഖനം





അഡ്വ.ടി.ബി.മിനി

# ശൈശവവിവാഹത്തിനെതിരായ പ്രമേയവും ഇന്ത്യയുടെ നിലപാടും

**ചരിത്രത്തിൽ** ആദ്യമായി ഐക്യരാഷ്ട്രസഭ അവതരിപ്പിച്ച ബാലവിവാഹനിരോധനത്തിനായുള്ള പ്രമേയത്തെ ബാലിശമായ ചില ന്യായങ്ങൾ പറഞ്ഞ് ഇന്ത്യ പിന്താങ്ങിയില്ല. ഇന്ത്യക്ക് അന്താരാഷ്ട്ര തലത്തിൽ നാണക്കേടുണ്ടാക്കിയ ഈ നടപടി വലിയ വിമർശനങ്ങൾക്കിടയാക്കിയപ്പോൾ നൽകിയ വിശദീകരണം "early marriage" നെ സംബന്ധിച്ച് വ്യക്തമാക്കാത്തതിനാലാണ് ഒപ്പിടാതിരുന്നത് എന്നാണ്. ലോകത്തിലെ 107 രാജ്യങ്ങളും ഈ ദുരാചാരത്തെ എതിർക്കുന്നു. ഐക്യരാഷ്ട്രസഭ ബാലവിവാഹവും നേരത്തെയുള്ള വിവാഹവും നിർബന്ധിത വിവാഹവും മനുഷ്യാവകാശലംഘനമായി പ്രഖ്യാപിച്ചായിരുന്നു 2013 സെപ്റ്റംബർ 27 ന് പ്രമേയം കൊണ്ടുവന്നത്. ലോകത്തിലെ ഏററവും കൂടുതൽ ബാലവധുക്കളുള്ള ഒരു രാജ്യമാണ് ഇന്ത്യ. പെൺകുട്ടികളുടെ വിവാഹപ്രായം ഇന്ത്യയിൽ 18 വയസ്സാണ്. 24 മില്ല്യൻ കുട്ടികളാണ് 18 വയസ്സിനു താഴെ വിവാഹിതരായിരിക്കുന്നത്. ലോകത്ത് നടക്കുന്ന ശൈശവ വിവാഹങ്ങളിൽ 40% വും ഇന്ത്യയിലാണ് നടക്കുന്നത് എന്നാണ് യുനിസെഫിൻേറയും ഐക്യരാഷ്ട്ര സഭയുടെയും പഠന റിപ്പോർട്ടുകളിൽ 2 വർഷം മുൻപ് ഇന്ത്യൻ നാഷണൽ സെൻറർ ഫോർ റിസർച്ച് സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ ശൈശവ വിവാഹത്തിൻെറ കണക്ക് 47% ആണ്. സോമാലിയയിൽ 45ഉം നേപ്പാളിൽ 41 ഉം എത്യോപ്യയിൽ 41 ഉം ബംഗ്ലാദേശിൽ 66 ഉം ആണ്.

ദേശീയതലത്തിൽ സമീപകാലത്ത് ഏററവും അധികം ചർച്ച ചെയ്യപ്പെട്ടത് സ്ത്രീകൾക്കെതിരായ ആക്രമണങ്ങളെ കുറിച്ചായിരുന്നു. ഇതിനു പ്രതിവിധിയായി കൊണ്ടു വരേണ്ട സ്ത്രീ സുരക്ഷാപദ്ധതികളേയും നിയമനിർമ്മാണങ്ങളേയും കുറിച്ച് വാചാലരായിരുന്നു ഭരണകൂടം. പരിഷ്കൃത ജനാധിപത്യ വ്യവസ്ഥക്ക് അപമാനകരമായ സ്ത്രീവിരുദ്ധപ്രവർത്തികൾക്കെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നു. ബാലവിവാഹത്തിനെതിരെ ഇന്ത്യ സർക്കാർ നിയമം കൊണ്ടുവന്നു. ബാലസംരക്ഷണത്തിന് പ്രത്യേക നയം, പെൺകുട്ടികളുടെ വികസനത്തിന് പ്രത്യേക ഫണ്ട് ഇതെല്ലാം പ്രഖ്യാപിക്കപ്പെട്ടു. പക്ഷെ ഇതെല്ലാം വോട്ടർമാരുടെ കണ്ണിൽ പൊടിയിടുന്നതിനായിരുന്നു. ശൈശവവിവാഹത്തിനെതിരെ നിലപാട് എടുക്കാത്തതിലൂടെ സർക്കാരിൻെറ യഥാർത്ഥ മുഖം ലോകത്തിനു മുന്നിൽ വെളിവായിട്ടുണ്ട്. സർക്കാർ ഇതെന്തിന് ചെയ്തു? ഒ



ലോകത്തിലെ ഏററവും കൂടുതൽ ബാല വധുക്കളുള്ള ഒരു രാജ്യമാണ് ഇന്ത്യ. പെൺകുട്ടികളുടെ വിവാഹ പ്രായം ഇന്ത്യയിൽ 18 വയസ്സാണ്. 24 മില്ല്യൻ കുട്ടികളാണ് 18 വയസ്സിനു താഴെ വിവാഹിതരായിരിക്കുന്നത്.

ററ ഉത്തരമേയുള്ളൂ. ഇത് ഒരു അബദ്ധമല്ല. കേവലം സങ്കുചിത വോട്ട് താത്പര്യത്തിനു വേണ്ടി യഥാസ്ഥിതിക മത സമുദായ നേതാക്കളെ പാട്ടിലാക്കി അടുത്ത തിരഞ്ഞെടുപ്പിനു വോട്ട് ഉറപ്പിക്കുന്നതിനായിരുന്നു ഈ ദുഷ്പ്രവർത്തി സർക്കാർ ചെയ്തത്. സ്ത്രീയുടെ സാമൂഹികസുരക്ഷയേക്കാളും അവളുടെ സാമൂഹികവികാസത്തിനേക്കാളും സർക്കാരിനും ഭരണവർഗ്ഗ പാർട്ടികൾക്കും പ്രധാനം വോട്ടുബാങ്ക് തന്നെ. ഈ നിലപാട് തന്നെയാണ് രാജ്യത്തിലെ നമ്മുടെ പാർട്ടികളെല്ലാം അംഗീകരിച്ചു എന്ന് പ്രചരിക്കപ്പെട്ടിട്ടും ഇന്നും ഫ്രീസറിൽ വച്ചിരിക്കുന്ന വനിതാ സംവരണ ബില്ലിനോടും സർക്കാരിനുള്ളത്. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് നിയമനിർമ്മാണസഭകളിൽ പ്രാതിനിധ്യം ഉറപ്പു വരുന്ന ബില്ല് ഒരു സഭ പാസ്സാക്കിയിട്ടും ഇപ്പോഴും എന്തേ ഫ്രീസറിൽ എന്നു ചോദിച്ചാൽ ഈ രാഷ്ട്രീയപാർട്ടികളുടെ സ്ത്രീകളോടുള്ള സമീപനത്തിൻെറ കാപട്യം വ്യക്തമാകും. ഇന്ത്യയും ബംഗ്ലാദേശും മാത്രമാണ് ശൈശവവിവാഹത്തിനെതിരായ പ്രമേയത്തിൽ ഒപ്പിടാതിരുന്നത്. നേപ്പാൾപോലും ഒപ്പിട്ടു. ഇങ്ങനെ ഒപ്പിട്ട രാജ്യങ്ങളിലും മറെറല്ലാ രാജ്യങ്ങളിലും ശൈശവ വിവാഹത്തിനെതിരെ ശക്തവും വ്യാപകവുമായ പ്രതിഷേധങ്ങൾ അരങ്ങേറുകയാണ്. ലോകസഭാതെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ ദുരാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും മുഴുകി കഴിയുന്ന ഇന്ത്യൻ ജനതയെ ഉദ്ധരിക്കുന്നതിനോ ഇന്ത്യയിലെ പെൺകുട്ടികളുടെ ജീവിതസുരക്ഷ ഉറപ്പാക്കുന്നതിനോ ഉള്ള ആഗോളപ്രയത്നത്തിനൊന്നും തങ്ങൾക്ക് താൽപര്യമില്ല എന്നതാണ് എടുത്തു പറയുന്നത്. യുനിസെഫിന്റേയും യു.എന്നിന്റേയും കണക്കുപ്രകാരം 2 1/2 കോടി ശൈശവ വിവാഹങ്ങളാണ് ഇന്ത്യയിൽ നടക്കുന്നത്. ലോകത്തിൽ തന്നെ അത് 67 കോടിയാണ്. 1929 ൽ തന്നെ വിവാഹ പ്രായം 16 ആക്കിയെങ്കിൽ

**ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് നിയമനിർമ്മാണസഭകളിൽ പ്രാതിനിധ്യം ഉറപ്പു വരുന്ന ബില്ല് ഒരു സഭ പാസ്സാക്കിയിട്ടും ഇപ്പോഴും എന്തേ ഫ്രീസറിൽ എന്നു ചോദിച്ചാൽ ഈ രാഷ്ട്രീയപാർട്ടികളുടെ സ്ത്രീകളോടുള്ള സമീപനത്തിൻെറ കാപട്യം വ്യക്തമാകും.**

1978 ൽ അത് 18 ആക്കി നിശ്ചയിച്ചു. ബാലവിവാഹത്തെ ഇല്ലാതാക്കലായിരുന്നു ലക്ഷ്യം. ഐക്യരാഷ്ട്രസഭ, ശൈശവ വിവാഹം പെൺകുട്ടികൾക്കെതിരായി അക്രമങ്ങളെ വർദ്ധിപ്പിക്കുന്നു എന്നും അവരുടെ ആരോഗ്യതകർച്ചക്കും വിദ്യാഭ്യാസ നിഷേധത്തിനും സാമൂഹികവും സാമ്പത്തികവുമായ വളർച്ചക്കും തടസ്സമാകുന്നു എന്നും തിരിച്ചറിഞ്ഞുകൊണ്ടാണ് ബാലവിവാഹം പരിപൂർണ്ണമായും നിരോധിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

ബ്രിട്ടീഷ് വിദ്യാഭ്യാസത്തിൻെറ വരവോടെ ഇന്ത്യയിലെ നവോത്ഥാനനായകരും സ്വാതന്ത്ര്യസമര നായകരും ഇന്ത്യൻ സമൂഹത്തിൻെറ സാമൂഹികമാറ്റത്തിന് സ്ത്രീകളുടെ സാമൂഹികവളർച്ച വളരെ പ്രധാനമാണ് എന്ന് മനസ്സിലാക്കി സ്ത്രീകളെ മൃഗങ്ങളെപ്പോലെ സമീപിക്കുന്ന മതാചാരങ്ങളായ സതി, ബാലവിവാഹം എന്നിവക്കെതിരേയും വിധവാ വിവാഹത്തിനു വേണ്ടിയും രംഗത്തു വന്നു. മാധവ് ഗോവിന്ദ്, രമാഭായി, രാജാറാം മോഹൻറോയി, കേരളത്തിലാണെങ്കിൽ വി.ടി ഭട്ടതിരിപ്പാട് എന്നിവരുടെയൊക്കെ നേതൃത്വത്തിൽ ഉയർന്ന ഇത്തരം ദുരാചാരങ്ങൾക്കെതിരായ ശക്തമായ സാമൂഹിക പരിഷ്ക്കരണത്തിനായുള്ള പ്രക്ഷോഭങ്ങളുടെ അടിസ്ഥാനത്തിൽ 1929 ൽ തന്നെ ശൈശവ വിവാഹം നിരോധിച്ചുകൊണ്ട് Child marriage Restraint Act 1929 പാസാക്കപ്പെട്ടിരുന്നു. 1978 ൽ പെൺകുട്ടികളുടെ വിവാഹപ്രായം 18 ആക്കിയും ആൺകുട്ടികളുടെ വിവാഹപ്രായം 21 ആക്കി നിജപ്പെടുത്തിയും ഇന്ത്യാസർക്കാർ നിയമനിർമാണം നടത്തിയിരുന്നു. ഈ നിയമ പ്രകാരം വിവാഹം നിർമ്മാർജനം ചെയ്യുക എന്നതും തടയുക എന്നതുമായിരുന്നു ലക്ഷ്യം. എന്നാൽ 2006ലെ ശൈശവവിവാഹനിരോധനനിയമത്തിന് കൃത്യമായി ശൈശവവിവാഹം പരിപൂർണ്ണമായി ഇല്ലാതാക്കുക എന്നതായിരുന്നു ലക്ഷ്യം. 18 വയസ്സിനു താഴെയുള്ള പെൺകുട്ടികളെ വിവാഹം കഴിക്കുന്ന 18 വയസ്സിനുമുകളിലുള്ള പുരുഷൻമാർക്കും അത്തരത്തിൽ വിവാഹം കഴിച്ചുകൊടുക്കുന്ന മാതാപിതാക്കളോ രക്ഷിതാക്കളോ ആയ ആളുകൾക്കും ശിക്ഷ വിധിക്കുന്ന ഒരു നിയമമാണ്. 2006 ലെ ബാല്യവിവാഹനിരോധനനിയമം. വിവാഹിതരാകുന്ന കുട്ടികളുടെ താല്പര്യാർത്ഥം അവർക്ക് പ്രായപൂർത്തിയാകുമ്പോൾ വേണമെങ്കിൽ ഈ വിവാഹം അംഗീകരിക്കുകയും ചെയ്യാം- 2012 ലെ കണക്കുപ്രകാരം 400 ഓളം പേരെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് അറസ്റ്റു ചെയ്തിട്ടുണ്ട്. 2010 ഓടുകൂടി ബാലവിവാഹം പരിപൂർണ്ണമായും ഇല്ലാതാക്കുന്നതിന് 2005 ൽ പദ്ധതി കൊണ്ടു വന്ന രാജ്യമാണ് ഇന്ത്യ. പെൺകുട്ടികളെ ഈ തിന്മയിൽ നിന്നും രക്ഷിക്കുക എന്നതായിരുന്നുലക്ഷ്യം.

ICRW ന്റെ കണക്കുപ്രകാരം വരുന്ന ഒരു ശതാബ്ദത്തിനുള്ളിൽ 1420 ലക്ഷം പെൺകുട്ടികൾ 18 വയസ്സിനുള്ളിൽ വിവാഹിതരാകും. വിലകുറഞ്ഞതും ബാലിശവുമായ ന്യായീകരണങ്ങൾ പറഞ്ഞാണ് ഇന്ത്യസർക്കാർ ICRW പ്രമേയത്തിനെ അവഗണിച്ചത്. അത് തികച്ചും സങ്കുചിത രാഷ്ട്രീയതാത്പര്യത്തിനുവേണ്ടിയായിരുന്നു. ലോകസഭാതെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ ഉത്തരേന്ത്യൻ മത ജാതി മേലദ്ധ്യക്ഷന്മാരെ സന്തോഷിപ്പിക്കുന്നതിനാണ് ഈ കുടംകൈ ചെയ്തത്. ഉത്തരേന്ത്യൻ സം

സ്ഥാനങ്ങളിൽ എല്ലാ വിഭാഗം മതങ്ങളുടെ ഇടയിലും ശൈശവവിവാഹം വ്യാപകമാണ്. ജനങ്ങളുടെ കണ്ണിൽ പൊടിയിടുവാൻ ശൈശവവിവാഹനിരോധനത്തിന് നിയമങ്ങൾ കൊണ്ടു വരികയും ഇതിനെ അനുകൂലിക്കുന്ന മതസാമുദായിക നേതാക്കളുടെ തോളിൽ രഹസ്യമായി കയ്യിടുന്നതിനും വേണ്ടിയാണ് പ്രമേയത്തിൽ ഇന്ത്യ സർക്കാർ ഒപ്പിടാതിരുന്നത്. ഈ ഇരട്ടത്താപ്പ് നില നിൽക്കുന്നതു കൊണ്ടാണ് ഈ അനാചാരത്തെ തുടച്ചു നീക്കുവാൻ കഴിയാതെ പോകുന്നത്.

സ്ത്രീസാക്ഷരതയിലും വിദ്യാഭ്യാസത്തിലും സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക വളർച്ചയിലും മുന്നിൽ നിൽക്കുന്ന ഇന്ത്യയിലെ സംസ്ഥാനമായ കേരളത്തിലും ശൈശവവിവാഹത്തെ ഒളിച്ചു കടത്തിക്കൊണ്ടു വരുവാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായി. കേരളത്തിൽ മുസ്ലിം ജനവിഭാഗങ്ങൾക്കിടയിലല്ലാതെ ശൈശവവിവാഹം തുലോം കുറവാണ്. ഈ സന്ദർഭത്തിൽ ശൈശവ വിവാഹ നിരോധന നിയമത്തിൽ ബാല്യ വിവാഹം അസാധുവാണ് എന്ന് പറഞ്ഞിട്ടില്ല എന്ന ന്യായീകരണവുമായി സാമൂഹികക്ഷേമവകുപ്പിന്റെ ഒരു സർക്കുലർ 18 വയസ്സിനു താഴെ വിവാഹിതരായ പെൺകുട്ടികളുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നിയമാനുമതി നൽകിക്കൊണ്ട് ഉണ്ടായി. ഈ സർക്കുലറിനെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായപ്പോൾ മറ്റൊരു സർക്കുലർ സർക്കാർ പുറപ്പെടുവിച്ചു. അന്നുവരെയുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് തിരുത്തലോടെ സർക്കുലർ ഇറങ്ങി. കേരളത്തിലെ മുസ്ലിം സ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസത്തിന്റെ പോരാട്ടം ഉണ്ടായത് മതമേലദ്ധ്യക്ഷന്മാരുടെ പല താത്പര്യങ്ങൾക്കും എതിരായി അവർ നിൽക്കുന്ന ഒരു സാഹചര്യം വളർന്നു വന്നിട്ടുണ്ട്. അറബിക്കല്യാണത്തിനും സ്ത്രീകളെ ചൂഷണം ചെയ്യുന്നതിനും 18 വയസ്സിനു മുമ്പ് വിവാഹം കഴിക്കുന്നതിനെ ചോദ്യം ചെയ്യുകയും ചെയ്യുന്ന സാഹചര്യത്തിൽ തങ്ങളുടെ നിലനിൽപ് അപകടത്തിലാകും എന്ന തോന്നൽ മതത്തെ സ്വാർത്ഥതാത്പര്യത്തിനുപയോഗിക്കുന്നവർക്കിടയിൽ സജീവമാണ്. ശരിയത്ത്നിയമത്തിൽപോലും വിവാഹ പ്രായം നിർണ്ണയിച്ചിട്ടില്ല. ഇന്ത്യയിൽ നിലവിലില്ലാത്ത ഒരു നിയമത്തിന്റെ പേരിൽ മുസ്ലിം പെൺകുട്ടികളുടെ വിവാഹ പ്രായം മതാചാരപ്രകാരം 16 ആണ് എന്നും ശരിയത്തിന് വേണ്ടി എന്ന നിലയിലും പ്രചരിപ്പിക്കുകയും ചെയ്തു. മുസ്ലിംവ്യക്തിനിയമത്തിൽ പെൺകുട്ടികളുടെ വിവാഹപ്രായം ഋതുമതിയാകുമ്പോഴാണ് എന്നായിരുന്നു വിശദീകരണം. വൈദ്യശാസ്ത്ര പ്രകാരം ഇപ്പോൾ പെൺകുട്ടികൾ 9ഉം 10ഉം വയസ്സിലാണ് ഋതുമതികളാകുന്നത്. സങ്കുചിതരാഷ്ട്രീയത്തിനു വേണ്ടി മുസ്ലിം ലീഗ് കേരളത്തിൽ സാമുദായിക മതനേതാക്കളെ മുൻ നിർത്തി മുസ്ലിം പെൺകുട്ടികളുടെ വിവാഹപ്രായം 16 ആക്കുന്നതിന് മുൻകൈ എടുക്കുന്ന കാഴ്ചയാണ് കാണുന്നത്. മുസ്ലിം പെൺകുട്ടികളുടെ സാമൂഹിക വളർച്ചക്ക് ഗുരുതരമായ ആഘാതമേൽപിക്കുന്ന ഈ തീരുമാനത്തിനെതിരെ മുസ്ലിം വിഭാഗത്തിൽ നിന്നും തന്നെ ശക്തമായ എതിർപ്പുണ്ടായിട്ടുണ്ട്. ഇതേ കുതന്ത്രം തന്നെയാണ് ഇന്ത്യൻ സർക്കാർ പ്രമേയത്തിൽ ഒപ്പിടാത്തതിലും ഉള്ളത്.

നവോത്ഥാനകാലഘട്ടത്തിനു മുമ്പ് ശൈശവവിവാഹം നില നിന്നിരുന്നു. അന്ന് ജാതിമതഭേദമില്ലാതെ ആൺകുട്ടികളെയും പെൺകുട്ടികളെയും വിവാഹം കഴിപ്പിച്ചിരുന്നു. ഇത് ജാതിമത ചിന്തകളുമായി കണ്ണിചേർക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസചിന്തകളാണ് ഈ അനാചാരങ്ങൾക്കെതിരെ രംഗത്തു വരുന്നതിനു നവോത്ഥാനനായകരെ പ്രേരിപ്പിച്ചത്. ആൺകുട്ടികളുടെ വിദ്യാഭ്യാസത്തിലൂടെ ഒരു കുടുംബം പുരോഗമിക്കുമെന്നും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹം ഉന്നതിയിലേക്ക് പോകും എന്ന് വിലയിരുത്തപ്പെട്ടു.

എന്നാൽ ഇന്നും ലോകത്ത് വ്യാപകമായി ശൈശവവിവാഹം നില നിൽക്കുന്നുണ്ട് എന്നാണ് കണക്കുകൾ കാണിക്കുന്നത്. സ്ത്രീകളുടെ വിദ്യാഭ്യാസത്തെയും ആരോഗ്യത്തെയും, തലമുറകളുടെ ആരോഗ്യത്തെയും സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയെയും ശൈശവവിവാഹം ദോഷകരമായി ബാധിക്കുന്നു. ശിശുമരണങ്ങളും പോഷകാഹാരക്കുറവും ഇത്തരം കുട്ടികളിൽ വ്യാപകമാണ്. പലപ്പോഴും ദാരിദ്ര്യമാണ് ശൈശവവിവാഹത്തിലേക്ക് നയിക്കുന്നത് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അങ്ങേയറ്റം ഇല്ലാതാക്കേണ്ട ഒരു സാമൂഹിക അനാചാരം എന്ന നിലയിൽ നവോത്ഥാന കാലഘട്ടം മുതൽ ഇന്ത്യ എതിർത്തപ്പോഴാണ് ഈ അനാചാരത്തെയും അതിനെ ഇല്ലാതാക്കാനുള്ള നിയമ നിർമ്മാണത്തേയും കാറ്റിൽ പറത്തി ഇന്ത്യ സർക്കാർ സങ്കുചിത താത്പര്യത്തിനു വേണ്ടി ലോകത്തു തന്നെ ശൈശവവിവാഹം ഇല്ലാതാക്കുന്നതിന് ഐക്യരാഷ്ട്ര സഭ കൊണ്ടു വന്ന പ്രമേയത്തെ പിന്താങ്ങാതിരുന്നത്. ഇത് ഇന്ത്യക്ക് വലിയ അപമാനം ഉണ്ടാക്കി. ഇതിനെ തിരുത്തുന്നതിന് ഇന്ത്യൻ സർക്കാർ അടിയന്തിര നടപടി എടുക്കണം.





ഷീബ കെ. എം.

# സ്ത്രീചരിത്രം എഴുതുമ്പോൾ : സ്മാർത്തവിചാരം മുൻനിർത്തിയ അന്വേഷണങ്ങൾ



*സ്ത്രീകൾ വീടിന്റെ സ്വകാര്യ ഇടങ്ങളിലും പൊതുയിടങ്ങളിലും ജീവിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ ചരിത്രത്തിന്റെ പരിഗണനാവിഷയങ്ങളാക്കി മാറ്റാൻ ഈ ശ്രമങ്ങൾക്ക് കഴിഞ്ഞു.*

ആമുഖം

19–ാം നൂറ്റാണ്ടിൽ ഉരുത്തിരിഞ്ഞുവന്ന ആധുനികചരിത്രം എന്ന വിജ്ഞാനശാഖ കഴിഞ്ഞകാലങ്ങളിലെ സ്ത്രീജീവിതങ്ങളെ അടയാളപ്പെടുത്താൻ പ്രാപ്തമല്ല. ഓരോ പ്രദേശത്തിന്റെയും എഴുതപ്പെട്ട ചരിത്രമെടുത്തു പരിശോധിച്ചാൽ നാലായിരത്തിൽപരം വർഷങ്ങളുടെ കാലയളവിൽ വിരലിലെണ്ണാവുന്ന സ്ത്രീകളെപ്പോലും കണ്ടെത്തുക പ്രയാസം. ഈ അഭാവം കേവലം അവഗണനയുടേതല്ല. മറിച്ച് ചരിത്രം എന്ന വിജ്ഞാനശാഖയുടെ ഘടനാപരമായ പരിമിതിയാണ്. ചരിത്രപഠനത്തിന്റെ പ്രമേയവിഷയങ്ങൾ രാഷ്ട്രീയാധികാരവും യുദ്ധങ്ങളും മുൻനിർത്തിക്കൊ ണ്ടുള്ളതാവുന്നിടത്തോളം കാലം സാമൂഹ്യാധികാരം തീരെ കൈയാളാൻ കഴിയാതെ പോയ സ്ത്രീകൾ ചരിത്രത്തിൽ ഇടംനേടുകയില്ലതന്നെ. ചരിത്രമെഴുത്താകട്ടെ നിരന്തരം രേഖകൾ (സ്രോതസ്സുകൾ) ആവശ്യപ്പെടുകയും ചെയ്യുന്നു. ആ നിലയ്ക്ക് ശാസനകളിലൂടെയോ ഔദ്യോഗിക രേഖകളിലൂടെയോ തങ്ങളുടെ അസ്തിത്വങ്ങളെ ഭൂതകാലത്തിൽ അടയാളപ്പെടുത്താൻ കഴിയാതെപോയ സ്ത്രീകൾ ചരിത്രത്തിന്റെ സങ്കല്പങ്ങളിൽ നിന്നുതന്നെ നിഷ്കാസനം ചെയ്യപ്പെടുന്നവരായിത്തീർന്നു. കഴിഞ്ഞ അൻപതുവർഷത്തിന്റെ കാലയളവിലാണ് സ്ത്രീചരിത്രമെഴുതുന്നതിന്റെ സിദ്ധാന്തങ്ങളും (theory) രീതിശാസ്ത്രങ്ങളും (methodology) രീതികളും (methods) വികസിപ്പിച്ചെടുക്കുന്നതിൽ സ്ത്രീപക്ഷവിജ്ഞാനീയം വൻമുന്നേറ്റങ്ങൾ കൈവരിച്ചത്. അങ്ങനെ സാമ്പ്രദായികചരിത്രത്തിന്റെ കേന്ദ്രസ്ഥാനങ്ങളായ രാഷ്ട്രീയം, അധികാരം, യുദ്ധങ്ങൾ തുടങ്ങിയവയിൽനിന്ന് ശ്രദ്ധ സംസ്കാരത്തിലേക്കും ജൈവവും സാമൂഹികവുമായ പ്രത്യുൽപാദനത്തിലേക്കും തിരിഞ്ഞു. സ്ത്രീകൾ വീടിന്റെ സ്വകാര്യ ഇടങ്ങളിലും പൊതുയിടങ്ങളിലും ജീവിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ ചരിത്രത്തിന്റെ പരിഗണനാവിഷയങ്ങളാക്കി മാറ്റാൻ ഈ ശ്രമങ്ങൾക്ക് കഴിഞ്ഞു. കുടുംബം, സദാചാരം, വിവാഹം, ലൈംഗികത തുടങ്ങിയ ആശയങ്ങൾ കഴിഞ്ഞകാലങ്ങളിലെ സ്ത്രീജീവിതങ്ങളിലേക്ക് പ്രവേശിക്കാനുള്ള വാതിലുകളായി വർത്തിച്ചു.

**സ്മാർത്തവിചാരങ്ങൾക്കൊരാമുഖം**

കേരളത്തിൽ ഉരുത്തിരിഞ്ഞുവന്ന ജാതിവ്യവസ്ഥയിൽ നമ്പൂതിരി ബ്രാഹ്മണർക്ക് തൊട്ടുതാഴെയുണ്ടായിരുന്നത് എണ്ണത്തിൽ കുറഞ്ഞ ക്ഷത്രിയരും പിന്നെ ശൂദ്രരായ നായന്മാരുമായിരുന്നു. വൈശ്യജാതി ഇവിടെ ഉണ്ടായിരുന്നില്ല. ജാതിശ്രേണിയെപ്പറ്റി കൂടുതൽ പരാമർശിക്കുകയല്ല ഇവിടെ ലക്ഷ്യം. ജാതിയിൽ ഏറ്റവും ഉയർന്നുനില്ക്കുന്നവർ എന്നു കരുതിപോന്ന നമ്പൂതിരിമാരുടെ ജാതിയെ കാത്തുപോരാൻ ബാധ്യസ്ഥരായിരുന്നവർ വാസ്തവത്തിൽ അവരുടെ സ്ത്രീകളായിരുന്നു. കുലീനയായ സ്ത്രീയുടെ ചാരിത്രശുദ്ധികൊണ്ടു മാത്രം വർണ്ണസങ്കരത്തിനിടവരാതെ സൂക്ഷിക്കപ്പെട്ട ജാതിവ്യവസ്ഥ വാസ്തവത്തിൽ സ്ത്രീശരീരങ്ങൾക്കും ലൈംഗികതയ്ക്കും മേൽ കടുത്ത സമ്മർദ്ദങ്ങൾ ചെലുത്തി. പര

പുരുഷനു മായി ഇടപഴകുന്ന ഭാര്യമാരെ തലമൊട്ടയടിക്കാനും പരസ്യമായി കല്ലെറിയാനും പട്ടിയെക്കൊണ്ട് കടിപ്പിക്കാനുമൊക്കെ അനുശാസിക്കുന്നുണ്ട് മനുസ്മൃതിയും അർത്ഥശാസ്ത്രവുമൊക്കെ. ജാതിയിൽ ഉയർന്നുപോകുന്തോറും സ്ത്രീയുടെ മേലുള്ള അധികാര പ്രയോഗങ്ങളും കടുത്തതായിത്തീർന്നു. ഇത്തരമൊരു സന്ദർഭമാണ് നമ്പൂതിരിമാരുടെയിടയിലുണ്ടായിരുന്ന സ്മാർത്തവിചാരം എന്ന ആചാരം.

വേളികഴിച്ച പുരുഷനോടല്ലാതെ മറ്റാരെങ്കിലുമായി ലൈംഗികബന്ധത്തിലേർപ്പെട്ടുവെന്നു സംശയിക്കപ്പെട്ടാൽ അന്തർജ്ജനങ്ങളെ (നമ്പൂതിരിസ്ത്രീ) അടുക്കളദോഷം ആരോപിച്ച് പൂട്ടിയിടുമായിരുന്നു. ആദ്യം നായർ ദാസികളോട് ദാസീവിചാരം നടത്തി ആരോപണത്തിൽ കഴമ്പുണ്ടോ എന്ന് പരിശോധിക്കും. പിന്നീട് കുടുംബാംഗങ്ങൾ രാജാവിനെ വിവരമറിയിക്കും. സ്മാർത്തൻ എന്ന വേദപണ്ഡിതൻ കൂടാതെ അകക്കോയ്മ, രാജാവിന്റെ പ്രതിനിധിയായി പുറക്കോയ്മ, ഒടുവിൽ ഭ്രഷ്ട് കല്പിച്ചുകൊണ്ട് സ്വരൂപം ചൊല്ലാൻ കുട്ടിപ്പട്ടർ തുടങ്ങി നിരവധിപേർ ചേർന്നാണ് സ്മാർത്തവിചാരം നടത്തുക. ദാസി വഴിയാണ് വിസ്താരം പുരോഗമിക്കുക. കുറ്റാരോപിതയായി സാധനം എന്ന് വിളിക്കപ്പെടുന്ന സ്ത്രീ കുറ്റം സമ്മതിക്കുന്നതുവരെ വിസ്താരം തുടരും. തുടർന്ന് അവളുമായി ബന്ധമുണ്ടായിരുന്ന ആളുകളുടെ പേരുകൾ ചോദിക്കും. ഒടുവിൽ അവളെയും ആ പുരുഷന്മാരെയും ഒന്നിച്ച് ഭ്രഷ്ട് കല്പിച്ച് പടിയടച്ച് പിണ്ഡംവെയ്ക്കും. പിന്നീട് ആ ഇല്ലങ്ങളിലേക്ക് ഇവർക്ക് പ്രവേശനം നിഷിദ്ധമാണ്.

1905 ലാണ് പ്രമാദമായ കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരം നടന്നത്. അതിനുമുൻപും പിൻപും വിചാരങ്ങൾ ഉണ്ടായിട്ടുണ്ട്. അനേകദിവസങ്ങൾ നീണ്ടുനിന്ന സ്മാർത്തവിചാരങ്ങൾ പല ഇല്ലങ്ങൾ മുടിഞ്ഞുപോകാൻവരെ കാരണമായതായി സൂചനകൾ കാണാം. എന്നിരുന്നാൽപോലും ജാതിശുദ്ധി കാത്തുസൂക്ഷിക്കുന്നതിനായി ഈ

*ജാതിയിൽ ഉയർന്നു പോകുന്തോറും സ്ത്രീയുടെ മേലുള്ള അധികാര പ്രയോഗങ്ങളും കടുത്തതായിത്തീർന്നു. ഇത്തരമൊരു സന്ദർഭമാണ് നമ്പൂതിരിമാരുടെയിടയിലുണ്ടായിരുന്ന സ്മാർത്ത വിചാരം എന്ന ആചാരം.*

പ്രക്രിയ നടന്നതായും കാണാം.

കുറിയേടത്ത് താത്രിയുടെ സ്മാർത്തവിചാരം നടന്നിട്ട് ഒരു നൂറ്റാണ്ട് പിന്നിട്ടെങ്കിലും മലയാളിയുടെ സാംസ്കാരിക ഭാവനയിൽ അവർ ഇന്നും ഒരു സജീവസാന്നിധ്യമാണ്. ഇത്രയും നീണ്ട കാലയളവിനുശേഷവും ബാധയൊഴിപ്പിക്കാൻ കഴിയാത്തവിധം കേരളീയരുടെ ബോധ-ഉപബോധ മനസ്സുകളിൽ താത്രി കുടിയിരിക്കുന്നു എന്നതുതന്നെ സത്യം. താത്രിയുടെ ജീവിതത്തെക്കുറിച്ച് പുതുതായി ഒന്നും പറയാനില്ലാതെത്തന്നെ എത്ര എഴുതിയാലും തൃഷ്ണ ശമിക്കാത്തതുപോലെ അവരെക്കുറിച്ച് വീണ്ടും വീണ്ടും ലേഖനങ്ങളും നോവലുകളും പുറത്തുവന്നുകൊണ്ടിരിക്കുന്നു.

**താത്രീവായനകൾ**

താത്രി ജനിച്ച ആറങ്ങോട്ടുകര കൽപ്പകശ്ശേരി ഇല്ലത്തിനോട് ചേർന്നുള്ള കാർത്ത്യായനി ക്ഷേത്രത്തിൽ താത്രിയുടെ ഒരു വെള്ളിരൂപം പ്രതിഷ്ഠിച്ചതായി പറഞ്ഞുകേൾക്കുന്നു. നല്ല നിലാവുള്ള രാത്രികളിൽ നമ്പൂതിരിപുരുഷന്മാരെ വശീകരിച്ച്കൊല്ലാൻ ഇറങ്ങിത്തിരിച്ച യക്ഷിയായും താത്രിയെ ചിത്രീകരിച്ച് കേട്ടിട്ടുണ്ട്. കൽപ്പകശ്ശേരി ഇല്ലത്തെ കൊക്കർണിക്കുളം വൃത്തിയാക്കാനിറങ്ങിയവർക്ക് കടുത്ത ശ്വാസംമുട്ട് അനുഭവപ്പെട്ടുവത്രെ. ചരിത്രസാധുതയോ യുക്തിവിശദീകരണങ്ങളോ ഇല്ലാതെ പ്രചരിക്കുന്ന ഇത്തരം കഥകൾ താത്രിയെ ഒരു മിത്താക്കി മാറ്റുന്നുണ്ട്. ഭയവും യുക്തിവിശദീകരണങ്ങളുടെ സാധ്യതയില്ലായ്മയുമൊക്കെയാണ് മിത്തുകളുടെ സൃഷ്ടിക്ക് അവശ്യഘടകങ്ങളെങ്കിൽ താത്രീസംഭവത്തിന്റെ പശ്ചാത്തലവും ഇതിൽനിന്ന് വിഭിന്നമല്ല.

സാമൂഹ്യവ്യവസ്ഥിതി താത്രിയോട് ഒട്ടും നീതി കാണിച്ചില്ല എന്ന ചരിത്രപരമായ കുറ്റബോധം (historical guilt) പേറുന്ന ഒരു സമൂഹത്തിന് അവരെ ഭയന്നേ പറ്റൂ. ഈ കുറ്റബോധത്തിന് ആക്കം കൂട്ടുന്ന തരത്തിലായിരുന്നുവല്ലോ താത്രീവായനകൾ പുരോഗമിച്ചത്. കുറിയേടത്ത് താത്രിയെ നമ്മുടെ മുൻപിൽ വീണ്ടും കൊണ്ടുവരേണ്ടതുണ്ടെന്നാണ് എം. ഗോവിന്ദൻ പറഞ്ഞത്. താത്രിയെ വീണ്ടും വിചാരണചെയ്യാനല്ല, മറിച്ച് താത്രിയുടെ മുന്നിൽ സ്വയം വിചാരണയ്ക്ക് വിധേയരാകാൻ!

നവോത്ഥാനനായകന്മാർക്ക് നമ്പൂതിരിസമുദായത്തിന്റെ ജീർണ്ണതകളെ പ്രതിഫലിപ്പിക്കാൻ ഇതിലും മെച്ചപ്പെട്ട ഒരു പ്രതീകം കിട്ടുകയില്ലതന്നെ. താത്രികളെ സൃഷ്ടിച്ചുവിടുന്ന നമ്പൂതിരിപുരു ഷന്മാരുടെ പുളപ്പുകൾ പാടേ നീക്കം ചെയ്യാതെ, അന്തർജ്ജനങ്ങൾ അകപ്പെട്ടുപോയ മഹാനരകങ്ങൾ തച്ചുടയ്ക്കാതെ, ആധുനികവൽക്കരിക്കപ്പെട്ട ഒരു സഭ്യസംസ്കാരമായി ഉയരാൻ നമ്പൂതിരിസമുദായത്തിന് കഴിയില്ലെന്ന് പരിഷ്കരണവാദികൾക്ക് സമർഥിക്കാൻ കഴിഞ്ഞു. എന്നിരുന്നാലും നമ്പൂതിരിസമുദായ പരിഷ്കരണങ്ങൾക്ക് വിനിയോഗിക്കപ്പെട്ട താത്രീരൂപം രണ്ടായി വഴിപിരിയുന്നത് കാണാം.(സമുദായപരിഷ്കരണത്തിന്റെ പ്രചരണമാധ്യമങ്ങളായ ഉണ്ണിനമ്പൂ തിരി യിലും യോഗക്ഷേമ ത്തിലും താത്രിയുടെ നാമം അതിന്റെ അഭാവംകൊണ്ട് ശ്രദ്ധേയമാണ്). ലളിതാംബിക അന്തർജ്ജനത്തിന്റെ പ്രതികാരദേവത എന്ന കഥ ബ്രാഹ്മണ്യത്തിന്റെ കുത്സിതരീതികൾ വേശ്യാവൃത്തിയിലേക്ക് തള്ളിയ ഹതഭാഗ്യയായ താത്രിയെ വരച്ചുകാട്ടുന്നു. അന്തർജ്ജനം വളരെ തീക്ഷണമായി താത്രിയുടെ ചെയ്തികളെ പിന്താങ്ങുന്നുണ്ടെങ്കിലും സാമൂഹ്യ പരിഷ്കരണത്തിന്റെ പ്രായോഗിക പരിഗണനയോർത്ത് താത്രിയുടേത് വീരകൃത്യമെങ്കിലും അത് മറ്റ് അന്തർജ്ജനങ്ങളുടെ വിമോചനത്തിന്റെ വഴിയിൽ ഒരു തിരിച്ചടിയായി ഭവിച്ചേക്കാം എന്ന് ആശങ്കപ്പെടു

ന്നുണ്ട്. മാടമ്പ് കുഞ്ഞുകുട്ടന്റെ ഭ്രഷ്ടി ലെ താത്രിയും വ്യവസ്ഥയാൽ ഇരയാക്കപ്പെട്ടവൾ (victim) തന്നെ. എന്നാൽ നമ്പൂതിരിസമുദായ പരിഷ്കരണത്തിന് ചുക്കാൻ പിടിച്ച വി.ടി. ഭട്ടതിരിപ്പാട്, ഇരയാക്കപ്പെട്ടവളായുള്ള താത്രിയുടെ ചിത്രം തന്റെ സങ്കൽപ്പചിത്രവുമായി പൊരുത്തപ്പെടുന്നില്ലെന്നാണ് അഭിപ്രായപ്പെട്ടത്. (വി.ടി. യുടെ സമ്പൂർണ കൃതികൾ, p.626). താത്രിക്കുട്ടി അക്കാലത്ത് നിലനിന്നിരുന്ന പുരുഷമേധാവിത്വത്തിന്റെ ലൈംഗികമായ അരാജകത്വത്തിന്നെതിരെ അതേ ആയുധംകൊണ്ട്, ബോധപൂർവം ചെയ്ത സമരമായിരുന്നുവെന്ന് സമർഥിക്കാം എന്നാണ് അദ്ദേഹം പറയുന്നത് (ibid., p. 627). താത്രി നടത്തിയത് വ്യഭിചാരമാണെന്നുള്ളതിൽ സംശയമില്ലാത്ത വി.ടി. പക്ഷേ, അതിന് സമൂഹമധ്യേ ന്യായീകരിക്കാൻ വേണ്ട വാദമാണ് നിരത്തിയതെന്ന് വ്യക്തം. കാമം, പണം, പ്രതിക്രിയ എന്നിങ്ങനെ വ്യഭിചാരത്തിനുള്ള മൂന്ന് കാരണങ്ങളിൽ കാമവും പണവും അല്ല താത്രിയെ പ്രേരിപ്പിച്ചതെന്ന് തീർപ്പ് കൽപ്പിക്കുന്ന വി.ടി. പ്രതിഷേധ മനഃസ്ഥിതിയാണ് അവരെ ഇതിന് പ്രേരിപ്പിച്ചതെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു (ibid., p. 627). ഇടതുപക്ഷ സഹയാത്രികനായ കെ.ഇ എന്നും പിന്തുടരുന്നത് ഇതേ ന്യായമാണെന്നത് ശ്രദ്ധേയമാണ്: പീഡിപ്പിക്കപ്പെട്ട ഒരു സ്ത്രീ നടത്തിയ സാംസ്കാരിക ചെറുത്തുനിൽപ്പായിരുന്നു അതെന്ന് ഊഹിക്കാൻ കഴിയും. (കെ.ഇ.എൻ-വരേണ്യ നവോത്ഥാനത്തിന്റെ അതിരുകൾ, നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം, കേരള സാഹിത്യ അക്കാദമി, പേജ് 60). ഇങ്ങനെ ഒന്നുകിൽ സ്ത്രീവിരുദ്ധമായ സാമൂഹ്യവ്യവസ്ഥിതിയുടെ ഇരയായോ അതല്ലെങ്കിൽ സ്വന്തം ശരീരംകൊണ്ട് ചൂഷണത്തെ ധീരധീരം ചെറുക്കുന്ന വീരയായോ താത്രി ഒരു പ്രതികാരബിംബമായി മാറി. ഇതാണ് താത്രിയുടെ ഏറ്റവും പ്രചാരമുള്ള പ്രതിനിധാനം. എം.ഗോവിന്ദൻ പറയുന്നു,

തന്നെ അപമാനിച്ച പുരുഷമേധാവിത്വത്തിന്നെതിരായ എതിർപ്പാണ് അവളെക്കൊണ്ട് അങ്ങനെയൊക്കെ ചെയ്യിച്ചത്. തീ തിന്നുതിന്ന് വളർന്നവൾ തീനാളമായി ചുട്ടെരിക്കാൻ പുറപ്പെട്ട കഥയാണ് താത്രിയുടേത്. ഇതാണ് താത്രി എന്ന ശക്തി. ആ പ്രതികാരം ആത്മീയസിദ്ധിയാക്കാൻ പുതിയ അനുഭവം അവൾക്കൊത്താശ നൽകി . (എം ഗോവിന്ദന്റെ ഉപന്യാസങ്ങൾ, p. 695). കാലാന്തരത്തിന്റെ കലാപകാരിയായിത്തീർന്ന കുറിയേടത്ത് താത്രിയുടെ കഥ പുതിയ നമ്പൂതിരി സമുദായത്തിന്റെ കഥയും വ്യഥയുമായത് ചെറുതായ കാര്യമല്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം (ibid., p. 732).

കെ.ബി. ശ്രീദേവിയുടെ യജ്ഞത്തിലായാലും ഭ്രഷ്ട്, മാറാട്ടം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങളിലായാലും രംഗാവതരണം നടന്നിട്ടുള്ള രണ്ട് താത്രിനാടകങ്ങളിലായാലും ഈ പ്രതികാരബിംബം ആവർത്തിച്ചുവരുന്നു. ആലങ്കോട് ലീലാകൃഷ്ണൻ നാല് ഭാഗങ്ങളിലായി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (1997 നവംബർ 21 മുതൽ ഡിസംബർ 27 വരെ) എഴുതിയ ലേഖനവും താത്രിയെ മറ്റൊരു വായനയ്ക്ക് വിധേയമാക്കുന്നില്ല. 2000-ൽ പുറത്തിറങ്ങിയ നന്ദന്റെ കുറിയേടത്ത് താത്രി എന്ന നോവൽ ചരിത്രരേഖകൾ പരിശോധിച്ചിട്ടുണ്ടെന്ന അവകാശവാദംകൊണ്ട് മുൻ താത്രിവായനകളിൽനിന്നും വ്യത്യസ്തത അവകാശപ്പെടുന്നുണ്ടെങ്കിലും ചരിത്രവസ്തുതകളെ പാടേ നിരാകരിച്ച് താത്രിയെ വീണ്ടും പ്രതികാരസ്വരൂപത്തിൽ തളച്ചിടുകയാണ് ചെയ്തത്.

പേർത്തും പേർത്തുമുള്ള വായനകൾക്ക് താത്രി വിധേയയായതെന്തുകൊണ്ടാവാം എന്നാലോചിക്കേണ്ടതുണ്ട്. താത്രിയുടെ ജീവിതാഖ്യാനത്തിലെ ലൈംഗികവേഴ്ച മാറ്റിനിർത്തിയാൽ അവർ ഇത്രമാത്രം ശ്രദ്ധിക്കപ്പെടുമായിരുന്നുവോ എന്ന് സംശയം. നമ്പൂതിരി സമുദായത്തിന് താത്രിയുടെ സാന്നിധ്യം ഒരു ഉണങ്ങാത്ത മുറിവായി. ആടിയുലഞ്ഞ അഭിനിവേശത്തിന്റെ തലങ്ങളെ പ്രതികാരമായി വഴിതിരിച്ചുവിട്ട് ചിത്രീകരിച്ചതോടെ അവരുടെ ലൈംഗികതയെ നിലനിൽക്കുന്ന സാമൂഹ്യ സദാചാരബോധത്തിന്റെ വരുതിയിൽ കൊണ്ടുവരാൻ താരതമ്യേന എളുപ്പമായി. താത്രി തനിക്കുണ്ട് എന്നു സമ്മതിച്ച ബന്ധങ്ങൾ മുഴുവൻ നടന്നവയായിരിക്കണമെന്നില്ലെന്ന് വി.ടി. പോലും അഭിപ്രായപ്പെടുന്നതിതുകൊണ്ടാണ്. സ്മാർത്തന് നൽകാൻ നമ്പൂതിരിമാരുടെ ശരീരാടയാളങ്ങൾ കണ്ടെത്താനായി ദാസിമാരെ പകരം പറഞ്ഞയിച്ചിട്ടുണ്ടാവണമെന്നാണ ദ്ദേഹം സൂചിപ്പിക്കുന്നത് (വി.ടി.ഭട്ടതിരിപ്പാട്, op.cit., p. 627). താത്രിയുടെ ദാസി മാധവിയുടെ പേരമരുമകൻ പാറെക്കാട്ട് കുന്ദരുനായർ പറയുന്നത് താത്രി പേരെടുത്ത് പറഞ്ഞ 64 പേരും നിരപരാധികളാണെന്നാണ്. നമ്പൂതിരിമാരെ തോൽപ്പിക്കാൻ രാജാവ് ശ്രമിച്ചതിൽ താത്രിയെ കരുവാക്കിയതായിരിക്കണം എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. 64 കലകൾ, 64 അനാചാരങ്ങൾ, 64 നമ്പൂതിരിഗ്രാമങ്ങൾ എന്നീ ഉദാഹരണങ്ങൾ നിരത്തി 64 ഒരു പ്രതീകാത്മക സംഖ്യയാണെന്നു കാണിച്ച്, സമുദായത്തോട് പ്രതികാരം ചെയ്യാൻ താത്രി 64 പേരെ എടുത്തുപറഞ്ഞിട്ടുണ്ടാവണം എന്നാണദ്ദേഹം പറഞ്ഞത്. . 64 ബന്ധങ്ങളിലും സന്തതികൾ ജനിക്കാത്ത താത്രിക്ക് പിന്നീടെങ്ങനെ കുട്ടികളുണ്ടായി എന്നാണദ്ദേഹം ചോദിക്കുന്നത് (സ്മാർത്തവിചാരശേഷം ഭ്രഷ്ടാക്കപ്പെട്ട താത്രി പിന്നീട് വിവാഹിതയായി കുട്ടികളെ പ്രസവിച്ച് കുടുംബജീവിതം നയിച്ചു എന്നൊരു കഥയുമുണ്ട്). എം. ഗോവിന്ദൻ മാത്രമാണ് കാവുങ്കൽ ശങ്കരപ്പണിക്കരുമായുള്ള താത്രിയുടെ ബന്ധം പരാമർശിക്കുമ്പോൾ കലയും കാമവും തമ്മിൽ ബന്ധിപ്പിച്ച് കാമാസക്തി സൗന്ദര്യബോധമായി അവരിൽ ഉണർത്തിയതാണ് കീചകപ്പണിക്കർ ചെയ്ത കുറ്റമെന്ന് അഭിപ്രായപ്പെടുന്നത് (എം.ഗോവിന്ദന്റെ ഉപന്യാസങ്ങൾ, p. 694).

പ്രതിനിധാനത്തിന്റെ സ്വഭാവവിശേഷങ്ങൾ ഇങ്ങനെയെക്കെയാവുമ്പോൾ പിന്നെ ചരിത്രസത്യങ്ങൾ അന്വേഷിക്കാവുന്നത് ഒരു ജനതയുടെ ഓർമശേഖരത്തിൽ നിന്നുമാണ്. ആറങ്ങോട്ടുകര മുതൽ ചെമ്മന്തിട്ടവരെയോ പൊന്നാനി മുതൽ തലപ്പിള്ളി താലൂക്ക് വരെയോ അന്വേഷിച്ചു ചെല്ലുമ്പോഴാകട്ടെ താ

ത്രിയെക്കുറിച്ച് ഘടനാഭദ്രമായ ഒരു സമ്പൂർണാഖ്യാനം ലഭ്യമാകും. ഈ ആഖ്യാനമാകട്ടെ മാടമ്പ് കുഞ്ഞുകുട്ടന്റെ ഭ്രഷ്ടുമായി അടുത്ത ബന്ധം പുലർത്തുന്നതാണ്. (ഈ നോവൽ ചരിത്രസംഭവങ്ങളെ മുൻനിർത്തി എഴുതിയിട്ടുള്ള തികച്ചും കാൽപ്പനികമായ ഒരു സൃഷ്ടിയാണെന്ന് മാടമ്പ് തുറന്നു സമ്മതിക്കുന്നുണ്ട്.) കഥയും കാൽപ്പനികഭാവനകളും കാലക്രമത്തിൽ ഒരു പ്രദേശത്തിന്റെ ചരിത്രയാഥാർഥ്യങ്ങളായി പുനരാവിഷ്ക്കരിക്കപ്പെട്ടതിന്റെ ദൃഷ്ടാന്തമായി ഇതിനെ കാണാം.

കുറിയേടത്ത് താത്രിയുടെ പേരെടുത്ത് പറയുകയോ സ്വപ്നത്തിൽപോലും അവരെ ദർശിക്കുകയോ ചെയ്യാൻ പാടില്ലായിരുന്ന സദാചാരത്തിന്റെ കാലസന്ദർഭങ്ങൾ താത്രിയെ വിസ്മൃതിയിലേക്കാഴ്ത്തിയതുകൊണ്ടാവാം അവർ കാൽപ്പനിക കഥകളിലൂടെ സ്മരിക്കപ്പെടുന്നത്. പലതവണ ഉഴുതുമറിച്ച ചെമ്മന്തിട്ട കുറിയേടത്ത് ഇല്ലപ്പറമ്പും വിജനമായ ആറങ്ങോട്ടുകര കൽപ്പകശ്ശേരി ഇല്ലപ്പറമ്പും തെളിവുകൾ പോലും അവശേഷിപ്പിക്കാതെ നിലകൊള്ളുകയാണ്. നീണ്ട് കറുത്ത തലമുടിയുള്ള, കഥകളിപ്പദങ്ങൾ ഉച്ചത്തിൽ പാടുന്ന, താമരപ്പൂപോലെ കണങ്കാലുള്ളവളായി താത്രിയെ കണ്ട പത്തുവയസ്സുകാരന്റെ ഓർമ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് പങ്കുവെച്ചത് മാടമ്പ് കുഞ്ഞുകുട്ടൻ സ്മരിക്കുകയുണ്ടായിട്ടുണ്ട്. മഥിപ്പിക്കുകയും മോഹിപ്പിക്കുകയും ഒപ്പം ഭയപ്പാടുളവാക്കുകയും ചെയ്യുന്ന പ്രഹേളികയായി അവശേഷിച്ച താത്രിയെ നിർമിക്കാൻ ഇത്തരം ചിത്രശകലങ്ങൾ മാത്രമേ അവശേഷിച്ചുള്ളു എന്നത് വാസ്തവം. ഒരു തലമുറയുടെ സ്ത്രീസൗന്ദര്യസങ്കൽപ്പങ്ങളുടെ മൂർത്തിമദ്ഭാവമായി വെള്ളിത്തിരയിൽ നിറഞ്ഞുനിന്ന ഒരു പഴയകാല നടി താത്രിയുടെ പേരക്കുട്ടിയാണെന്ന് ഒരു കഥ പ്രചാരത്തിലുണ്ടായിരുന്നു. ഇങ്ങനെ ഒരു നടിയുടെ രൂപത്തിൽ താത്രിയുടെ ശരീരഘടന മലയാളി തന്റെ ലൈംഗികകൽപ്പിതചിത്രങ്ങളിൽ (sexual fantasy) പതിപ്പിച്ചതുകൂടിയാവാം ഈയൊരു കഥയുടെ ഉറവിടം.

**സ്മാർത്തവിചാര വിചാരങ്ങൾ**

1905ലെ സ്മാർത്തവിചാരം പല കാരണങ്ങൾകൊണ്ടും വ്യത്യസ്തമായിരുന്നു. ഇത്തരം വിചാരങ്ങൾ രേഖപ്പെടുത്തുന്ന പതിവ് തീരെയില്ലായിരുന്നു. കൂടിയാൽ ചില കുടുംബരേഖകളിൽ നിന്നോ സ്വത്തവകാശം, ക്രിയാകർമങ്ങൾ തുടങ്ങിയ സംഗതികളുമായി ബന്ധപ്പെട്ട രേഖകളിലോ അടങ്ങിയ ആനുഷംഗികമായ പരാമർശങ്ങളിൽ നിന്നോ മാത്രമാണ് ഇതിനുമുമ്പ് സ്മാർത്തവിചാരസംബന്ധിയായ തെളിവുകൾ ലഭ്യമായിരുന്നത്.

19–ാം നൂറ്റാണ്ടിൽ കേരളത്തിൽ കൊളോണിയൽ ഭരണക്രമങ്ങളുടെ ക്രമേണയായുള്ള സ്ഥാപനപ്രക്രിയയുടെ ഭാഗമായി പാരമ്പര്യ നീതിന്യായവ്യവസ്ഥകൾ സാരമായ പൊളിച്ചെഴുത്തുകൾക്ക് വിധേയമായി. അടുക്കളദോഷം ആരോപിക്കപ്പെട്ട സ്ത്രീകൾ പറഞ്ഞ പേരുള്ള ആളുകളെ ഈ പറച്ചിലിന്റെ ബലത്തിൽ മാത്രം ഭ്രഷ്ടാക്കുന്നത് നിർത്തിവെക്കണമെന്ന ആവശ്യം പരക്കെ നമ്പൂതിരിസമുദായത്തിൽനിന്നും ഉന്നയിക്കപ്പെട്ടു. ഇല്ലംവക സ്വത്തുക്കൾ ഭാഗം വെക്കുകയും വ്യക്തിഗത സ്വത്തവകാശം പ്രബലമായി വരുകയും ചെയ്യുന്ന കാലത്ത് ഭ്രഷ്ടന് സ്വത്തവകാശംപോലും നിഷേധിക്കപ്പെടുന്ന അവസ്ഥ സമുദായാംഗങ്ങൾക്ക് സ്വീകാര്യമായിരുന്നില്ല. കുറ്റം ചുമത്തപ്പെട്ടവർക്കും തങ്ങളുടെ പക്ഷം പറയാൻ അവസരം നൽകുന്ന ബ്രിട്ടീഷ് നീതിന്യായ വ്യവസ്ഥയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അതുപോലുള്ള അവസരം സ്മാർത്തവിചാരങ്ങളിലും നൽകേണ്ടതാണെന്നിവർ കുറിയേടത്ത് താത്രിയുടെ വിചാരത്തിൽ അപേക്ഷിച്ചു.ഇതുസംബന്ധിച്ച് സമർപ്പിക്കപ്പെട്ട ഹർജിയിൽ തീർപ്പുകൽപ്പിച്ചുകൊണ്ട് കൊച്ചി രാജാവ് രാമവർമ സ്മാർത്തവിചാരത്തിനോടൊപ്പം ഒരു പുരുഷവിചാരവും നടത്താൻ വിധിച്ചു. അങ്ങനെ 1905–ൽ നടന്ന സ്മാർത്തവിചാരത്തിൽ രാജാവ് സ്വന്തം പ്രതിനിധിയായി പുറക്കോയ്മയെ അയയ്ക്കുകയും സ്മാർത്തൻ ജാതവേദൻ നമ്പൂതിരിയോട് വിചാരം രേഖപ്പെടുത്താൻ ആവശ്യപ്പെടുകയും ചെയ്തു.

1905 ജൂലായ് മാസത്തിൽ 23 വയസ്സ് പ്രായമുള്ള കുറിയേടത്ത് താത്രി ഇരിങ്ങാലക്കുടയിൽനിന്ന് തീവണ്ടിമാർഗം എറണാകുളം വരെ വരികയും അതിനുശേഷം തൃപ്പൂണിത്തുറ കുന്നുമ്മൽ ബംഗ്ലാവിൽ (Hill Palace)വെച്ച് വിസ്തരിക്കപ്പെടുകയുമുണ്ടായി. രാജാവിന്റെ മുൻകൈയിൽ കുറ്റമാരോപിക്കപ്പെട്ട 65 പേർക്കും (വേളി കഴിച്ച രാമൻ നമ്പൂതിരിയും മറ്റ് 64 പേരും) നീട്ടുകളയയക്കുകയും ചെയ്തു. ദീനമായിരുന്ന പരതയിൽ ശ്രീധരൻ നമ്പൂതിരി, ദേശാന്തരം പോയ ആറങ്ങോട്ട് വാരിയത്തെ ശേഖരവാരിയർ, ബ്രിട്ടനിലുള്ള പുഷ്പകത്ത് കുഞ്ഞിരാമൻ നമ്പ്യശ്ശൻ, മരിച്ചുപോയ തോന്നല്ലൂർ കൃഷ്ണവാരിയർ, ഞാറക്കാട്ട് അച്യുപ്പിഷാരടി എന്നിവരൊഴിച്ച് ബാക്കി 60 പേരും ഹാജരായിരുന്നു. ക്രോസ് വിസ്താരമല്ല ഉദ്ദേശിക്കുന്നതെന്നും സാധനം പറഞ്ഞതിന്നെതിരായി തങ്ങൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അതിനുള്ള അവസരമായി ഇതിനെ കണക്കാക്കണമെന്നുമായിരുന്നു രാജകൽപ്പന. വിചാരണയിൽ കുറ്റം എല്ലാവരും ഐകകണ്ഠേന നിഷേധിച്ചു. ഒരാൾ മാത്രം ബന്ധമുണ്ടായി എന്നാരോപിക്കപ്പെട്ട കാലത്ത് തനിക്ക് പ്രായപൂർത്തിയായിരുന്നില്ലെന്ന് വാദിക്കാൻ ശ്രമിച്ചു. ഇത് പക്ഷേ അയാൾക്ക് ലൈംഗികശേഷിയില്ലായിരുന്നു എന്നു തെളിയിക്കാൻ പോന്ന തെളിവല്ലെന്നു പറഞ്ഞ് സ്മാർത്തൻ തള്ളിക്കളഞ്ഞു. ബ്രിട്ടീഷ് നീതിന്യായക്രമങ്ങളുടെ രീതികളും സാധ്യതകളുമറിയാത്ത ഇവരിൽ പലരും സ്വന്തം നിരപരാധിത്വം തെളിയിക്കാൻ ശ്രമിച്ചത് ഭൂമി കൈവശാവകാശത്തിന്റെയും നെല്ലിന്റെയും മറ്റും ആദായരേഖകൾ നിരത്തിയാണ്. 65 പേരും താത്രിക്കൊപ്പം ഭ്രഷ്ടാവുകയും ചെയ്തു.

**താത്രീമൊഴികൾ**

സ്മാർത്തവിചാരത്തിൽ പുരുഷവിചാരം കൂടി ഉൾപ്പെടുത്തിയതോടെ താൻ പേര് പറഞ്ഞിട്ടുള്ള 64 വ്യക്തികളുമായുണ്ടായ ബന്ധങ്ങളുടെ വിശദാംശങ്ങൾ താത്രി തന്റെ മൊഴിയിൽ രേഖപ്പെടുത്തുക

വേണ്ടിവന്നു. അങ്ങനെ ഓരോ പുരുഷനുമായി ബന്ധപ്പെട്ട നാളും മാസവും ആണ്ടും സമയവും സന്ദർഭവും സ്ഥലവുമെല്ലാം താത്രി വ്യക്തമാക്കുന്നുണ്ട്. ഇവയെല്ലാം ചേർത്തുവെച്ച് താത്രിയുടെ ആത്മകഥാഖ്യാനമായി വായിച്ചെടുക്കാവുന്നതാണ്. തീണ്ടാരിയായതും വേളിനടന്നതും അമ്മയുടെ പ്രസവം, ചേച്ചിയുടെ പ്രസവം, അടുത്തുള്ള ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ, കഥകളിസദസ്സുകൾ, ഉപനയനങ്ങൾ, ചോറൂണ് എന്നിങ്ങനെ ഒരുപാട് സാമൂഹ്യ സന്ദർഭങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട് താത്രിയുടെ മൊഴിയിൽ. പതിനൊന്നാം വയസ്സിൽ പ്രായപൂർത്തിയാവുന്നതിനും മുൻപ് താത്രി ആദ്യമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് 50 വയസ്സുള്ള കുറിയേടത്ത് നമ്പ്യാത്തൻ മൂസ്സുമായാണ്. ഈ നമ്പ്യാത്തൻ മൂസ്സിന്റെ അനുജനായ രാമൻ നമ്പൂതിരിയാണ് താത്രിയെ പിന്നീട് വേളി കഴിച്ചത്. നമ്പൂതിരിസമ്പ്രദായങ്ങൾ അനുജന്മാർക്ക് (കനിഷ്ഠന്മാർ) വേളി വിധിക്കുന്നില്ലെങ്കിലും ഈ വേളി ജ്യേഷ്ഠനായ നമ്പ്യാത്തൻ മൂസ്സിന്റെ താത്പര്യപ്രകാരമായിരുന്നു എന്നൊരു വാദമുണ്ട്.

താത്രിയെ സംഗീതം പഠിപ്പിച്ചിരുന്ന പുഷ്പകത്ത് നാരായണൻ നമ്പ്യശ്ശൻ താത്രിക്ക് നമ്പ്യാത്തനുമായുള്ള ബന്ധത്തെക്കുറിച്ച് സംശയിച്ച് അതേക്കുറിച്ച് ചോദിച്ചു. താത്രി പറയുന്നു : ഗുരുനാഥനായതുകൊണ്ട് ഞാൻ സത്യം പറഞ്ഞു.... ഒരു ദിവസം കുളപ്പുരയിൽ മാറി ഉടുക്കാൻ ചെന്നസമയം നമ്പ്യശ്ശൻ അവിടെ വരികയും തനിക്കും സംസർഗത്തിന് മോഹമുണ്ടെന്ന് പറയുകയും ചെയ്തു. അപ്പോൾത്തന്നെ അവിടെവെച്ച് സാധിച്ചുകൊടുക്കുകയും ചെയ്തു.... (സ്മാർത്തവിചാരം രേഖകൾ, ഇനി സ്മ.രേ.)

അമ്മാമനായ ഓക്കി ഇല്ലത്ത് ഇട്ടീരി നമ്പൂതിരി വഴിയാണ് താത്രി അകഴി നരസിംഹൻ നമ്പൂതിരിയുമായി ബന്ധപ്പെടുന്നത്. പിന്നീട് ഈ അമ്മാവനും താത്രിയുമായി ബന്ധമുണ്ടാവുന്നുണ്ട്. ഒരു വേളിക്ക് പോകുമ്പോൾ അണിയാനുള്ള പണ്ടം അമ്മാമന്റെ ശുപാർശപ്രകാരം അകഴി ഇല്ലത്തുനിന്ന് താത്രിക്ക് കിട്ടി. എന്നാൽ വേളിക്ക് പോയിട്ട് മടങ്ങിവന്ന ഉടനെ അദ്ദേഹത്തിന് സംസർഗത്തിന് മോഹമുള്ളത് സാധിച്ചുകൊടുക്കണം എന്ന് അമ്മാമൻ ഇട്ടീരി പറഞ്ഞു. പണ്ടം തരികയും ചെയ്തു....അകഴിയായിട്ടുള്ള സംസർഗം എവിടെവെച്ച് വേണമെന്ന് തീർച്ചയാക്കിത്തന്നാൽ അതുപോലെ കഴിച്ചുകൊള്ളാമെന്നു ഞാൻ അമ്മാമനോട് പറഞ്ഞു. അദ്ദേഹം നമ്പൂതിരിയോട് ചോദിച്ചിട്ട് പുറത്തളത്തിൽ വെച്ച് ആവാമെന്നു പറഞ്ഞു. ഞാൻ അന്നു തെക്കിനിയിൽ കിടന്നിരുന്നു. അവിടെത്തെ കിടാങ്ങളും ഒരുമിച്ച് കിടന്നിരുന്നു. വെളുപ്പാൻകാലം സമയത്ത് പുറത്തളത്തിൽ നിന്ന് വാതിൽ തുറന്നുകൊള്ളാം. അപ്പോൾ അവിടെ വന്നാൽ മതിയെന്ന് അകഴി പറഞ്ഞതായി അമ്മാമൻ പറഞ്ഞിട്ടുണ്ടായിരുന്നു. വെളുപ്പാൻ 5–6 നാഴികയുള്ളപ്പോൾ അകഴി പുറത്തളത്തിന്റെ വാതിൽ തുറന്നു. ഞാൻ പുറത്തളത്തിലേക്കു ചെന്നു. സംസർഗം ഉണ്ടായി. അകഴി എഴുന്നേറ്റു പോയി. ഞാൻ തെക്കിനിയിൽ ചെന്നുകിടന്നു .(സ്മ.രേ.)

കളിക്കൂട്ടുകാരനായിരുന്ന മുണ്ടയൂർ മാധവൻനമ്പൂതിരി സ്വന്തം വീട്ടുകാരുടെ വിരോധത്തെ വകവെക്കാതെ കല്പകശ്ശേരി കിഴക്കെ വാരിയത്തെ വാരസ്യാരുമായി തുടർന്ന ബന്ധത്തെക്കുറിച്ച് ഒരിക്കൽ ചോദിക്കുകയായിരുന്നു താത്രി.
വാരിയത്തേക്ക് പോകുന്നതിനെപ്പറ്റി ഞാൻ മാധവനോട് നേരം പോക്കായി ചോദിക്കുകയുണ്ടായി. അതിനെപ്പറ്റി മാധവൻ മറുപടി പറഞ്ഞുവരുന്ന സമയം ദേശമംഗലത്തെ വാസുദേവൻ നമ്പൂതിരി മുതൽ പേരായിട്ടുള്ള എന്റെ നടപടികളെപ്പറ്റി ഇങ്ങോട്ടും അയാൾ ചോദിച്ചു. ഞാൻ സമ്മതിക്കുകയും ചെയ്തു. അപ്പോൾ അവരെപ്പോലെ തന്റെ അപേക്ഷയും സാധിച്ചുകൊടുത്താൽ താനും വാരിയത്തേക്ക് പോകുന്നതല്ലെന്ന് മാധവൻ മറുപടി പറഞ്ഞു. ഇങ്ങനെയാണ് ആദ്യം സംസർഗത്തിന് അപേക്ഷിപ്പാൻ എടവന്നത്. ഞാൻ സമ്മതിക്കുകയും ചെയ്തു... (സ്മ. രേ.)

ജ്യേഷ്ഠത്തിയെ വേളികഴിച്ച പാലത്തോൾ ഇട്ടീരി നമ്പൂതിരിയായിരുന്നു മറ്റൊരാൾ. തൃശ്ശൂർ പൂരം കഴിഞ്ഞു മടങ്ങിയ ഇട്ടീരി കൊണ്ടുവന്ന ഒരു പട്ടുകര പുടവ വേണമെന്നു മറ്റൊരു സ്ത്രീവഴി താത്രി അറിയിച്ചതിൽ നേരിട്ട് ചോദിച്ചാൽ തരാമെന്നായി ഇട്ടീരി. പിന്നീട് ഇട്ടീരിയെ കണ്ടപ്പോൾ ഇതോർമ്മിപ്പിച്ചപ്പോൾ പുടവ തരാമെന്നു സമ്മതിക്കുകയും തനിക്ക് സംസർഗത്തിനുള്ള അപേക്ഷ അറിയിക്കുകയും ചെയ്തു. ഞാൻ സമ്മതിച്ചു. വടക്കെ അറയിലാണു കിടക്കുന്നതെന്നും അവിടെ വന്ന് അറിയിച്ചാൽ ഞാൻ പുറത്തുവരാമെന്നും പറഞ്ഞു. അതുപ്രകാരം കിളിവാതിലിന്റെ അടുക്കൽ വന്ന ഇട്ടീരി എത്തിയ വിവരം അറിയിക്കുകയും ഞാൻ പുറത്തുവരികയും എറയത്തുവെച്ചു സംസർഗം ഉണ്ടാകുകയും ചെയ്തു. പുറത്തേക്കു വന്നത് എടനാഴിയിൽ ഒരു സ്ത്രീ കിടന്നിരുന്നതുകൊണ്ടാണ് . (സ്മ. രേ.)

താത്രി പേരുവിളിച്ചു പറഞ്ഞവരുടെ കൂട്ടത്തിൽ അച്ഛനായ കല്പകശ്ശേരി അഷ്ടമൂർത്തി നമ്പൂതിരിയുമുണ്ടായിരുന്നു. താത്രിക്ക് 18 വയസ്സുള്ളപ്പോൾ വേളി നടക്കുന്നതിനു തൊട്ടുമുമ്പായിരുന്നു ഇത്. അമ്മ അനിയത്തി നങ്ങയ്യയെ പ്രസവിച്ചുകിടക്കുമ്പോൾ അച്ഛന് കൂടെക്കൂടെ വരാറുള്ള വയറുവേദനയ്ക്ക് ആശ്വാസം പകരാൻ തിരുമ്മിക്കൊടുക്കാൻ പോയതാണ്. താത്രി പറയുന്നു, കല്പകശ്ശേരി ഇല്ലത്തെ അഷ്ടമൂർത്തി നമ്പൂതിരിയായിട്ട് സംസർഗം ഉണ്ടായിട്ടുണ്ട്. ഇദ്ദേഹം എന്റെ അച്ഛനാണ്. രണ്ടു പ്രാവശ്യം ഉണ്ടായിട്ടുണ്ട്. ആദ്യം ഉണ്ടായത് തെക്കിനിയുടെ കിഴക്കെ അറ്റത്ത് അച്ഛൻ കിടക്കുന്ന അകത്തുവെച്ചാണ്. 1075 മകരത്തിൽ ആണ്. 75 എടവത്തിൽ ആണ് എന്റെ വേളി. അതിനു മുൻപിലത്തെ മകരത്തിലാണെന്നാണ് ഓർമ. അമ്മ നങ്ങയ്യ എന്ന കുട്ടിയെ പ്രസവിച്ചു കിടക്കുമ്പോൾ.... (സ്മ. രേ.)

താത്രിയുടെ ചെറിയമ്മയുടെ മകനായ 17 വയസ്സുകാരൻ കല്പകശ്ശേരി നാരായണൻ നമ്പൂതിരിയുടെ സ്ത്രീ വിഷയനടപടികൾ ഇല്ലത്ത് പ്രതിഷേധമുണ്ടാക്കുകയായിരുന്നു. നാരായണനെ ഗുണദോഷിക്കാൻ അമ്മ താത്രിയോട് ആവശ്യപ്പെട്ടു.

ഞാൻ അപ്രകാരം പറഞ്ഞുനോക്കി. അയാൾ കൂട്ടാക്കിയില്ലാ. അതുനിമിത്തം രണ്ടുപേരും തമ്മിൽ മുഷിഞ്ഞു. ഞാൻ കുറിയേടത്തേക്ക് പോയ്ക്കളയാമെന്ന് അമ്മമാരോട് പറഞ്ഞു. അവർക്ക് അത് രസമായില്ല. തമ്മിൽ സന്ധിപറഞ്ഞ് മുഷിച്ചൽ തീർപ്പിച്ചു. പിന്നെ രണ്ടുമൂന്നു ദിവസം ഞാൻ അയാളോടു അയാളുടെ നടപടിയെപ്പറ്റി ഗുണദോഷം പറഞ്ഞു. അയാൾ അതിനെ സമ്മതിച്ചില്ല... നാരായണൻ ദേശാന്തരം പോയ്ക്കളയുമെന്നു ഭീഷണിപ്പെടുത്തിയപ്പോൾ ഞാൻ അങ്ങനെ ചെയ്യരുതെന്നും അച്ഛനെ നോക്കാനും മറ്റും ആൾ ഉണ്ടാകുന്നതല്ലെന്നും ഗുണദോഷം പറഞ്ഞു. അത് ഒന്നും അയാൾ കൂട്ടാക്കിയില്ല. രണ്ടുപേരുടെയും ബുദ്ധിമോശംകൊണ്ട് അന്ന് രാത്രി സംസർഗത്തിന് എടയായി. പിന്നെ വിഷുദിവസം ഉണ്ടായതാണ്. പിന്നെ എടവത്തിൽ ഞാൻ കുറിയേടത്തേക്ക് പോകയും ചെയ്തു. എന്റെ നടപ്പുസ്ഥിതിയെപ്പറ്റി കുംഭത്തിൽ പരസ്യമായത് താൻ അറികയാൽ ഇനി വിചാരമോ മറ്റോ ഉണ്ടായാൽ താൻ ഇവിടെ ഇരുന്നിട്ട് സാധ്യമില്ലല്ലോ എന്നു പറഞ്ഞാണ് താൻ ദേശാന്തരം പോവാൻ ഭാവിക്കുന്നതെന്ന് മാധവൻ (മുണ്ടയൂർ) നാരായണനോട് പറഞ്ഞതായിട്ടാണ് നാരായണൻ എന്നോടു പറഞ്ഞത്. ഇനിക്ക് നാരായണനായിട്ട് ലവലേശം മുഷിച്ചിലിനു വഴിയില്ല. വളരെ സ്ഥായിയായിട്ടാണ് ഞാൻ പറയുന്നത്. സത്യമായിട്ടുള്ളതാണെന്നുള്ളതിലേക്ക് ഈശ്വരൻ തന്നെയാണ് സാക്ഷി. (സ്മ. രേ.)

കഥകളിയിൽ തികഞ്ഞ ഭ്രമമായിരുന്നു താത്രിക്ക് എന്നു വ്യക്തമാക്കുന്ന അനേകം സൂചനകളുണ്ട്. അന്തഃപ്പുരങ്ങളിൽ ഒതുങ്ങിക്കഴിയാൻ വിധിക്കപ്പെട്ട അന്തർജ്ജനങ്ങളുടെ പതിവു ചിത്രങ്ങൾക്ക് വിപരീതമായി പാട്ടഭ്യസിക്കുകയും ഉറക്കെ പദംപാടുകയും ചെയ്യുമായിരുന്നു താത്രി എന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. പനങ്കാവിൽ ഗോവിന്ദൻ നമ്പ്യാരിൽനിന്നും നരകാസുരവധം കഥയുടെ ഒരു കോപ്പി കിട്ടുവാൻ വേണ്ടിയും സ്ത്രീവേഷം കെട്ടാൻ മടിച്ചുനിന്ന നരിക്കൊട്ട രാമൻനായരെക്കൊണ്ട് നരകാസുരവധത്തിലെ ലളിതയുടെ വേഷം കെട്ടിക്കാനും താത്രി അവരുമായുള്ള ബന്ധത്തിനു സമ്മതിച്ചു. എന്നാൽ താത്രിയുടെ ഏറ്റവും ആഘോഷിക്കപ്പെട്ട ബന്ധം കഥകളി നടൻ കാവുങ്കൽ ശങ്കരപ്പണിക്കരുമായുണ്ടായതാണ്. താത്രിയുടെ ആവശ്യപ്രകാരം കല്പകശ്ശേരി ഇല്ലത്തെത്തിയ ശങ്കരപ്പണിക്കർ ഉച്ചതിരിഞ്ഞ് പത്തായപ്പുരയിൽ കീചകവധം കഥയുടെ ചൊല്ലിയാട്ടം നടത്തുകയായിരുന്നു. അന്നും ഇന്നും നടനെന്ന നിലയിൽ ഏറെ ബഹുമാനിക്കപ്പെടുന്ന ശങ്കരപ്പണിക്കർ മുഖത്തെ തേപ്പോ വേഷങ്ങളോ കോപ്പുകളോയില്ലാതെ അരയിൽ ചുറ്റിയുടുത്ത മുണ്ടുമാത്രമായി ചൊല്ലിയാടുകയായിരുന്നു. ദ്രൗപദിയായി പ്രച്ഛന്നവേഷനായി ചെല്ലുന്നത് ഭീമസേനനാണെന്നറിയാതെ അഭിനിവേശത്താൽ മത്തനായി കീചകൻ അവളുമായി ഒരു മുണ്ടിനു കീഴെ കൂടിയാടുന്നതാണ് കഥാഭാഗം. രംഗത്ത് കീചകനായി ശങ്കരപ്പണിക്കർ മാത്രമേയുണ്ടായിരുന്നുള്ളൂ. കണ്ടുനിൽക്കുന്നത് പദം പാടുന്ന താത്രിയും. താത്രി അനുഭവം വിവരിക്കുകയാണ്, അങ്ങുമിങ്ങും പദം ചൊല്ലുകയും ആടുകയും ആയി ഉണ്ടായി. അതിൽ ഒടുക്കം കീചകനും ഭീമസേനനും കിടക്കുന്ന സമ്പ്രദായം നടത്തിയപ്പോൾ വാസ്തവത്തിൽ രണ്ടുപേർക്കും സംസർഗം ഉണ്ടാകയും ചെയ്തു. (സ്മ. രേ.)

*കുറിയേടത്തു താത്രി പേരുചൊല്ലിപ്പറഞ്ഞ 64 പേരിൽ ഏതാനും ചിലരെക്കുറിച്ചുള്ള മൊഴികൾ മാത്രമാണിവിടെ ചേർത്തിട്ടുള്ളത്.*

**താത്രിയുടെ ചരിത്രം**

കുറിയേടത്തു താത്രി പേരുചൊല്ലിപ്പറഞ്ഞ 64 പേരിൽ ഏതാനും ചിലരെക്കുറിച്ചുള്ള മൊഴികൾ മാത്രമാണിവിടെ ചേർത്തിട്ടുള്ളത്. 11-ാം വയസ്സുമുതൽ സ്മാർത്തവിചാരത്തിനെത്തുന്ന 23-ാം വയസ്സുവരെയുള്ള 12 വർഷക്കാലയളവിൽ ദേശമംഗലം പോലുള്ള പ്രൗഢമായ മനകളിലെ നമ്പൂതിരിമാർതൊട്ട് ജ്യോതിഷം, പാട്ട്, ആട്ടം തുടങ്ങിയ മേഖലകളിലേർപ്പെട്ടവരും ആനക്കാരനായ അമ്മാത്തുവീട്ടിൽ രാമൻനായർവരെയുമുണ്ടായിരുന്നു താത്രിയുമായി ബന്ധപ്പെട്ടവരായിട്ട്. 17 വയസ്സുമുതൽ 60 വയസ്സുവരെ പ്രായമുള്ളവർ. ബന്ധുജനങ്ങളിൽ അച്ഛൻ, അമ്മാവൻ, ചെറിയമ്മയുടെ മകൻ, ജ്യേഷ്ഠത്തിയുടെ ഭർത്താവ്, ഭർത്താവിന്റെ ജ്യേഷ്ഠൻ തുടങ്ങിയവരും. താത്രിയുടെ ഏതെങ്കിലും ആവശ്യത്തിനു പകരമായി സംസർഗം ആവശ്യപ്പെട്ടവരായിരുന്നു ഇതിൽ ചിലരെങ്കിലും. അപൂർവം ചില ബന്ധങ്ങൾ ഭീഷണി മൂലമുണ്ടായിട്ടുണ്ട്. അമ്മാവന്റെ കൂടെ കിടക്കുന്നതു കണ്ട പടിഞ്ഞാറെ മഠത്തിൽ വെങ്കിടേശ്വരപ്പട്ടരെ തൽക്കാലം സ്വന്തംപക്ഷത്താക്കാൻ അയാളുമായുള്ള ബന്ധത്തിനു താത്രി സമ്മതിച്ചു. എന്നാൽ ഇതു തുടരാൻ അവർ അനുവദിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. രണ്ടാമത്തെ പ്രാവശ്യം ഉണ്ടായപ്പോൾ താൻ കണ്ട വിവരം ആരോടെങ്കിലും പറഞ്ഞാലോ എന്നു വിചാരിച്ച് തന്നോട് രണ്ടുപ്രാവശ്യം സംസർഗത്തിനു സമ്മതിച്ചതാണ്. ഇനി പ്രയാസമാണെന്നു പറഞ്ഞു. പിന്നെ അയാളുമായി ഉണ്ടായിട്ടില്ല. (സ്മ. രേ.)

താത്രി തന്റെ ബന്ധങ്ങളെ വിവരിക്കുന്ന രീതി പരിശോധിച്ചാൽ ബലപ്രയോഗത്തിന്റെ സൂചനകൾ കണ്ടെത്തുക പ്രയാസമാണ്. പരക്കെ ആഘോഷിക്കപ്പെട്ട പ്രതികാരതാണ്ഡവം എവിടെയുമില്ല. ആറങ്ങോട്ടുകര മുതൽ ചെമ്മന്തിട്ട വരെയുള്ള പ്രദേശങ്ങളിൽ പറയപ്പെടാതെ അറിഞ്ഞിരുന്ന രഹസ്യമായിരുന്നു താത്രിയുടെ ബന്ധങ്ങൾ. മുൻ ബന്ധങ്ങളുടെ സൂചനയുമായാണ് പലരും താത്രിയെ സമീപിച്ചത്. എങ്കിൽ പന്ത്രണ്ടു വർഷക്കാലത്തെ മൗനം പെട്ടെന്നു ഭേദിക്കപ്പെട്ടതിന്റെ കാരണങ്ങൾ സദാചാരനിർബന്ധങ്ങൾക്കു പുറത്ത് അന്വേഷിക്കേണ്ടിവരും. ആ കാലത്ത് രഹസ്യബന്ധങ്ങൾ ഉണ്ടായിരുന്നത് കുറിയേടത്തു താത്രിക്കുമാത്രമായിരുന്നില്ലെന്നതിനും സൂചനകളുണ്ട്. താത്രി പറയുന്നു, 67 ൽ ഞാൻ പാട്ട് അഭ്യസിക്കാൻ കുറിയേടത്തു താമസിച്ചിരുന്ന കാലത്ത് മൂസ്സായിട്ട് (നമ്പ്യാത്തൻ) സംസർഗം ഉണ്ടാ

യിട്ടുള്ള വിവരങ്ങൾ ടി പുഷ്പകത്തു നാരായണൻ നമ്പ്യശ്ശൻ അറിഞ്ഞിട്ടുണ്ട്. അത് ആ ആൾക്ക് രഹസ്യം ഉണ്ടായിരുന്ന കിഴക്കൂട്ട് പുഷ്പത്ത് താത്രിയ്ക്ക് അറിവു കൊടുത്തു എന്നു തോന്നുന്നു. ആ വിവരം ആ സ്ത്രീ വേറെ ഒരു രഹസ്യക്കാരനായ ടി ശങ്കുണ്ണി നമ്പ്യശ്ശന് അറിവുകൊടുത്തു. ആ അറിവു കിട്ടിയപ്പോൾ അയാൾക്കും എന്നോടു സംസർഗം വേണമെന്നു തോന്നി . രണ്ടു താത്രികളും കൂടി ഉത്സവം കണ്ടു മടങ്ങുമ്പോൾ കിഴക്കൂട്ടു താത്രിയാണ് താത്രിയെ നമ്പ്യശ്ശന്റെ പൂമുഖംവരെ വിട്ടിട്ട് പോകുന്നത്.

സാമൂഹ്യ പരിഷ്കരണത്തെ കേന്ദ്രീകരിച്ച സാഹിത്യം താത്രിയുടെ ലൈംഗികതയെ ഒരു യുദ്ധമുറയായാണ് കാണാൻ ശ്രമിച്ചത്. ഈ സ്മാർത്തവിചാരം കഴിഞ്ഞ് കേവലം മൂന്നു വർഷങ്ങൾക്കുള്ളിൽ നമ്പൂതിരിസമുദായത്തെ പരിഷ്കരിക്കുന്നതിനായി നമ്പൂതിരി യോഗക്ഷേമസഭ രൂപംകൊണ്ടു എന്നത് ശ്രദ്ധേയമാണ്. താത്രിയുടെ ലൈംഗികതയെ സാമൂഹ്യകലാപത്തിനായുള്ള ഒരു ഉപകരണം മാത്രമാക്കി മാറ്റുകയായിരുന്നു. ഒരു ഹതഭാഗ്യയുടെ പ്രതികാരമായി അതിനെ ന്യായീകരിക്കുമ്പോഴും അതല്ലെങ്കിൽ കുന്ദരുനായരെപ്പോലെ പ്രതീകാത്മകത ആരോപിച്ച് അദൃശ്യവൽക്കരിക്കുമ്പോഴും താത്രിയുടെ ലൈംഗികതയ്ക്ക് എവിടെയെങ്കിലും കാരണങ്ങള ന്വേഷിക്കുകയായിരുന്നു ഈ വായനകൾ. പ്രതികാരത്തിന്റെയും പ്രതീകാത്മകതയുടെയുമിടയിൽ അഭിനിവേശത്തിന്റെയും രതിതാത്പര്യങ്ങളുടെയും സജീവമായ ഒരിടം താത്രിയുടെ സ്വത്വത്തിന് കല്പിക്കാൻ ഒരു വായനയ്ക്കും കഴിഞ്ഞില്ല.

താത്രീവായനകളുടെ പൊതു സ്വഭാവം നിർണയിക്കുന്നതിൽ ആധുനിക കേരളത്തിൽ ഉരുത്തിരിഞ്ഞുവന്ന ലൈംഗികസംസ്കാരം ഗൗരവമായ പങ്കുവഹിച്ചിട്ടുണ്ട്. സ്ത്രീയുടെ സ്വന്തം ഇച്ഛാശക്തി പ്രകടമാവുന്ന അഭിനിവേശതലങ്ങളെ തമസ്കരിക്കാനും സാധുതയുള്ള ഒരാശയമെന്ന നിലയിൽ പോലും അതിന് നിലനിൽപ്പു കല്പിക്കാതെ സാമൂഹ്യബോധത്തിൽനിന്നുതന്നെ ഭ്രഷ്ടാക്കാനുമുള്ള ശ്രമങ്ങൾ ഇതിനു പിന്നിൽ കാണാം. കുറിയേടത്തു താത്രിയുടെ ആത്മാംശം പ്രകടമാക്കുന്ന ഏക രേഖ എന്ന നിലയിൽ അവശേഷിക്കുന്ന സ്മാർത്തവിചാരം രേഖകൾ, അവരെക്കുറിച്ച് ഇത്രയധികം പ്രതിനിധാനങ്ങളുണ്ടായിട്ടും ഇക്കാലമത്രയും ലോകം അറിയാതെ പോയതും ഇതുകൊണ്ടുതന്നെ.

ആധുനികതയുടെ ലൈംഗിക കാഴ്ചപ്പാടുകൾക്ക് ഒതുക്കിനിർത്തിയ സ്ത്രീലൈംഗികതയെ മാത്രം അംഗീകരിക്കുവാനും സ്വയം കർതൃത്വങ്ങളുന്നയിക്കുന്ന സ്ത്രീകളുടെ അഭിനിവേശ തലങ്ങളെ അരാജകവാദമായി ആക്രമിച്ചു തോൽപ്പിക്കുവാനുമേ കഴിയുകയുള്ളൂ. അതുകൊണ്ടുതന്നെ സ്മാർത്തവിചാരം രേഖകളുടെ വെളിച്ചത്തിൽ തെളിഞ്ഞുവരുന്ന താത്രിയുടെ പുതിയ മുഖം ഒരുപാടു മുഖങ്ങളിൽ വെറുപ്പിന്റെയും അസഹിഷ്ണുതയുടെയും അതിലേറെ ഭയത്തിന്റെയും കരിനിഴൽ പരത്താനിടയുണ്ട്. രതിഭ്രാന്തിയെന്നോ (nymphomaniac) ലൈംഗിക അരാജകവാദിയെന്നോ വെറും വേശ്യയെന്നോ ആനുകാലിക സമൂഹം അവരെ വിളിച്ചുതുടങ്ങാനുമിടയുണ്ട്. അച്ഛൻ, അമ്മാവൻ തുടങ്ങിയവരുമായി താത്രി നടത്തിയ അഗമ്യഗമനം (incest) വിക്ടോറിയൻ സദാചാരമൂല്യങ്ങൾ സ്വാംശീകരിച്ച ആധുനിക മലയാളിയിൽ വെറുപ്പും അറപ്പും ഉളവാക്കിയേക്കാം.

20-ാം നൂറ്റാണ്ടിന്റെ ലൈംഗിക ജീവിതത്തെക്കുറിച്ചുള്ള സുപ്രധാന തെളിച്ചങ്ങളാണ് താത്രിയുടെ മൊഴികളെന്നത് ചരിത്രബോധത്തിന്റെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. നമ്പൂതിരി ജീവിതത്തിന്റെ അടിസ്ഥാന നിയമാവലികളായിക്കണ്ട ശാങ്കരസ്മൃതിയിലും അതിലടങ്ങിയ 64 അനാചാരങ്ങളിലും നിഷ്കർഷിച്ചിരുന്ന നമ്പൂതിരിത്വത്തിന്റെ എഴുതപ്പെട്ട നിയമങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമായിരുന്നു യഥാർത്ഥജീവിതം എന്ന് മനസ്സിലാക്കാനെങ്കിലും താത്രിമൊഴികൾ നമ്മെ പര്യാപ്തമാക്കേണ്ടതാണ്.

ചരിത്രം കഴിഞ്ഞകാലത്തേക്കാളേറെ നാം ജീവിക്കുന്ന കാലത്തെയാണ് പ്രതിനിധീകരി ക്കുന്നതെന്ന വാദം പ്രസക്തമാണല്ലോ. ഇന്നിന്റെ കാഴ്ചപ്പാടുകളിലും, മൂല്യ, രാഷ്ട്രീയ ബോധങ്ങളിലും കാലുറപ്പിച്ചുകൊണ്ടു മാത്രമേ പോയകാലത്തിലേക്ക് നടന്നുചെല്ലാനാവുകയുള്ളൂ. കഴിഞ്ഞ കാലത്തിന്റെ സ്ത്രീജീവിതങ്ങളെ പഠനവിധേയമാക്കണമെങ്കിൽ ആനുകാലിക ജീവിതത്തിന്റെ ലൈംഗിക സംസ്കാരത്തിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യമായി വരും. കാറ്റ് കടക്കാത്ത സദാചാരത്തിന്റെ ഇരുട്ടറകളിൽ അടച്ചിടാതെ സ്ത്രീപുരുഷലൈംഗികതയും സ്വവർഗലൈംഗികതയും ഒക്കെ ഉൾക്കൊള്ളാൻ കഴിയുന്ന, സ്ത്രീക്കും പുരുഷനും ഒരുപോലെ കർതൃത്ത്വങ്ങളംഗീകരിക്കാൻ കഴിയുന്ന ഒരു മാനം ലൈംഗികതയ്ക്കു നൽകേണ്ടതുണ്ട്. എങ്കിൽ മാത്രമേ കുറിയേടത്തു താത്രിക്ക് നൂറു വർഷം കഴിഞ്ഞെങ്കിലും കുറിയേടത്തു താത്രിയെന്ന സ്വന്തം സ്വത്വവുമായി പുറത്തിറങ്ങി സ്വച്ഛന്ദം നടക്കാനാകൂ.

ഗ്രന്ഥസൂചി


*1. സ്മാർത്തവിചാരം രേഖകൾ 140, 141 A, 141 E, 141 എ, എറണാകുളം റീജനൽ ആർക്കൈവ്സ്.*

*2. ലളിതാംബിക അന്തർജ്ജനം, പ്രതികാരദേവത , ഇരുപതുവർഷത്തിനുശേഷം, കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1956.*

*3. ഭാസ്കരനുണ്ണി പി., സ്മാർത്തവിചാരം, കോട്ടയം: എൻ.ബി.എസ്., 2000.*

*4. വി.ടി.ഭട്ടതിരിപ്പാട്, വി.ടി. യുടെ സമ്പൂർണ്ണകൃതികൾ, കോട്ടയം: ഡി.സി. ബുക്സ്, 1997.*

*5. എം. ഗോവിന്ദൻ, എം. ഗോവിന്ദന്റെ ഉപന്യാസങ്ങൾ, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1986.*

*6. നന്ദൻ, കുറിയേടത്തു താത്രി, കോട്ടയം: ഡി.സി. ബുക്സ്, 2001.*

*7. മാടമ്പ് കുഞ്ഞുക്കുട്ടൻ, ഭ്രഷ്ട്, കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1973.*

*8.കെ.ബി.ശ്രീദേവി, യജ്ഞം, തൃശൂർ: ലൈഫ് ബുക്സ്, 1988.*

*9. കെ.ഇ.എൻ. കുഞ്ഞഹമ്മദ്, വരേണ്യ നവോത്ഥാനത്തിന്റെ അതിരുകൾ , നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, തൃശൂർ: കേരള സാഹിത്യ അക്കാദമി, 2000.*

*10. ആലങ്ങോട് ലീലാകൃഷ്ണൻ, ഒരു സ്മാർത്തവിചാരത്തിന്റെ നിഴൽവഴികളിൽ (നാലുഭാഗങ്ങളിൽ) 30 നവംബർ-6 ഡിസംബർ 1997, 7-13 ഡിസംബർ 1997, 14-20 ഡിസംബർ 1997, 21-27 ഡിസംബർ 1997.*


●



ഗീത

# മലയാളഭാഷക്കും സാഹിത്യത്തിനും വേണ്ടി

*മലയാളിയുടെ എഴുത്തിന് അച്ഛൻ മാത്രമായിപ്പോയ തെങ്ങനെയാകാം? അച്ഛനെന്നുതന്നെയിരിക്കട്ടെ, അതാരുമാകട്ടെ അമ്മയില്ലാതെ അച്ഛനുണ്ടാവുമോ?*




**1956** നവംബർ ഒന്നിനാണ് ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപപ്പെട്ടത്. ഭാഷയെന്നത് സാങ്കേതികമായ ഉപാധിയെന്നതിനപ്പുറം സാംസ്കാരികമായ ചിഹ്നം കൂടിയാണ്. സാഹിത്യചരിത്രത്തിലും പഠനത്തിലും ഭാഷ പ്രസക്തമാകുന്നത് സംസ്കാരമാതൃകയെന്ന നിലക്കുമാണ്. മലയാളിയുടെ എഴുത്തിന് അച്ഛൻ മാത്രമായിപ്പോയതെങ്ങനെയാകാം? അച്ഛനെന്നുതന്നെയിരിക്കട്ടെ, അതാരുമാകട്ടെ അമ്മയില്ലാതെ അച്ഛനുണ്ടാവുമോ?

മലയാളത്തിനു ശ്രേഷ്ഠഭാഷാപദവി ലഭിക്കുകയും സർവകലാശാലയുണ്ടാവുകയും ചെയ്തതിനു ശേഷവും ഇത്തരമൊരന്വേഷണം ആവശ്യമായി വരുന്നുവെന്നതാണ് നിർഭാഗ്യകരം. ഇന്നീക്കാണുന്ന മലയാളഭാഷയെ രൂപപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്നതിൽ പെണ്ണിനുള്ള പങ്കെന്തായിരുന്നു? പെണ്ണിന്റെ മലയാളമെഴുത്തിന്റെ ചരിത്രം എവിടെത്തുടങ്ങുന്നുവെന്നു പറയാനാകാത്ത മട്ടിലാണ് മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും ചരിത്രം രേഖപ്പെട്ടിരിക്കുന്നത്. പാരമ്പര്യത്തെ പൈതൃകശബ്ദമുപയോഗിച്ചാണ് 2013ൽ ഭാഷയുടെ പേരിലുള്ള സർവ്വകലാശാല പോലും വ്യവഹരിക്കുന്നതെന്നതു യാദൃശ്ചികമല്ല. അപ്പോൾ അമ്മമാരോ എന്നു ചോദിക്കാൻ അവിടെയുള്ള ആണിന്റെയെന്നല്ല പെണ്ണിന്റെ പോലും നാവുയരുകയില്ലല്ലോ. കാരണം ഉപജീവനോപാധി മാത്രമായ മലയാളഭാഷ പഠിപ്പിച്ചു കിട്ടുന്ന കാശ് അവരുടെ മക്കളുടെ ഇംഗ്ലീഷുമീഡിയം വിദ്യാഭ്യാസത്തിന്റെ ചെലവിനുള്ളതാണ്. പാരമ്പര്യത്തെ 'പൈതൃകം' ഏകപക്ഷീയമായി പിടിച്ചെടുക്കുന്നതിന്റെ ചരിത്രം അങ്ങനെ കൂടി വായിക്കപ്പെടേണ്ടതുണ്ട്. നാട്ടുഭാഷകൾക്കു മേൽ വർഗ്ഗപരമായും ലിംഗപരമായും വർണ്ണപരമായും സംഭവിക്കുന്ന ഈ അധിനിവേശങ്ങളും ആധിപത്യങ്ങളും ആൺകോയ്മയുമായിക്കൂടി ബന്ധപ്പെട്ടു കിടക്കുന്നു.

18ാംനൂറ്റാണ്ടിൽ ടിപ്പുവിന്റെ പടയോട്ടക്കാലത്തു ജീവിച്ചിരുന്ന കോഴിക്കോട് കിഴക്കേ കോവിലകത്ത് സാമൂതിരി കുടുംബത്തിലെ മനോരമതമ്പുരാട്ടി (1760–1828) ഗ്രന്ഥങ്ങളൊന്നും രചിച്ചില്ലെന്ന് കേരള സാഹിത്യചരിത്രം അടയാളപ്പെടുത്തുന്നു.

"മനോരമത്തമ്പുരാട്ടിയുടെ ജീവിതം പ്രായേണ ക്ലേശഭൂയിഷ്ഠമായിരുന്നതുകൊണ്ടോ എന്തോ അവിടുത്തേക്കു യാതൊരു ഗ്രന്ഥവും രചിക്കുവാൻ സൗകര്യമുണ്ടായില്ല. എങ്കിലും സന്ദർഭവശാൽ

അവിടുന്ന് അനേകം ഒറ്റ ശ്ലോകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവയിൽ അപൂർവ്വം ചിലതു മാത്രമേ നമുക്ക് കിട്ടീട്ടുള്ളൂ." (1990:499)

മനോരമത്തമ്പുരാട്ടിയുടേതായി ഉദ്ധരിക്കപ്പെട്ട ശ്ലോകങ്ങളത്രയും സംസ്കൃതമയമാണ്. ചേലപ്പറമ്പൻ രചിച്ച സ്ത്രീ വർണ്ണനാപരമായ അശ്ലീലശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിനു മറുപടിയായി പൂരിപ്പിച്ച ഉത്തരാർദ്ധം വളരെ പ്രസിദ്ധമായിരുന്നു.

സാമൂതിരികോവിലകത്തെ അംഗങ്ങൾ ഹൈദരാലിയെ ഭയന്ന് പൊന്നാനിയിൽ താമസമാക്കിയ കാലത്തായിരുന്നു മനോരമതമ്പുരാട്ടിയുടെ വിദ്യാഭ്യാസം. ദേശമംഗലത്ത് ഉഴുത്തിരവാരിയർ (മൂന്നാമൻ) ആയിരുന്നു ഗുരു. 1788-ൽ ടിപ്പു മലബാർ ആക്രമിച്ചപ്പോൾ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിനെ ആശ്രയിച്ചവരുടെ കൂട്ടത്തിൽ മനോരമത്തമ്പുരാട്ടിയും ഉൾപ്പെട്ടിരുന്നു. മഹാരാജാവുമായി നർമ്മരൂപത്തിലുള്ള സന്ദേശപ്രതിസന്ദേശങ്ങൾ മനോരമതമ്പുരാട്ടിയുടേതായുണ്ട്.

വലിയൊരു ശിഷ്യപരമ്പര തന്നെ മനോരമതമ്പുരാട്ടിക്കുണ്ടായിരുന്നു. അരൂർ അടിതിരി, ദേശമംഗലത്തു കൃഷ്ണവാരിയർ, തൃക്കണ്ടിയൂർ ഗോവിന്ദപിഷാരടി തുടങ്ങിയവർ. വ്യാകരണങ്ങളും കാവ്യങ്ങളും നന്നായി അഭ്യസിപ്പിക്കുന്ന വിദുഷിയും സഹൃദയയുമായ ഒരു അദ്ധ്യാപികയായിരുന്നു ഇവരെന്നു വേണം മനസ്സിലാക്കാൻ. സ്വയം എഴുതുന്നതിനേക്കാൾ ശിഷ്യരുടെ കാവ്യാസ്വാദനത്തിനും കാവ്യരചനക്കുമുള്ള ഊർജ്ജമായി ഇവർ മാറിയിരുന്നുവെന്നുവേണം ഊഹിക്കാൻ. അതായത് ഭാഷാസാഹിത്യ വിദ്യാഭ്യാസ മേഖലയിലെ രേഖപ്പെട്ട ആദ്യത്തെ അദ്ധ്യാപികയെന്നുവേണം മനോരമതമ്പുരാട്ടി വരവുവെക്കപ്പെടാൻ. പഠിപ്പിച്ച ഭാഷ സംസ്കൃതമായിരുന്നുവെങ്കിലും അതെങ്ങനെ മലയാളസാഹിത്യത്തിലേക്കുള്ള വഴി തുറന്നുവെന്നത് അവരുടെ ശിഷ്യപരമ്പരയുമായി ബന്ധപ്പെട്ട വംശാവലി വ്യക്തമാക്കുന്നു. അവരുടെ നേർശിഷ്യനായ അരൂർ അടിതിരിയുടെ ശിഷ്യൻ കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാനും അദ്ദേഹത്തിന്റെ ശിഷ്യൻ പാച്ചു മൂത്തതും തുടർന്നുള്ള ശിഷ്യൻ കേരളവർമ്മ വലിയ കോയിത്തമ്പുരാനും ആയിരുന്നു.

വിഷ്ണുമായാചരിതം ഓട്ടൻതുള്ളലെഴുതിയ കിളിമാനൂർ ഉമാദേവി തമ്പുരാട്ടി (1797–1836)ക്കു ശേഷമാണ് കുട്ടിക്കുഞ്ഞു തങ്കച്ചിയുടെ കാലം. 1820 മുതൽ 1904 വരെ. "ശക്തികൊണ്ട് മലയാള കവിതാസാഹിത്യചരിത്രത്തിൽ സ്ഥാനം നേടുന്ന ആദ്യത്തെ വനിതയാണിവർ" എന്ന് മലയാളകവിതാസാഹിത്യചരിത്രം രേഖപ്പെടുത്തി (1985:139–140). ഇരയിമ്മൻ തമ്പിയുടെ മകളായ കുട്ടിക്കുഞ്ഞു തങ്കച്ചി മലയാളവും തമിഴും സംസ്കൃതവും അഭ്യസിച്ചു. ആദ്യഘട്ടത്തിൽ മകളുടെ കവിതാവാസനക്ക് അദ്ദേഹം അനുകൂലമായിരുന്നില്ലെന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു (1990:270). എന്നാൽ പിന്നീടതിൽ സന്തുഷ്ടി പ്രകടിപ്പിച്ച് പുത്രിയുടെ കൃതികൾ ഉത്രം തിരുനാളിനു

*"മനോരമത്തമ്പുരാട്ടിയുടെ ജീവിതം പ്രായേണ ക്ലേശഭൂയിഷ്ഠമായിരുന്നതുകൊണ്ടോ എന്തോ അവിടുത്തേക്കു യാതൊരു ഗ്രന്ഥവും രചിക്കുവാൻ സൗകര്യമുണ്ടായില്ല. എങ്കിലും സന്ദർഭവശാൽ അവിടുന്ന് അനേകം ഒറ്റ ശ്ലോകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവയിൽ അപൂർവ്വം ചിലതു മാത്രമേ നമുക്ക് കിട്ടീട്ടുള്ളൂ."*

സമർപ്പിച്ചുവെന്നുവരുമ്പോൾ അതിനിടക്കുള്ള നിശ്ശബ്ദതകൾ പൂരിപ്പിക്കേണ്ടതുണ്ട്. അത് പെണ്ണിന്റെ എഴുത്തിനോടുള്ള പുരുഷപ്രതിരോധത്തെ നിഷ്പ്രഭമാക്കുന്നവിധത്തിൽ എഴുത്തിനോടുള്ള അവളുടെ അഭിനിവേശവും എഴുത്തിലുള്ള ഇച്ഛാശക്തിയുമാണ്. ആട്ടക്കഥകളെഴുതിയ ആദ്യത്തെ സ്ത്രീ, നാടകമെഴുതിയ ആദ്യത്തെ സ്ത്രീ, സംഗീതമെഴുതിയ ആദ്യത്തെ സ്ത്രീ എന്നിങ്ങനെ നിരവധി പദവികൾ അവർക്കവകാശപ്പെട്ടതാണ്. മാത്രമല്ല അന്നു നിലവിലുണ്ടായിരുന്ന മിക്ക കവിതാരീതികളിലും കുട്ടിക്കുഞ്ഞു തങ്കച്ചി സ്വന്തം പ്രാഗത്ഭ്യം തെളിയിച്ചു. കിളിപ്പാട്ടുകൾ(തിരുവനന്തപുരം സ്ഥലപുരാണം, വയ്ക്കം സ്ഥലപുരാണം, സ്വർഗവാതിലേകാദശീമാഹാത്മ്യം), തിരുവാതിരപ്പാട്ടുകൾ (ശിവരാത്രി മാഹാത്മ്യം, സീതാസ്വയംവരം, നാരദമോഹനം), കുറത്തിപ്പാട്ടുകൾ (കിരാതം, നളചരിതം), ഗംഗാസ്നാനം ഓട്ടൻതുള്ളൽ, സേതുസ്നാനംപാന, സങ്കീർത്തനങ്ങൾ (ഗജേന്ദ്രമോക്ഷം, പ്രഹ്ലാദചരിതം) മണിപ്രവാളം (കല്യാണാഘോഷം) എന്നിവ കൂടാതെ ഊഞ്ഞാൽപ്പാട്ടുകൾ, വാതിൽതുറപ്പാട്ട്, കുമ്മി, താരാട്ട്, ഭജന കീർത്തനങ്ങൾ എന്നിവ അവരുടെ കൃതികളാണ്. അജ്ഞാതവാസമെന്ന നാടകത്തിന് എത്രകണ്ട് അരങ്ങുകൾ കിട്ടിയെന്നതിന് വ്യക്തമായ തെളിവുകൾ ഇല്ലെങ്കിലും ആട്ടക്കഥകൾ (ശ്രീമതീ സ്വയംവരം, പാർവ്വതീസ്വയംവരം, മിത്രസഹമോക്ഷം) അരങ്ങിൽ അവതരിപ്പിക്കപ്പെട്ടതായി കാണുന്നു.

കാവ്യഭാഷയെ സംസ്കൃതമുക്തമാക്കി കുറേക്കൂടി ഭാഷയോടടുപ്പിക്കാൻ അവർക്കു സാധിച്ചിട്ടുണ്ട്. ഉദാഹരണമായി മിത്രസഹമോക്ഷത്തിലെ പദം നോക്കുക.

നില്ലുനില്ലെട നരവരാധമ നിന്ദ്യനായ ജളപ്രഭോ
ചൊല്ലു ചൊല്ലൂ ശമിപ്പതെങ്ങു സപർണദർശി ഭുജംഗവൽ
(1979:60)

വാതിൽതുറപ്പാട്ടിൽ നിന്നുള്ള ഭാഗം ഉദ്ധരിക്കാം
വല്ലഭാ വാതിൽ തുറക്കുന്നില്ല ഞാൻ
ചൊല്ലുകയിന്നർദ്ധരാത്രി ചെല്ലുവോളമേതു
നാരീപല്ലവാധരം നുകർന്നു ഭൂരിമോദാ നീ വരുന്നു
മംഗലാകൃതേ യദുപുംഗവ സൂനോ
ഭവാനിങ്ങനെയോരോ ജാലമിങ്ങുരചെയ്തെന്നാലും

ഇംഗിതമായ കാര്യമങ്ങു ചെന്നേ സാധിക്കൂ
ഭംഗികൾ തിങ്ങിവിളങ്ങിന വാക്കുകളിങ്ങും
മതിയങ്ങും സ്ഥിതിയിങ്ങും സുഖമല്ലിതാർക്കുമേ
(1979:212)

അവരുടെ ഗദ്യഭാഷയിലും ആധുനികമലയാള ത്തിന്റെ മട്ടാണ് കാണുന്നത്,

"അല്ലേ സോദരാ കുറച്ചു കൂടി ക്ഷമിക്കുക. ഈ സാധുവായിരിക്കുന്ന രാജാവ് നാം ഇന്നവരാണെന്ന റിയാതെ ചെയ്തിട്ടുള്ള ഓരോ വീഴ്ചകളെ വിചാരിച്ചു നീ സാഹസമൊന്നും പ്രവർത്തിക്കരുത്" (അജ്ഞാ തവാസം നാടകം, 1979:294)

കാവ്യഭാഷയെ കുറേക്കൂടി സംഗീതാത്മകമാക്കു ന്നതിലും കുട്ടിക്കുഞ്ഞു തങ്കച്ചി ശ്രദ്ധിച്ചിരുന്നു. മാത്ര മല്ല ദക്ഷിണേന്ത്യൻ സംഗീതരചയിതാക്കളുടെ കൂട്ട ത്തിൽപ്പെട്ട മലയാളിസ്ത്രീയാണവർ.

കുട്ടിക്കുഞ്ഞു തങ്കച്ചിയെ തുടർന്നുവന്ന ഇളമന കല്യാണിയമ്മ, കിളിമാനൂർ അംബാദേവി തമ്പുരാട്ടി, കല്യാണിക്കുട്ടി അമ്മച്ചി, ഇക്കുവമ്മതമ്പുരാൻ എന്നി വർ കൈകൊട്ടിപ്പാട്ടുകളും കിളിപ്പാട്ടും തുള്ളലും രചി ച്ചു. അതായത് കവിതയെഴുത്തിന്റെ തുടർച്ച സ്ത്രീക ളിൽ അങ്ങനെയാണ് സംഭവിച്ചത്. എന്നാൽ തോട്ടയ്ക്കാട്ട് ഇക്കാവമ്മ (1964-1916)യാണ് പിന്നീട് വഴിയടയാളമായി മാറിയത്. സന്മാർഗോപദേശം ഓട്ടൻതുള്ളൽ, രാസക്രീഡ കുറത്തിപ്പാട്ട്, പുരാണശ്ര വണമാഹാത്മ്യം കിളിപ്പാട്ട് തർജ്ജമ, കല്കി പുരാണം കിളിപ്പാട്ട്, ആരാശതകം, സുഭദ്രാർജ്ജുനം നാടകം, നളചരിതം നാടകം (അപൂർണ്ണം) എന്നിവയാണ് അവ രുടെ കൃതികൾ.

സ്ത്രീഭാഷയുടേയും ആധുനികസ്ത്രീബോധത്തി ന്റേയും മുദ്രകൾ അവരുടെ കൃതികളിൽ വ്യക്തമായി പതിഞ്ഞിരിക്കുന്നു. തൃശൂരിലെ കേരളനന്ദിനിപത്ര ത്തിൽ വന്ന "അരുതരുതതിസഖ്യം സ്ത്രീകളോടൊ ട്ടുമാകാ" എന്ന സമസ്യക്ക് പ്രക്ഷുബ്ധയായി അവർ നൽകിയ മറുപടി കേരളസാഹിത്യചരിത്രത്തിൽ (നാലാം വാള്യം) ഉദ്ധരിച്ചുകാണുന്നു. (1990-679).

ഉദാ:- അരുതരുതൊരുനാളും നിന്ദയീ സ്ത്രീജന ത്തിൽ
പുരുഷരിലഖിലർക്കും സൽഗുണം സിദ്ധമാമോ?
കരുതുകിലതിമാത്രം ദുഷ്ടരത്രേ പുമാന്മാർ
ഖരനെ വിപിനദേശേ ഭൈമിതാനോ ചതിച്ചു

സ്ത്രീകളോടുള്ള നിന്ദയിലുള്ള ധാർമ്മികരോഷം വ്യക്തമാക്കുന്നതാണല്ലോ പ്രസ്തുത വരികൾ. അതോടൊപ്പം തന്നെ എഴുത്തിലെ സ്ത്രീകർത്തൃ ത്വത്തെ ഉറപ്പിച്ചെടുക്കുന്നതാണ് സുഭദ്രാർജ്ജുനം നാടകത്തിലെ പ്രസിദ്ധമായ വരികൾ:

മല്ലാക്ഷീമണിയായ ഭാമ സമരം
ചെയ്തീലയോ? തേർ തെളി-
ച്ചില്ലേ പണ്ടു സുഭദ്ര, പാരിതു
ഭരിക്കുന്നില്ലെ വിക്ടോറിയാ?
മല്ലാക്ഷീമണികൾക്ക് പാടവമിവ
ക്കെല്ലാം ഭവിച്ചീടുകിൽ-
ച്ചൊല്ലേറും കവിതയ്ക്കുമാത്രമിവരാ-
ളല്ലെന്നു വന്നീടുമോ?

അരങ്ങത്തവതരിപ്പിക്കപ്പെട്ട സ്വതന്ത്രഭാഷാനാടക മാണ് ഇക്കാവമ്മയുടെ സുഭദ്രാർജ്ജുനം. തെറ്റുകുറ്റ ങ്ങളില്ലാതെ ഒരു സ്ത്രീ അക്കാലത്തു നാടകമെഴുതി യതിൽ കേരളവർമ്മവലിയകോയിത്തമ്പുരാൻ തന്റെ അത്ഭുതം മറച്ചുവെച്ചില്ല. സംസ്കൃതഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട മലയാളനാടകം കൂടിയാണ് സുഭദ്രാർജ്ജുനമെന്നത് ശ്രദ്ധേയമാണ്.

മലയാളത്തിൽ പിൽക്കാലപെൺഭാഷക്കും സാഹി ത്യത്തിനും വലിയ താങ്ങായി മാറുകയായിരുന്നു എല്ലാ അർത്ഥത്തിലും തോട്ടക്കാട് ഇക്കാവമ്മ. ബാലാ മണിയമ്മ, മുതുകുളം പാർവ്വതിയമ്മ, കടത്തനാട്ടു മാധവിയമ്മ, കെ.സരസ്വതിയമ്മ, ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി, രാജലക്ഷ്മി എന്നിവരി ലൂടെ വളർന്നു പന്തലിച്ച ഭാഷാവൈചിത്രങ്ങളും ആത്മബോധവും ഈ തുടർച്ചയിലാണ് അടയാളപ്പെ ടേണ്ടത്. മാത്രമല്ല ഭയലേശമെന്യേ പെണ്ണിന്റെ ലോക ത്തെക്കുറിച്ച് മലയാളത്തിൽ എഴുതാനും സംസ്കൃ തവാക്കുകളെ പടിപ്പുറത്താക്കുവാനും സാറാജോസ ഫിന്റേയും അതിനുശേഷമുള്ളവരുടേയും കാലത്തിന് ധൈര്യം പകർന്നത് ഈ എഴുത്തുകാരുടെ ഭാഷാബോ ധങ്ങളും പ്രയോഗങ്ങളും കൂടിയായിരുന്നു. ഇന്നത്തെ മലയാളഭാഷയെ അതായി ബലപ്പെടുത്തുന്നതിലും നിലനിർത്തുന്നതിലും പെൺഭാഷയും സാഹിത്യവും നൽകിയ ഇവ്വിധമുള്ള പങ്കിന്റെ ചരിത്രം ഇനിയും രേഖപ്പെടേണ്ടിയിരിക്കുന്നു.

●




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No.............................. |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs.....................................DD/MO അയക്കുന്നു. എന്ന്.................................................

മേൽവിലാസം...........................................................................................................................

.................................................................................................................പിൻ............................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,
പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



# വാസ്തവം



ഡോ.ജാൻസി ജോസ്

**കൊണ്ടും** കൊടുത്തും മുന്നോട്ട് നീങ്ങുകയാണ് കേരളം. ഭരണപക്ഷവും പ്രതിപക്ഷവും താങ്ങാവുന്നിടങ്ങളിലെല്ലാം താങ്ങുന്നുണ്ട്. എന്നാലും കൊലപാതകങ്ങളുടേയും പെൺവാണിഭങ്ങളുടേയും കാര്യത്തിൽ കൈകോർക്കുന്നുമുണ്ട്. സത്യം പറയാമല്ലോ യോജിപ്പുള്ള മേഖലകളെല്ലാം വളരെ പുഷ്ടിപ്പെടുന്നുമുണ്ട്. സ്വന്തംപക്ഷത്തും മറുപക്ഷത്തുമുള്ള ചില്ലറ കുറവുകളും കുറ്റങ്ങളും മുക്കിയും മൂളിയും പറയുന്ന ഒരു തൊണ്ണൂറുകാരനും ആരേയും കുത്താൻ ആയുധം തന്റെ കയ്യിലുണ്ടെന്ന് വീമ്പിളക്കുന്ന ചെറുപ്പക്കാരനും മാത്രമാണ് എന്തെങ്കിലും കേൾപ്പിച്ച് നമുക്ക് ആശ്വാസം നൽകുന്നത്. ഒരു പെണ്ണും നൂറാണും തട്ടിപ്പിനിറങ്ങിയാലും പെണ്ണിന്റെ പേരുമാത്രം മുഴങ്ങിക്കേൾക്കുന്ന നാട്ടിൽ എഴുപത്താറുകാരിയാണെങ്കിലും ആറുവയസ്സുകാരിയാണെങ്കിലും പീഡിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട്. കല്യാണത്തിനും ബലാത്സംഗത്തിനും പെണ്ണിന്റെ പ്രായം നോക്കണ്ട എന്ന കരാറിലാണെങ്കിൽ ഇന്ത്യ ഒപ്പുവെച്ചേനെ! ഇങ്ങനെയൊക്കെയാണെങ്കിലും 'പെണ്ണിന്റെ കുഴപ്പം തന്നെ തള്ളെ' എന്ന് പറഞ്ഞ് നെടുവീർപ്പിടാൻ ആളുകൾ ഇഷ്ടം പോലെ. നമ്മുടെ കേന്ദ്രത്തിന്റെ മൂക്കിന്റെ താഴെ തന്നെ കൂട്ടബലാത്സംഗങ്ങൾ മാസാമാസം റിപ്പോർട്ട് ചെയ്തിട്ടും ആർക്കെങ്കിലും എന്തെങ്കിലും കുലുക്കമുണ്ടോ? 'പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല' എന്ന നയം തന്നെ ജയിക്കട്ടെ. രാജ്യം നന്നാക്കേണ്ട രാഷ്ട്രീയക്കാരൊക്കെ പരസ്പരം ചെളിവാരിയെറിയാനും കുതികാലുവെട്ടാനും നടക്കുമ്പോൾ ജനങ്ങൾ വലഞ്ഞതുതന്നെ. ചക്കരക്കുടത്തിൽ കൈയ്യിട്ടു നക്കിയും അഴിമതിയിൽ മുങ്ങിയും പെൺവാണിഭം പ്രോത്സാഹിപ്പിച്ചും ഭരിച്ചു നീങ്ങുന്നവരൊക്കെ സാധാരണക്കാരെ മറന്നുപോകുന്നു. തങ്ങൾക്ക് ചോദ്യം ചെയ്യുവാനും അറിയുവാനുമുള്ള അവകാശമുണ്ടെന്ന് ജനങ്ങളെ ആരറിയിക്കും? സാമൂഹ്യപ്രവർത്തനങ്ങൾ, 'വന്നുകഴിയുമ്പോൾ സമരം ചെയ്യാനുള്ള വഴിതുറക്കലാകാതെ' ചൂഷണത്തിന്റേയും അടിമത്തത്തിന്റേയും വഴി തുറക്കാതിരിക്കാനും അത് പ്രതിരോധിക്കാനുമുള്ള ഒരു കൂട്ടായ്മയും ധൈര്യവും ജനത്തിന് ഉണ്ടാക്കിയെടുക്കുന്നതാവണം. പണം കാണുമ്പോൾ കമിഴ്ന്ന് വീഴുന്ന ജനത്തിന് സാമൂഹ്യബോധം വരാൻ ഇത്തിരിനേരം കാത്തിരിക്കേണ്ടി വരും. കാൽവെട്ടും, കൈവെട്ടും, തലവെട്ടും ശീലിച്ചുവരുന്ന നമ്മുടെ യുവതലമുറയെ രക്ഷിക്കാൻ ഏതു പ്രവാചകനാണ് കുരിശിലേറാൻ തയ്യാറാവുക. ●

**കവിത**

# ഒരു പെണ്ണായിരിക്കുക എന്നത്

**അപർണ.ബി**

ഒരു പെണ്ണായിരിക്കുക എന്നത്
മഴവില്ലായിരിക്കുക എന്നാണ്
മഴയും വെയിലുമില്ലാതെ
അസ്തിത്വമില്ലാതിരിക്കുക എന്നതാണ്.

ഒരു പെണ്ണായിരിക്കുക എന്നത്
കിനാവായിരിക്കുക എന്നാണ്
മറ്റുള്ളവരുടെ രാത്രികളിൽ
പൂക്കൾ വിരിയിക്കുക എന്നാണ്

ഒരു പെണ്ണായിരിക്കുക എന്നത്
ഒരുപിടി മണ്ണായിരിക്കുക എന്നാണ്
കടിപിടി കൂടുന്നവർക്ക്
വാങ്ങാനും വിൽക്കാനും ഉള്ളതെന്നാണ്.

ഒരു പെണ്ണായിരിക്കുക എന്നത്
ഊഷ്മളമായ ഒരു നനവായിരിക്കുക
എന്നാണ്.
തളിരുകൾ പൊടിച്ചു വളരാൻ
വേരുകൾ സമ്മാനിക്കുന്ന ഒരിടമാവുക
എന്നാണ്

ഒരു പെണ്ണായിരിക്കുക എന്നത്
അവനവനല്ലാതായിരിക്കുക എന്നാണ്.



# ആമ

**ധനം എൻ.പി**

“തല പുറത്തിടാതെ,
പുകയ്ക്കാതെ
പൊക്കാതെ,
കുലുക്കാതെ,
കനത്ത പുറന്തോടിൽ
പൊതിഞ്ഞേക്കുക; ഒപ്പം
നിന്റെ ചിന്തയും സ്വപ്നവും
മിഴിയും മൊഴിയും
കാതും കരളും
ശ്വാസവും ഗന്ധവും
രുചിയും ചിരിയും
എങ്കിൽ നിനക്ക്
ആമയാവാം
സോറി! പെണ്ണാവാം”

അംബുജം കടമ്പൂർ

# ഉറക്കം

നിങ്ങളാരും ഉറങ്ങിയുറങ്ങിത്തീർക്കരുത്
അധികാരത്തിന്റെ സീമകളിലും
പ്രജാഹിത പ്രവിശ്യകളിലും
നിയമം തെറ്റിയ പ്രകമ്പനങ്ങളുണ്ട്.

തൊട്ടുരുമ്മി നടക്കുമ്പോഴും
ഉറക്കെ ചിരിക്കുമ്പോഴും
ഉയരം വയ്ക്കുന്ന കുന്നുകളായി
ആ വിശ്വാസം പെരുകിയുയരുന്നുണ്ട്.

അങ്ങാടികളിലും അരയാൽത്തറകളിലും
ഇരുട്ടുവിപ്ലവത്തിന്റെ മറപിടിച്ച്
ഉടലുകൾക്ക് ശീട്ടെഴുതി വാങ്ങി
സദാചാര കിങ്കരന്മാർ കാവലുണ്ട്.

ആരോ പിഴുതെടുത്ത നാവും വാക്കും
നഗരവഴികളിൽ നിലവിളിച്ച്
രക്തസാക്ഷിത്വം അടയാളം വെച്ച്
ഭിക്ഷാടനനിരകളിലിരിപ്പാണ്.
തുരന്നെറിഞ്ഞ കണ്ണുകളെല്ലാം
സ്വപ്നവിരിപ്പ് തുന്നിയെടുക്കുന്ന
അറ്റുപോയ വിരലുകൾക്കു ചുറ്റും
ജാഗരൂഗരായിരിപ്പുണ്ട്.

ശ്യാമവസ്ത്രമിട്ട പൊരുളുകൾ
പൈതൃകം ചിന്തേരിട്ട
മൃതസഞ്ജീവനീ മന്ത്രമുരുവിടാൻ
പേറ്റന്റിനായി ഗവേഷണത്തിലാണ്
മുൾമുടിയും മരക്കുരിശും.
സഹനത്തിന്റെ ഗാഗുൽത്താമല
തണുത്ത വചനത്തിൽ വിറച്ച്
പാലായന വഴിയിലാണ്.
ഗീതാപ്രബോധനമേറ്റിയ നെഞ്ചകം
നിഷാദാസ്ത്രമേറ്റ് പുളയുമ്പോൾ
ശാന്തിനൂലിൽ കോർത്ത ഉറക്കത്തെ
ദൂരദർശിനിക്കുഴലിലൂടെ
ആരോ ഊറ്റിയെടുക്കുന്നുണ്ട്.
നിങ്ങളാരും ഇനി ഉറങ്ങരുത്.
ഒരു ഉണർവ്വിലേക്കായ് തുറക്കാൻ
കണ്ണുകളോ ചുണ്ടുകളോ നാവോ
നിങ്ങൾക്കില്ലാതെ പോയെങ്കിലോ...





ഡോ.എ.ലത

# പശ്ചിമഘട്ട പരിരക്ഷണം : നടപ്പാക്കേണ്ടത് ആത്മബോധമുള്ള ഗാഡ്ഗിൽ റിപ്പോർട്ട്

*വൻതോതിലുള്ള തടികടത്തിനു വേണ്ടി ബ്രിട്ടീഷുകാർ തുടങ്ങി വെച്ച വനനശീകരണം സ്വാതന്ത്ര്യം ലഭിച്ച ശേഷം നമ്മളും പിന്തുടർന്നു. 19ാംനൂറ്റാണ്ടിന്റെ ആദ്യ പകുതിയോടെ കാപ്പി, തേയില എന്നീ നാണ്യവിളകൾക്കു വേണ്ടി പിന്നെ വ്യാപകമായ വനനശീകരണം.*

**കേന്ദ്രപരിസ്ഥിതിമന്ത്രാലയം** പ്രൊഫ.ഗാഡ്ഗിൽ നയിച്ച പശ്ചിമഘട്ടപാനൽ റിപ്പോർട്ടിന് പകരം കസ്തൂരിരംഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ അനുസരിച്ചുള്ള വിജ്ഞാപനമാണ് പുറപ്പെടുവിക്കാൻ പോകുന്നത് എന്ന പത്രവാർത്ത നമ്മൾ കണ്ടുകഴിഞ്ഞു.

ലോകത്തെ 35 ജൈവവൈവിദ്ധ്യ ഹോട്ട് സ്പോട്ടുകളിൽ എട്ടെണ്ണം അതീവപ്രാധാന്യം അർഹിക്കുന്നവയാണ്. അവയിൽ ഒന്നാണ് 25 കോടി ജനങ്ങൾ നേരിട്ടും പരോക്ഷമായും ജലത്തിനും കൃഷിക്കും ജീവിതവൃത്തിക്കും വേണ്ടി ആശ്രയിക്കുന്ന പശ്ചിമഘട്ടം. ഗുജറാത്തിലെ താപ്തി മുതൽ കന്യാകുമാരി വരെ വടക്കു തെക്കായി നീണ്ടുകിടക്കുന്ന ഈ പുരാതനമലനിരയുടെ ജൈവമാഹാത്മ്യം എത്ര വർണ്ണിച്ചാലും എഴുതിയാലും തീരാത്ത ഒന്നാണ്. പശ്ചിമഘട്ടത്തെ ആശ്രയിച്ചു നിലകൊള്ളുന്ന ആറു സംസ്ഥാനങ്ങൾക്ക് (കേരളം, തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ഗുജറാത്തിന്റെ കുറച്ചു ഭാഗം) ഈ മലനിരകളും അവ കാരണം ഉരുത്തിരിഞ്ഞു വന്നിട്ടുള്ള കാലാവസ്ഥ-ആവാസ വ്യവസ്ഥ പ്രത്യേകതകളും ഇല്ലാത്ത ഒരു ലോകം സങ്കൽപ്പിക്കുക പോലും സാധ്യമല്ല. കഴിഞ്ഞ 200 വർഷത്തിലേറെയായി പശ്ചിമഘട്ടത്തിൽ മനുഷ്യന്റെ തെറ്റായ ഇടപെടൽ തുടങ്ങിയിട്ട്. ആദ്യം കാടിനെയാണ് ഉന്നം വെച്ചത്. വൻതോതിലുള്ള തടികടത്തിനു വേണ്ടി ബ്രിട്ടീഷുകാർ തുടങ്ങിവെച്ച വനനശീകരണം സ്വാതന്ത്ര്യം ലഭിച്ച ശേഷം നമ്മളും പിന്തുടർന്നു. 19ാംനൂറ്റാണ്ടിന്റെ  ആദ്യ പകുതിയോടെ കാപ്പി, തേയില എന്നീ നാണ്യവിളകൾക്കു  വേണ്ടി പിന്നെ വ്യാപകമായ വനനശീകരണം. 20ാംനൂറ്റാണ്ടിന്റെ തുടക്കത്തോടെ ഏലം, റബ്ബർ, കശുമാവ് എന്നിവയും വേണ്ടി വ്യാപകമായി കാട് വെട്ടിമാറ്റപ്പെട്ടു. തേക്ക് പ്ലാന്റേഷനുകൾക്കുവേണ്ടിയും 19ാം നൂറ്റാണ്ടിൽ ഒരുപാട് കാട് നശിപ്പിക്കപ്പെട്ടു. ഇതിനു പുറമേ അണക്കെട്ടുകൾ, കൃഷി, കുടിയേറ്റം, റോഡ്, ടൂറിസം എന്നിവക്കുവേണ്ടിയും കാട് തന്നെയാണ് കുരുതിക്കു കൊടുത്തത്. ഇന്ന് ഖനനത്തിനും റിയൽഎസ്റ്റേറ്റ് ആവശ്യങ്ങൾക്കും കുടിയേറ്റത്തിനും വേണ്ടി പുതിയ മേഖലകൾ തുറന്നു കൊണ്ടിരിക്കുന്ന കാഴ്ച കാണാം.

1980കളുടെ ഒടുവിൽ പശ്ചിമഘട്ട സംരക്ഷണം ഇനി ഒട്ടും വൈകിക്കൂടാ എന്ന തിരിച്ചറിവോടു കൂടി തുടങ്ങിയ പശ്ചിമഘട്ട രക്ഷായാത്ര ദേശീയ തലത്തിൽ ശ്രദ്ധ നേടിയെടുത്തു, പിന്നീട് അതു ഉറങ്ങിപ്പോയെങ്കിലും. 2009ൽ 21 വർഷത്തിനു ശേഷം ഒരു കൂട്ടം പരിസ്ഥിതി സംരക്ഷണ



ഗ്രൂപ്പുകളുടെ കൂട്ടായ്മകളുടെ ഫലമായി Save Western Ghat Movement പുതിയ രൂപത്തിലും ഭാവത്തിലും ജീവൻ വെക്കുകയായിരുന്നു. അതിന്റെ രണ്ടാം കൂട്ടായ്മ നടന്നത് നീലഗിരി മലകളിലെ കോത്തഗിരിയിൽ വെച്ചായിരുന്നു. അവിടെ വെച്ച് മുഖ്യ അതിഥിയായി ക്ഷണിക്കപ്പെട്ട അന്നത്തെ പരിസ്ഥിതി മന്ത്രി ശ്രീ.ജയറാം രമേഷാണ് പശ്ചിമഘട്ടത്തിന്റെ സമഗ്രസംരക്ഷണത്തിന് ദീർഘവീക്ഷണത്തോടു കൂടിയ ഒരു പ്ലാൻ ഉണ്ടാകണം എന്ന ഉദ്ദേശത്തോടെ പശ്ചിമഘട്ടപാനലിന് രൂപം കൊടുക്കാൻ തീരുമാനിച്ചത്. വിശ്വവിഖ്യാതനായ പരിസ്ഥിതി ശാസ്ത്രജ്ഞനായ പ്രൊഫ.മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള 14 അംഗകമ്മിറ്റി സെപ്റ്റംബർ 2011ൽ അവരുടെ റിപ്പോർട്ട് പരിസ്ഥിതിമന്ത്രാലയത്തിൽ സമർപ്പിച്ചു. എന്നാൽ ഗാഡ്ഗിൽ പാനൽ റിപ്പോർട്ടിനെ നിശിതമായി വിമർശിച്ചു കൊണ്ടുള്ള സമീപനമാണ് കേരള സർക്കാരും മറ്റു പല സാമൂഹിക സംഘടനകളും കൈക്കൊണ്ടത്. പശ്ചിമഘട്ടപാനൽ റിപ്പോർട്ടിൽ പരിസ്ഥിതി സംരക്ഷണാർത്ഥം മുന്നോട്ടു വെച്ചിട്ടുള്ള പല ശുപാർശകളും അപ്രായോഗികമാണെന്നും, അവ നടപ്പിലാക്കിയാൽ ഹൈറേഞ്ച് കർഷകർ മലയിറങ്ങേണ്ടി വരുമെന്നും പ്രചരണങ്ങൾ വരെ നടത്തുകയുണ്ടായി.

2012 ആഗസ്റ്റിൽ സംസ്ഥാനങ്ങളുടേയും കോർപ്പറേറ്റ് സംരഭകരുടേയും മറ്റും സമ്മർദ്ദത്തിനു വഴങ്ങി പ്ലാനിംഗ് കമ്മീഷൻ അംഗമായ ഡോ.കസ്തൂരിരംഗനെ അദ്ധ്യക്ഷനാക്കി കൊണ്ടുള്ള ഒരു 9 അംഗകമ്മിറ്റി രൂപീകരിച്ചു. ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അവലോകനം നടത്തി അതിനെ ഒരു ആക്ഷൻ റിപ്പോർട്ടാക്കി മാറ്റാനുള്ള ഉത്തരവാദിത്തം മാത്രമാണ് ഈ കമ്മിറ്റിക്ക് നൽകിയിരുന്നത്. എന്നാൽ ഗാഡ്ഗിൽ റിപ്പോർട്ടിലെ പല കാതലായ ശുപാർശകളെയും പാടെ അവഗണിച്ചു കൊണ്ട് തീർത്തും വ്യത്യസ്തമായ ഒരു സമീപനമാണ് കസ്തൂരിരംഗൻ കമ്മിറ്റി കൈക്കൊണ്ടത്.



ഈയടുത്ത കാലത്ത് പത്രവാർത്തകളിൽ നിന്നും അറിയാൻ കഴിഞ്ഞു കേന്ദ്രപരിസ്ഥിതി മന്ത്രാലയം കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകളാണ് അംഗീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത് എന്ന്. ഇത് പശ്ചിമഘട്ടത്തിന്റെ സമഗ്രമായ സംരക്ഷണത്തിന് ഒരു വലിയ തിരിച്ചടിയായിരിക്കും. എങ്ങനെയാണ് പശ്ചിമഘട്ട പാനൽ റിപ്പോർട്ട് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിനേക്കാൾ പശ്ചിമഘട്ടത്തിന് ഗുണകരമാകുക എന്ന് പരിശോധിക്കുന്നത് ഇത്തരത്തിൽ ആവശ്യമാണ്.

1. ഇക്കാലമത്രയും നാം പിന്തുടർന്നു പോകുന്ന വികസന–ഭരണ മാതൃക സാമ്പത്തിക അടിത്തറയിൽ ഊന്നിയ ഒന്നാണ്. ഫണ്ടുണ്ടെങ്കിൽ ഏതു തരത്തിലുള്ള വികസനവും നടപ്പിലാക്കാം എന്ന വേദവാക്യമാണ് ഈ മാതൃകയിൽ കാണാൻ കഴിയുക. എന്നാൽ ഗാഡ്ഗിൽ പാനൽ മുന്നോട്ട് വെച്ചത് തീർത്തും പുതിയതായ പാരിസ്ഥിതിക അടിത്തറയിൽ ഊന്നിയ വികസന–ഭരണ മാതൃകയാണ് താനും. എന്ന് വെച്ച് ഫണ്ട് ലഭ്യമാണെങ്കിൽ പോലും ഒരു പ്രദേശത്തിന്റെ വികസനമാതൃക തീരുമാനിക്കുന്ന പ്രധാന ഘടകം അവിടത്തെ പാരിസ്ഥിതിക വിലോലതയും, സഹനശേഷിയുമായിരിക്കും. പശ്ചിമഘട്ടം പോലെ അതീവ ജൈവപ്രാധാന്യമുള്ള മേഖലകൾക്ക് ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വെച്ച പാരിസ്ഥിതിക ഭരണമാതൃകക്ക് മാത്രമേ ശാശ്വതമായ പരിരക്ഷണം ഉറപ്പാക്കാൻ കഴിയൂ

2. കസ്തൂരിരംഗൻ കമ്മിറ്റിയോട് പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടത്, ഗാഡ്ഗിൽകമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളെ സമഗ്രമായി വിലയിരുത്തിയശേഷം അവയിൽ നിന്നും ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കിയെടുക്കുക എന്നതാണ്. എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റി തീർത്തും പുതിയൊരു വഴിയിൽ കൂടി സഞ്ചരിച്ചുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ അന്തസ്സത്ത ഉൾക്കൊള്ളാതെയുള്ള ഒരു കരടു രേഖയാണ് സമർപ്പിച്ചത്.

3. ഒരു പ്രദേശത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ പ്രകൃതിവിഭവ ഘടകങ്ങളാണ് ജലം, ഭൂവിനിയോഗം, കാട്, കൃഷി, കന്നുകാലി വളർത്തൽ എന്നിവ. ഇവയെല്ലാം തന്നെ ആ പ്രദേശനിവാസികളുടെ ജീവിതവൃത്തിയുമായി പ്രത്യക്ഷമോ പരോക്ഷമോ ആയ ബന്ധം നിലനിർത്തുന്നവയാണ്. ഗാഡ്ഗിൽ റിപ്പോർട്ടിൽ ഇവ ഓരോന്നിനെ കുറിച്ചും വളരെ വിശദമായ ശുപാർശകൾ നൽകിയിരിക്കുന്നത് കാണാം. എന്നാൽ കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഖനനം, ജലവൈ

ദ്യുതി പദ്ധതികൾ, വ്യവസായം, ടൂറിസം, പട്ടണങ്ങൾ എന്നീ വികസനമേഖലകളെ മാത്രം കേന്ദ്രീകരിച്ചുള്ള ശുപാർശകളാണ് കാണാൻ കഴിയുക.

4 പശ്ചിമഘട്ടപ്രദേശത്തെ (1, 64,000ച.കി.മി) രണ്ടായി തിരിച്ചിരിക്കുകയാണ് കസ്തൂരിരംഗൻ. പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂപ്രദേശവും (natural landscap) മനുഷ്യവാസം കൂടുതൽ ഉള്ള സാംസ്കാരിക ഭൂപ്രകൃതിയും (cultural landscape). മൊത്തം ഭൂപ്രദേശത്തിന്റെ 87% വിസ്തൃതി മാത്രമാണ് സെക്ഷൻ (3)ൽ സൂചിപ്പിച്ച മേഖലാതല നിയന്ത്രണങ്ങൾക്കു (regulations) വിധേയമാകുന്ന പാരിസ്ഥിതിക ഭൂപ്രദേശം. എന്നുവെച്ചാൽ ബാക്കിയുള്ള 13% പശ്ചിമഘട്ട പ്രദേശത്തിന് മിക്ക നിയന്ത്രണങ്ങളും ബാധകമല്ല എന്നുള്ളതാണ് കൂട്ടിവായിക്കാൻ . എന്നാൽ ഗാഡ്ഗിൽ റിപ്പോർട്ടിൽ മൊത്തം പശ്ചിമഘട്ടത്തിനെ മൂന്നു സോണുകളായി (ESZ I, II, III) തിരിക്കുകയാണ് ചെയ്തത്. മൊത്തം പശ്ചിമഘട്ടപ്രദേശത്തെ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായി കാണുകയും, അതിൽ തന്നെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയെ ESZ1 ആയും തരം തിരിക്കുകയായിരുന്നു. ഇതുവഴി എല്ലാ പ്രദേശങ്ങളും ഏതെങ്കിലും നിയന്ത്രണത്തിന് വിധേയമാക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഉണ്ടാകുക. ഇതു പശ്ചിമഘട്ടത്തിന്റെ സമഗ്രമായ പരിരക്ഷണം ഉറപ്പുവരുത്തുകയും ചെയ്തേനേ. വെറും 37 ശതമാനം മാത്രം പരിസ്ഥിതിപ്രാധാന്യ മേഖലയായി പ്രഖ്യാപിക്കുമ്പോൾ കൂടി വന്നാൽ സംരക്ഷിത മേഖലക്കും (protected areas) റിസർവ്വ് വനങ്ങൾക്കും അവയെ ചുറ്റിപറ്റിയുള്ള ഗ്രാമങ്ങൾക്കും മാത്രമാണ് വിജ്ഞാപനത്തിന്റെ ഗുണം ലഭിക്കുക, സംരക്ഷണമേഖലയും. റിസർവ്വ് ഫോറസ്റ്റും നിലവിൽ വനസംരക്ഷണ നിയമ(1980 )ത്തിന്റെ കീഴിൽ ആണല്ലൊ.

കൂടുതൽ ജനവാസമുള്ള കാടും നാടും ഇടതൂർന്ന് കിടക്കുന്ന പ്രദേശങ്ങളാണ് പശ്ചിമഘട്ടത്തിലെ ഏറ്റവും പരിരക്ഷ അർഹിക്കുന്ന പ്രദേശങ്ങൾ. എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റിയുടെ വേർതിരിക്കൽ വഴി ഇവയിൽ പലതും നിയമപരമായ പരിരക്ഷണത്തിന് പുറത്താകുകയാണ്. ES4 പരിരക്ഷണത്തിൽ വരുന്ന മേഖലകളിൽ നിന്നും ആൾക്കാരെ കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല എന്നതാണ് ഈ നിയമത്തിന്റെ ഏറ്റവും നല്ല വിശേഷത. എന്നാൽ അവിടെ ജീവിക്കുന്നവർ പരിസ്ഥിതിക്കിണങ്ങിയ ജീവിതശൈലി, വികസനം എന്നിവ അവലംബിക്കേണ്ടതായി വരും.

*ഗാഡ്ഗിൽ റിപ്പോർട്ടിൽ ഇനി പശ്ചിമഘട്ടത്തിൽ അന്തർസംസ്ഥാന നദീജലം തിരിച്ചു വിടൽ അനുവദിച്ചു കൂടാ എന്ന ശുപാർശ അതുകൊണ്ട് തന്നെ കേരളത്തിന് ഗുണകരമാണ്.*

5. കേരളം അന്തർസംസ്ഥാന നദീജല കൈമാറ്റങ്ങളുടെ ഇരയാണ് എന്നുള്ള വസ്തുത മുല്ലപ്പെരിയാർ, പറമ്പിക്കുളം, ആളിയാർ, ശിരുവാണി എന്നീ അന്തർസംസ്ഥാനനദീജലം തിരിച്ചു വിടുന്ന പദ്ധതികളുടെ അനുഭവങ്ങളിൽ നിന്നും വ്യക്തമാണ്. ഇവയിൽ എല്ലാം തന്നെ നദിയെ പൂർണ്ണമായി തിരിച്ചു വിടുന്നത് കാരണം അണക്കെട്ടുകൾക്കു താഴെ പുഴ ഒഴുകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഗാഡ്ഗിൽ റിപ്പോർട്ടിൽ ഇനി പശ്ചിമഘട്ടത്തിൽ അന്തർസംസ്ഥാന നദീജലം തിരിച്ചു വിടൽ അനുവദിച്ചു കൂടാ എന്ന ശുപാർശ അതുകൊണ്ട് തന്നെ കേരളത്തിന് ഗുണകരമാണ്.

6. ഗാഡ്ഗിൽ റിപ്പോർട്ടിൽ ESZ (Ecologically Sensitive Zone I)ൽ വലിയ അണക്കെട്ടുകൾ, വൻകിട ടൂറിസം, റെയിൽവേ പാതകൾ, ഖനനം എന്നിവ നിരോധിച്ചിരിക്കുകയാണ്. അനധികൃത ഖനനവും, മണൽവാരലും പശ്ചിമഘട്ടത്തിൽ മൊത്തമായും പടിപടിയായി നിരോധിക്കണം എന്ന നിലപാടാണ് ഗാഡ്ഗിൽ പാനൽ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ മേൽ സൂചിപ്പിച്ചപ്രകാരം 63% പ്രദേശത്ത് ഖനനവും മണൽവാരലും തുടരുന്നതിന് നിയന്ത്രണങ്ങളൊന്നും വെക്കുന്നില്ല കസ്തൂരിരംഗൻപാനൽ. ഇന്ന് പശ്ചിമഘട്ടത്തിലെ മലകളും പുഴകളും നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അനിയന്ത്രിതമായ ഖനനവും മണൽവാരലുമാണ്.

7. കൃഷിയോഗ്യമായ ഭൂമിയെ മറ്റാവശ്യങ്ങൾക്കായി (ഖനനം, ടൂറിസം, റിയൽഎസ്റ്റേറ്റ്) മാറ്റരുത് എന്ന് ഗാഡ്ഗിൽ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ഭൂവിനിയോഗം ഇത്തരത്തിൽ മാറ്റുക പശ്ചിമഘട്ടത്തിൽ വളരെ സർവ്വസാധാരണയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കസ്തൂരിരംഗൻ കമ്മിറ്റി ഇതിനെ സംബന്ധിച്ച് യാതൊരു നിയന്ത്രണവും കൽപ്പിക്കാത്തത് വളരെ അതിശയകരമാണ്!

8. പശ്ചിമഘട്ട പ്രദേശത്ത് പണിയുന്ന കെട്ടിടങ്ങൾക്ക് കൃത്യമായ ബിൽഡിംഗ് കോഡ് (building code) ഉണ്ടെന്നും അവ പരിസ്ഥിതിക്കനുയോജ്യമായിരിക്കണം എന്നും ഗാഡ്ഗിൽ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. എന്നാൽ 20,000 sq.m (2,15,000sqft) വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ ESA (natural landscape)യിൽ പണിയാം എന്ന നിലപാടാണ് കസ്തൂരിരംഗൻ കമ്മിറ്റി സ്വീകരിച്ചിരിക്കുന്നത്.

ഇത്തരത്തിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ് കസ്തൂരിരംഗൻകമ്മിറ്റിറിപ്പോർട്ട്. പശ്ചിമഘട്ടം 50 വർഷം കഴിയുമ്പോൾ എങ്ങനെയിരിക്കണം എന്ന വ്യക്തമായ പാരിസ്ഥിതിക കാഴ്ചപ്പാടിന്റെ അഭാവം ഈ റിപ്പോർട്ടിൽ കാണാം. അതുകൊണ്ട് തന്നെ ഗാഡ്ഗിൽ റിപ്പോർട്ടാണ് പരിസ്ഥിതി മന്ത്രാലയം അടിസ്ഥാന രേഖയായി സ്വീകരിക്കേണ്ടിയിരുന്നത് എന്ന കാഴ്ചപ്പാടിലേക്ക് കേരളസമൂഹം നീങ്ങേണ്ടിയിരിക്കുന്നു. പശ്ചിമഘട്ടം നിലനിൽക്കണം എന്ന ആത്മബോധം ഉള്ള ജനത ഉണ്ടായിവരേണ്ട സമയം കൂടിയാണിത്.

●

സമകാലികം



എലിസബത്ത് ഫിലിപ്പ്



# ജസീറ സമരത്തിന്റെ രാഷ്ട്രീയം

*തന്റെ 'രാഷ്ട്രീയസാന്നിദ്ധ്യ' ത്തിന്റെ സമര തുടർച്ചയെ കഴിഞ്ഞ ഒക്ടോബർ 6 മുതൽ ദില്ലിയിലെ വിയോജിപ്പുകൾക്കുള്ള അനുവദനീയ സ്ഥലി ആയി ജന്തർ മന്തറിലേക്ക് ജസീറ മാറ്റുന്നത് മറ്റു സാധ്യതക ളൊക്കെ അടഞ്ഞ ഒരു ഘട്ടത്തിലായിരുന്നു.*

**കേരളത്തിന്റെ** തീരപ്രദേശങ്ങളിൽ കടൽമണൽഖനനം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ജസീറ മാടായി തുടർന്നുവരുന്ന സമരം ഇതിനകം തന്നെ വ്യവസ്ഥാപിത രാഷ്ട്രീയ സംവിധാനങ്ങൾക്ക് അലോസരമായി തീർന്നിരിക്കുന്നു. തന്റെ'രാഷ്ട്രീയസാന്നിദ്ധ്യ'ത്തിന്റെ സമരതുടർച്ചയെ കഴിഞ്ഞ ഒക്ടോബർ 6 മുതൽ ദില്ലിയിലെ വിയോജിപ്പുകൾക്കുള്ള അനുവദനീയ സ്ഥലി ആയ ജന്തർ മന്തറിലേക്ക് ജസീറ മാറ്റുന്നത് മറ്റു സാധ്യതകളൊക്കെ അടഞ്ഞ ഒരു ഘട്ടത്തിലായിരുന്നു. നീണ്ടു കിടക്കുന്ന ഒരു തീരദേശ പാരിസ്ഥിതികതക്ക് മീതെ, നിയമങ്ങളൊക്കെ നിലനിൽക്കുമ്പോൾ തന്നെ നടന്നു വരുന്ന നഗ്നമായ ചൂഷണത്തെ, സാധ്യമാകുന്നിടത്തോളം ഭരണ നിർവ്വഹണസംവിധാനങ്ങളുടെ ശ്രദ്ധയിൽ ഉറക്കെയെത്തിക്കുക എന്ന ദൗത്യമാണ് ഇത്തരമൊരു രാഷ്ട്രീയ ഇടത്തെ കൈവശപ്പെടുത്തുക വഴി ജസീറ നിർവ്വഹിച്ചിരിക്കുന്നത്.

കഴിഞ്ഞ 20 മാസക്കാലമായി ജസീറ ഉന്നയിക്കുന്ന ഏക ആവശ്യമാണ് തീരദേശ നിയന്ത്രണ വിജ്ഞാപനം (coastal zone regulation act) അടിയന്തിരപ്രാധാന്യത്തോടെ നടപ്പിലാക്കണമെന്നത്. കേരളത്തിന്റെ തീരജില്ലകളിലാകെ തീരദേശനിയന്ത്രണവിജ്ഞാപനം നടപ്പിൽ വരുന്നത് മണൽ വാരൽ കുത്തകകൾക്കും ഒത്താശക്കാർക്കും സങ്കൽപ്പിക്കാനാകാത്ത കാര്യമായിരുന്നു. ഈ രീതിയിൽ അടിയന്തിരപ്രാധാന്യമുള്ള ഒരു പൊതുവിഷയത്തെ മുൻനിർത്തി, സ്വന്തം മുൻകൈയ്യിൽ ഒരു സ്ത്രീ ഒറ്റക്കു നടത്തുന്ന സമരം എന്നതു കൊണ്ടു തന്നെ ജസീറയുടെ സമരത്തിന് സവിശേഷ പ്രാധാന്യമുണ്ട്. അത് പലപ്പോഴും സാമ്പ്രദായിക സമരസങ്കല്പങ്ങളെയൊക്കെ കയ്യൊഴിഞ്ഞ് തീർത്തും സ്വാഭാവികമായ ഒരു ജൈവആവിഷ്കാരമെന്നോണം വികസിച്ചു വരികയായിരുന്നു ചെയ്തത്. ഒഴുകിയെത്തുന്ന വലിയ ആൾക്കൂട്ടങ്ങളുടെ അകമ്പടി ഒരു ഘട്ടത്തിലും ഈ സമരത്തിനുണ്ടായിരുന്നില്ല. സാധാരണ സമരങ്ങൾക്കുമുമ്പ് രൂപം കൊള്ളാറുള്ള പ്രവർത്തനനിരതമായ സമരസഹായ/ഐക്യദാർഢ്യസമിതികളുണ്ടായിരുന്നില്ല. ഭാവിപ്രവർത്തനത്തെ കുറിച്ചുള്ള നിയതമായ പദ്ധതികൾ ഇല്ലാത്തപ്പോൾ പോലും ഒരു സ്ത്രീ മൂന്നു കുട്ടികളെ തന്റെ സമരജീവിതത്തിന്റെ അനുനിമിഷങ്ങളിലേക്ക് ചേർത്ത് നിർത്തി സൃഷ്ടിച്ചെടുക്കുന്ന നവീനമായ ഒരു സമരസാദ്ധ്യതയിലേക്ക് ജസീറയുടെ ഇടപെടലുകൾ വഴി തുറക്കുന്നുണ്ട്.

മണലെടുപ്പ് സംബന്ധിച്ചുള്ള തന്റെ പരാതി ജസീറ ആദ്യം നൽകുന്നത് പഴയങ്ങാടി വില്ലേജോഫീസിലാണ്. തുടർന്ന് പഞ്ചായത്തിലും പോലീസ്സ്റ്റേഷനിലുമൊക്കെ പരാതികളുമായി തുടർച്ച. ആദ്യഘട്ടത്തിൽ ജസീറക്കനുകൂലമായി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ച ഒരു പോലീസുദ്യോഗസ്ഥൻ പഴയ

ങ്ങാടി പോലീസ്സ്റ്റേഷനിൽ നിന്ന് തൊട്ടടുത്തദിവസം തന്നെ സ്ഥലം മാറ്റപ്പെടുകയായിരുന്നു. ഇതും തുടർന്നുണ്ടായ നിരവധി സംഭവങ്ങളും നിയമവിരുദ്ധമണൽമാഫിയക്ക് പോലീസിലും പ്രാദേശികഭരണസംവിധാനങ്ങളിലും ഉണ്ടായിരുന്ന സ്വാധീനത്തെ വെളിവാക്കുന്നതായിരുന്നു. ജസീറ പലപ്രാവശ്യം മണൽമാഫിയയുടെ ആക്രമണങ്ങൾക്ക് വിധേയയായി. സ്കൂളിലേക്ക് പോകുന്ന വഴിയിൽ അവളുടെ കുട്ടികൾ ആക്രമിക്കപ്പെട്ടു. ജസീറയുടെ ഒറ്റമുറി വീട് മണൽ കടത്തുകാർ രണ്ടുതവണ തകർത്തു. ആദ്യ ഘട്ടത്തിൽ മണലെടുപ്പിന് എതിരായ ജസീറയുടെ പ്രതികരണങ്ങളോട് അനുഭാവം കാട്ടിയ ഉമ്മയും സഹോദരിയും പതുക്കെ പിന്മാറി. ഈ അനുഭവങ്ങളൊക്കെ ഉണ്ടായിട്ടും പിന്മാറാൻ തയ്യാറാകാതെ തന്റെ സമരതുടർച്ചയിൽ ഉറച്ചു നിൽക്കുന്നു എന്നതു തന്നെയാണ് ജസീറയുടെ പ്രസക്തി. കടലിന്റെ മകൾ എന്ന് സ്വയം വിശേഷിപ്പിക്കുന്ന ജസീറ തന്റെ കുട്ടികളെ വളർത്തുന്നതുപോലും സ്വന്തമായി കണ്ടെടുത്ത ഒരു രാഷ്ട്രീയ ഇടത്തിലാണ്. സ്ഥലത്തിന്റെ പൊതു-സ്വകാര്യ-രാഷ്ട്രീയ വിഭജനങ്ങളെക്കുറിച്ചുള്ള സാമ്പ്രദായികധാരണകൾ ഈ സമരത്തിലൂടെ ചിലപ്പോഴൊക്കെ അസാധുവാക്കപ്പെടുന്നുണ്ട്.

ഡൽഹിയിൽ ജസീറയെ സന്ദർശിച്ച ദേശീയ മനുഷ്യാവകാശകമ്മീഷന്റെ പ്രതിനിധികൾ സമരത്തോട് അനുഭാവം പങ്കുവെക്കുമ്പോൾ തന്നെ, കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ജസീറയെ കുറ്റപ്പെടുത്തുന്ന നിലപാടുകളിലേക്ക് എത്തിച്ചേരുന്നുണ്ട്. ഒരു പൊതു ആവശ്യം മുൻനിർത്തി സമരം ചെയ്യുന്ന വ്യക്തി എന്നതിൽ നിന്നും അമ്മ എന്ന ഒരു സ്വകാര്യകർത്തൃത്വത്തിലേക്ക് ചുരുക്കി ജസീറയെ വിചാരണ ചെയ്യാനാണ് കമ്മീഷനിവിടെ ശ്രമിക്കുന്നത്. ജവർഹർലാൽനെഹ്റു യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികളുമായി സമരാനുഭവങ്ങൾ പങ്കുവെക്കവെ ജസീറയുടെ പന്ത്രണ്ടു വയസ്സുകാരിയായ മകൾ റസ്വാന പറയുന്നു.

"സമരസ്ഥലങ്ങളിൽ ഉമ്മയോടൊപ്പം കിടക്കുന്ന ഞങ്ങളെ 'ചൈൽഡ്ലൈൻ' പ്രവർത്തകർ രാത്രി വന്ന് ബലമായി ഉമ്മയിൽ നിന്ന് വലിച്ചെടുക്കാൻ ശ്രമിക്കുമായിരുന്നു. റെയിൽവെ സ്റ്റേഷനിലും ബസ് സ്റ്റാൻഡിലുമൊക്കെ എത്രകുട്ടികൾ കിടക്കുന്നുണ്ട്. അവരെയൊന്നും രക്ഷിക്കാൻ പോകാതെ ഇവർ ഞങ്ങളെ തന്നെ പിൻതുടരുന്നത് ഉമ്മയുടെ സമരം തകർക്കാനാണെന്ന് ഞങ്ങൾക്ക് മനസ്സിലായിരുന്നു."

സാമൂഹ്യക്ഷേമ ഉദ്ദേശങ്ങൾ മുൻനിർത്തി രൂപീകൃതമാകുന്ന സർക്കാർ ഏജൻസികൾ പോലും ഏതൊരു മൂല്യവ്യവസ്ഥയുടെ കാവൽപ്പണിയിലാണ് ഏർപ്പെടുന്നത് എന്നതിലേക്ക് ഈ കൊച്ചു കുട്ടിയുടെ തുറന്നുപറച്ചിൽ വിരൽചൂണ്ടുന്നുണ്ട്.

ജീവിതത്തോടുള്ള നേർക്കുനേർ ചോദ്യങ്ങളുടെ ഉത്തരങ്ങളായാണ് ജസീറയുടെ രാഷ്ട്രീയം ഉരുവം കൊള്ളുന്നത്. കടലും തീരദേശ ജീവിതവും ഒക്കെ കൂടി ചേർന്ന് രൂപം കൊള്ളുന്ന ഒരു ആത്മനിഷ്ഠത അതിനുണ്ട്. മുഖ്യധാരയുടെ രാഷ്ട്രീയ അനുതാപങ്ങളിൽ സമരം മുൻനിർത്തുന്ന ആവശ്യങ്ങളേക്കാൾ സമരമുഖത്തുള്ള കുട്ടികളെ ചൊല്ലിയുള്ള ഉൽകണ്ഠകളാണ് കനക്കുന്നത്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനുമുന്നിൽ സമരം ചെയ്യവെ, ഭർത്താവ് എന്താണ് കൂടെയില്ലാത്തത് എന്ന് കുശലം ചോദിച്ച പോലീസുകാരിയോട് "നിങ്ങൾ എന്തുകൊണ്ടാണ് അപ്പുറത്ത് സമരം ചെയ്യുന്ന പുരുഷന്മാരോട് ഭാര്യകൂടെയില്ലാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കാത്തത്?" എന്ന് സ്വാഭാവികമായി പ്രതികരിക്കുമ്പോൾ സാമാന്യബോധം താലോലിക്കുന്ന ചില വലിയ മുൻഗണനാക്രമങ്ങളാണ് വിചാരണ ചെയ്യപ്പെടുന്നത്. എൻ.ഡി.എഫിന്റെ സെക്രട്ടറിയേറ്റ് ഉപരോധത്തിന് വന്ന പ്രവർത്തകർ ജസീറയുടെ തന്നെ സുരക്ഷിതത്വം മുൻനിർത്തി അവരുടെ സമരം കഴിയുന്നതുവരെ അവിടെ നിന്ന് മാറി നിൽക്കാമോ എന്ന് ചോദിച്ചപ്പോൾ "കൂടുതൽ ആളുകൾ ഉള്ള സമരം വന്നതുകൊണ്ട് ഒരാൾ നടത്തുന്ന സമരം അപ്രസക്തമാകുന്നില്ല." എന്നുപറഞ്ഞ് വിസമ്മതിക്കാൻ ജസീറക്ക് കഴിയുന്നത് തന്റെ രാഷ്ട്രീയ ഇടത്തിന്റെ പ്രാധാന്യം അറിയുന്നതുകൊണ്ടുതന്നെയാണ്.

ഡൽഹിയിൽ ജസീറയെ സന്ദർശിക്കാൻ നിരവധിപേരെത്തുന്നുണ്ട്. കോൺഗ്രസ്സിന്റേയും ബി.ജെ.പിയുടേയും നേതാക്കൾ ജസീറയെ കാണുകയും അനുഭാവം അറിയിക്കുകയും ചെയ്യുന്നുണ്ട്. സ്വന്തം രാഷ്ട്രീയവേഗം വർദ്ധിപ്പിക്കാനാണെങ്കിൽപ്പോലും മുഖ്യധാരാരാഷ്ട്രീയത്തിന് അവഗണിക്കാനാകാത്ത ഒരു സാന്നിദ്ധ്യമായി ജസീറ മാറിയിരിക്കുന്നു എന്ന് ഇതിനർത്ഥമുണ്ട്. ഇടതുപക്ഷം ഔദ്യോഗികമായി നിലപാട് സ്വീകരിക്കാനിരിക്കെത്തന്നെ ഇടതു പാർട്ടിയുടെ വലിയൊരു വിഭാഗം അനുഭാവികൾ സമരത്തോട് മാനസികമായി ഐക്യപ്പെടുന്നുണ്ട്. ഫെമിനിസ്റ്റുകൾ, പരിസ്ഥിതിപ്രവർത്തകർ, മനുഷ്യാവകാശപ്രവർത്തകർ തുടങ്ങി നിരവധിപേർ നിത്യവും ജന്തർമന്തിറിൽ ഒത്തുകൂടുന്നു. ആനി രാജയുടെ നിരന്തരമുള്ള സന്ദർശനങ്ങൾ എടുത്തുപറയേണ്ടതാണ്. ജെ.എൻ.യുവിലേയും ഡി.യുവിലേയും വിദ്യാർത്ഥികൾ ചെറു സംഘങ്ങളായി ജസീറയെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. മാധ്യമങ്ങൾ വലിയൊരളവുവരെ സമരത്തെ മുന്നോട്ട് കൊണ്ടുപോകും വിധം ദൈനംദിന സമരവാർത്തകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതിലൂടെ തെരുവിൽ കുട്ടികളോടൊപ്പം ഒറ്റക്കായ ഒരു അമ്മബിംബനിർമ്മിതിയും അതിനോടുള്ള രക്ഷാകർതൃപരമായ സഹാനുഭൂതിയും ആണോ ഉണ്ടാകുന്നത് എന്ന് ആലോചിക്കേണ്ടതുണ്ടെങ്കിലും....

●



ഇ.പി.ജ്യോതി

# ഭൂമിയുടെ നേർക്കാഴ്ചകൾ



**പുറത്ത്** സ്വയം മറന്നാടുന്ന കർക്കിടകം. കനത്ത കാറ്റ് ജനാലച്ചില്ലകളെ തമ്മിലടിപ്പിച്ച് ഉല്ലസിക്കുന്നു. ഗതി മാറിയെത്തിയ മഴമേഘങ്ങൾ തമ്മിലടിച്ചും വീണുരുണ്ടും കളിക്കുന്നു. വിരിയാനൊരുങ്ങി നിൽക്കുന്ന സൗഗന്ധികത്തിന്റെ മുഖത്ത് ആത്മനിർവൃതി.

ഉത്തര ജനാലകളടക്കാനൊരുങ്ങി. എങ്ങനെയോ കൂട്ടം തെറ്റിയെത്തിയ മഴത്തുള്ളി ജനാലയുടെ അഴികൾക്കിടയിൽ അള്ളിപ്പിടിച്ച് വിറങ്ങലിച്ചു നിന്നു.

“സമയം പോയതറിഞ്ഞില്ല. കോടികൾ കയ്യിലുണ്ടായിരുന്നേൽ ഇവിടിരുന്നാ മതിയായിരുന്നു. ഇതിപ്പം അതിനും കഴിയില്ല മനുഷ്യന്റെ ഓരോ കാര്യേ”

സ്വയം ചോദിച്ചും പറഞ്ഞും ഉത്തര ജോലി തുടർന്നു. രാവിലെ ഭർത്താവിനേയും മകളേയും പറഞ്ഞയച്ചു കഴിഞ്ഞാൽ പിന്നെ ധൃതിയുടെ ആക്കമൊന്നു കുറയും. എങ്കിലും പഞ്ചേന്ദ്രിയങ്ങളും അർപ്പിച്ച് ജോലി കഴിയുമ്പോഴേക്കും ഇറങ്ങേണ്ട സമയമാകും.

ഇന്നും ഓടുക തന്നെ. ഓട്ടത്തിൽ നിന്നു തുടങ്ങി. ഓടിക്കൊണ്ടേയിരിക്കുന്നു. എന്നുവരെ? ആ ബസ് കിട്ടിയേ തീരു. വൈകിയാൽ ഒരു പാട് കനത്ത മുഖങ്ങൾ കാണേണ്ടി വരും. രണ്ടുദിവസം വീട്ടിലിരുന്നാലോ കൺമുന്നിൽ കാണുന്നവർക്കെല്ലാം ഒറ്റ ചോദ്യമേയുള്ളൂ.

‘‘ന്തേയ് പണിക്കൊന്നും പോണ്ടേ”

അതു കേൾക്കുമ്പോൾ തന്നെ പെരുവിരലിൽ നിന്നൊരു തരിപ്പ് കയറും. ജോലികൾ തീർത്ത് വീട്ടിൽ നിന്നിറങ്ങി പിന്നെയൊരു ഓട്ടം തന്നെ. ഇടവഴികളിൽ നിന്നും ഇടവഴികളിലേക്ക്. അതെന്നും എളുപ്പവഴികളായിരുന്നു.

ബസ് കടന്നു പോയോ എന്ന ആശങ്കയോടെ ഉത്തര വേഗത്തിൽ നടന്നു. ആ ബസ്സിന്റെ കാര്യം ഉറപ്പിക്കാനും വയ്യ. കാരണം പിറകേ വരുന്ന തൊട്ടടുത്ത ബസ്സിന്റെ വേഗതയെ ആശ്രയിച്ചിരിക്കും ആദ്യത്തേതിന്റെ വേഗത. ആ അമ്മയും മകളും ഇന്നു കയറുമോ ആവോ? നെഞ്ചിടിപ്പ് വർദ്ധിക്കുന്നത് അവളറിയുന്നുണ്ടായിരുന്നു. അധ്യാപികയായ താൻ പലപ്പോഴും ചപലചിത്തയായി പോകുന്നു. സർവ്വേന്ദ്രിയങ്ങളേയും കീഴ്പ്പെടുത്തിക്കൊണ്ട് ആ ആൾരൂപങ്ങൾ മനസ്സിൽ മിന്നിമറയുന്നു. പെട്രോൾപമ്പിൽ തന്റെ ജോലിക്കിടയിലും നിസ്സംഗത ഭാവിക്കുന്ന ആ അമ്മയുടെ മുഖം പെട്ടെന്ന് മറക്കാനൊക്കില്ല. തീവ്രമായ ഒരു വേദന അവരെ കാർന്നുതിന്നുന്നുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഒരു

പഭോക്താവെന്ന നിലയിൽ മാത്ര മായിരുന്നു പരിചയം. എന്നാൽ ഇന്ന് പരാശ്രയം കൂടാതെ ജീവി ക്കാൻ കഴിയാത്ത ഒരു സാധു പെൺകുട്ടിയുടെ അമ്മയാണ് അവർ എന്നത് മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. വസുധ എന്ന അമ്മ.

ഇടവഴി കടന്ന് നടുറോഡിൽ എത്തുന്നതിനുമുമ്പായി തന്നെ ആടി വരുന്ന ബസ്സ് ഉത്തര കണ്ടു. നിമിഷങ്ങൾക്കുള്ളിൽ തന്നെ ഒമ്പതുമാസം നിറഞ്ഞ ഗർഭിണി യെപ്പോലെ അത് ഉത്തരക്കുമു മ്പിൽ ഓക്കാനിച്ചു നിന്നു. എങ്ങ നെയെങ്കിലും അതിനുള്ളിൽ കയ റിപ്പറ്റുക എന്നതായി അടുത്തല ക്ഷ്യം. ഒന്നരമണിക്കൂറിന്റെ ഇടവേ ളയിലെ ഒരേയൊരു ബസ്സിൽ സർവ്വപ്രതിബന്ധങ്ങളേയും തട്ടി നീക്കി കയറിപ്പറ്റി. കോടികൾ മുടക്കി പണിതീർത്ത ബൈപാസ് റോഡ് നിരവധി മുറവിളികളുടെ ഫലമാണ്. എന്നിട്ടും ആവശ്യ ത്തിന് ബസ് സൗകര്യം പൊതുജ നത്തിന് ലഭ്യമാകുന്നുമില്ല. ജനാധി പത്യ വ്യവസ്ഥിതിയത്രെ? രാഷ്ട്രീ യപാർട്ടികൾക്കാണെങ്കിൽ തമ്മി ലടി തീർക്കാനേ നേരമുള്ളൂ. പൊതുജനത്തെ ആരറിയണം.

ബസ് കാത്തിരിപ്പു കേന്ദ്ര ത്തിന്റെ തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന പ്രമുഖ കാർ ഡീലർ കെട്ടിടം. അതിനു മുമ്പിൽ റോഡിന്റെ നാൽപതുശതമാന ത്തോളം ഭാഗം കവർന്നെടുത്ത് ജീവനക്കാരുടേയും ഉപഭോക്താക്ക ളുടേയും വാഹനങ്ങൾ നിർത്തിയി ട്ടിരിക്കുന്നു. റോഡിന്റെ വലിയൊരു ഭാഗം തന്നെ കൈക്കലാക്കിയിട്ടും, ബന്ധപ്പെട്ടവർക്കു പൊതുജനം പരാതി രേഖാമൂലം നൽകിയിട്ടും യാതൊരു പ്രതികരണവും ഉണ്ടാ യിട്ടില്ല. മത്തഗജത്തെ പോലെ നിൽക്കുന്നു ആ കെട്ടിടം. പ്രമുഖ പത്രത്തിന്റെ പ്രാദേശികലേഖകൻ പറഞ്ഞത് ആ വിഷയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കേണ്ടെന്നാണ്. ജനാധിപത്യവ്യവസ്ഥിതിയിലെ ഈ അസമത്വം ആരു പരിഹരിക്കു മെന്ന ശങ്കയിൽ നാട്ടുകാരും. നോക്കുകുത്തികളായി ഓരോ യാത്രക്കാരനും.

വരരുചിയുടെ പന്ത്രണ്ടുമക്കളും ഒത്തുചേർന്ന പുണ്യം പേറുന്ന നാടിന്റെ ഹൃദയഭാഗത്തുകൂടി ബസ് ഞരങ്ങി നീങ്ങി. രണ്ടുകിലോ മീറ്റർ കൂടി കടന്നാൽ പെട്രോൾപ മ്പായി. ഹൃദയമിടിപ്പോടെ ഉത്തര ഇരുന്നു.

കാത്തിരുന്ന കണ്ണുകളെ കുളി രണിയിച്ചു കൊണ്ട് അവർ കയറി. ഉത്തരയുടെ തൊട്ടുമുന്നിലുള്ള ഇരിപ്പിടം ബസ് കണ്ടക്ടറുടെ ദയ യാൽ കിട്ടുകയും ചെയ്തു. കഴു ത്തറ്റം വരെ ഉയർന്നു നിൽക്കുന്ന പുസ്തകസഞ്ചിയാൽ കഷ്ടപ്പെട്ടി രുന്ന പെൺകുട്ടിയുടെ നേരെ കണ്ട ക്ടർ കണ്ണുരുട്ടിയതോടെ മടിയിലു ള്ളതെല്ലാം ഇരിപ്പിടത്തിലിട്ട് അവൾ എഴുന്നേറ്റു കൊടുത്തു. ഇരിപ്പിടം കിട്ടിയ ആശ്വാസം ഒരു ദീർഘനി ശ്വാസമായി ആ അമ്മയിൽ നിന്നും പുറത്തുവന്നു.

ഇളംനീല കള്ളി ഷർട്ടും കരി നീല ജാക്കറ്റും യൂണിഫോം ധരിച്ച പെൺകുട്ടി. പത്തുവിരലും ഇറുക്കി നെഞ്ചോടമർത്തിപ്പിടിച്ച് അവൾ അമ്മയോടൊട്ടിയുരുമ്മിയിരുന്നു. ഇടക്ക് തുറിച്ചു നോക്കുന്നു. കണ്ണു കളിൽ നേരിന്റെ നീർച്ചാട്ടം. മകളെ ചേർത്തിരുത്തി കാതിൽ പതുക്കെ എന്തോക്കെയോ മന്ത്രിക്കുന്ന അമ്മ. വാത്സല്യം നിറഞ്ഞൊഴു കുന്ന കണ്ണുകളിൽ നോവിന്റെ കന ലാട്ടം.

വിദൂരതയിലേക്ക് കണ്ണുംനട്ടി രുന്ന ആ അമ്മ എഴുതിത്തീരാത്ത കഥയുടെ മധ്യഭാഗം പോലെ തോന്നിച്ചു. ഇണങ്ങിയും പിണ ങ്ങിയും മഴ തന്റെ നിയോഗത്തിൽ വ്യാപൃതയായിരിക്കുന്നു. വസുധ യുടെ അർത്ഥഗർഭമായ മൗനം.

ബസ്സിന്റെ മത്സരയോട്ടത്തിനും ഗർജ്ജനത്തിനും ഇരകളായി അതി നകത്ത് ധാരാളം ഇരുകാലികൾ ഞെരുങ്ങിയിരിക്കുന്നു ഡ്രൈവ റുടെ ഇച്ഛക്കനുസരിച്ച് ആടുന്നു കാലഘട്ടത്തിലെ പാത്രങ്ങൾ. സ്കൂൾകുട്ടികളുടെ പുസ്തകസ ഞ്ചികൾ ആ അമ്മയുടേയും മകളു ടേയും മടിയിലേക്ക് വീഴുന്നുണ്ടാ യിരുന്നു. മകളുടെ മടിയിലേക്ക് വീണതെല്ലാം ഒതുക്കി അമ്മ മകളെ തന്നോടു ചേർത്തു പിടിച്ചു. യാത്രക്കാരുടെ കണ്ണുകളിൽ കൗതുകം.

തൊട്ടുമുന്നിലെ ഇരിപ്പിടമായതി നാൽ അവരോട് സംസാരിക്കുവാൻ അല്പം കൂടി സൗകര്യമാണെന്ന് ഉത്തരക്ക് തോന്നി. സംസാരം മറ്റു ള്ളവർ കേൾക്കരുതെന്ന ശ്രദ്ധ യോട് കൂടിതന്നെ മകളെക്കുറിച്ച് ആരാഞ്ഞു.

"തലച്ചോറില് ഫംഗസാണ്" അതുകൊണ്ട് നടക്കാനും പറ്റൂല ന്റെ മോൾക്ക്. കൊല്ലം പതി നാലായി ഞാനിതിനേം ചുമക്കണ്. കൊല്ലാമ്പറ്റോ പെറ്റിട്ടില്ലേ".

കണ്ണുകളിൽ നിന്നടർന്നുവീണ തുള്ളികൾ അവരോടു ചേർന്നി രുന്ന മകളുടെ കുപ്പിവളയിൽ വീണ് ചിതറി. അവൾ അതുകണ്ട് ചിരിച്ചു.

"അതിനെ മുറുക്കിപ്പിടിച്ചോ ളിൻ"

തൊട്ടപ്പുറമിരുന്ന മധ്യവയ സ്കന്റെ മുഖംകോട്ടിയുള്ള ചിരി. കയ്യിൽ കുത്തിപ്പിടിച്ചിരുന്ന നീളൻകുടയുടെ പിടി കറക്കിക്കൊ ണ്ടയാൾ ചിരിച്ചു. കറ വീണ പല്ലു കൾ മുഴുവൻ പുറത്തുകാട്ടി ചിരി ക്കുന്ന അയാളുടെ കണ്ണിലെ ക്രൂര മായ തിളക്കം... ഉത്തരയുടെ ഉള്ളിൽ ഒരഗ്നിപർവ്വതം പുകഞ്ഞു.

ആ അമ്മ അതു ശ്രദ്ധിച്ചി ല്ലെന്നു തോന്നി. രക്തം വറ്റിയ കണ്ണുകൾ വിദൂരതയിൽ നിന്നു പറി ച്ചെടുത്ത് അവർ മകളെ ചേർത്ത് മൂർദ്ധാവിൽ ചുംബിച്ചു.

കൂടുതലൊന്നും ബസ്സിലിരുന്ന് സംസാരിക്കേണ്ടെന്ന് കരുതി ഉത്തര അവരിൽ നിന്നും ഫോൺന മ്പർ വാങ്ങി.

വൈകുന്നേരം ജോലി കഴിഞ്ഞ് വീട്ടിലെത്തിയപ്പോഴും ഉത്തരയുടെ ഉള്ളിൽ ആ അമ്മയെ വിളിച്ച് സംസാരിക്കാനുള്ള അടങ്ങാത്ത ആഗ്രഹമായിരുന്നു.

സഞ്ചിയിൽ നിറഞ്ഞുകിടന്നി രുന്ന കടലാസുകൾക്കിടയിൽ നിന്ന് ആ നമ്പർ തിരഞ്ഞെടുത്ത് അവരെ വിളിച്ചു. അപ്പുറത്ത് ദുർബ ലമായ പ്രതികരണം.

ബന്ധങ്ങളുടെ കമ്പിവേലികൾ തകർത്തെറിഞ്ഞ് തലമുറകൾ കുതിക്കുമ്പോൾ പൊക്കിൾ കൊടിയുടെ മുറിവുണങ്ങാതെ വിരണ്ടിരിക്കുന്നു മാതൃത്വം. കാലം പുത്തൻ തലമുറക്കു മുമ്പിൽ വാതായനങ്ങൾ തുറന്നിടുമ്പോൾ പറയാത്ത കഥകൾ യാഥാർത്ഥ്യത്തിന്റെ ചരടിൽ കോർത്ത് സമൂഹത്തിന്റെ മുമ്പിൽ ചെന്ന് കാണിക്കുമോ പുത്തൻ തലമുറ?

രാത്രിയുടെ കൈവിരൽ കൺപീലികളെ തഴുകിത്തുടങ്ങിയപ്പോഴും രണ്ടു മനുഷ്യരൂപങ്ങൾ ഉത്തരയുടെ ബോധമണ്ഡലത്തെ നിയന്ത്രണാതീതമാക്കിയിരുന്നു. കാമനകളുടെ മുൾമുനകൾ അവളുടെ പഞ്ചേന്ദ്രിയങ്ങളെ കീഴ്പ്പെടുത്താതിരിക്കട്ടെ. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കിടയിൽപ്പെട്ട് ശ്വാസംമുട്ടി ജീവിക്കുന്ന എത്രയെത്ര അമ്മമാർ? പൈതങ്ങൾ? ജീവിതത്തിന്റെ വ്യത്യസ്ത ഏടുകൾ വായിക്കാൻ, കാണാൻ, വൈമുഖ്യം കാണിക്കുന്നവരുടെ കണ്ണുകൾ തുറക്കുന്നതെപ്പോൾ.

സുഷുപ്തിയുടെ വാതായനങ്ങളിൽവെച്ച് സ്വർണ്ണമാലയിട്ട, തിളങ്ങുന്ന ജുബ്ബയിട്ട, മധ്യവയസ്കന്റെ മഞ്ഞളിച്ച പല്ലുകളും അട്ടഹാസവും ഉത്തരയെ മടക്കിയയച്ചു. ഞെട്ടി ഉണർന്നപ്പോഴും ആ അട്ടഹാസം മുഴങ്ങുന്നതായി അവൾക്കു തോന്നി. അത് സ്ത്രീസമൂഹത്തെ മുഴുവൻ ഇളക്കുന്നതായും.

ഉത്തരയുടെ ഉള്ളം പിടഞ്ഞു. ഇത് അനുവദിക്കാനാവില്ല. സ്ത്രീകൾ സംരക്ഷിക്കപ്പെടേണ്ടവർ തന്നെ. താനടക്കമുള്ള സ്ത്രീകൾക്ക് ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ട്. ദൃഢനിശ്ചയത്തോടെ അവൾ വീണ്ടും മയക്കത്തിലേക്ക് വഴുതിവീണു. നിറഞ്ഞ സ്വപ്നങ്ങളുടെ കിരീടമണിഞ്ഞെത്തുന്ന പുത്തൻ പുലരി വരും.

കറുത്ത മൗനത്തിന്റെ പെട്ടകം പൊട്ടിച്ചെറിഞ്ഞ് ഉന്മാദിനെയെപ്പോലെ അലറുകയായിരുന്നു കർക്കിടകം അപ്പോഴും.

വസുധ ഒരിതിഹാസമായി അവളുടെ ഉള്ളിൽ നിറഞ്ഞു നിന്നു. ഭൂമിയുടെ നേർക്കാഴ്ചകൾ മനുഷ്യനു തന്നെ ഉൾക്കൊള്ളാനാവുന്നില്ലല്ലോ.

എല്ലാ നന്മകളും ആശംസിച്ച് ഫോൺ താഴെ വെച്ചു. അപ്പുറത്ത് വസുധ ചിരിക്കുകയായിരുന്നുവെന്ന് തോന്നി.

വസുധക്കും തനിക്കുമിടയിലെ അകലം കുറഞ്ഞു വരുന്നു. ദിവസങ്ങൾക്കകം തന്നെ സുന്ദരിയായ പെൺകുട്ടികളുടേയും അമ്മയുടേയും ദയനീയമായ ജീവിതസാഹചര്യം മനസ്സിലാക്കുവാനായി. മദ്യപാനിയായ ഭർത്താവിന്റെ നിരന്തരപീഡനം. സാക്ഷികളായി രണ്ടു പെൺമക്കളും. ആ കുടുംബത്തിന്റെ സ്ഥിതികഗതികളെക്കുറിച്ചുള്ള ഓരോ പുതിയ അറിവും ഉത്തരക്കോരോ അനുഭവങ്ങളാവുകയായിരുന്നു.

"ഞാൻ വ്യഭിചരിക്കാനാണത്രേ പോയത്. ദൊക്കെ കേട്ടാൽ അവരവിടെ നിർത്ത്വോ അങ്ങേരെ പിടിച്ചു തള്ളി. എന്നോടും പോയ്ക്കോളാൻ പറഞ്ഞു. അങ്ങനെ പമ്പിലെ ജോലിയും പോയി."

വസുധയുടെ ഓരോ വാക്കും ഒരിടിത്തീപോലെ തന്നിലേക്കിറങ്ങുന്നത് ഉത്തരയറിഞ്ഞു. ആ സ്ത്രീയുടെ കരഞ്ഞു കലങ്ങിയ കണ്ണുകൾ താനടക്കമുള്ള സ്ത്രീസമൂഹത്തിന് നേരെയുള്ള ചൂണ്ടുവിരലാണെന്ന് ഉത്തരക്കു തോന്നി.

അനുഭവത്തിന്റെ മഴയിൽ തളിർത്തു പൂവിട്ട് കടുത്ത വേനലിന്റെ പ്രവഹരത്താൽ തളർന്നു വീണ് മുരടിച്ചു നിൽക്കുന്ന സൃഷ്ടിയുടെ ശേഷിപ്പ്.

ഇവൾ വസുധ. സർവ്വവും സഹിക്കാൻ ശേഷിയുള്ള അവൾ സഹനത്തിന്റെ നെറുകെ കുറുകെ നിൽക്കുന്നു. തന്റെ ശരീരം നുറുങ്ങി നീറുമ്പോഴും പൈതങ്ങളെ മുറുക്കിപ്പിടിച്ചിരിക്കുന്നു.

പെറ്റിട്ടുവീണ സന്തതികളെ നോക്കി മലർന്നുകിടന്നു നെടുവീർപ്പിടുന്നു. നരച്ചകാലത്തിന്റെ ഉണങ്ങിയ ഗർഭപാത്രം.

''ഞാൻ ഉത്തര. രാവിലെ ബസ്സിൽ വെച്ച് നമ്പർ വാങ്ങിയിരുന്നു...''

പറഞ്ഞ് തീരുന്നതിനു മുമ്പു തന്നെ അടുത്ത മറുപടി.

"മനസ്സിലായി ഞാൻ വസുധ."

ഒരു നിമിഷം അത്ഭുതപ്പെട്ടു. സർവ്വംസഹയായ വസുധ. അടുത്തതായി എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പു തന്നെ അവർ മകളെക്കുറിച്ച് പറഞ്ഞു തുടങ്ങി.

"വയസ്സ് പതിനാലായി. വല്ല്യ കുട്ടീം ആയി. ഒക്കെ ഞാൻ തന്നെ ചെയ്യണം. എടയ്ക്കൊക്കെ കാണിച്ചു തരും. എടയ്ക്ക് ഒന്നും മിണ്ടുംല്ല്യ"

"മൂത്ത മകളോ"

ശങ്കയോടെയാണ് ചോദിച്ചത്.

''പതിനൊന്നും ജയിച്ചു. ഇപ്പോൾ ബിരുദത്തിന് പ്രവേശനത്തിനായി ഞാൻ നെട്ടോട്ടം ഓടുന്നു. എവടേം കിട്ടീട്ടില്ല. സ്വകാര്യ കോളേജുകൾ വല്ല്യ തുക ചോദിക്കുന്നു. എടുത്തു കൊടുക്കാൻ വെച്ചിരിക്ക്ണോ ന്റെ കയ്യില്.

ഒരീസം മൂത്തമോളെന്നോട് പറയ്യാ അമ്മേ മൂന്നാക്കം വെഷം കുടിച്ച് ചത്താലോന്ന്. ഓളേം കുറ്റം പറയാമ്പാറ്റ്വോ. അതും ഗൗരവായി തന്നെ ചിന്തിക്കാൻ തൊടങ്ങിയിരിക്ക്ണ്"

രണ്ടമത്തേന്റെ ചികിത്സക്കായി മുട്ടാത്ത വാതിലുകളില്ല. ഈ അസുഖൊന്നും ഭേദമാവില്ലെന്ന് ചെലര്. വേണങ്കി നോക്കാം. പക്ഷേ അമ്മ കൂടി മനസ്സു വെക്കേണ്ടി വരുമെന്നാണ് വേറൊരുത്തൻ പറഞ്ഞത്. അത് പറഞ്ഞോന്റെ മുഖത്ത് കാർക്കിച്ചു തുപ്പീട്ടാ ഞാമ്പോന്നത്. ഹല്ല പെണ്ണുങ്ങക്കൊന്നും ഇന്നാട്ടില് സമാധാനായി ജീവിക്കാനൊരവകാശവും ഇല്ലെന്നോ"?

ഒറ്റ ശ്വാസത്തിൽ വസുധ പറഞ്ഞു നിർത്തി.

"ന്റെ മോളെ എന്തു ചെയ്യണമെന്നറിയില്ല. പുറത്തുകൊണ്ടോവാൻ വയ്യ. അകത്തിരുത്താൻ അത്രേം സമാധാനല്ല്യ." ആ ശബ്ദത്തിലെ വിറയൽ ഒരമ്മയായ ഉത്തരക്ക് അനുഭവിച്ചറിയാൻ കഴിഞ്ഞു.

●





സീമ ശ്രീലയം

# ഊർജതന്ത്ര നൊബേൽ ഹിഗ്ഗ്സ് ബോസോണിനു തന്നെ

1964 ൽ വെറും ഒന്നരപ്പേജ് മാത്രം വരുന്ന ഗവേഷണ പ്രബന്ധത്തിൽ പീറ്റർ ഹിഗ്ഗ്സ് പ്രവചിച്ച കണത്തെ തേടിയുള്ള യാത്രയിലായിരുന്നു ശാസ്ത്രലോകം ഏറെ നാൾ. പിടികിട്ടാതെ വന്നപ്പോൾ നാശം പിടിച്ച കണങ്ങൾ എന്ന അർഥത്തിൽ പീറ്റർ ഹിഗ്ഗ്സ് അതിനെ ഗോഡ്ഡ്മെൻ പാർട്ടിക്കിൾ എന്നു വിശേഷിപ്പിച്ചു! മാധ്യമങ്ങൾ അതു ചുരുക്കി ഗോഡ്സ് പാർട്ടിക്കിൾ എന്നെഴുതി.

**പ്രതീക്ഷ** തെറ്റിയില്ല. ഇത്തവണത്തെ ഊർജതന്ത്ര നൊബേൽ സമ്മാനം ഹിഗ്ഗ്സ് ബോസോണിന്റെ സാധ്യത പ്രവചിച്ച ശാസ്ത്രജ്ഞർക്കു തന്നെ ലഭിച്ചു. പീറ്റർ ഡബ്ല്യു. ഹിഗ്ഗ്സ് , ഫ്രാൻസ്വ ഇംഗ്ലർട്ട് എന്നീ ശാസ്ത്രജ്ഞർക്കാണ് പുരസ്ക്കാരം.1964 ൽ വെറും ഒന്നരപ്പേജ് മാത്രം വരുന്ന ഗവേഷണ പ്രബന്ധത്തിൽ പീറ്റർ ഹിഗ്ഗ്സ് പ്രവചിച്ച കണത്തെ തേടിയുള്ള യാത്രയിലായിരുന്നു ശാസ്ത്രലോകം ഏറെ നാൾ. പിടികിട്ടാതെ വന്നപ്പോൾ നാശം പിടിച്ച കണങ്ങൾ എന്ന അർഥത്തിൽ പീറ്റർ ഹിഗ്ഗ്സ് അതിനെ ഗോഡ്ഡ്മെൻ പാർട്ടിക്കിൾ എന്നു വിശേഷിപ്പിച്ചു! മാധ്യമങ്ങൾ അതു ചുരുക്കി ഗോഡ്സ് പാർട്ടിക്കിൾ എന്നെഴുതി. അതോടെ ദൈവകണം എന്ന വിശേഷണവും ഈ കണത്തിനു ചാർത്തിക്കിട്ടി. തുടർന്ന് ഫ്രാൻസ്വ ഇംഗ്ലർട്ട് എന്ന ശാസ്ത്രജ്ഞനും റോബർട്ട് ബ്രൗട്ടും ഇതേ ആശയവുമായി രംഗത്തെത്തി. എന്നാൽ ബ്രൗട്ട് രണ്ടു വർഷം മുൻപ് അന്തരിച്ചതു കൊണ്ട് അദ്ദേഹത്തിനു നൊബേൽ ലഭിക്കാനുള്ള ഭാഗ്യമുണ്ടായില്ല. ദ്രവ്യത്തിനു പിണ്ഡം എന്ന ഗുണം നൽകുന്ന കണമാണ് ഹിഗ്ഗ്സ് ബോസോൺ. പ്രപഞ്ച ഘടനയെ സംബന്ധിച്ച സ്റ്റാൻഡേർഡ് മോഡൽ പൂർണ്ണമാകണമെങ്കിൽ ഈ കണത്തെ പിടികിട്ടിയേ തീരൂ. പ്രപഞ്ചോല്പത്തി രഹസ്യങ്ങൾ ചുരുൾ നിവർക്കുന്നതിനൊപ്പം ഈ പിടികിട്ടാപ്പുള്ളിയെ കണ്ടുപിടിക്കുക എന്ന ലക്ഷ്യവുമായാണ് മനുഷ്യൻ ഇന്നോളം കണ്ടതിൽ വച്ച് ഏറ്റവും വലിയ പരീക്ഷണമായ കണികാപരീക്ഷണം 2008 ൽ ആരംഭിച്ചത്. ലാർജ് ഹാഡ്രോൺ കൊളൈഡർ എന്ന വമ്പൻ തുരങ്ക പരീക്ഷണ ശാലയിൽ പ്രകാശവേഗതയിൽ ചീറിപ്പാഞ്ഞ പ്രോട്ടോൺ ധാരകളുടെ കൂട്ടിയിടി വെറുതെയായില്ല.ശാസ്ത്രലോകത്തെ ആവേശക്കൊടുമുടിയിൽ എത്തിച്ചുകൊണ്ട് 2012 ജൂലൈ നാലിന് ഹിഗ്ഗ്സ് ബോസോൺ പരീക്ഷണശാലയിൽ സൃഷ്ടിക്കപ്പെടുക തന്നെ

ചെയ്തു. ഹിഗ്ഗ്സ് ബോസോണിനു നൊബേൽ ലഭിക്കുമ്പോൾ തീർച്ചയായും ഒരു ഇന്ത്യൻ ശാസ്ത്രജ്ഞനെയും നമ്മൾ സ്മരിക്കണം. അതു മറ്റാരുമല്ല. പ്രശസ്ത ഊർജതന്ത്രജ്ഞനായ സത്യേന്ദ്ര നാഥ ബോസ്സ് തന്നെ.1920 കളിൽ അദ്ദേഹം അവതരിപ്പിച്ച ബോസോൺ കണികകളെക്കുറിച്ചുള്ള സിദ്ധാന്തം ആൽബർട്ട് ഐൻസ്റ്റീനെപ്പോലും അമ്പരപ്പിച്ചിരുന്നു.ദ്രവ്യ കണങ്ങൾ തേടുന്ന ഗവേഷണങ്ങൾക്ക് അടിത്തറയിട്ട സുപ്രധാന സിദ്ധാന്തമാണിത്.

**ഇ കെമിസ്ട്രിക്ക് രസതന്ത്ര നൊബേൽ**

രസതന്ത്രത്തെ സൈബർലോകത്തിന്റെ ചങ്ങാതിയാക്കിയ മൂന്നു ശാസ്ത്രജ്ഞർക്കാണ് ഈ വർഷത്തെ രസതന്ത്ര നൊബേൽ സമ്മാനം. രാസപ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർ മാതൃകകൾ സൃഷ്ടിച്ച് അതിന്റെ സൂക്ഷ്മ വിശദാംശങ്ങളിലേക്ക് വെളിച്ചം വീശിയ മാർട്ടിൻ കാർപ്ലസ്, മൈക്കൽ ലെവിറ്റ്, ആറി വോർഷെൽ എന്നീ ശാസ്ത്രജ്ഞർക്കാണ് പുരസ്ക്കാരം. ഒരു ടെസ്റ്റ് ട്യൂബിൽ നടക്കുന്ന രാസപ്രവർത്തനങ്ങൾ വെറുതെ നിരീക്ഷിച്ചതുകൊണ്ടു മാത്രം അതിന്റെ രഹസ്യങ്ങൾ കണ്ടെത്തുക അസാധ്യം. നൊടിയിടയിൽ നടക്കുന്ന രാസപ്രവർത്തനങ്ങളുടെ കാര്യമാണെങ്കിൽ പറയുകയും വേണ്ട. എന്നാൽ ടെസ്റ്റ്ട്യൂബിനു പകരം കമ്പ്യൂട്ടർ ആയാലോ? ഈ ചിന്തയാണ് രാസപ്രക്രിയകളുടെ കമ്പ്യൂട്ടർ മോഡലുകളിലേക്ക് ശാസ്ത്രജ്ഞരെ നയിച്ചത്. കമ്പ്യൂട്ടർ മോഡലിലൂടെ അതിന്റെ ഏതു വിശദാംശവും ചുരുൾ നിവർക്കാം. വീണ്ടും വീണ്ടും ഒരേ പരീക്ഷണം തന്നെ ആവർത്തിക്കാം. സാധ്യതകൾ പ്രവചിക്കാം. ജൈവതന്മാത്രകളുടെ തന്മാത്രാതല രഹസ്യങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്ന നൂതനസങ്കേതങ്ങളിലേക്ക് നയിച്ചത് ഇവരുടെ ഗവേഷണങ്ങളാണ് . രാസവ്യവസായ രംഗത്തും ഔഷധ ഗവേഷണരംഗത്തും വൈദ്യശാസ്ത്രത്തിലുമൊക്കെ സാധ്യതകളുടെ പുതുവഴികൾ വെട്ടിത്തുറന്ന ഗവേഷണമാണിവരുടേത്. ഔഷധ തന്മാത്രകളും ശരീരകോശങ്ങളും തമ്മിലുള്ള പ്രവർത്തനം, രാസപ്രവർത്തനങ്ങളിൽ ഉല്പ്രേരകങ്ങളുടെ സ്വാധീനം തുടങ്ങിയവയൊക്കെ കിറുകൃത്യമായി അറിയാൻ കമ്പ്യൂട്ടർ മാതൃകകൾ സഹായിക്കും. ജീവന്റെ രസതന്ത്രം പൂർണ്ണമായി തന്മാത്രാതലത്തിൽ മനസ്സിലാക്കുന്നതിലേക്കാണ് ഇപ്പോൾ ഇരസതന്ത്രത്തിന്റെ യാത്ര.

**വൈദ്യശാസ്ത്ര നൊബേൽ കോശ ഗതാഗതത്തിന് -**

കോശങ്ങൾക്കിടയിലും നടക്കുന്നുണ്ട് ഗതാഗതം.ഇതു വിശദീകരിച്ച തോമസ് സ്യൂദോഫ്, ജയിംസ്. ഇ.റോത്ത്മാൻ, റാൻഡി ഷെക്മാൻ എന്നീ ശാസ്ത്രജ്ഞർക്കാണ് ഇത്തവണ വൈദ്യശാസ്ത്ര നൊബേൽ പുരസ്ക്കാരം. അക്ഷരാർഥത്തിൽ ചെറുവ്യവസായ ശാലകൾ തന്നെയാണ് നമ്മുടെ ശരീരകോശങ്ങൾ. ഇവിടെ നിർമ്മിക്കപ്പെടുന്ന രാസതന്മാത്രകൾ നിരവധിയാണ്. ഹോർമോണുകളും എൻസൈമുകളുമൊക്കെ ഉൾപ്പെട്ട ഈ രാസതന്മാത്രകളെ വഴിതെറ്റാതെ യഥാസ്ഥാനങ്ങളിൽ ശരീരം എത്തിക്കുന്നതെങ്ങനെ? ദശലക്ഷക്കണക്കിന് നാഡീകോശങ്ങൾക്കിടയിൽ സന്ദേശവിനിമയം നടക്കുന്നതെങ്ങനെ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഇവരുടെ നേട്ടം. കോശ ഗതാഗതത്തിലെ വെസിക്കിൾ എന്നറിയപ്പെടുന്ന ഇത്തിരിക്കുഞ്ഞൻ പാക്കറ്റുകൾ, അവയ്ക്കു വഴികാട്ടിയാവുന്ന പ്രോട്ടീനുകൾ, ഇതുമായി ബന്ധപ്പെട്ട ജീനുകൾ, ഈ യാത്രയിലെ സിഗ്നലുകൾ തുടങ്ങി നിരവധി രഹസ്യങ്ങളാണ് ഈ മൂന്നു ഗവേഷകരും ചേർന്ന് പുറത്തു കൊണ്ടുവന്നത്. രോഗപ്രതിരോധ സംവിധാനത്തിന്റെ രഹസ്യങ്ങൾ, മസ്തിഷ്ക്ക പ്രവർത്തനങ്ങൾ, അൽഷിമേഴ്സ്, പ്രമേഹം തുടങ്ങിയ രോഗങ്ങൾ എന്നിവയെക്കുറിച്ചു വിശദമായി മനസ്സിലാക്കാൻ സഹായിച്ച നേട്ടമാണിത്. ഇതിൽ ജനിതകശാസ്ത്രവും ജൈവരസതന്ത്രവും കൈകോർക്കുകയും ചെയ്തു. ●




റിപ്പോർട്ട്



അഡ്വ.ദിവ്യ.ഡി.വി

*വിദ്യാഭ്യാസത്തിന്റേയും ആരോഗ്യത്തിന്റേയും തൊഴിലവസരങ്ങളുടേയും ശതമാനവർദ്ധനക്കണക്കുകളിൽ പുളകം കൊള്ളുന്ന ഇന്ത്യയിൽ, ശൈശവവിവാഹങ്ങൾ നടക്കുന്നു എന്നു പറഞ്ഞാൽ യാതൊരുവിധ പുരോഗതിയും അവകാശപ്പെടാൻ അർഹമല്ല എന്നർത്ഥം.*

**18** വയസ്സിൽ താഴെയുള്ളവരുടെ വിവാഹം രജിസ്ട്രർ ചെയ്യാൻ നിയമപരമായി കഴിയാത്തതുമൂലം, നിലവിലുള്ള ശൈശവവിവാഹനിരോധനനിയമത്തെ മറികടന്നുകൊണ്ട് നമ്മുടെ സർക്കാർ കൊണ്ടുവന്ന സർക്കുലർ എന്തായാലും ഒരുപാട് വിഷയങ്ങളെ വീണ്ടും തൊട്ടുണർത്തിയിരിക്കുന്നു. മുസ്ലിങ്ങളെ സഹായിക്കാൻ എന്ന മട്ടിൽ കൊണ്ടുവന്ന സർക്കുലർ ശക്തമായ എതിർപ്പുകൾ ഏറ്റുവാങ്ങുകയും തുടർന്ന് പിൻവലിക്കേണ്ടി വരികയും ചെയ്തിരിക്കുന്നു. ശൈശവവിവാഹങ്ങൾക്ക് നിയമപരമായി സാധുതയില്ലാത്ത രാജ്യമാണ് ഇന്ത്യ. എന്നാൽ ഇപ്പോഴും ശൈശവവിവാഹങ്ങൾ സങ്കീർണ്ണമായ, ഗൗരവം ആവശ്യമുള്ള വിഷയമായി അവശേഷിക്കുന്നു. 1929ൽ ശൈശവവിവാഹങ്ങൾ തടയുന്നതിനു വേണ്ടിയാണ് നിയമം വന്നതെങ്കിൽ പിന്നീട് ശൈശവവിവാഹനിരോധനിയമമായി പുനരവതരിപ്പിച്ചെങ്കിലും യാതൊരു മാറ്റവും ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയിൽ ഉണ്ടായില്ല. നിലവിൽ നടക്കുന്ന വിവാഹങ്ങളിൽ 46 ശതമാനവും ശൈശവവിവാഹങ്ങളാണ്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2011 ലെ കണക്കുപ്രകാരം 2011ൽ രജിസ്ട്രർ ചെയ്ത വിവാഹങ്ങൾ 113 ആണ്. ഏതെങ്കിലും ഒരു പ്രത്യേകസമുദായത്തിൽ മാത്രം അനുവർത്തിച്ചു പോരുന്ന ഒന്നല്ല ശൈശവവിവാഹം. ഇന്ത്യയിലെ മൊത്തം ശൈശവവിവാഹങ്ങളുടെ ലഭ്യമായ കണക്കെടുത്താൽ മറ്റു സംസ്ഥാനങ്ങൾ പ്രത്യേകിച്ചും ഗുജറാത്ത്, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഝാർഖണ്ഡ്, ഛത്തീസ്ഘട്ട്, ബീഹാർ എന്നിവിടങ്ങളിൽ ശൈശവവിവാഹങ്ങൾ ഒരു വാർത്ത പോലുമാകുന്നില്ല.

പെൺകുട്ടികൾ നേരിടുന്ന വിവേചനത്തിന്റെ തീക്ഷണാവസ്ഥമാത്രം ഇന്നും മാറ്റമില്ലാതെ തുടരുന്നു. വിദ്യാഭ്യാസത്തിന്റേയും ആരോഗ്യത്തിന്റേയും തൊഴിലവസരങ്ങളുടേയും ശതമാനവർദ്ധനക്കണക്കുകളിൽ പുളകം കൊള്ളുന്ന ഇന്ത്യയിൽ, ശൈശവവിവാഹങ്ങൾ നടക്കുന്നു എന്നു പറഞ്ഞാൽ യാതൊരുവിധ പുരോഗതിയും അവകാശപ്പെടാൻ അർഹമല്ല എന്നർത്ഥം. തുല്യതയുള്ള അവകാശം വിഭാവനം ചെയ്യുന്ന ഭരണഘടനയുള്ള രാജ്യം. ലിംഗസമത്വത്തിനും കുട്ടികളുടെ അവകാശത്തിനും വേണ്ടി പ്രത്യേക വകുപ്പുകൾ പോരാഞ്ഞ് അന്താരാഷ്ട്ര കരാറുകളായ സാർവ്വദേശീയ മനുഷ്യാവകാശപ്രഖ്യാപനം, വിവാഹത്തിനായുള്ള സമ്മതത്തിനും മിനിമം വിവാഹപ്രായത്തിനും വിവാഹരജിസ്ട്രേഷനുമുള്ള കൺവെൻഷൻ, സാമ്പത്തിക-സാമൂഹിക -രാഷ്ട്രീയാവകാശങ്ങളുടെ ഉടമ്പടി, സ്ത്രീകൾക്കെതിരെ എല്ലാവിധത്തിലുമുള്ള വിവേചനങ്ങളും അവ

# സ്ത്രീവിരുദ്ധതയ്ക്കെതിരെ ശബ്ദമുയർത്താൻ ജനകീയ കൂട്ടായ്മ'



സാനിപ്പിക്കാനുള്ള ഉടമ്പടി, കുട്ടികളുടെ അവകാശകൺവെൻഷൻ എന്നിവയെല്ലാം നമുക്ക് മുന്നിലുണ്ട്.

നിലവിൽ ഒരു പൊതുനിയമം ഉണ്ടായിരിക്കെ, രജിസ്ട്രർ ചെയ്യാതേയും റിപ്പോർട്ട് ചെയ്യപ്പെടാതേയും നടക്കുന്ന വ്യാപകമായ, നിർബന്ധിത ശൈശവ വിവാഹങ്ങൾ പെൺകുട്ടികളോടും സ്ത്രീകളോടുമുള്ള കടുത്ത വിവേചനമെന്നിരിക്കെ, പൊതുവെ സ്ത്രീകളോടുള്ള കാഴ്ചപ്പാടിന്റെ പ്രതിഫലനം കൂടിയാണെന്ന് പറയാതിരിക്കാനാവില്ല. കാരണം വിവാഹബന്ധങ്ങളിലെ ബലാത്സംഗം കുറ്റമല്ലാത്ത ഈ രാജ്യത്ത് വിവാഹിതയാകുന്ന ഓരോ പെൺ കുഞ്ഞും ഈ സാമൂഹികബോധത്തിന്റെ ഇരകളാണ്. വ്യക്തിത്വവികാസത്തിനും മാനസികവളർച്ചക്കും പക്വമായ ബോധത്തിനും ഉയർന്ന സാമൂഹ്യവളർച്ചക്കും പ്രാധാന്യം നൽകാതെ, പെൺകുട്ടിയായതിന്റെ പേരിൽ നടത്തുന്ന ശൈശവവിവാഹമെന്ന അനീതി, കൃത്യമായും കരാറിന്മേൽ ബലാത്സംഗത്തിനുള്ള അനുമതി നൽകലാണ്. സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി, സ്വയം അടയാളപ്പെടുത്തി നിലനിൽക്കലാണ്. സ്വന്തം ഐഡന്റിറ്റി രൂപീകരിക്കലാണ്. എന്നാൽ സമൂഹത്തിൽ നിന്നും നിലവിലെ കുടുംബവ്യവസ്ഥിതിയിൽ നിന്നും സ്ത്രീവർഗ്ഗത്തിന് നേരിടേണ്ടിവരുന്ന വിവേചനം തന്നെയാണ് ശൈശവാവസ്ഥയിൽ വിവാഹിതരാകേണ്ടിവരുന്ന ഓരോ കുഞ്ഞും നേരിടുന്നത്.

ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും സമുദായകല്പനകളുടേയും മതപൗരോഹിത്യപ്രമാണങ്ങളുടേയും ശക്തമായ പിന്തുണയുള്ള ശൈശവവിവാഹമെന്ന അനാചാരം, തുല്യമായ ഒരു സമൂഹത്തിലേക്കുള്ള വളർച്ചയുടെ വിഘാതമാണ്. മുമ്പ് ഇന്ത്യയിൽ നടന്ന നവോത്ഥാനങ്ങളുടെയൊക്കെ ഭാഗമായി സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും അവസ്ഥക്ക് മാറ്റം വരാൻ പോന്ന ഒരു



*ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും സമുദായകല്പനകളുടേയും മതപൗരോഹിത്യ പ്രമാണങ്ങളുടേയും ശക്തമായ പിന്തുണയുള്ള ശൈശവവിവാഹമെന്ന അനാചാരം, തുല്യമായ ഒരു സമൂഹത്തിലേക്കുള്ള വളർച്ചയുടെ വിഘാതമാണ്.*


സാമൂഹ്യബോധം സൃഷ്ടിക്കപ്പെട്ടിരുന്നുവെങ്കിലും ഇന്ന് കൂടുതൽ മതപരവും വംശീയവും ജാതീയവുമായി കൂടുതൽ അസമത്വം നിറഞ്ഞ സമൂഹത്തിലേക്ക് നാം തിരികെ നടക്കുകയാണ്.

സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ ഒഴിവാക്കാൻ ഏറ്റവും ഫലപ്രാപ്തിയുള്ള മാർഗ്ഗം നേരത്തെയുള്ള വിവാഹമെന്ന് ഹിന്ദു-മുസ്ലിം സംഘടനകളിൽ നിന്നും പലപ്പോഴായി പൊതുപ്രഖ്യാപനമെന്നോണം വന്നിട്ടുള്ളതാണ്. ഇവർ യഥാർത്ഥത്തിൽ സ്ത്രീസംരക്ഷകരായി സ്വയം മുന്നോട്ടുവരികയും സ്ത്രീകൾ അബലകളും സംരക്ഷണം അർഹിക്കേണ്ടവരെന്നും പറയുകയും ഇങ്ങനെ ഉയർന്നുവരുന്ന സ്ത്രീശക്തിയെ തടയുകയും ചെയ്യുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുള്ള സ്ഥാപിതമൂല്യങ്ങളെ തകർത്തുകൊണ്ട് തുല്യസ്ഥാനമുള്ള പൗരകളായി തീരുമെന്ന ഭീതിയും അതോടൊപ്പം പുരുഷാധിപത്യത്തിന്റെ സുഖവും നിലിവിലുള്ള സ്ത്രീവിരുദ്ധ ബോധത്തെ ശൈശവവിവാഹങ്ങളെ പിന്താങ്ങുവാൻ നിർബന്ധിതരാക്കുന്നു.

മത-സമുദായ ഭേദമില്ലാതെ സ്ത്രീകളോടുള്ള വിവേചനം നിലനിർത്തിക്കൊണ്ടുപോവുകയാണ്. ശൈശവവിവാഹങ്ങൾ, ഇത്തരത്തിൽ സ്ത്രീവിരുദ്ധ ആശയങ്ങളുടെ ഉല്പാദനമായി വ്യാപകമായി ഇന്ത്യയൊട്ടാകെ തുടർന്നു പോകുന്നതാണെങ്കിലും, കേരളത്തിൽ നിലവിൽ വന്ന രജിസ്ട്രേഷൻ സർക്കുലർ, ചില മുസ്ലിം മതസംഘടനകൾ, തങ്ങളുടെ സമുദായപ്രശ്നമായി മാത്രം മാറ്റുകയും വളരെ അപക്വമായ പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്തത് നമ്മൾ കണ്ടു. ഇനിയും നാവും ചിന്തയും ഉണർവും നഷ്ടപ്പെട്ടിട്ടില്ലാത്ത നമ്മുടെ കേരളസമൂഹം, പ്രത്യേകിച്ചും കേരളത്തിലെ മുസ്ലിംപെൺകുട്ടികൾ ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കുകയും വിവിധ വ്യവസ്ഥാപിത-അവ്യവസ്ഥാപിത സംഘടനകളും കൂട്ടായ്മകളും തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കിക്കൊണ്ട് സർക്കാർ നടപടിയുടേയും/പൗരോഹിത്യനേതാക്കളുടേയും സ്ത്രീവിരുദ്ധതയെ/മനുഷ്യത്വവിരുദ്ധതയെ ചോദ്യം ചെയ്യുകയും ചെയ്തു. ആധു

നികസമൂഹത്തിന് യോജിക്കാത്ത തരത്തിൽ, പ്രത്യേകിച്ചും സ്ത്രീക ളുടേയും പെൺകുട്ടികളുടേയും വിഷയത്തിൽ തീരുമാനങ്ങളെടു ക്കുകയും അതിനെ ന്യായീകരിക്കു വാൻ ഖുർആനേയും പ്രവാചകന്മാ രുടെ വചനങ്ങളേയും ഹദീസി നേയും ആയത്തുകളേയും കൂട്ടുപി ടിക്കുന്ന പൗരോഹിത്യപൂതിയിൽ പുരുഷാധിപത്യബോധത്തിന്റെ ധാർഷ്ഠ്യം, പിന്തിരിപ്പൻമനോഗതി എന്നിവയാണ് അടങ്ങിയിരുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം പെൺകുട്ടികളുടെ വിദ്യാഭ്യാസം ആൺകുട്ടികളുടേതിനേക്കാൾ വർദ്ധിച്ചു വരുകയാണ്. മുസ്ലിം കുടുംബങ്ങളിൽ പോലും 'ശൈശവ വിവാഹങ്ങൾ' മോശമാ ണെന്ന കാഴ്ചപ്പാട് വളർന്നുവരിക യാണ്. ഈ പുരോഗതിയെ പിന്നോ ട്ടടിക്കാൻ സർക്കാറിന്റെ സർക്കു ലർ തന്ത്രം പ്രയോഗിച്ചുവെങ്കിലും, മുസ്ലിംസമുദായത്തിലെ പുരോഗ മനവിഭാഗങ്ങൾ ശക്തമായിത്തന്നെ മുന്നോട്ടുവന്നു. ഈ സാഹചര്യ ത്തിലാണ് കോഴിക്കോട് 'പ്രതിരോ ധവേദി' രൂപംകൊള്ളുന്നതും. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ എല്ലാംതന്നെ നിയ മമായി അവശേഷിക്കുകയും എന്നാൽ അതിനനുപൂരകമായി സമൂഹം മൊത്തത്തിൽ വളരാതിരി ക്കുകയും ചെയ്യുന്ന കാഴ്ചയാണ് 1929 മുതൽ ഇങ്ങോട്ട് ശൈശവവി വാഹങ്ങളുടെ വർദ്ധനവ് കാണി ക്കുന്നത്. ഒരു പ്രത്യേകസമുദായ ത്തിന്റെ മാത്രം വിഷയമായി ചുരു ക്കി, സർക്കുലറിനു പിന്നിലെ അജ ണ്ടയെ പോഷിപ്പിക്കേണ്ട ബാധ്യത പുരോഗമനകൂട്ടായ്മകൾക്കുണ്ടാവ രുതെന്നുമുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് തികച്ചും മതേതരമായ ഒരു ജനാധിപ ത്യകൂട്ടായ്മ എന്ന രീതിയിൽ കേര ളത്തിലെ വിവിധ വ്യക്തികളും സംഘടനകളും ഒന്നുചേർന്നത്.

2013 ഒക്ടോബർ 14 നടന്ന സാംസ്കാരിക-സാമൂഹികപ്ര വർത്തകരുടെ സംഗമം നിരവധിയാ ളുകളുടെ പ്രാതിനിധ്യം കാരണം വേറിട്ട ഒന്നായി മാറി.



*സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ എല്ലാംതന്നെ നിയമമായി അവശേഷിക്കുകയും എന്നാൽ അതിനനുപൂരകമായി സമൂഹം മൊത്തത്തിൽ വളരാതിരിക്കുകയും ചെയ്യുന്ന കാഴ്ചയാണ്. 1929 മുതൽ ഇങ്ങോട്ട് ശൈശവവിവാഹങ്ങളുടെ വർദ്ധനവ് കാണിക്കുന്നത്.*

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള വിവേചനങ്ങൾക്കും അടിച്ച മർത്തലിനും ജാതി-മത-രാഷ്ട്രീയഭേദമില്ലെന്നും അവയെ ചെറുക്കേണ്ടത് പുരോഗമനജനാധിപത്യസമൂഹത്തിന്റെ കൂട്ടായ ഉത്തരവാ ദിത്തമാണെന്നും സംഗമം വിലയിരുത്തി. വിവാഹപ്രായം കുറച്ചുകൊണ്ട് ശൈശവവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനം കേരളനവോ ത്ഥാനം നേടിയെടുത്ത ജനാധിപത്യാവകാശങ്ങളോടുള്ള വെല്ലുവിളിയാ ണെന്നും ഉള്ള പൊതുഅഭിപ്രായം ഉണ്ടായി. ശൈശവവിവാഹത്തിനും നിർബന്ധിതവിവാഹത്തിനും എതിരെ യു.എന്നിൽ പ്രമേയം അവതരി പ്പിച്ചിട്ടും ഇന്ത്യ അതിൽ ഒപ്പുവെക്കാത്തതിന് പിന്നിലെ രാഷ്ട്രീയഅ ജണ്ട അപലപിക്കപ്പെട്ടു. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ ങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പൊതുവേദി എന്ന രീതിയിൽ 'പ്രതി രോധവേദി' പ്രവർത്തിക്കും. ശൈശവവിവാഹങ്ങൾ, ഫത്വകൾ, വിവേ ചനങ്ങൾ മുതലായവക്കെതിരെ ജാതി-മത ഭേദമെന്യേ നിലനിൽക്കുക, പുരോഗമനപരമായ നിലപാടുകളിലൂന്നി പ്രവർത്തിക്കുക, സ്ത്രീവിഷ യത്തിലും കുട്ടികളുടെ വിഷയത്തിലും ഇടപെടുക, പെൺകുട്ടികളുടെ ഐഡന്റിറ്റി സ്ഥാപിക്കുക, സ്ത്രീസ്വത്വം ഉറപ്പാക്കുക എന്നിവയൊക്കെ യാണ് പ്രതിരോധവേദിയുടെ ലക്ഷ്യങ്ങൾ. വിദ്യാഭ്യാസത്തിനും ആരോ ഗ്യത്തിനും പ്രധാന്യം കല്പിക്കാത്ത സമൂഹം എങ്ങനെയാണ് പുരോഗ തിയാർജ്ജിക്കുക? ഗുണപരമായ ഒരു തലമുറയുടെ വികാസത്തിന് തടസ്സം നിൽക്കുന്ന നിരവധി അനാചാരങ്ങൾ ഇവിടുണ്ട്. സ്ത്രീകളുടെ സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള കൂട്ടായ പ്രവർത്തനങ്ങ ളുടെ ഒരു വേദി എന്ന നിലയിൽ പ്രതിരോധവേദി തീർച്ചയായും വളരെ പ്രതീക്ഷകളുമായി മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ●

റിപ്പോർട്ട്



എലിസബത്ത്

# സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം

*ഒരു പെൺകുഞ്ഞ് ഗർഭസ്ഥശിശുവായിരിക്കുമ്പോൾ മുതൽ വിവേചനം അനുഭവിച്ചുതുടങ്ങുന്നു. ഭ്രൂണാവസ്ഥയിൽ തന്നെ നശിപ്പിക്കുകയോ ജനിച്ചുവീണ ഉടനെ കൊല്ലുകയോ ചെയ്യുന്നു. കണക്കുകൾ സൂചിപ്പിക്കുന്നത് 1000 ആൺകുട്ടികൾക്ക് 940 പെൺകുട്ടികളേ ഉള്ളു എന്നാണ്.*

മലപ്പുറം ജില്ലയിലെ ആശാവർക്കർമാർക്കുവേണ്ടി അന്വേഷിയും നാഷണൽ റൂറൽ ഹെൽത്ത്മിഷനും ചേർന്ന് നിലമ്പൂർ നഗരസഭാപരിധിയിലെ വ്യാപാരഭവനിൽ സെമിനാർ നടത്തി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നം എന്നതായിരുന്നു വിഷയം. അന്വേഷി പ്രസിഡണ്ട് കെ.അജിത അധ്യക്ഷത വഹിച്ചു.

കേരളത്തിലെ ആദ്യസ്ത്രീധനരഹിതഗ്രാമമായ നിലമ്പൂരിനെ ആ പദവിക്കർഹമാക്കിയതിൽ നഗരസഭാചെയർമാൻ ആര്യാടൻ ഷൗക്കത്തിനുള്ള പങ്ക് പ്രശംസനീയമാണെന്ന് കെ.അജിത പറഞ്ഞു. കഴിഞ്ഞ ഇരുപതുവർഷമായി സ്ത്രീകൾക്ക് നേരെയുള്ള എല്ലാത്തരം അതിക്രമങ്ങളോടും വിട്ടുവീഴ്ചയില്ലാതെ പൊരുതുന്ന സംഘടനയാണ് അന്വേഷി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്ന അതിക്രമങ്ങളും ക്രൂരതകളും ഒരു പരിഷ്കൃതസമൂഹത്തിന് ചിന്തിക്കാൻ കഴിയുന്നതിലും അപ്പുറമാണ്.

ഒരു പെൺകുഞ്ഞ് ഗർഭസ്ഥശിശുവായിരിക്കുമ്പോൾ മുതൽ വിവേചനം അനുഭവിച്ചുതുടങ്ങുന്നു. ഭ്രൂണാവസ്ഥയിൽ തന്നെ നശിപ്പിക്കുകയോ ജനിച്ചുവീണ ഉടനെ കൊല്ലുകയോ ചെയ്യുന്നു.കണക്കുകൾ സൂചിപ്പിക്കുന്നത് 1000 ആൺകുട്ടികൾക്ക് 940 പെൺകുട്ടികളേ ഉള്ളു എന്നാണ്. ഇന്ന് കേരളത്തിൽ സ്ത്രീകൾ ലിംഗപരമായി അടിച്ചമർത്തപ്പെടുന്ന അവസ്ഥയാണ്. അതൊരു സാമൂഹ്യവിപത്താണ്. സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും അവർ അടിച്ചമർത്തപ്പെടുകയാണ്. ഇതിനെതിരെ കഴിഞ്ഞ 20 വർഷമായി ശക്തമായരീതിയിൽ അന്വേഷി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനം തന്നെയാണ് അന്വേഷിയുടെ പ്രസക്തിയും നിലനിൽപ്പും എന്നും അജിത തന്റെ അധ്യക്ഷപ്രസംഗത്തിൽ എടുത്തുപറഞ്ഞു.

സെമിനാർ ഉദ്ഘാടനം ചെയ്യാനെത്തിയത് നിലമ്പൂർ മുൻസിപ്പൽ ചെയർമാൻ ശ്രീ.ആര്യാടൻ ഷൗക്കത്താണ്.

കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തുന്ന അദ്ദേഹം കേരളത്തിലെ മുസ്ലിം സ്ത്രീകളും പെൺകുട്ടികളും മതത്തിന്റെ ഇടപെടലുകൾ കാരണം അനുഭവിച്ചുകൊണ്ടിരിക്കുന്ന അടിമത്തവും സ്വത്വബോധമില്ലായ്മയും വളരെ തന്മയത്വത്തോടും മനസ്സിൽ തട്ടുന്ന രീതിയിലും പ്രതിപാദിക്കുകയുണ്ടായി. ഇന്നത്തെ സാമൂഹ്യ രാഷ്ട്രീയ അവസ്ഥയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ശൈശവവിവാഹവും ബാലവിവാഹവും ഒരു പൊതുജനാരോഗ്യപ്രശ്നമായി സമൂഹം ഏറ്റെടുത്തിട്ടില്ല. അന്വേഷിക്ക് അതു ചെയ്യാൻ കഴിയുമെന്ന് അവരുടെ ഇത്രയും കാലത്തെ പ്ര

വർത്തനത്തിൽ നിന്ന് നേരിട്ടനുഭ വിച്ചറിഞ്ഞിട്ടുണ്ട്. ഇന്നത്തെ ഈ സെമിനാറിന്റെ ഉദ്ഘാടനവും ഏറെ സന്തോഷമുള്ളതാണ്. ആരോഗ്യരംഗത്തെ അടിത്തട്ടിൽ പ്രവർത്തിക്കുന്നവരുടെ സെമിനാറാണിത്. ഇവർക്ക് ചെയ്യാൻ ധാരാളം കാര്യങ്ങളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കനുകൂലമായി ധാരാളം നിയമങ്ങൾ നിയമപുസ്തകങ്ങളിലുണ്ട്. പുതിയവ ഉണ്ടാക്കുകയും ചെയ്യുന്നു. പക്ഷേ അതിക്രമങ്ങൾക്കിരയാവുന്ന സ്ത്രീകൾക്ക് എത്രമാത്രം പരിരക്ഷ ഈ നിയമങ്ങൾകൊണ്ട് ലഭിക്കുന്നു എന്ന് കണ്ടെത്തേണ്ടതുണ്ട്. നിയമങ്ങൾ നടപ്പിലാക്കുന്ന കാലതാമസം നിയമവുമായി മുന്നോട്ട് നീങ്ങുന്നതിൽ നിന്നും സ്ത്രീകളെ പിൻതിരിപ്പിക്കുന്നു.

സ്ത്രീകളുടെ കാര്യങ്ങൾ തീരുമാനിക്കുന്നത് മതപൗരോഹിത്യമാണ്. രാഷ്ട്രീയമാണ്. ഭരണാധികാരമാണ്. അവൾ അന്നും ഇന്നും പുരുഷാധിപത്യനുകത്തിനു കീഴിലാണ്. ഇന്ന് എല്ലാമേഖലകളിലും സ്ത്രീകൾ കടന്നുചെല്ലുകയും തങ്ങൾ വളരെ നൈപുണ്യമുള്ളവരാണെന്ന് തെളിയിച്ചുകഴിഞ്ഞവരുമാണ്. എന്നാൽ അവളുടെ എല്ലാ നൈപുണ്യങ്ങളും ഒതുക്കാനാണ് മതങ്ങളും അധികാരമേധാവികളും ശ്രമിക്കുന്നത്. ഇതിനെതിരെ സ്ത്രീകളുടെ ശക്തമായ ഒരു പ്രതിഷേധ നിര ഉയർന്നുവരേണ്ടതാണ്.

നിലമ്പൂർ ഇന്ന് സമ്പൂർണ്ണ സ്ത്രീധനവിരുദ്ധ ഗ്രാമമാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ടു ഒരു സർവ്വേ നടത്തിയപ്പോൾ നിലമ്പൂർ ഗ്രാമത്തിൽ മാത്രം 675 പെൺകുട്ടികൾ പ്രായപൂർത്തി കഴിഞ്ഞിട്ടും അവിവാഹിതരായി നിൽക്കുന്നു എന്നു കണ്ടെത്തി. സ്ത്രീധനം കൊടുക്കാനില്ലാത്തതായിരുന്നു കാരണം. ഇതിനെതിരെയുള്ള പ്രവർത്തനത്തിലൂടെയാണ് നിലമ്പൂരിനെ സ്ത്രീധന വിരുദ്ധ ഗ്രാമമാക്കിയത്.

നമ്മുടെ ഇടയിൽ ഇപ്പോൾ ഏറെ വിവാദം സൃഷ്ടിച്ച പ്രശ്നമാണല്ലോ മുസ്ലിംപെൺകുട്ടികളുടെ വിവാഹപ്രായം 16 വയസ്സാക്കിയത്. എന്നാൽ ഇതൊരു മുസ്ലിംപെൺകുട്ടിയുടെ കാര്യമല്ല, ഹിന്ദുപെൺകുട്ടിയുടെ കാര്യമല്ല. ഒരു ക്രിസ്ത്യൻ പെൺകുട്ടിയുടെ മാത്രം കാര്യമല്ല. ഇതൊരു പെൺകുട്ടിയുടെ കാര്യമായാണ് കാണേണ്ടത്. പൊതുജനാരോഗ്യപ്രശ്നമായാണ് കാണേണ്ടത്. 9 ലും 10 ലും പഠിക്കുന്ന കൊച്ചുപെൺകുട്ടികളെ വിവാഹം കഴിച്ചുകൊടുക്കുന്ന മാതാപിതാക്കൾ അവളുടെ മാനസികപക്വതയെപ്പറ്റി വിലയിരുത്തുന്നില്ല. ഈ കൗമാരക്കാരായ പെൺകുട്ടികൾക്ക് പ്രണയങ്ങളും സ്വപ്നങ്ങളുമില്ലേ? മയിൽപ്പീലിപുസ്തകത്താളുകളിൽ തിരുകിവെച്ച് അത് പ്രസവിക്കുമെന്ന് സങ്കല്പിച്ച് ഇടക്കിടെ താളുകൾ മറിച്ചുനോക്കുന്ന പെൺകുട്ടി. അവളെ പെട്ടെന്നൊരു ദിവസം അവൾ പോലുമറിയാതെ തൊപ്പിയും കുപ്പായവുമിട്ടുവന്ന നാലഞ്ച് ആണുങ്ങൾ ചേർന്ന് നിക്കാഹ് നടത്തിക്കൊടുത്തുകഴിയുമ്പോൾ അവൾക്കുണ്ടാകുന്ന മാനസികാവസ്ഥ. അതാരെങ്കിലും ചിന്തിക്കുന്നുണ്ടോ? 16 വയസ്സിനുമുമ്പ് കല്യാണം കഴിച്ചില്ലെങ്കിൽ പിന്നെ വിവാഹം നടക്കില്ല. 24 വയസ്സായ പെൺകുട്ടിക്ക് വിവാഹക്കമ്പോളത്തിൽ ഡിമാന്റ് കുറവാണ്. ഓളെവലിപ്പം എത്രയായി എന്നാണ് സമുദായം ചോദിക്കുക. കേട്ടാൽ തോന്നും ഈ കുട്ടിയുടെ കുഴപ്പം കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന്. ഇവിടെ രണ്ടു പെൺകുട്ടികളുടെ വിവാഹം ഏറ്റെടുത്ത് നടത്തിക്കൊടുക്കാൻ കഴിഞ്ഞു എന്നത് വലിയ സന്തോഷം ഉണ്ടാക്കിയിട്ടുണ്ട്.

ബാല്യവിവാഹം കൊണ്ട് സൃഷ്ടിക്കുന്നത് പൊതുജനാരോഗ്യപ്രശ്നം മാത്രമല്ല. അപക്വമതികളായ കുട്ടിയുമ്മമാർ ഉണ്ടാകുന്നതുകൊണ്ടു വളരുന്ന സാമൂഹ്യപ്രശ്നം കൂടിയാണ്. ആരോഗ്യമില്ലാത്ത ഒരു സമൂഹത്തെ വാർത്തെടുക്കുകയാണു ചെയ്യുന്നത്.

ബാല്യവിവാഹത്തെ എതിർക്കുന്നു എന്നുപറഞ്ഞാൽ എത്ര ബാല്യവിവാഹം എതിർത്തു, തടഞ്ഞു എത്രയെണ്ണത്തിൽ പങ്കെടുക്കാതിരുന്നു എന്നു ചിന്തിക്കണം. വിലയിരുത്തണം. പ്രവർത്തിക്കണം എന്നുകൂടി അദ്ദേഹം ഓർമ്മിപ്പിച്ചു.

തുടർന്ന് ഡോ.വിനോദ് (എൻ.ആർ.എച്ച്.എം മലപ്പുറം ഡിസ്ട്രിക് മാനേജർ), ശ്രീ.അനീഷ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ) എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. കോഴിക്കോട് ജില്ലാ പ്രൊബേഷൻ ഓഫീസർ ശ്രീ. അഷറഫ് കാവിൽ ഡി.വി ആക്ടിനെക്കുറിച്ചും ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും ക്ലാസെടുത്തു.

ഇത്തരം ക്ലാസ് ആദ്യമായാണ് കേൾക്കുന്നത് എന്നായിരുന്നു പങ്കെടുത്തവരുടെ പ്രതികരണം. സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന അതിക്രമങ്ങൾ ഇത്ര ഭീകരമാണെന്ന് ഈ ക്ലാസ്സിൽ നിന്നാണ് മനസ്സിലാക്കുന്നത്. അതിക്രമങ്ങൾക്കെതിരെ, ക്രൂരതകൾക്കെതിരെ ശക്തമായി പോരാടും. അതിനുള്ള പ്രചോദനവും നിർദ്ദേശങ്ങളും കിട്ടിയതിൽ അവർക്കുള്ള സന്തോഷവും അറിയിച്ചു. ഈ ക്ലാസ്സുകൾ വേണ്ടയിടങ്ങളിൽ പ്രയോജനപ്പെടുത്തുമെന്ന് അഭിപ്രായപ്പെട്ടവരും ഉണ്ട്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങളെപ്പറ്റി യാതൊരു അറിവും ഉണ്ടായിരുന്നില്ല എന്നും ഇതിനെപ്പറ്റി ഇപ്പോഴാണ് കേൾക്കുന്നതെന്നും ഇനിയിതു സ്വന്തം പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുമെന്നും പലരും അറിയിച്ചു. ബാല്യവിവാഹവും അത് സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളും ബോധ്യപ്പെട്ടു. ഇതുവരെ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചിരുന്നില്ല. ആൺകുട്ടിയേയും പെൺകുട്ടിയേയും ഒരുപോലെ കാണുവാനുള്ള ഒരു മനസ്ഥിതി ഈ ക്ലാസ്സിലൂടെ ഉണ്ടായതായും അഭിപ്രായം വന്നു. ചിലർ സെമിനാറിൽ പറഞ്ഞ കാര്യങ്ങൾ അവരുടെ സ്വന്തം അനുഭവങ്ങൾ തന്നെയായിരുന്നു.

അന്വേഷി സെക്രട്ടറി ശ്രീജ.പി സ്വാഗതവും ശ്രീബ ഇ.പി (അന്വേഷി പ്രവർത്തക) നന്ദിയും പറഞ്ഞു.

•



സതി.വി

# ഷട്ടർ തുറന്നപ്പോൾ....

**കാപട്യം, നിഷ്കളങ്കത, അന്യന്റെ ജീവിതത്തിലേക്കുള്ള ഒളിഞ്ഞു നോട്ടം, ബന്ധങ്ങളുടെ മാറിവരുന്ന സമവാക്യങ്ങൾ, സ്വാർത്ഥത തുടങ്ങി മലയാളി മനസ്സിന്റെ വിവിധ തലങ്ങൾ വളരെ താത്തികമായി ചർച്ച ചെയ്യപ്പെടുന്ന ഒരു ചിത്രം.**

**മലയാളിയുടെ** കപടസദാചാരബോധത്തെ അനാവരണം ചെയ്യുന്നു ജോയ് മാത്യുവിന്റെ ഷട്ടർ. യാതൊരുവിധ ബുദ്ധിജീവി ജാഡകളുമില്ലാതെ, തികഞ്ഞ കൈയടക്കത്തോടെ തുടക്കം മുതൽ അവസാനം വരെ പ്രേക്ഷകരെ മുൾമുനയിൽ നിർത്തികൊണ്ട് മനോഹരമായൊരു ദൃശ്യാനുഭവം നൽകിയ സംവിധായകൻ അഭിനന്ദനം അർഹിക്കുന്നു.


സ്ത്രീകളോടുള്ള പുരുഷമേധാവിത്തപരമായ കാഴ്ചപാടിൽ നിന്നും തികച്ചും പുറത്തുകടക്കുന്ന ഒരു രചന.

കാപട്യം, നിഷ്കളങ്കത, അന്യന്റെ ജീവിതത്തിലേക്കുള്ള ഒളിഞ്ഞു നോട്ടം, ബന്ധങ്ങളുടെ മാറിവരുന്ന സമവാക്യങ്ങൾ, സ്വാർത്ഥത തുടങ്ങി മലയാളിമനസ്സിന്റെ വിവിധ തലങ്ങൾ വളരെ താത്തികമായി ചർച്ച ചെയ്യപ്പെടുന്ന ഒരു ചിത്രം.

സ്ത്രീ വെറുമൊരു ശരീരം മാത്രമാണ് എന്ന പരികൽപനയുടെ ബലത്തിൽ, ഭാര്യയേയും, വേശ്യയേയും ഒരുപോലെ ഒളിഞ്ഞുനോക്കി രസിക്കുക എന്നതാണ് ക്യാമറക്കണ്ണുകൾ ചെയ്തു കൊണ്ടിരുന്നത്. സ്ത്രീ ഒന്നുകിൽ സഹതാപം അർഹിക്കുന്ന വേശ്യ അല്ലെങ്കിൽ ഉത്തമയായ ഭാര്യ. അതിനപ്പുറത്ത് സ്ത്രീക്ക് ഒരു ജീവിതമുണ്ടെന്ന് സമ്മതിച്ചു തരാൻ സിനിമ പലപ്പോഴും പിശുക്കു കാണിക്കുന്നു.

പ്രേക്ഷകരുടെ സ്വകാര്യ ലൈംഗിക മോഹങ്ങളെ പ്രീണിപ്പിക്കാൻ വലിയ സൗകര്യം നൽകുന്ന ഒരു വിഷയമാണ് വേശ്യയെ കുറിച്ചൊരു ചലച്ചിത്രം. സ്ത്രീയെ വീണ്ടും ചൂഷണം ചെയ്യാനുള്ള സാധ്യത ഏറെയാണ്. ഒരു ദിവസം മുഴുവൻ ഒരു മുറിക്കുള്ളിൽ ഒരു സ്ത്രീ ഒരു പുരുഷനോടൊപ്പം കഴിയുന്നുണ്ടെങ്കിലും, ഷട്ടറിൽ ഒരിക്കൽ പോലും സ്ത്രീയെ ഒരു വിലോപനഘടകമായി ഉപയോഗിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. അവളുടെ ശരീരത്തെയല്ല മനസ്സിനെയാണ് അനാവരണം ചെയ്യുന്നത്. പലപ്പോഴും വേശ്യയെ ഒരു ടൈപ്പ് ആക്കുന്നതിന് പകരം തികഞ്ഞ യാഥാർത്ഥ്യ ബോധത്തോടെയാണ് അവതരിപ്പിക്കുന്നത്.

ഒരു സ്ത്രീ വേശ്യാവൃത്തിയിലേർപ്പെടുന്നത് അവളുടെ സ്വയം തീരുമാനപ്രകാരമല്ല. ദാരിദ്ര്യം കൊണ്ടും നിരാലംബത്വം കൊണ്ടും അല്ലങ്കിൽ ഇതൊന്നുമല്ലാതെ അസഹനീയമായ മറ്റു ജീവിത സാഹചര്യങ്ങൾ കൊണ്ടും സ്ത്രീകൾ ഇങ്ങിനെയും ഒരു ഉപജീവന മാർഗത്തിൽ എത്തിപ്പെടുന്നു. ഈ വസ്തുത സ്പഷ്ടമായി ഈ ചലച്ചിത്രം ചർച്ച ചെയ്യുന്നുണ്ട്. ചരിത്രബോധം നൽകുന്ന ഈ ഉൾക്കാഴ്ചയും സർഗ്ഗാത്മകതയുമാണ് ഷട്ടർ എന്ന സിനിമയെ സമകാലീന മലയാള സിനിമയിൽ നിന്ന് വ്യത്യസ്ഥമാക്കുന്നത്.




ഗൾഫ് മലയാളിയായ റഷീദ് (ലാൽ) തിരക്ക് പിടിച്ച് തന്റെ വിദ്യാർത്ഥിനിയായ മകളെ (റിയ സൈറ) വിവാഹം കഴിപ്പിക്കാൻ തീരുമാനിക്കുന്നത് ആൺ സുഹൃത്തുകളുമായുള്ള അവളുടെ സൗഹൃദം അവസാനിപ്പിക്കുവാനും ഭാവി സുരക്ഷിതമാക്കാനുമാണ്. (സ്ത്രീ സുരക്ഷ സമം വിവാഹം എന്നതാണല്ലോ സമവാക്യം.) ഓട്ടോറിക്ഷ ഡ്രൈവറായ സുരൻ (വിനയ് ഫോർട്ട്) നിഷ്കളങ്കനും കാര്യഗൗരവമില്ലാത്തവനുമായ ചെറുപ്പക്കാരനാണ്. എല്ലായിടത്തും കയറി അഭിപ്രായം പറയുന്ന പ്രകൃതം. റഷീദിന് മദ്യം വാങ്ങി കൊണ്ടു വരുന്നത് സുരനാണ്. ഒരു രാത്രിയിൽ റഷീദും സുരനും റഷീദി

ന്റെ പഴയകാല സുഹൃത്തുക്കൾക്കൊപ്പം ഒഴിഞ്ഞ പീടിക മുറിയിലിരുന്ന് മദ്യപിക്കുന്നു. മദ്യപാനത്തിനു ശേഷം പുറത്തിറങ്ങിയ റഷീദിന് വഴിയിൽ കണ്ട ഒരു ലൈംഗികത്തൊഴിലാളിയുമായി (സജിത മഠത്തിൽ) ലൈംഗികബന്ധം വേണമെന്ന പ്രചോദനം ഉണ്ടാവുന്നു. സുരൻ അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നു. അവരെ ഒഴിഞ്ഞ പീടിക മുറിയിലാക്കി ഷട്ടർ പൂട്ടി സുരൻ ഭക്ഷണം വാങ്ങാൻ പോവുന്നു. വഴിയിൽ വെച്ച് സിനിമാ സംവിധായകനായ മനോഹരനെ കണ്ടുമുട്ടുന്നു. മദ്യപിച്ച സുരനെ പോലീസ് അറസ്റ്റു ചെയ്യുന്നതോടെ റഷീദും ലൈംഗിക തൊഴിലാളിയും ഷട്ടറിനകത്ത് പെട്ടുപോവുന്നു. റഷീദ് മനഃപൂർവ്വം വീട്ടിൽ വെച്ചു പോന്ന ഫോണിലേക്കുള്ള സുരന്റെ വിളിയിലൂടെ മകൾ നൈല റഷീദിന്റെ പ്രതിസന്ധി തിരിച്ചറിയുന്നു. അവളുടെ സമയോചിതമായ ഇടപെടൽ കൊണ്ടാണ് റഷീദ് രക്ഷപ്പെടുന്നത്. രക്ഷപ്പെടുത്തുന്നത് റഷീദിന് താൽപര്യമില്ലാത്ത അവളുടെ സുഹൃത്തുകളും.

പുതിയ തലമുറ തീരെ ശരിയല്ലെന്നും അവരുടെ സൗഹൃദം പോലും സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും ചെയ്യുന്നവർക്കുള്ള ഒരു മറുപടിയാണിത്. കുടുംബം എന്ന സ്ഥാപനത്തിന്റെ പരമ്പരാഗത ഘടന അങ്ങിനെതന്നെ നിലനിർത്താനാണ് മലയാള സിനിമ ശ്രമിച്ചു വരുന്നത്. കുടുംബനാഥൻ ഉത്തമ പുരുഷനാണെന്നും അവന്റെ ആജ്ഞ ഭാര്യയും മക്കളും ശിരസാവഹിക്കണമെന്നുമുള്ള രീതിക്ക് ഇന്നും ഒരു കോട്ടവും സംഭവിക്കുന്നില്ല. താനെങ്ങിനെയായാലും തന്റെ കുടുംബം പരിശുദ്ധമാവണമെന്ന കപട സദാചാര ബോധം പൊളിക്കുന്നുണ്ട് ഷട്ടർ.

മദ്യപാന കൂട്ടായ്മക്ക് വലുപ്പ ചെറുപ്പമോ സോഷ്യൽ സ്റ്റാറ്റസോ ഒന്നും ഒരു പ്രശ്നമല്ല. റഷീദ് ഒരു പ്രതിസന്ധിയിലകപ്പെട്ടപ്പോഴാണ് ഇവരുടെയൊക്കെ യഥാർത്ഥമുഖം പുറത്തു വരുന്നത്.

ഷട്ടറിനകത്ത് അകപ്പെട്ട റഷീദിന്റെ വീട്ടിലെ കുളിമുറിയിൽ ഒളിഞ്ഞു നോക്കുന്ന സോമൻ (വിജയൻ കാരന്തൂർ), മറ്റു സുഹൃത്തുക്കളുടെ നിഷേധാത്മകമായ അഭിപ്രായപ്രകടനങ്ങൾ ഇതെല്ലാം ഉദാഹരണങ്ങളാണ്.

പത്താം ക്ലാസിൽ മൂന്നു തവണ തോറ്റു, പിന്നേം പഠിച്ചിരുന്നെങ്കിൽ മിനിമം ഒരു ഡോക്ടറെങ്കിലും ആകാമായിരുന്നു എന്ന സജിതയുടെ ഒറ്റ സംഭാഷണം കൊണ്ട്, പഠിച്ചാലും പഠിച്ചില്ലെങ്കിലും മക്കളെ ഡോക്ടറും എഞ്ചിനീയറും ആക്കണമെന്ന മധ്യവർഗ്ഗ മനസ്സിനെ ചെറുതായൊന്നു കളിയാക്കുന്നുണ്ട്.

കോഴിക്കോട്ടെ ഓട്ടോക്കാരുടെ സത്യസന്ധതയും സാധാരണ മനുഷ്യരുടെ നിഷ്കളങ്കതയും ചിത്രത്തിലുടനീളം നിറഞ്ഞു നിൽക്കുന്നു. അഭിനേതാക്കളുടെ മികച്ച പ്രകടനം ചിത്രത്തെ വളരെ മികവുറ്റതാക്കുന്നു. സജിത മഠത്തിൽ, വിനയ് ഫോർട്ട്, ലാൽ, ശ്രീനിവാസൻ, റിയ സൈറ എന്നിവരുടെ പ്രകടനം എടുത്തുപറയേണ്ടതാണ്. നാടക കലാകാരൻമാർ സിനിമയിലേക്ക് വരുമ്പോൾ നാടകത്തിന്റേതായ ചില മാനറിസങ്ങൾ അവർ അറിയാതെ കടന്നു വരാറുണ്ട്. എന്നാൽ ഒരു നാടക കലാകാരിയായ സജിത മഠത്തിൽ ഈ പ്രശ്നങ്ങളൊന്നുമില്ലാതെ വളരെ ഭംഗിയായി അഭിനയിക്കുകയല്ല ജീവിക്കുകയാണിവിടെ എന്നു വേണം പറയാൻ.

ഓരോ കാലഘട്ടത്തിലും അനുഭവപ്പെടുന്ന മനുഷ്യാനുഭങ്ങളുടെ സങ്കീർണതകൾ ചലച്ചിത്രത്തിൽ വിഷയമാവാറുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യ ധാരണയെ പുനരുൽപാദിപ്പിക്കുന്നതിനോടൊപ്പം അതിനെ ചോദ്യം ചെയ്യാനും ചില ചലച്ചിത്രകാരൻമാർ ശ്രമിക്കാറുണ്ട്. പലരും ചർച്ച ചെയ്യാൻ തയ്യാറാവാത്ത ഒരു വിഷയം വളരെ തൻമയത്വത്തോടെ ചലച്ചിത്രമാക്കി പ്രേക്ഷകരിലെത്തിക്കുകയാണ് ഷട്ടറിന്റെ സംവിധാകൻ ചെയ്തത്. സാമൂഹ്യ ലക്ഷ്യങ്ങളെയും ജീവിത നിമിഷങ്ങളെയും അതിശയോക്തി കലർത്താതെ യഥാർത്ഥമായി ആവിഷ്കരിക്കാനുള്ള ശ്രമം വിജയിച്ചിരിക്കുന്നു.

സിനിമ കേവലം മാനസികോല്ലാസത്തിനുള്ള മാധ്യമം എന്നതിനുപരി മനുഷ്യ മനസുകളെ ഉദ്ബുദ്ധമാക്കാനുള്ള ഒരു മാധ്യമം കൂടിയാണ്. ഈ ലക്ഷ്യം കൈവരിക്കാൻ ഷട്ടർ പോലുള്ള ചില ചലച്ചിത്രങ്ങൾക്ക് കഴിയുന്നുണ്ട്. ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന കല എന്ന നിലയിൽ ചലച്ചിത്രങ്ങൾക്ക് സമൂഹത്തോട് നിർവ്വഹിക്കേണ്ട ചിലകടപ്പാടുകളുണ്ട്. ചലച്ചിത്രക്കാരന്റെ കടപ്പാട് എപ്പോഴും സമൂഹത്തോടായിരിക്കണം. സമൂഹത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്ന ചലച്ചിത്രങ്ങൾ ഉണ്ടാവേണ്ടത് ആവശ്യമായി വരുന്നു.

സിനിമ ഇന്ന് പണമൂലധനത്തിന്റെ പിടിയിലാണ്. മൂലധനമിറക്കുന്നവന്റെ ഇഷ്ടത്തിനനുസരിച്ചാവണം സിനിമ എന്ന രീതിയാണിന്ന്. അവിടെ കലാമൂല്യത്തിനോ സാമൂഹ്യ പ്രതിബദ്ധതക്കോ യാതൊരു പ്രസക്തിയുമില്ല. ഇറക്കിയ മൂലധനം ഇരട്ടിലാഭത്തിൽ തിരിച്ചു പിടിക്കുക മാത്രമാണ് ലക്ഷ്യം. ശ്രീനിവാസന്റെ മനോഹരൻ എന്ന കഥാപാത്രം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ചലച്ചിത്രകാരനാണ്. കലാമൂല്യവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള ഒരു ചിത്രം എന്ന മോഹം പണമില്ലാത്തതുകൊണ്ട് നടക്കാതെ പോവുന്നു. ലൈംഗിക തൊഴിലാളി (സജിത മഠത്തിൽ) ശ്രീനിവാസന്റെ നല്ല സുഹൃത്താണ്. ശ്രീനിവാസനെ സഹായിക്കാൻ അവർ മനസ്സു കാണിക്കുന്നുണ്ട്.

വേശ്യ പേരില്ലാത്തവളാണ്. പലപ്പോഴും പല പേരിലാണ് അവൾ അറിയപ്പെടുന്നത്. അവളുടെ വ്യക്തിത്വം ഒരിക്കലും ആരും അംഗീകരിക്കാറില്ല. റഷീദിനോടുള്ള അവളുടെ കരുതലും അനുകമ്പയും മനോഹരനോടുള്ള സൗഹൃദവും അവരെ സഹായിക്കാനുള്ള മനസും തുറന്നുകാണിക്കുന്നത് ലൈംഗികത്തൊഴിലാളികളും ഈ സമൂഹത്തിന്റെ ഭാഗമാണെന്നും അവർക്കും ഒരു മനസുണ്ടെന്നും ആണ്.


"സെറ്റ്ഷ്വാനിലെ നല്ല സ്ത്രീ" എന്ന ബെർട്ടോൾഡ് ബ്രഹ്തിന്റെ നാടകത്തിലെ വേശ്യക്കും 'ഷട്ടറിലെ' ലൈംഗിക തൊഴിലാളിക്കും ഏറെ സാമ്യമുണ്ട്. രണ്ടിടത്തും വേശ്യയുടെ നന്മയാണ് എടുത്തു പറയുന്നത്. എല്ലാ വേശ്യകളും കപട സദാചാര വ്യവസ്ഥകളുടെ ഇരകളാണ്.

സിനിമയുടെ സാമൂഹ്യപരമായ ലക്ഷ്യങ്ങൾ ബോധപൂർവം ഉപയോഗപ്പെടുത്തികൊണ്ട് ചലച്ചിത്രം നിർമ്മിക്കുന്ന ചുരുക്കം ചില സംവിധായകരിൽ ഒരാളായി ജോയ് മാത്യുവിനെ കാണാവുന്നതാണ്. പ്രേക്ഷകമനസ്സിന് അസ്വസ്ഥത ഉളവാക്കാൻ കഴിഞ്ഞ ഭാവതീവ്രമായ ഒരു ചലച്ചിത്രമാണ് ഷട്ടർ.

●

# വിശ്വസാഹിത്യം

## അസാധാരണമായ തലങ്ങൾ ആവിഷ്കരിക്കുന്ന ലോകസാഹിത്യത്തിലെ മികച്ച നോവലുകളുടെ വിവർത്തനങ്ങൾ




നോവൽ

**സരസ്വതി പാർക്ക്**
**അഞ്ജലി ജോസഫ്**
വിവ: ഷീബ ഇ.കെ.
₹ 125


ഇന്ത്യൻ-ഇംഗ്ലീഷ് എഴുത്തുകാരിൽ ശ്രദ്ധേയയായ അഞ്ജലി ജോസഫിന്റെ പുതിയ നോവൽ.




നോവൽ

**വഴിത്തിരിവ്**
**ചിന്നു അച്ചബെ**
വിവ: സെബാസ്റ്റ്യൻ പള്ളിത്തോട്
₹ 120


ആഫ്രിക്കൻ സമൂഹം നേരിടുന്ന വെല്ലുവിളികളെ വളരെ തന്മയത്വത്തോടെ വരച്ചുകാട്ടുകയാണ് ചിന്നു അച്ചബെ.




നോവൽ

**അലയും പരുന്ത്**
**ജമിൽ അഹ്മദ്**
വിവ: മേഘാ സുധീർ
₹ 110

ക്രൗര്യത്തിന്റെയും അതിജീവനത്തിന്റെയും അവിസ്മരണീയമായ നേർക്കാഴ്ചകൾ പകർന്നു നൽകുന്ന കൃതി.




നോവൽ

**ആനയുടെ സവാരി**
**ഷുസെ സരമാഗു**
വിവ. ഗീതാഞ്ജലി
₹ 95


നോബൽ സമ്മാനാർഹനായ സരമാഗുവിന്റെ അതീവ സുന്ദരമായ നോവലിന്റെ മലയാള പരിഭാഷ.




നോവൽ

**ദേവന്റെ ശരം**
**ചിന്നു അച്ചബെ**
വിവ. എസ്.ജി. നായർ,
ലീല ജി. നായർ
₹ 195

ഒരു ജനതയുടെ കീഴാളത്തത്തെ വിമർശനബുദ്ധിയോടെ സമീപിക്കുന്ന രചന.




നോവൽ

**അവസാനത്തെ വായനക്കാരൻ**
**ഡേവിഡ് ടോസ്കാന**
വിവ. പ്രഭാ സക്കറിയാസ്
₹ 120

നിരവധി പുരസ്കാരങ്ങൾ നേടിയ സ്പാനിഷ് നോവലിന്റെ മനോഹരമായ വിവർത്തനം.

**ഡി സി ബുക്സ്,** ഡി സി കിഴക്കെമുറി ഇടം, ഗുഡ്ഷെപ്പേർഡ് സ്ട്രീറ്റ്,
കോട്ടയം 686 001 T 0481-256 3114 M 9846133336 E customercare@dcbooks.com
Visit our online bookstore @ www.dcbookshop.net, www.dcbooks.com



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara